Date of publication : 1 ഫെബ്രുവരി 2021
വോള്യം 18/ലക്കം 10
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



# ബാലസാഹിത്യം


AVT
QUALITY YOU CAN TRUST
SINCE 1925
AVT
Green tea
Garden Fresh
AVT PREMIUM
GOLD cup




കവർ ചിത്രം:
**നിയ മുനീർ**

# സംഘടിത

സംഘടിത/ ഫെബ്രുവരി 2021/ വോള്യം 21/ലക്കം 4


ബഹുസ്വരതയോടൊപ്പം വളരേണ്ട ബാലസാഹിത്യം
ഷസിയ ഇ.എസ്. 6

ബാലിനിസം എന്ന കുട്ടി ഫെമിനിസം
അജിത്രി 10

ബാലകഥകളിലെ സ്ത്രീ വൈരൂപ്യസങ്കല്പനങ്ങൾ
ഫെബിന റാഫി പി.കെ. 15

ശേഷം
കവിത / ലിയ മുഹമ്മദ് ഇ.കെ. 17

അമ്മ പറഞ്ഞതിന്റെ എഴുത്തു വഴികൾ
ഇ.എൻ. ഷീജ 18

എന്റെ രണ്ടു വയസ്സുകാരിയോട്...
കവിത / നന്ദ എൻ.ആർ. 23

കുട്ടികഥകളുടെ മാന്ത്രികച്ചെപ്പുമായി കെ.എ.ബീന
മഞ്ജു എം. ജോയ് 24

ഖൽബിലെ ഹൂറി
ഡോ.ദിവ്യ എം. 29

കഥയമ്മയെ കണ്ടപ്പോൾ
കവിത.എസ്. കെ. 31

'ഇറ്റാദാകിമാസു' റ്റോമോയിലെ ടോട്ടോ
ഡോ.വന്ദന ബി. 33

യക്ഷി:ഭയം സ്വാതന്ത്ര്യം പരിച്ഛേദം
ഹരിത എം. 38

നാടോടിക്കഥകളിലെ സ്ത്രീ സ്വത്വം
ഡോ. ദിവ്യ.എം 40

പ്രണയം – ജീവിതം, ജീവിതം – പ്രണയം
വാസ്തവം / ഡോ.ജാൻസി ജോസ് 46

ബാലികാകാലം
ജ്യോതി അമ്പാട്ട് 47

കർഷക സമരത്തോടൊപ്പം ചേരുക നമ്മുടെ നാടിനെ രക്ഷിക്കുക!
പെൺപക്ഷം / അജിത കെ. 49

ചീരുവും രജനിചാണ്ടിയും
വഴിത്താരകൾ / ജാനകി 56

സ്വാതന്ത്ര്യം
കവിത / നവിത എസ്. 59

കാർട്ടൂണിലെ ഇരട്ടക്കുട്ടികൾ
അശ്വതി സേനൻ 59

ഗോത്രകഥകളിലെ സ്ത്രീ സാന്നിധ്യം – മിത്ര സിന്ധു
സിന്ധു സാജൻ 61

ബാലികാ സംരക്ഷണത്തിന്റെ കേരളാ മോഡൽ
ഉപ്പും മുളകും /ഗീത 64


എന്റെ വായനയിലെ ഉയിർപ്പുകൾ
വായന/അഹ്ലാം ബി.ഫൈസൽ 66

ഒരു നാൾ ഞാനും...പോലെ
ഡോ. രാധിക സി. നായർ 66

അറബിക്കഥകളിലെ പെൺ മാതൃകകൾ
സുമയ്യ സുമം 69

മലയാള സിനിമയുടെ അടുക്കളയിൽ വേവാതെ പോകുന്നത്
നിരൂപണം /ലിസ പുൽപ്പറമ്പിൽ 72

വെറിന മൊഹോപ് – ആർട്ടിക് പര്യവേക്ഷക സംഘത്തിനു
കരുത്തു പകർന്ന വനിത
ശാസ്ത്രം / സീമ ശ്രീലയം 76

## ഫോട്ടോഫീച്ചർ : ബാലചിത്രങ്ങൾ

**എഡിറ്റർ** : ഡോ.ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ** : കെ.അജിത **ഗസ്റ്റ് എഡിറ്റർ** : തസ്മിൻ **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ. പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാ സാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** : സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖവുര



ഷീബ കെ.എം.

ഇന്ത്യയിൽ റിപ്പബ്ലിക്ക് എന്ന സങ്കല്പനത്തെ ശക്തിയുക്തം ഉറപ്പാക്കുന്ന ചരിത്രപ്രധാന ദിനമായി 2021 ജനുവരി 26 മാറി. ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ ഭരണകൂടസംവിധാനത്തെ സ്വേച്ഛാധിപത്യപരമായി അട്ടിമറിക്കാനാവില്ലെന്ന പ്രഖ്യാപനമായിരുന്നു ദില്ലിയിൽ പ്രതിഷേധിക്കുന്ന കർഷകരുടെ റിപ്പബ്ലിക് ദിന ട്രാക്ടർ പരേഡ്.തലസ്ഥാനനഗരിയുടെ അതിർത്തികളിൽ കൊടുംതണുപ്പിൽ ആയിരക്കണക്കായ ജനങ്ങൾ ജനവിരുദ്ധ കർഷകനയങ്ങൾക്കെതിരെ പ്രക്ഷോഭം തുടങ്ങിയിട്ട് ഇപ്പോൾ രണ്ടു മാസത്തിലധികമായി. എന്നിട്ടും ഈ വീറുറ്റ പ്രതിരോധത്തെ കണ്ടില്ലെന്ന് നടിക്കാനാണ് ഭരണത്തിലുള്ളവർ ശ്രമിക്കുന്നത്. അതിനാൽത്തന്നെ ഈ പരേഡ് ഐതിഹാസിക ചെറുത്തുനിൽപ്പിന്റെ പ്രതീകമായി. കർഷകപ്രക്ഷോഭകരെ തടയാൻ ദേശീയപാതയിൽ നിരനിരയായി ആണികളുറപ്പിച്ചും സിമന്റ് ഭിത്തികൾ പണിതും ഫാഷിസത്തിന്റെ ഭീരുത്വപ്രകടനങ്ങൾ ഇപ്പോഴും തുടരുകയാണ്. ഭരണനേതൃത്വം ഈവിധം നാൾക്കുനാൾ വർദ്ധിത ഹിംസാധികാരപ്രവർത്തികളിലേക്ക് കൂപ്പുകുത്തുകയാണെന്നത് ഭയാനകവും ലജ്ജാവഹവുമാണ്. ജനങ്ങളെ തെല്ലുപോലും അഭിസംബോധന ചെയ്യാത്ത ഈ രാഷ്ട്രീയവ്യവസ്ഥയെ ജനാധിപത്യം എന്ന് വിളിക്കുന്നത് പോലും പ്രഹസനമാവും!

കേന്ദ്ര ബജറ്റ് പുറത്തുവന്നപ്പോൾ വനിതാ ശിശുവികസന മന്ത്രാലയത്തിനുള്ള ധനവിഹിതം 16% വർദ്ധിച്ചതായി കാണാം. എന്നാൽ 24,435 കോടി വിഹിതത്തിന്റെ ഭീമമായ പങ്ക് - 20, 105 കോടി - അംഗൻവാടിക്കും മിഷൻ പോഷൺ 2.0 പദ്ധതിക്കും മാത്രമായാണ് അനുവദിച്ചിരിക്കുന്നത്.സുപ്രധാന പദ്ധതികളായിരുന്ന ബേട്ടി ബചാവോ ബേട്ടി പഠാവോ , പ്രധാൻ മന്ത്രി മാതൃവന്ദന യോജ്ന, ഉജ്ജ്വല , സ്വാധാർ ഗൃഹ് , വൺ സ്റ്റോപ് സെന്റർ, പതിമൂന്നിനും ഇരുപതിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കുള്ള പദ്ധതികൾ, ശിശു സംരംക്ഷണം - ഇവയ്ക്കൊക്കെ ഒന്നും തന്നെ നീക്കിവെച്ചിട്ടുമില്ല. മിഷൻ ഫോർ പ്രൊടെക്ഷൻ എന്റ് എംപവർമെന്റ് ഒഫ് വിമൻ നുള്ള വിഹിതം അപലപനീയമാം വിധം 726 കോടിയിൽ നിന്ന് 48 കോടിയായി കുറച്ചിട്ടുണ്ട് താനും. വിദ്യാഭ്യാസത്തിനുള്ള നീക്കിയിരിപ്പാകട്ടെ 6% കുറയ്ക്കുകയും ചെയ്തു. ഇങ്ങനെ സ്ത്രീകൾക്ക് അവരുടെ പിന്നോക്കാവസ്ഥകളിൽ നിന്ന് പുരോഗമിച്ച് സാമൂഹ്യസാമ്പത്തിക മൂലധനം ആർജ്ജിക്കാനുള്ള അവസരങ്ങൾ ഖേദകരമാം വണ്ണം ഒന്നൊന്നായി മായുന്നുണ്ടെന്നത് ശ്രദ്ധിക്കേണ്ടതാണ്.

ജനുവരി മാസത്തിൽ ഒരാഴ്ചയുടെ കാലവ്യത്യാസത്തിൽ ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർ ബെഞ്ച് Libnus V. State of Maharashtra, Satish V. State of Maharashtra എന്നീ രണ്ടു ശിശുപീഡന കേസുകളിൽ പുറപ്പെടുവിച്ച മനസ്സാക്ഷിയെ ഞെട്ടിച്ച ഉത്തരവുകൾ എടുത്ത് പറയേണ്ടതുണ്ട്. ആദ്യത്തെ കേസ്സിൽ 50 വയസ്സുകാരൻ അഞ്ചു വയസ്സുകാരിയുടെ മുന്നിൽ തന്റെ ലിംഗം പ്രദർശിപ്പിച്ച് കൂടെ കിടക്കാൻ ആവശ്യപ്പെട്ടതിന് ഏറ്റവും ലഘുവായ ശിക്ഷയാണ് വിധിച്ചത്. രണ്ടാമത്തെ കേസിൽ 32 കാരനായ പുരുഷൻ പന്ത്രണ്ട് വയസ്സുകാരിയുടെ മാറിടത്തിൽ കൈകൊണ്ട് ഞെരുക്കിയ സംഭവത്തിൽ തൊലിപ്പുറത്തുള്ള സ്പർശത്തിന്റെ അഭാവം ചൂണ്ടിക്കാട്ടി പോക്സോ നിയമപ്രകാരം ചുരുങ്ങിയത് മൂന്നു വർഷമെങ്കിലും ശിക്ഷ കിട്ടാവുന്ന കുറ്റത്തിന് ലളിതമായി ഒരു വർഷത്തെ ശിക്ഷയാണ് വിധിച്ചത്. പീഡനത്തിന്റെ തൊലിപ്പുറം കണക്കാക്കിയുള്ള നിർവചനമാണ് - അതും ഒരു വനിതയായ ജസ്റ്റിസ് പുഷ്പയിൽ നിന്നും - ഉണ്ടായതെന്നത് അങ്ങേയറ്റം ആശങ്കയുണ്ടാക്കുന്ന വസ്തുതയാണ്. ഏറെ ഒച്ചപ്പാടുണ്ടാക്കിയ ഈ വിധി ജനുവരി 27 ന് സുപ്രീം കോടതി സ്റ്റേ ചെയ്തുവെങ്കിലും നിയമവ്യവസ്ഥയെയും നീതിയെയും കുറിച്ച് ഇതുയർത്തുന്ന ഗൗരവപ്രശ്നങ്ങൾ അനവധിയാണ്.

മലയാളി വീട്ടകങ്ങളിലെ കടുത്ത ജനാധിപത്യരാഹിത്യത്തെ അടുക്കളയിടങ്ങളിലൂടെ തുറന്നുകാട്ടുകയായിരുന്നു കഴിഞ്ഞ മാസം ഒ.ടി.ടി. പ്ലാറ്റ്ഫോമിൽ പുറത്തിറങ്ങിയ 'ദ് ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ' എന്ന ചലച്ചിത്രം. വീട്ടുജോലികൾ സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമായി മാറുന്ന അവസ്ഥകളുടെ ഗതികേടുകളായിരുന്നു ഈ ചലച്ചിത്രത്തിന്റെ പ്രമേയം. പുരുഷാധിപത്യസങ്കൽപ്പങ്ങൾ സ്നേഹം കൊണ്ട് നിറവേറുന്ന പണികളായി വിവക്ഷിച്ചും സാമ്പത്തികശാസ്ത്ര വിജ്ഞാനങ്ങൾ കണക്കാക്കപ്പെടേണ്ട അദ്ധ്വാനത്തിന്റെ പരിഗണനയിൽ നിന്നു പുറത്താക്കിയും അദൃശ്യമാക്കി മാറ്റിയ വീട്ടുജോലിയിലെ അദ്ധ്വാനം നാല് ദശകങ്ങൾക്കു മുമ്പ് തന്നെ മാർക്സിസ്റ്റ് സ്ത്രീവാദധാരയുടെ പരിഗണയ്ക്കും പ്രക്ഷോഭങ്ങൾക്കും വിഷയമായിരുന്നു. സിൽവിയ ഫെഡറിച്ചിയുടെ നേതൃത്വത്തിൽ 1972 ൽ 'വേജസ് ഫർ ഹൗസ് വർക്ക് ' കാമ്പെയ്ൻ ന് തുടക്കം കുറിച്ചത് ഇങ്ങനെയാണ്. ഇന്നും പരിഹരിക്കപ്പെടാത്ത ഒരു പ്രശ്നമായി ഇത് നിലനിൽക്കുന്ന സാഹചര്യത്തിൽ വീട്ടുജോലിയെ തൊഴിലായി കണക്കാക്കി നിശ്ചിത ശമ്പളം നൽകുന്നത് വളരെ പ്രധാനമാണെന്ന് സുപ്രീംകോടതി കഴിഞ്ഞദിവസം അഭിപ്രായപ്പെട്ടത് ഏറെ സ്വാഗതാർഹമാണ്. വീട്ടിലെ സ്ത്രീയുടെ അദ്ധ്വാനത്തിന്റെ മൂല്യം പുരുഷൻമാർ ചെയ്യുന്ന പുറംജോലികളേക്കാൾ കുറവല്ല എന്നും ജസ്റ്റിസുമാരായ എൻ.വി. രമണ, സൂര്യകാന്ത് എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു. 2014ൽ നടന്ന ഒരു വാഹനാപകടത്തിൽ മരിച്ചു പോയ സ്ത്രീയുടെ ബന്ധുക്കളുടെ നഷ്ടപരിഹാരത്തിനുള്ള കേസിൽ വാദം കേൾക്കുന്നതിനിടെയായിരുന്നു കോടതിയുടെ ഈ നിർണ്ണായക പരാമർശം.

സംസ്ഥാനത്തെ തൊഴിൽരഹിതരായ അഭ്യസ്തവിദ്യകളായ സ്ത്രീകളെ കണ്ടെത്തി തൊഴിൽ നൽകുന്നതിലേക്കായി 5 കോടിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ 20 കോടിയും കേരള ബജറ്റിൽ കുടുംശ്രീ മിഷന് അനുവദിച്ചത് സ്വാഗതാർഹമാണ്.വനിതാ മാധ്യമ പ്രവർത്തകർക്ക് പ്രസ്സ് ക്ലബ് സ്ഥാപിക്കാൻ തുക വകയിരുത്തിയതും ദീർഘകാലമായി വനിതാമാധ്യമപ്രവർത്തകർ ആവശ്യപ്പെട്ടുകൊണ്ടിരുന്ന ക്രെഷ്, ഹോസ്റ്റൽ, രാത്രികാല താമസസൗകര്യം തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിച്ചതും അനുമോദനാർഹമാണ്. പത്രമാധ്യമരംഗത്തെ സ്ത്രീപക്ഷമാക്കാൻ രൂപം കൊണ്ട Network of Women in Media യുടെ കേരള ഘടകം ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിയ നിവേദനം 2018 ൽ നൽകിയിരുന്നതിനെ തുടർന്നാണിത്. ഭരണകർത്താക്കൾ ലിംഗപദവിയുടെ പ്രശ്നങ്ങൾ തുടർന്നും ഗൗരവമായി കാണുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

സാഹിത്യസൃഷ്ടികൾ നമ്മെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും വഴിനടത്തുകയും ചെയ്യാറുണ്ട്. ബാലസാഹിത്യമാകട്ടെ ഒരു തലമുറയെ വാർത്തെടുക്കാൻ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്യുന്നു. എന്നാൽ കുട്ടികൾക്കായി പുറത്തിറക്കുന്ന ഈ പ്രസിദ്ധീകരണങ്ങളുടെ രാഷ്ട്രീയമെന്താണ്? ഏത് തരം ജീവിതലോകങ്ങളെയാണവ വിഭാവനം ചെയ്യുന്നത് വംശ / വർഗ്ഗ / ലിംഗം ലൈംഗിക/ പ്രദേശ/ സംസ്കാര ആധിപത്യങ്ങളുടെ വാർപ്പുമാതൃകകൾ തന്നെയാണോ അവയുടെ ഉള്ളടക്കങ്ങൾ ? ബാലസാഹിത്യ രംഗത്തെ പ്രതിനിധാനങ്ങളുടെ സ്ത്രീപക്ഷ വിമർശമുന്നയിക്കുന്ന ലേഖനങ്ങളും ചിത്രങ്ങളും കവിതകളും സമാഹരിക്കുകയാണ് തസ്മിൻ അതിഥിപത്രാധിപയായ ഫെബ്രുവരി ലക്കം സംഘടിത . വായനക്കാരുടെ - പ്രത്യേകിച്ച് മാതാപിതാക്കളുടെയും രക്ഷാകർത്താക്കളുടെയും അദ്ധ്യാപകരുടെയും - ഗൗരവശ്രദ്ധ ക്ഷണിക്കുന്നു. ■

## അതിഥിപത്രാധിപക്കുറിപ്പ്



**തസ്മിൻ**
അദ്ധ്യാപിക, എഴുത്തുകാരി, പ്രഭാഷക

# കുട്ടികൾ അവരെ വായിക്കുമ്പോൾ

കഥ കേൾക്കാൻ ഇഷ്ടമുള്ളൊരു കുട്ടി ഏതൊരാളുടെയും ഉള്ളിലുണ്ട്. പ്രായത്തിനും ദേശത്തിനും ഭാഷയ്ക്കും അപ്പുറത്തേയ്ക്ക് ഭാവന സഞ്ചരിക്കുമ്പോൾ 'ഒരിടത്തൊരിടത്ത് ' എന്ന പറച്ചിലിലൂടെ എത്രയെത്ര ജീവിതങ്ങളും ഭാവങ്ങളും നേരറിവുകളും രസ വഴികളുമാണ് നമുക്ക് മുന്നിൽ തുറന്നു കിട്ടുക. ബാലസാഹിത്യത്തിന്റെ നാൾവഴികളിൽ വാമൊഴിക്കഥകളും കവിതകളും പാട്ടുകളും ചന്തം വിടർത്തി നിന്നതങ്ങനെയാണ്. മുത്തശ്ശിക്കഥകളായി കുട്ടികളിലേക്ക് പകർന്ന വായനയിൽ സന്മാർഗ കഥകളും ജന്തുകഥകളും നാട്ടറിവുകളും പുരാണ കഥകളുമായിരുന്നല്ലോ ഏറിയ ഭാഗവും. എന്നാൽ കാലു നീട്ടിയിരുന്ന് കഥ പറയുന്ന മുത്തശ്ശിയും അടുക്കളയിൽ ഓടിത്തളരുന്ന അമ്മയും അടക്കവും ഒതുക്കവുമുള്ള പെൺകുട്ടിയും തീർത്ത ലോകത്തിനപ്പുറത്തേയ്ക്ക് കുഞ്ഞു മനസുകളിലേയ്ക്ക് കൊടുക്കാൻ മറ്റൊന്നില്ലായിരുന്നു ആ കഥാലോകത്ത്. ചില പെൺവാർപ്പ് മാതൃകകളിലൂടെ തലമുറകൾ പങ്കുവയ്ക്കപ്പെട്ട ബാലകഥകളിൽ മന:പ്പൂർവ്വമായോ അല്ലാതെയോ കടന്നു കൂടിയ കീഴ്പെടലുകളും അടിച്ചമർത്തലുകളും വഴക്കങ്ങളും ആണധികാരത്തിന്റെ കൂട്ടിച്ചേർക്കലുകളായിരുന്നു. ആദ്യകാല ചിത്രവായനാ പുസ്തകങ്ങളിലും ഈ പ്രവണത വ്യക്തമായും ഉൾച്ചേർന്നിരുന്നു.

ഇത്തരത്തിലുള്ള കേൾവികളുടെയും വായനയുടെയും മുനമ്പിൽ നിന്നു കൊണ്ട് വേണം ബാലസാഹിത്യത്തിലെ ഫെമിനിസത്തെക്കുറിച്ച് ചിന്തിക്കാൻ. മലയാള സാഹിത്യത്തിൽ ഇന്നും പൂർവ്വ മാതൃകകളിൽ നിന്ന് വേറിട്ട് നിൽക്കുന്ന ബാലസാഹിത്യ കൃതികൾ കണ്ടെത്തുക പ്രയാസമാണ്. എന്നാൽ മറ്റു ഭാഷകളിലാകട്ടെ അനുനിമിഷം രചനാതന്ത്രങ്ങളിലും വിഷയ സ്വീകരണത്തിലും ബാലസാഹിത്യ രംഗം പുരോഗമിക്കുന്നു. കുട്ടികളുടെ വായനയിൽ ലിംഗനീതി, ലിംഗസമത്വം എന്നീ ആശയങ്ങളെ ഉൾച്ചേർക്കുമ്പോൾ വളർന്നു വരുന്ന തലമുറയിലേക്ക് സ്വത്വബോധം പകർന്നു നൽകുകയാണല്ലോ നാം ചെയ്യുന്നത്. അത് തന്നെയാണ് കാലഘട്ടം ആവശ്യപ്പെടുന്നതും. 'ചൊട്ടയിലെ ശീലം ചുടല വരെ ' എന്ന ചൊല്ല് നല്ല മനോഭാവങ്ങളും തിരിച്ചറിവുകളും കൈവരിച്ച ചിലരെങ്കിലും ജീവിതത്തിൽ മാറ്റിയെഴുതും .

ജെന്റർ സ്റ്റീരിയോടൈപ്പ് ചെയ്യപ്പെട്ട സാഹിത്യത്തെ കുട്ടികളെ കൺമുമ്പിൽ കണ്ടു കൊണ്ട് പൊളിച്ചെഴുത്ത് സാധ്യമാക്കിയ ധാരാളം എഴുത്തുകാർ മറ്റു ഭാഷകളിലുണ്ട് . ഗ്രിം, ആൻഡേഴ്സൺ, പെറോൾട്ട് തുടങ്ങിയവരുടെ ഫെയറി ടെയ്ൽ സീരീസുകൾ ഇത്തരത്തിൽ ഏറെ ജനശ്രദ്ധയാകർഷിച്ച രചനകളാണ്. ജോഹന്നാസ് സ്പൈറിയുടെ ഹൈദി നന്മ ചൊരിഞ്ഞു കൊണ്ട് സ്വയംപര്യാപ്തയായിക്കൊണ്ട് ചിന്താ മണ്ഡലത്തിൽ വായനക്കാരോടൊപ്പം നടക്കുന്നു. ഈ കഥകളിലെല്ലാം സ്ത്രീപക്ഷ കാഴ്ചപ്പാടോടെയുള്ള ശാക്തീകരണതന്ത്രങ്ങൾ കൃത്യമായി അയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ എഴുത്തിന്റെ പാരമ്പര്യ വഴികളിൽ നിന്ന് വേറിട്ട നടപ്പു ശീലങ്ങളിലേക്ക് മലയാളത്തിലെ ബാലസാഹിത്യത്തെയും വളർത്തേണ്ടതുണ്ട്. ഇന്നലെ കണ്ട കുട്ടിയല്ല ഇന്നത്തെ കുട്ടി. കാലത്തിനനുസരിച്ച് സാഹചര്യങ്ങൾക്കനുസരിച്ച് കുട്ടികളുടെ ചിന്തകളിലും മനോഭാവങ്ങളിലും അഭിരുചികളിലും അറിവ് നിർമ്മാണ രീതികളിലും മാറ്റം വരുമല്ലോ.

പെൺകുട്ടികൾക്ക് അച്ചടക്കവും നല്ല കുടുംബിനിയാകാനുള്ള പരിശീലനവും കൊടുക്കാൻ കൗൺസലിംങ് സെന്ററുകളും പരിശീലന ക്ലാസുകളും അന്വേഷിച്ച് നടക്കുന്ന മാതാപിതാക്കൾ സ്വന്തം കാലിൽ നിൽക്കാനുള്ള പ്രാപ്തിയും ആത്മവിശ്വാസവുമാണ് അവർക്കാവശ്യം എന്ന യാഥാർത്ഥ്യമാണ് ആദ്യം തിരിച്ചറിയേണ്ടത്. ആൺ പെൺ ഭേദം കല്പിച്ച് വീടും സമൂഹവും പെരുമാറുമ്പോൾ ,അടക്കവും ഒതുക്കവും അടിച്ചേൽപ്പിച്ച് അപകർഷതാബോധത്തിലേയ്ക്ക് തള്ളിയിടുമ്പോൾ ,വർണ്ണ വർഗബോധങ്ങളാൽ തരംതിരിക്കുമ്പോൾ കുട്ടികൾ സ്വയം തന്നെ കണ്ടെത്തുന്നത് അവർ വായിക്കുന്ന പുസ്തകങ്ങളിലൂടെയാവട്ടെ. കേൾക്കുന്ന കഥകളവർക്ക് ഊർജ്ജമാകട്ടെ. എനിക്കു സാധിക്കാത്തതായി ഈ ലോകത്ത് ഒന്നുമില്ല എന്ന ആത്മവിശ്വാസവും തന്റേടവും പകർന്ന് നൽകുന്ന വായന വർഗ ,ലിംഗ ,രൂപ ബോധങ്ങൾക്കതീതമായ തിരിച്ചറിവിലേയ്ക്ക് കുട്ടികളെ വഴി നടത്തും. യഥാർത്ഥ ഫെമിനിസവും ബാലസാഹിത്യവും ഒരേ ലെൻസിലൂടെ വായിക്കപ്പെടുന്ന ഇക്കാലത്ത് കുട്ടികളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിനും അനുയോജ്യമായ പുതുമാതൃകകൾ പകർന്നു നൽകാൻ എഴുത്തുകാർക്ക് കഴിയണം. ലഭ്യമായ ബാലസാഹിത്യത്തിലെ സ്ത്രീപക്ഷ വായനയിലേക്ക് വെളിച്ചം വീശുന്ന പഠനങ്ങൾ ഇക്കാലത്തും വരും കാലങ്ങളിലും ഏറെ പ്രാധാന്യമർഹിക്കുന്നതാണ് എന്ന ബോധ്യത്തോടെ തുടർവായനയിലേക്ക്യ്ക്കും പുനർവായനയിലേയ്ക്കും നമ്മൾ കുട്ടിക്കാലത്ത് വായിച്ചതും കേട്ടതുമായ ഒരു പിടി കഥകളുമായി ചേർന്നിരിക്കാം.



ചർച്ചാവിഷയം



**ഷസിയ ഇ.എസ്.**
ചിത്രകാരി,
ബാലസാഹിത്യമാണ്
എഴുത്ത് മേഖല

# ബഹുസ്വരതയോടൊപ്പം വളരേണ്ട ബാലസാഹിത്യം

ഒരു കുഞ്ഞ് വളർന്ന് വരുമ്പോൾ വീട്,സ്കൂൾ എന്നിവ കഴിഞ്ഞാൽ അവരെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഒരു ഘടകമാണ് അവർ കേൾക്കുന്നതും കാണുന്നതും വായിക്കുന്നതുമായ കഥകളും ചിത്രങ്ങളും... ബാലപ്രസിദ്ധീകരണങ്ങൾ, കാർട്ടൂണുകൾ തുടങ്ങി വീട്ടിലുള്ളവരോ അദ്ധ്യാപകരോ പറഞ്ഞ് കൊടുക്കുന്ന കഥകൾ എന്നിവയൊക്കെ ഇതിൽപ്പെടും...വളരെ ചെറിയ കുട്ടികൾ കാർട്ടൂൺ ചാനലുകൾക്ക് അടിപ്പെട്ട് പോവുന്നതിനേപ്പറ്റി പല മാതാപിതാക്കളുമിന്ന് പരാതി പറയുന്നത് കേൾക്കാറുണ്ട്. അതിൽ നിന്ന് തന്നെ കുട്ടികളിൽ ഇവ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി നമുക്ക് മനസിലാക്കാവുന്നതാണ്.

സമൂഹത്തിലേറ്റവും പ്രാധാന്യമർഹിക്കുന്നവർ കുട്ടികളാണെന്ന കാര്യത്തിൽ നമുക്ക് യാതൊരു സംശയവുമില്ല... നാളെയുടെ വാഗ്ദാനങ്ങളെന്നൊക്കെ പറയാറുണ്ടെങ്കിലും നമ്മളവരുടെ ബൗദ്ധികമായ വളർച്ചയെ സഹായിക്കുന്ന ഇത്തരം കാര്യങ്ങളിൽ വ്യക്തമായ ശ്രദ്ധ ചെലുത്താറുണ്ടോ എന്നതിനേപ്പറ്റി വളരെ കാര്യമായ ആലോചനകൾ തന്നെ വേണ്ടതാണ്.

ഒരു കുട്ടിയുടെ ആദ്യ വായന തുടങ്ങുന്നത് ചിത്രങ്ങളിലൂടെയാണ്. അക്ഷരങ്ങളുറയ്ക്കുന്നതിന് മുന്നേ തന്നെ അവർ കാണുന്ന ചിത്രങ്ങളിലൂടെ അവരുടേതായ കഥകൾ മെനയാനും മറ്റും ശ്രമിയ്ക്കാറുണ്ട്. ബാലസാഹിത്യത്തിൽ ചിത്രങ്ങൾക്കുള്ള പ്രാധാന്യം വളരെ പ്രധാനമാണ്. തുടക്കത്തിൽ കണ്ണുകൾക്ക് കൗതുകം നൽകുന്ന വർണ്ണശബളമായ ചിത്രങ്ങൾ മതിയെങ്കിലും പിന്നീട് കുട്ടി അക്ഷരങ്ങളുടെ ലോകത്തേയ്ക്ക് വരുമ്പോൾ ഒപ്പം നൽകുന്ന ചിത്രങ്ങൾ കൂടി വളരെയധികം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കഥയോടൊപ്പം കഥാപാത്രങ്ങളുടെ രൂപങ്ങളടക്കം വളരുന്ന കുട്ടിയുടെ മനസിൽ പതിയും. മിക്ക കഥകളിലേയും നല്ലവരായ ആളുകൾ സുന്ദരൻമാരും സുന്ദരികളുമാ

യിരിക്കും. അതിനായി ചിത്രീകരിക്കുന്നതോ വെളുത്ത മനോഹരമായ രൂപങ്ങളുള്ളവരെയായിരിയ്ക്കും... എന്നാൽ വില്ലൻമാരെ ചിത്രീകരിക്കുമ്പോൾ വിരൂപൻമാരെന്നും കറുത്തനിറമുള്ള ഭംഗിയില്ലാത്തവരെന്നുമൊക്കെ പറഞ്ഞായിരിക്കും വർണ്ണിച്ചിരിക്കുന്നതും ചിത്രീകരിച്ചിരിക്കുന്നതും. അത് കൂടാതെ തടിച്ചവരേയും മെലിഞ്ഞവരേയും പല്ലുപൊങ്ങിയവരേയും തുടങ്ങി അംഗവൈകല്യമുള്ളവരെ വരെ കളിയാക്കുന്ന രീതിയിലുള്ള ഇരട്ടപ്പേരുകൾ നൽകിയും മറ്റും കഥകളിൽ തമാശരൂപേണ അവതരിപ്പിക്കുന്നത് ഒക്കെ തന്നെ എതിർക്കപ്പെടേണ്ട പ്രവണതയാണ്. രൂപം കൊണ്ടൊരാളും വെറുക്കപ്പെടേണ്ടതോ തമാശയാക്കേണ്ടതോ ആയ സംഗതിയല്ല. ഇത്തരം കാര്യങ്ങൾ വായിച്ച് വളരുന്ന കുട്ടിയുടെ മനസിൽ ചെറുപ്പത്തിൽ തന്നെ മനുഷ്യരെ രൂപത്തിന്റെ പേരിൽ നല്ലതെന്നും ചീത്തയെന്നും അളക്കാനുള്ള ഒരു മോശം പ്രവണതയുടെ വിത്ത് പാകുകയാണ്.


ഇത് പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കുടുംബം എന്ന സങ്കൽപം. ചെറിയ കുട്ടികൾക്കുള്ള ചിത്ര പുസ്തകങ്ങളിൽ കുടുംബം എന്ന തലക്കെട്ടിൽ നൽകിയിട്ടുള്ള ചിത്രങ്ങളിൽ അച്ഛൻ, അമ്മ, മുത്തശ്ശൻ, മുത്തശ്ശി, സഹോദരങ്ങൾ ഒക്കെ അടങ്ങുന്ന ഒരു ചിത്രമാണ് പൂർണ്ണമായ ഒരു കുടുംബമായി കാണിക്കാറുള്ളത്. സ്വാഭാവികമായും ഈ ചിത്രം കണ്ടു വളരുന്ന കുട്ടിയുടെ മനസിൽ പൂർണ്ണമായ ഒരു കുടുംബത്തിന്റെ നിർവ്വചനം എന്നാൽ ഇങ്ങനൊരു ചിത്രമായിരിയ്ക്കും. നമ്മുടെ സമൂഹത്തിൽ സിങ്കിൾ പാരെന്റ്സ് മുതൽ അണുകുടുംബങ്ങളും, കൂട്ടുകുടുംബങ്ങളുമൊക്കെയുള്ള പലവിധ കുടുംബങ്ങളുണ്ട്. ഈ ചിത്രത്തിൽ കാണുന്ന തരത്തിലുള്ള കുടുംബത്തിൽ പെടാത്ത കുട്ടികൾക്ക് വളരെ ചെറിയ രീതിയിലെങ്കിലും അപകർഷത വളർത്തുന്ന ഒന്നായി തന്റെ കുടുംബം മാറാനുള്ള സാധ്യത വരെയുണ്ട്. അത് കൊണ്ട് കുട്ടികൾക്കുള്ള പുസ്തകങ്ങളിൽ ചിത്രങ്ങൾ ഉൾപ്പെടുത്തുമ്പോൾ സമൂഹത്തിന്റെ ബഹുസ്വരത കൂടി ഉൾക്കൊള്ളിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികൾക്കിടയിലും മുതിർന്നവർക്കിടയിലും വർഷങ്ങളായി വളരെയധികം പ്രചാരമുള്ള ചില ബാലപ്രസിദ്ധീകരണങ്ങളടക്കം ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാറില്ല എന്നത് വളരെ മോശമായ ഒരു വസ്തുതയാണ്.

അത് പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് കഥകളിലെ കഥാപാത്രങ്ങൾ തമ്മിലുള്ള പരസ്പര ബഹുമാനത്തോടെയുള്ള പെരുമാറ്റങ്ങൾ, ജെൻഡർ ഇക്വാലിറ്റി എന്നിവ. ഈയടുത്ത് ഒരു ബാലപ്രസിദ്ധീകരണത്തിൽ കണ്ട ഒരു കഥയിൽ അത്യാഗ്രഹിയായ ഭാര്യയെ അടിച്ച് ശരിയാക്കുന്ന ഒരു ഭർത്താവായിരുന്നു പ്രധാന കഥാപാത്രം. ഇതിലൂടെ ഗാർഹിക പീഡനം എന്ന മോശം കാര്യത്തിനെ വളരെ നാച്ചുറലായിട്ടാണവർ അവതരിപ്പിച്ചിരിക്കുന്നത്. മാത്രമല്ല ഇത്തരം കഥകളിലൊക്കെ മിക്കവാറും കുടുംബത്തിന് വേണ്ടി പുറത്ത് പോയി ജോലി ചെയ്ത് തളർന്ന് വരുന്ന ത്യാഗിയായ പുരുഷ കഥാപാത്രങ്ങളും സ്ത്രീകഥാപാത്രങ്ങളെയാണെങ്കിൽ അത്യാഗ്രഹികളും പരദൂഷണക്കാരികളുമൊക്കെ ആയിട്ടായിരിക്കും അവതരിപ്പിച്ചിട്ടുണ്ടാവുക. സ്ത്രീകളിങ്ങനെയും പുരുഷൻമാരിങ്ങനെയുമെന്ന ഒരു തെറ്റായ പൊതുബോധമാണ് ഇത് വായിക്കുന്ന കുട്ടികളുടെ മനസിൽ കേറുന്നത്. ഇതിന് പകരം പരസ്പര ബഹുമാനത്തോടെ പങ്ക് വെച്ച് കഴിയുന്നവരുടെ കഥകളാണ് കുട്ടികൾ വായിക്കുന്നതെങ്കിലോ, അവരുടെ മനസിൽ ഇത്തരമൊരു തെറ്റായ പ്രവണത ഉടലെടുക്കാനുള്ള സാധ്യത വളരെ കുറവാണ്...




കുട്ടികൾക്കുള്ള കഥകളിൽ കഥാപാത്രങ്ങളുടെ വിന്യാസം ശ്രദ്ധിച്ചാൽ ഭൂരിപക്ഷവും പണ്ട് മുതൽക്കേ അതൊരു പുരുഷകേന്ദ്രീകൃതമായ രീതിയിൽ ആയിരിക്കും. ഒരു രാജാവിന്റെ കഥയായാൽ അതിൽ മന്ത്രിയോ സേനാധിപനോ ഭൃത്യൻമാരോ പ്രജകളോ ആയി വന്നു പോവുന്നവരൊക്കെ പുരുഷ കഥാപാത്രങ്ങളായിരിക്കും. രാജാവും രാജാവിന്റെ പ്രജാക്ഷേമവും, യുദ്ധങ്ങളും, രാജാവിന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരം കാണാൻ വരുന്നവരിൽ പോലും ഒരു സ്ത്രീകഥാപാത്രവും ഉണ്ടാവാറില്ല. അത് പോലെ രാജകുമാരിയെ രക്ഷിക്കാൻ വരുന്ന രാജകുമാരൻ ഉണ്ടായിരിക്കും, എന്നാൽ നേരെ തിരിച്ചൊരു കഥ വളരെ കുറവാണ്...ബീർബൽ, തെന്നാലിരാമൻ, ചാണക്യൻ, അലാവുദ്ധീൻ തുടങ്ങി പുരുഷ കഥാപാത്രങ്ങൾ കേന്ദ്രബിന്ദുക്കളാവുന്ന അനേകം പ്രശസ്തമായ കഥകൾ ഉ

ണ്ട്. ഇങ്ങനെ എടുത്ത് പറയാൻ ഒരു സ്ത്രീകഥാപാത്രം പോലുമില്ലെന്നതാണ് സത്യം. നാടോടിക്കഥകളും ജാതകകഥകളുമൊക്കെ എടുത്ത് നോക്കിയാൽ തന്നെ പുരുഷൻമാരുടെ കഥകളിൽ അടുക്കളയിൽ നിൽക്കുന്ന ഭാര്യാകഥാപാത്രങ്ങളായിട്ടാണ് കൂടുതലും സ്ത്രീകളുണ്ടാവാറ്. ചെറുപ്പം മുതൽ കേൾക്കുന്ന കഥകളിൽ പോലും പുരുഷകേന്ദ്രീകൃതമായ ഒരു ലോകം കണ്ട് വളരുന്ന കുട്ടിയെ ഏതൊക്കെ വിധത്തിൽ അത് സ്വാധീനിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈയടുത്തൊരു ദിവസം ഒരു പതിനാലുകാരൻ വഴിയിൽ നിന്ന് ലിഫ്റ്റ് കൊടുത്ത മുതിർന്ന സ്ത്രീയോട് മോശമായി സംസാരിച്ച വാർത്ത കേട്ടിരുന്നു. അത്തരമൊരു വികല മനസ് രൂപപ്പെടുന്നതിൽ നിന്ന് കുട്ടികളെ മോചിപ്പിക്കണമെങ്കിൽ തുടക്കത്തിലേ കുട്ടി കേട്ട് വളരുന്ന ഇത്തരം കഥാപാത്ര വിന്യാസങ്ങളടക്കം മാറ്റേണ്ടതാണ്. അത്തരമൊരു മാറ്റത്തിനായി ബാലസാഹിത്യമെഴുതുന്നവരും കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്നവരും പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതുണ്ട് ചില കഥകളിൽ കാണാറുള്ള ഒന്നാണ് മണ്ടൻ, പൊട്ടൻ തുടങ്ങിയ വാക്കുകൾ കൊണ്ട് അവഹേളിക്കാൻ മാത്രമായി മണ്ടത്തരം കാണിക്കുന്ന ചില കഥാപാത്രങ്ങൾ. ഒപ്പമുള്ള ഒരാളോട് ബഹുമാനത്തോടെ പെരുമാറുക എന്ന ഒരു സന്ദേശം ഇത്തരം കഥകൾ ഒരിക്കലും കൈ മാറില്ല. കൂടാതെ വർഷങ്ങളായി വന്ന് കൊണ്ടിരിക്കുന്ന വളരെ പ്രശസ്തമായ കുട്ടികൾക്ക് പ്രിയപ്പെട്ട കഥകളിലൊക്കെയുള്ള ഹീറോ കഥാപാത്രങ്ങൾ പുരുഷനായിരിക്കും അവരുടെ മനസിൽ പുരുഷനാണ് സ്ത്രീയേക്കാൾ ഒരുപടി മുന്നിൽ നിൽക്കുന്നതെന്ന ഒരു ചിന്ത അറിയാതെ തന്നെ വളർത്തിക്കൊണ്ടു വരുന്നതിൽ ഇത്തരം കഥാപാത്രസൃഷ്ടികളും വളരെ തെറ്റായ പങ്ക് വഹിക്കുന്നുണ്ട്.




ചെറിയ കുട്ടികളെ അവരുടെ സാമൂഹ്യ ചുറ്റുപാടുകൾ മാനസികമായി വളരെയധികം സ്വാധീനിക്കാറുണ്ട്. അതിൽപ്പെട്ടതാണ് അവർ വായിക്കുന്ന കഥകളും. വായിച്ച് വളരുന്ന കുട്ടികളിൽ അന്ധവിശ്വാസങ്ങളും പേടികളും വളർത്തുന്ന തരത്തിലുള്ള ഭൂത പ്രേത കഥകൾ, യുദ്ധങ്ങളേയും മറ്റും സാധൂകരിക്കുന്ന പുരാണ രൂപത്തിലുള്ള പ്രതികാരകഥകൾ എന്നിവയൊക്കെ ഒഴിവാക്കപ്പെടേണ്ട സംഗതികളാണ്. പേടിയോ അന്ധവിശ്വാസങ്ങളോ പ്രതികാരചിന്തകളോ വളർത്തുന്നതിന് പകരം മാനുഷികമൂല്യങ്ങൾ വളർത്തുന്നതോ, അവരുടെ കണ്ണിലെ കുട്ടിക്കൗതുകങ്ങളോ, ശാസ്ത്രചിന്തകളോ ആണ് ബാലസാഹിത്യത്തിൽ ഉൾപ്പെടുത്തേണ്ടത്. നമ്മൾ കേട്ട് പഴകിയ നാടോടിക്കഥകളിൽ പോലും കാലാനുസൃതമായ ചില മാറ്റങ്ങൾ വരുത്തേണ്ടതായി തോന്നിയിട്ടുണ്ട്. ശ്രീമതി ഇ.എൻ.ഷീജ ടീച്ചർ അത് ഭംഗിയായി ചെയ്തിട്ടുള്ള ഒരാളാണ്. ഷീജടീച്ചറുടെ കുഞ്ഞാപ്പിക്കഥകൾ കഥ കേട്ട് തുടങ്ങുന്ന വളരെ ചെറിയ കുട്ടികൾ മുതൽ മുതിർന്നവരിൽ പോലും വായിക്കുമ്പോൾ ഉള്ളിലൊരു സ്നേഹം നിറയുന്ന അനുഭവമാണ് ഉണ്ടാക്കാറ്. ഒപ്പം ശാസ്ത്രബോധവും. നീർക്കോലിയും കുഞ്ഞാപ്പിയും കഥാപാത്രങ്ങളായി ടീച്ചറൊരുക്കിയ ഒരു കഥയിൽ അവര് തമ്മിലുള്ള വളരെ മനോഹരമായ ഒരു സംഭാഷണത്തിലൂടെയാണ് നീർക്കോലി കടിച്ചാൽ അത്താഴം മുടങ്ങുമെന്ന കാലങ്ങളായുള്ള ഒരു പറച്ചിലിന് യാതൊരടിസ്ഥാനവുമില്ലെന്ന കാര്യം കുട്ടികളിലെത്തിക്കുന്നത്. ടീച്ചറുടേതായി ഇങ്ങനെ അനേകം കഥകളുണ്ട്. എടുത്ത് പറയേണ്ട വളരെ പ്രധാനപ്പെട്ട ഒരു കഥ കൂടിയുണ്ട്. ഞാനെങ്ങനെയാ ഉണ്ടായതെന്ന് ചോദിക്കാത്ത ഒരു കുഞ്ഞ് പോലും ഉണ്ടാവാറില്ല. പല മുതിർന്നവരും 'തവിട് കൊടുത്ത് വാങ്ങിയതാണെ'ന്ന മട്ടിലുള്ള കള്ളക്കഥകൾ കൊണ്ട് ഇത്തരം ചോദ്യത്തെ ഒഴിവാക്കി വിടുമ്പോൾ കുഞ്ഞ് അത് ശരിയാണെന്ന ഒരു തെറ്റായ ഒരു ധാരണയിലാണെത്തുന്നത്. അപൂർവ്വം അമ്മമാർ കുട്ടികളുടെ ഇത്തരം ചോദ്യങ്ങൾ കേൾക്കുമ്പോൾ വഴക്ക് പറഞ്ഞ് ഓടിച്ച് വിടാറുമുണ്ട്. കൃത്യമായ മറുപടി കിട്ടാത്ത ചോദ്യങ്ങൾ കുട്ടികളെ ആശയക്കുഴപ്പത്തിലേയ്ക്കും തള്ളിവിടും. കുഞ്ഞാപ്പിയുടെ ഈ സംശയത്തിന് അമ്മ പറഞ്ഞ് കൊടുക്കുന്ന മറുപടി എന്ന രീതിയിൽ ഒരു കുഞ്ഞു ജനിക്കുന്നതെങ്ങനെയെന്നും ശാസ്ത്രീയമായി തന്നെ എല്ലാവർക്കും മനസിലാവുന്ന രീതിയിൽ ലളിതമായ ഭാഷയിൽ പറഞ്ഞ് വെയ്ക്കുന്നതാണ് ആ കഥ. ആൺശരീരത്തിൽ നിന്നുള്ള ബീജവും പെൺശരീരത്തിൽ നിന്നുള്ള അണ്ഡവും ചേർന്നുണ്ടാവുന്ന പുതിയൊരു കോശമാണ് ഒരു കുഞ്ഞിന്റെ ആദ്യ രൂപമെന്നത് മുതൽ ഗർഭപാത്രത്തിനുള്ളിൽ കിടക്കുന്ന കുഞ്ഞിന് വളരാനുള്ള ഭക്ഷണവും ഓക്സിജനും മറുപിള്ളയിലൂടെ പൊക്കിൾക്കൊടി വഴി കിട്ടുന്നതിനേപ്പറ്റിയും കുഞ്ഞി

**സകലവിജ്ഞാനത്തിന്റേയും കലവറയായ പ്രകൃതിയിലേയ്ക്ക് കൂട്ടിക്കൊണ്ട് പോവുന്ന പ്രൊഫസർ എസ്.ശിവദാസ് സാറിന്റെ രചനകൾ അറിവിനോടൊപ്പം കുട്ടികളിൽ മനുഷ്യരോളം പ്രാധാന്യം പ്രകൃതിയിലെ മറ്റെല്ലാ ജീവജാലങ്ങൾക്കുമുണ്ടെന്നുള്ള ധർമ്മബോധം കൂടി വളർത്തുന്നുണ്ട്.**

ന്റെ വളർച്ചയനുസരിച്ച് ഗർഭപാത്രം വലുതായി ഒൻപത് മാസം കൊണ്ട് കുഞ്ഞ് പൂർണ്ണവളർച്ചയെത്തി പുറത്ത് വരുന്നതുമടക്കം കുഞ്ഞുങ്ങൾക്ക് കൊടുക്കേണ്ട ശാസ്ത്രീയമായ ലൈംഗിക പാഠങ്ങളുടെ തുടക്കമെന്ന രീതിയിൽ തന്നെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു രചനയാണത്. ഇപ്പോഴും ഹൈസ്കൂൾ ബയോളജി ക്ലാസിൽ പ്രത്യുത്പാദനം എന്ന പാഠമെത്തുമ്പോൾ അത് പഠിപ്പിക്കാതെ വിടുന്ന ടീച്ചർമാർ ഉണ്ടെന്നതും കൂടി ആലോചിക്കുമ്പോൾ എൽ.പി.തലത്തിലുള്ള ചെറിയ കുട്ടികൾക്ക് പോലും എളുപ്പത്തിൽ മനസിലാവുന്ന തരത്തിലവതരിപ്പിച്ചിരിക്കുന്ന ഈ രചനയുടെ പ്രാധാന്യം വർദ്ധിക്കുന്നു. 'കുഞ്ഞാപ്പികൾ ഉണ്ടാവുന്നത്' എന്ന പേരിൽ യുറീക്കയിൽ ആ കഥ വന്നിട്ടുമുണ്ട്. സത്യത്തിൽ എനിയ്ക്ക് തോന്നിയിട്ടുള്ളത് കുട്ടികളേക്കാൾ കുട്ടികളുടെ സംശയങ്ങൾക്ക് കൃത്യമായ മറുപടി പറയാനറിയാതെ കുഴങ്ങുന്ന മുതിർന്നവരേക്കൂടി സഹായിക്കുന്ന ഒരു സൃഷ്ടിയാണത്. ഒരു കുഞ്ഞ് അമ്മയിൽ നിന്നും കഥ കേൾക്കുന്നത് പോലെ വായനക്കാരുടെ ഉള്ളിലേയ്ക്കെത്തിക്കാൻ കഴിയുമെന്നതാണ് ടീച്ചറുടെ എഴുത്ത് രീതിയുടെ പ്രത്യേകത. ഇങ്ങനേയും ശാസ്ത്രം പറയാമെന്നത് ടീച്ചറെത്ര ആസ്വാദ്യകരമായിട്ടാണ് കുട്ടികളും മുതിർന്നവരുമായ വായനക്കാരിലെത്തിക്കുന്നതെന്ന കാര്യവും പ്രത്യേകം എടുത്ത് പറയേണ്ടതാണ്. ഒപ്പം ബാലസാഹിത്യമെന്നാൽ കുട്ടികൾക്ക് മാത്രമുള്ളതല്ലെന്നും.

പണ്ടു മുതലേ ബാലസാഹിത്യത്തിൽ കണ്ട് വരാറുള്ള മടുപ്പിക്കുന്ന ഒരു പ്രവണതയാണ് സൻമാർഗ്ഗ കഥകളുടെ രൂപത്തിലുള്ള ഉപദേശങ്ങൾ. മുതിർന്നവർക്ക് ഉപദേശങ്ങൾ എത്രമാത്രം അരോചകമാണെന്ന് നമുക്കറിയാവുന്ന കാര്യമാണ്. ഒരു പരിധി കഴിഞ്ഞാൽ ഉപദേശരൂപേണയുള്ള കഥകളും അരോചകമാണ്. മുതിർന്നവരുടെയുള്ളിലെ തന്നേക്കാൾ ചെറിയവരെന്ന് തോന്നുന്നവരെ ഉപദേശിച്ച് നന്നാക്കാമെന്ന ഒരു സുപ്പീരിയോറിറ്റി ചിന്തയാണിത്തരം കഥകളുടെ അടിസ്ഥാനമായി തോന്നിയിട്ടുള്ളത്. പ്രിയ.എ.എസിന്റെ കുട്ടിക്കഥകൾ ഇതിന് തികച്ചും അപവാദമായിട്ടുള്ള ഒന്നാണ്. പ്രിയ.എ.എസിന്റെ കഥകളിലേയ്ക്കെത്തുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് കുഞ്ഞു കൗതുകങ്ങളാണ്. കുഞ്ഞുങ്ങളുടെ കാഴ്ചകളിലെ കൗതുകങ്ങൾ അവർ കാണുന്ന അതേ കൗതുകത്തോടെ, പ്രാധാന്യത്തോടെ തന്നെ പകർത്തി വെച്ചിരിയ്ക്കുന്നു. വായിക്കുന്ന കുട്ടികൾക്ക് അവരുടെ ലോകം തന്നെയായി ആസ്വദിക്കാൻ പറ്റുന്ന കഥകൾ. ബാലസാഹിത്യത്തിൽ കുട്ടികളുടെ മനസിനോടൊപ്പം സഞ്ചരിക്കാൻ കഴിയുക എന്നതും വളരെ പ്രധാനമാണ്. പ്രിയ.എ.എസ് ന്റെ കഥകളുടെ പ്രത്യേകതയും അത് തന്നെയാണ്. കുട്ടികളെ തുല്യ പ്രാധാന്യത്തോടെ ബഹുമാനത്തോടെ കാണുന്നവർക്ക് മാത്രം സാധിക്കുന്ന ഒന്ന്.

സകലവിജ്ഞാനത്തിന്റേയും കലവറയായ പ്രകൃതിയിലേയ്ക്ക് കൂട്ടിക്കൊണ്ട് പോവുന്ന പ്രൊഫസർ എസ്.ശിവദാസ് സാറിന്റെ രചനകൾ അറിവിനോടൊപ്പം കുട്ടികളിൽ മനുഷ്യരോളം പ്രാധാന്യം പ്രകൃതിയിലെ മറ്റെല്ലാ ജീവജാലങ്ങൾക്കുമുണ്ടെന്നുള്ള ധർമ്മബോധം കൂടി വളർത്തുന്നുണ്ട്.

അതുപോലെ കേന്ദ്ര സാഹിത്യഅക്കാദമി, കേരള സാഹിത്യഅക്കാദമി അവാർഡുകളടക്കം നിരവധി അംഗീകാരങ്ങൾ നേടിയ പ്രൊഫസർ കെ.പാപ്പൂട്ടി മാഷിന്റെ 'ഷാഹിനയുടെ സ്കൂൾ' എന്ന പുസ്തകം വായിക്കുമ്പോൾ പാഠപുസ്തകങ്ങളിലൂടെ മാത്രം കേട്ട് പരിചയമുള്ള ഐൻസ്റ്റീനും ഗലീലിയോയും ന്യൂട്ടണുമൊക്കെ ഷാഹിനയോടൊപ്പം നടന്ന് വായിക്കുന്നവരും നേരിട്ട് സംസാരിച്ച് പരിചയപ്പെടുന്ന ഒരു പ്രതീതിയാണ്.

ബാലസാഹിത്യത്തിന്റെ ഓരോ മേഖലയിലും നമുക്ക് മുന്നിലിനിയും പിന്തുടരാവുന്ന അനേകം മാതൃകകളിങ്ങനെ നിലനിൽക്കുമ്പോൾ വംശീയതയും അന്ധവിശ്വാസങ്ങളും പേടികളും സ്ത്രീവിരുദ്ധതയും ബോഡി ഷെയ്മിങ്ങും തുടങ്ങിയ മോശമായ പ്രവണതകൾ വളർത്തുന്ന കഥകളും ബാലപ്രസിദ്ധീകരണങ്ങളും പൂർണ്ണമായും ഉപേക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് തന്നെ വേണം കരുതാൻ. നല്ലൊരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ ബാലസാഹിത്യത്തിനുള്ള പങ്ക് മറ്റെല്ലാ സാഹിത്യമേഖലകളേക്കാളും പ്രധാനമാണ്. നമ്മുടെ കുട്ടികൾക്ക് സമൂഹത്തിന്റേയും ഭൂമിയുടേയും ബഹുസ്വരത അംഗീകരിച്ച് വളരാൻ സഹായിക്കുന്ന രീതിയിലേയ്ക്ക് ബാലസാഹിത്യത്തെ നിരന്തരം പുനർനിർമ്മാണം നടത്തിക്കൊണ്ടിരിക്കേണ്ടതുണ്ട്. നമ്മുടെ കുട്ടികൾ നല്ലത് വായിച്ച് വളരട്ടെ.



**അജിത്രി**
അദ്ധ്യാപിക, എഴുത്തുകാരി, പ്രഭാഷക
പുരോഗമന കലാസാഹിത്യ സംഘത്തി
ന്റെ മലപ്പുറം ജില്ലാ പ്രസിഡന്റ്

# ബാലിനിസം എന്ന കുട്ടി ഫെമിനിസം



സാഹിത്യത്തിന്റെ കൊമ്പിലെ ചില്ലയിലെ തുമ്പെഴുത്തുകൾ തന്നെയാണ് ബാലസാഹിത്യം.ബാലിശമല്ല, ലാലിസം പോലെ തന്നെ നോക്കിക്കാണണം ബാലിസമെന്ന വികൃതി രൂപിയെ!

കഥകളുടെ ഹൈ- ഫ്ളെക്സിബിളിസ (high - flexibilism) ത്തിലൂടെ പരമാവധി പ്രതിഫലന (reflection) കാലത്തിലേക്കാണ് നാം ചുവടു വെക്കാൻ പോകുന്നത്. ഒരു ശരാശരി ആസ്വാദകന്റെ ബുദ്ധിയേയും അത്ര തന്നെ വായനക്കാരുടെ ഭാവനയേയും ഇരട്ട വളയത്തിലൂടെ ചാടിക്കുന്ന, വട്ടത്തിൽ കുഴയ്ക്കുന്ന തരത്തിലുള്ള ഈ പുതിയ വായനാ രീതിയുടെ നടുമിറ്റത്ത് കസേരയിട്ടിരുന്ന് വാക്കുകളുടെ ഈട് പരിശോധിക്കുകയല്ല, ബാലസാഹിത്യ വിചാരണ നടത്തുകയുമല്ല, ഉദ്ദേശ്യം.

കടഞ്ഞെടുക്കാനുള്ളബാലിസങ്ങളുടെ മാലയിട്ട രാമബാണങ്ങളുടെ ഒളിയമ്പുകൾ തടുത്തു കൊണ്ട് മാലി രാമായണത്തിലും മാലി ഭാരതത്തിലും ഉന്മാദത്തോടടുത്ത വികാരത്തോടെ വാലു ചുരുട്ടി സിംഹാസനമാക്കിയിരുന്ന വാനരവംശകന്റെ പിൻതുടർച്ചക്കാരനായ വായനക്കാരിലേക്ക് ഒരു പുതിയ ചിന്ത വിക്ഷേപിക്കുകയാണ്. കുട്ടി സാഹിത്യത്തിലെ ഫെമിനിസ സ്വാധീന പരിശോധന ഒറ്റവാക്കിൽ ശാലീനയല്ലാത്ത 'ബാലിനിസം' കഥയെ സർഗാത്മകമാക്കാൻ മണ്ണും പെണ്ണും അത്യന്താപേക്ഷിതമാണ്' ആ വഴിക്ക് പരിസ്ഥിതിയും പോരും.

കുട്ടി സാഹിത്യത്തെ ധൈഷണികമാക്കാൻ വാക്യങ്ങളുടെ തിരയടിക്കുന്ന മഹാസമുദ്രങ്ങൾ തന്നെ

വേണമെന്നില്ല. കൈത്തോട്ടിലെ തൊണ്ടു ചീഞ്ഞ വെള്ളമായാലും മതി. ഗന്ധവും ഗന്ധർവ്വ സന്നാഹങ്ങളും ആവശ്യമില്ലെന്ന വലിയ ദർശനബോധമാണ് എല്ലാ മക്രോണി മോഡൽ രചനകളും ഇന്നേ വരെ തന്നിട്ടുള്ളതും, പങ്കുവെച്ചിട്ടുള്ളതും. ഫ്ളെക്സ് വെച്ച് സ്ഥാപിച്ചെടുക്കുന്ന ബിംബരീതിയിലുള്ള ഭക്തിയുടെ കടന്നാക്രമണത്തിന്റെ ഛായ നമ്മുടെ അമ്പിളിയമ്മാവൻ , ബാലരമ, പൂമ്പാറ്റ അമർ ചിത്രകഥകളെല്ലാം വഹിക്കുമ്പോഴും കഥയുടെ നിർമ്മാണ മുഹൂർത്തങ്ങളിൽ പുതിയൊരു ലാവണ്യ സൗന്ദര്യ ക്രമം സൃഷ്ടിച്ചെടുക്കാനാണ് എല്ലാ രചയിതാക്കളും എന്തിന് സുമംഗല എന്ന കഥാ മുത്തശ്ശി പോലും ശ്രമിക്കുന്നത്. വരാൻ പോകുന്ന ബാലസാഹിത്യ ആധിപത്യത്തിന്റെ വാമനരൂപമായിട്ടാണ് ഒരു പ്രമുഖ പത്രം ഇവിടെ കളിക്കുടുക്ക ഇറക്കി കളിച്ചത്. അതിലാകട്ടെ കുട്ടനും അപ്പുവും കണ്ണനും മാത്രം ഓടി നടന്നു എല്ലായിടത്തും.

വഴി കാണിക്കാമോ? എന്ന ചോദ്യത്തിൽ പോലും ചിണ്ടനെലിയും , മീശ മാർജാരാനുമാണ് ഇടം പിടിച്ചത്. മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീ ആവുമ്പോൾ മാത്രമാണ് ഒരു പെണ്ണെലി പോലും കടന്നു വരുന്നത്. പാവാടപ്രായത്തിലുള്ള പെൺ കഥകളുടെ ആഖ്യാനമാണ് ഇറാനിയൻ എഴുത്തുകാരി സിമിൻ ദാ നീശ്വർ എഴുതിയ പാവാടക്കഥകൾ. വിവർത്തനം യാസീൻ ബാഹിയുടെതാണ് നാഷണൽ ബുക് ട്രസ്റ്റാണ് പ്രസാധകർ.

കഥയുടെ വഴിയിലെ കല്പിത യാഥാർത്ഥ്യങ്ങളെ തുടക്കം മുതലേ ചോദ്യം ചെയ്യുന്ന ഈ പ്രവണതയുടെ പ്രചാരകയായി ഇതിലെ മിന മാറിയിട്ട് ഏകദേശം അഞ്ച് പതിറ്റാണ്ടുകളായി. എത്രയോ വർഷങ്ങളായി. ഇപ്പോഴും കല്ലെറിയുന്ന, ചൂണ്ടയിടുന്ന പെൺകുട്ടികൾ കഥകളിൽ തുലോം കുറവാണ്.

വിമാനം താഴ്ന്നു പറക്കുമ്പോൾ പാവാട വിടർത്തിക്കൊടുക്കുന്ന പെൺകുട്ടികൾ.. അപ്പോൾ പൈലറ്റ് വേണ്ടതെല്ലാം അതിലിട്ടു കൊടുക്കുമെന്ന് വ്യാമോഹിക്കുന്ന പാവം പെൺകുട്ടികൾ.

വാക്കുകൾക്കിടയിലെ സ്കൈ, സ്റ്റാർ വാർ സ്പേസിന്റെ കലാപം കൂട്ടലായി വേണം ഇത്തരം ടിങ്കിൾ സ്റ്റാറുകൾ പങ്കു വെക്കുന്ന സമസ്യകളെ വായിച്ചെടുക്കാൻ.

ടോട്ടോച്ചാൻ തൊടുത്തു വിടുന്ന വാക് ശരങ്ങൾ പക്ഷേ ബാലസാഹിത്യ തീരം തൊടുന്നുമില്ല. എഴുതുക എന്ന ക്രിയയുടെ ചതിക്കുഴിയാണ് പുനരെഴുത്ത്. വലിയ അധ്വാനം വേണ്ട പണി. പക്ഷേ ബാലസാഹിത്യ രംഗത്ത് മാത്രം എഡിറ്റിങ്ങ്, പമ്പ കടന്ന് പോകും.

കഥയെഴുതുമ്പോൾ അത് ബാല ശ്വാസത്തിന്റെ രൂപ നിർമ്മിതിയായി മാത്രം മാറുന്നു. വിമാനം പൈലറ്റോടിച്ചോളും എന്നൊരുമട്ട്. ഇത് തലയിൽ പതിച്ചാലോ എന്നൊരു ബേജാറില്ലാതെയുള്ള ആ പറക്കൽ ആസ്വദിക്കലിൽ ഒരു ശ്വാസത്തിനുള്ളിൽ ഒരുപാട് നിശ്വാസങ്ങളെ അടക്കിവെച്ചിരിക്കുന്ന ഒരു എഡിറ്റിങ്ങ് കലയുടെ ചിതമ്പലുകളും ഉണ്ട്. മീൻ ശ്വാസത്തിനാരാണ് വില കൽപിച്ചിട്ടുള്ളത്.?

പെരുവിരൽക്കഥകളിലുണ്ട്, അർജുനനും ദ്രോണനും, കൗരവരും. പക്ഷേ ആ ദുശ്ശള ഇവരുടെ കൂടെ കളിക്കുന്നതേയില്ല, ഒരിടത്തും.. അന്തപുരത്തിലെ കുശിനിയിലെ കടകോൽ കറക്കി സമയം പോക്കിയവൾ.. കറുത്തവൾ. അനധികൃതമായി ഇടപെടാൻ കഥാപാത്രങ്ങളില്ലാത്ത ഈ വീഥി കുറഞ്ഞ കഥകളിലെ കഥാപാത്രങ്ങളാണ് ഓരോ വീര പുരുഷനും ബാല സൂര്യനും ബാലചന്ദ്രനും ഉണ്ട്.

ബാലഭൂമി പുസ്തകത്തിലേയുള്ളൂ..

ബാല താരങ്ങൾ സിനിമയിലേയുള്ളൂ..

ബാലസീത വള്ളത്തോൾ കവിതയിൽ ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ എന്നും പറഞ്ഞ് പോവുകയാണ്. പിന്നെ മുതിർന്നിട്ടാണ് ആശാ നിലൂടെ ചിന്താവിഷ്ടയാകുന്നതും ഹേ, രാമാ.. ഉയരുന്നു ഭുജ ശാഖ വിട്ടു ഞാൻ എന്നും

പാവയോയിവൾ എന്നും ചോദിക്കുന്നത്! ബാലിനിസത്തിലെ കഥകൾ ഒരു തരം ആയിത്തീരലാണ്. അപ്പോൾ അവിടെ നിന്നും കഥാപാത്രങ്ങൾ കുതറിപ്പോകുകയും എത്ര അടി കിട്ടിയാലും ഒഴിഞ്ഞു പോവാതെ കരുത്തോടെ നിൽക്കുന്ന വിസ്മയഭാവങ്ങളാൽ കഥാപാത്രങ്ങളുടെ ശരീരമെടുക്കുകയും പറക്കുകയും ചെയ്യുന്നുണ്ട്.

ആയിരത്തൊന്നു രാവുകളിൽ ഷെഹറസാദിന് കൂട്ടു പോകുന്ന ചെറിയ കുട്ടിയും വലിയ സാക്ഷിയാണ്. ചാവാതെ ചത്ത ഒരു കുതിരക്കുട്ടിയെ പറ്റി ആ കുഞ്ഞു ഹൃദയവും ആകുലപ്പെടുന്നുണ്ട്. അങ്ങനെ നാം കഥാപാത്രങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കേണ്ടുന്ന വായനക്കാരനാവാൻ,ആസ്വാദകയാവാൻ കൂടി ഗൂഢമായി ക്ഷണിക്കപ്പെടുന്നു. ടാഗോർ എഴുതിയ ബാലകഥകളിൽ പക്ഷേ സോദരീ ഭാവേന വരുന്ന മുതിർന്ന സ്ത്രീയുടെ ഭാവ പകർച്ചകളുണ്ട്. ആരണ്യകത്തിലും, കിശോരി ബാബുവിലും ചാരുലതയെ നമുക്ക് കണ്ടെത്താനാകും.

ജിജ്ഞാസ തുടിക്കുന്ന അത്തരം വാക്കുകളുടെ കോർത്തുവെയ്പ്പിനെ കുറിച്ച് മലയാളകഥയുടെ കാരണവർ എം.ടി. തന്റെ ബ്ളർബിൽ ഇങ്ങനെ കുറിക്കുന്നു– 'ചെറുതാണ് സുന്ദരം' എന്ന് പാരീസ് ബുക് ഷോപ്പ് എന്ന പുസ്തകം എന്നെ വീണ്ടും വീണ്ടും ഓർമിപ്പിക്കുന്നു.

വിശ്വാസം ഒന്നുകൂടി ബലപ്പെട്ടു വരാൻ വേണ്ടി മാത്രം വീണ്ടും ഞാനത് വായിച്ചു കൊണ്ടിരിക്കുന്നു. രബീന്ദ്രനാഥ ടാഗോറിന്റെയും പ്രേംചന്ദിന്റേയും കൃതികളിലൂടെ പോകുമ്പോൾ അനുഭവിക്കാറുള്ള സന്തോഷം – ആത്മഹർഷം ഒന്നുകൂടി അനുഭവപ്പെടുകയുണ്ടായി, ഒറിയൻ കൃതി മിസൂമിയുടെ കുതിര വാ

യിച്ചപ്പോൾ.

ബാലസാഹിത്യത്തെക്കുറിച്ച് പ്രശസ്തനായ ഒരു പാശ്ചാത്യ നിരൂപകൻ പറഞ്ഞത് ഞാൻ ഓർക്കുന്നു: "Great writer can never be explain - lalluby. it has to be experienced". എത്ര ശരി! ഈ നിരൂപകന്റെ വാക്കുകൾ ബാലസാഹിത്യ രചനകൾക്കും യോജിക്കുന്നു.

മിഥ്യാഭ്രമമാകാത്ത ലിംഗ ദേദമില്ലാത്ത, പൊരിച്ച മീനിന്റെ പങ്കു കിട്ടാത്ത വിലാപങ്ങൾ ചേക്കേറിയ ഒറ്റപ്പെട്ട വരികളുടെ കല കൂടിയാണ് ബാല ഫെമിനിസം. ബാലെ ഒരു നൃത്തനാടകമാണ്. ബാലി ദ്വീപിലെ വിനോദം കൂടിയാണത്. കൊച്ചു വാക്യങ്ങളെ ഇണക്കിചേർക്കുന്ന അവ്യക്തഭംഗിയാർന്ന ഒരു സൗന്ദര്യ ശാസ്ത്രം ബാലസാഹിത്യത്തിന്റെ നിലവിലെ നടപ്പിൽ നാം വരുത്തേണ്ടതുണ്ട്.

നനുത്തതും മൃദുലവുമായ ഒരു പാദസരത്തിന്റെ സ്വനം പോലെ കിലുങ്ങുന്ന ഒരാഖ്യാനോപരിതലം നിലനിർത്തുന്ന പെൺ പാവകളുടെ പാവാടക്കഥകളിൽ പ്രവർത്തിപ്പിച്ചിട്ടുള്ള ഇമേജുകളുടെ ഏറിയ പങ്കും നമ്മുടെ കണ്ണുകൾക്കു ചുറ്റും എപ്പോഴും വട്ടമിട്ടു പറക്കുന്ന ചെറിയ തുമ്പികളാണ്. കല്ലെടുപ്പിക്കാൻ ശ്രമിക്കുന്നതിനു പകരമായ് ചെയ്യേണ്ടത് ആ പറക്കൽ മാത്രം ആസ്വദിക്കുകയാണ്. മെറ്റാഫിസിക്കൽ (meta - physical) അനുഭവങ്ങൾ അതിന്റെ അടങ്ങി പോയ ശ്വാസനിയന്ത്രണ ധ്യാനങ്ങളടങ്ങിയ ഈ കുഞ്ഞു ഫെമിനിച്ചിയുടെ ആദ്യ രൂപം മുട്ടത്തുവർക്കിയുടെ ഒരു കുടയും കുഞ്ഞി പെങ്ങളിലും കാണാം.

പൂമംഗലത്തെ ഗ്രേസിയിൽ ആ പേരിൽ തന്നെ ഗ്രേ ഉണ്ട്. വേഗം നരച്ചു പോയ ഒരുവൾ.. സഹനമില്ലാത്തതിന്റെ ശിക്ഷയനുഭവിച്ച ഒരുവൾ – കഥയിലെല്ലാം രണ്ടാനമ്മമാർക്ക് ക്രൂരമുഖമാണ്. അവയുടെ അവതരണരീതിയിൽ പൊയറ്റിക് ഡിക്ഷനോട് ചേർന്നു നിൽക്കുന്നു, സിൻഡ്രലയുടെ കഥ.. അതിലെ രണ്ടാനമ്മയും പെൺമക്കളും ഫെമിനിസ്റ്റ് കാഴ്ചപ്പാടുള്ള ചില ദൂരങ്ങൾ താണ്ടുന്നുണ്ട്.

മിഥ്യാഭ്രമമാകാത്ത ആ ഒറ്റ ചെരിപ്പുകളുടെ അളവു കലയെ, മത്തങ്ങ വണ്ടിയെ, ക്ലോക്കിലെ പന്ത്രണ്ടു മണിയെയെല്ലാം  നാം ശ്രദ്ധാപൂർവ്വം വായിച്ചേ മതിയാവൂ. വിഭിന്ന ശ്രുതികൾ ഉൾച്ചേർന്ന ആ ഒറ്റ വെള്ള കുതിരയിലൂടെയുള്ള സഞ്ചാരം കഥയുടെ പെൺ പരിസരങ്ങളെ മായിക പ്രഭയുള്ളതാക്കുന്നു.

ബാലസാഹിത്യകഥാകാരന്റെ  ഉള്ളിൽ തുടികൊട്ടി നിൽക്കുന്ന അർത്ഥഗർഭമായ ധ്വനി ചിഹ്നങ്ങളെ നമുക്ക് പിടിച്ചുകൊണ്ടു തരുമെന്നതിനാൽ ആ ഒറ്റ ചെരിപ്പിലെ അളവ് തെറ്റാത്ത അത്ഭുതങ്ങൾ തുടർന്നും ഉദ്ധരിക്കാം.

*

ബാലകഥകളിലെ ചില സൗന്ദര്യം തുളുമ്പുന്ന
പെൺചിന്താ പിന്തുണകൾ

*

ദൈവം ഒരുക്കിയെടുക്കുന്ന
മിണ്ടാപ്രാണികളാണ്
ബാലകർ
ബാലികമാർ അങ്ങനെയല്ല
ദൈവം അവരെ
ഒരുക്കാതെ
സ്വയം ഒരുങ്ങാൻ വിടുകയും
ഉരുക്കി വളച്ച്
ഉറപ്പുള്ളവരാക്കി
സഹനം പരിശീലിപ്പിച്ച്
നിരത്തിലിറക്കുകയും
വിജയികളാക്കുകയും ചെയ്യുന്നു

(ഖുറുബെ ജലാൽ എന്ന പേർഷ്യൻ കൃതിയിൽ നിന്ന്)

*

രണ്ട്

*പെൺകുട്ടികളുടെ
തലയുടെ വരയും
തെരുവുപട്ടികളുടെ കുരയും
ഭാഗ്യമനുസരിച്ചാണ് ..

(സുഡാൻ  കഥകൾ)

*

മൂന്ന്

*

സ്ത്രീകൾ മാത്രംകാണുന്ന സ്വപ്നമാണ്
നല്ല ഭക്ഷണം.

(നൈജീരിയൻ കഥകൾ.)

ഈവിധം ഒറ്റശ്വാസത്തിൽ വായിക്കാവുന്ന സഹന കഥയുടെ കടൽ ഒരു പെൺ ഭ്രൂണത്തിൽ ഒതുക്കുമ്പോൾ അതിനെ എഴുത്തുകാരന്റെ/കാരിയുടെ ജീവിതകാലത്തെയോർത്തുള്ള നെഞ്ചിടിപ്പായി വേണം വായിച്ചെടുക്കാൻ.  അത് ചിലപ്പോൾ പുരോഗമന സ്വഭാവമുള്ളതും മറ്റവസരങ്ങളിൽ പിന്നോട്ട് മാത്രം ചലിക്കുന്നതുമായിരിക്കും.

നാം പെൺമുഖ ഭംഗിക്ക് മാർക്കിടുമ്പോൾ ഒരു ചെറിയ തരിസദ്സ്വഭാവ വെളിച്ചമോ, ഒരു ചതുരം സത്യസന്ധതയുടെ പ്രകാശമോ ഒക്കെ അവസാനമേ പരിഗണിക്കൂ എന്നാൽ കഥകളിൽ പക്ഷേ അങ്ങനെയല്ല പെൺമയേ ഉണ്ടാവൂ എന്നും അതു പരിമിതമായ ഒരു സ്പേസിന്റെ പ്രതിനിധാനമാണെന്നും വ്യാഖ്യാനിക്കാൻ ആർക്കുംവലിയ ഭൂകമ്പമാപിനികളുടെ ആവശ്യമില്ല.

പെൺ ദൈവം ആൾ ദൈവം പോലെ മാജിക്കുകൾ സൃഷ്ടിക്കുന്നതായി കഥകളിൽ കാണാം.. അത്തരം തുല്യതകൾ ലഭിക്കുന്ന അപൂർവ്വം ഇടങ്ങളിൽ ഭക്തി നിറഞ്ഞു തുളുമ്പുകയും കാരുണ്യം മാതൃഭാവത്തിൽ ചുരത്തുകയും ചെയ്യും.

സർവ്വവ്യാപിയാണെന്നു സ്ഥാപിക്കാൻ ഒരു പുരുഷന് മിന്നൽ വേഗമുള്ള ഒരു ബുള്ളറ്റ് ബൈക്ക് മതിയെന്നും ഈ ഒറ്റുകൊടുക്കപ്പെട്ട പെൺവാക്യ രചന

യിൽ നിന്നും മഗ്ദലനയുടെ കുട്ടിക്കാലത്തേക്കും, യുദാസിന്റെ (theodicy) ബൗദ്ധിക ഭാരത്തിലേക്കും ഗാഗുൽത്തായിലേക്കെന്നപോലെ വായനക്കാരൻ മരക്കുരിശേന്തി ചിലപ്പോൾ നടന്നു പോകേണ്ട അവസരങ്ങളും ഉണ്ടായിട്ടുണ്ട്.

ടോട്ടോച്ചാനിലെ കൊബായാഷി മാഷിൽ നിന്നും കാര്യമായ നിയമങ്ങളൊന്നുമില്ലാതെ നാം എളുപ്പത്തിൽ ഗ്രഹിച്ചെടുക്കുന്ന കാര്യം അവരെ അവരുടെ പാട്ടിനു വിടാൻ തന്നെയാണ്.

പെൺവര എന്ന കഥയിൽ സീതയും ലക്ഷ്മണനും ബന്ധങ്ങളുടെ വരയുടെയും ശാസനയുടെ വരയുടെയും രാഷ്ട്രീയമാണ് തുറന്നുകാട്ടുന്നത്. ഇത് അർത്ഥങ്ങളുടെ ധ്വനിപ്രവാഹമായി മാറുകയാണ്. 'രാമരാജ്യം' എന്ന വാക്യ വാലിൽ ബാലരാമയണത്തിന്റെ തത്വദർശനമാണ് പിന്നീട് നാം വിചാരണ ചെയ്യുന്നത്. അത് നാം സൃഷ്ടിച്ചെടുക്കുന്നതാണ്. അതിനുള്ള ഇടം ആരും തുറന്നുതരുന്നില്ല അതു സ്വപ്നം എന്ന ജീവനില്ലാത്ത അവസ്ഥയ്ക്കുള്ള മെറ്റാ മോർഫിസ് ആണ്. സമൂഹജീവിയായുള്ള പരിണാമം വിവരണാതീതമായ വികൃതവാസനകളെ പെൺ ശരീരങ്ങളുടെ മുറുക്കി കെട്ടലുകളെ, സാങ്കല്പിക കഥയുടെ പുസ്തകത്താളിൽ മയിൽപീലി പോലെ പെറ്റു പെരുകാൻ അയയ്ക്കുമ്പോഴും അതിന്റെയുള്ളിൽ ജീവിതം എന്ന സമരത്തിന്റെ എല്ലാത്തരം ഭാവങ്ങളെയും കൊത്തി വെയ്ക്കാനാണ് എല്ലാ ഭാവനകളും എന്തിന് തംബലീനയും ഉറങ്ങുന്ന സുന്ദരി പോലും ശ്രമിക്കുന്നത്.

പെണ്ണ് ഹ മണ്ണ് ക പ്രകൃതി

ഒരു പെൺ ശരീരത്തിന് ഉൾക്കൊള്ളാൻ കഴിയുന്നതിലുമധികം വിഭവങ്ങൾ ആണിന്റെ അധികാര ഭവനക്കഥകളിലുണ്ട്. സാധാരണ ഗതിയിൽ മൈക്രോ ആഖ്യാനങ്ങളിൽ കാലാകാലങ്ങളിലായി അവർ അത് വിളമ്പി തരുകയാണ്.. വാചകം, പാചകം തുന്നൽ ചിത്രപ്പണി, നൃത്തം ഒക്കെ മാത്രം മതി നിനക്ക് എന്ന് തിട്ടൂരമിറക്കുകയാണ്.

ഒ. എൻ. വി. വരച്ചിടുന്ന പേരറിയാത്ത പെൺകിടാവിന്റെ രേഖാ ചിത്രത്തിന്മേൽ കരിഓയിൽ ഒഴിക്കുന്ന പണിയിൽ ഏർപ്പെടുന്നവർ വികൃതമാനസരാണ്. അന്യസംസ്ഥാന തൊഴിലാളികളെ അതിഥി ചേർത്തു വിളിച്ചതു കൊണ്ട് മാത്രം തുല്യത കൈവരാത്തതു പോലെ പെൺ പശ്ചാത്തല ഭംഗിക്കായിട്ടെങ്കിലും സ്ത്രീ ഭൂമേഖലകൾ ബാലസാഹിത്യ രംഗത്ത് തീർക്കുകയും അവിടെ മത്തുപിടിച്ച തന്റെ കാല്പനിക ഭാവനയെ അലയാൻ പറഞ്ഞയ്ക്കുകയും ചെയ്യണം.

ബാലകഥകളിൽ തന്നെ ആർട്ടിക്കിൾ 14 കടന്നുവരണം. ഈ ഭരണഘടനാ ഗുണങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ നമ്മുടെ ബൗദ്ധിക കേന്ദ്രങ്ങളിലേക്ക് ധ്യാനത്തിന്റെ, മാറ്റത്തിന്റെ കുന്നു കയറ്റുന്ന കാന്തികതയുടെ നിരന്തരമായ ആകർഷണങ്ങളായി കടന്നു കയറുകയും ചിന്തയെ സൊളാർ എന്നോണം ചൂടാക്കുകയും ചെയ്യേണ്ടത് പുതുകാലത്തിന്റെ കൂടി ആവശ്യമാണ്.

ബാലിനിക്കഥകളിലധികവും നല്ല ഒന്നാന്തരം ദൈവ സംവാദക്കഥകളാണ് (god talks and golden talks,) പെൺ മനസ്സിന്റെ ദൈവം പലതരം വാസനകളുടെ , രുചികളുടെ , സഹനങ്ങളുടെ ആരോഗ്യമുള്ള അതിജീവനമാണ്.ശബ്ദത്തിന്റെ മാത്രമല്ല ആക്രോശത്തിന്റെയും രൂക്ഷഗന്ധത്തിന്റെയും സ്ഥൂലരൂപങ്ങളായ ജീവിതമാകുന്ന ആകാശവും സഹനഭൂമിയും ഈ കഥകളിൽ പെൺ മനസ്സിന് മാതൃക കാണിക്കുന്നു.

ഹൃദയത്തിന്റെ അടക്കം പറച്ചിലുകളാണ് എല്ലാ പെൺ വിനിമയങ്ങളും. 'മായ'എന്ന കഥയിലെ നായികയുടെയും തേങ്ങ എന്ന കഥയിലെ പെൺകുട്ടിയുടെ ജീവിതക്രിയയെയും ഒന്നു ശ്രദ്ധിച്ചു വായിച്ചു നോക്കൂ: രാച്ചിയമ്മയുടെ ജൂനിയർ ഈ കഥകളിലും ജീവിക്കുന്നുണ്ട്. ഏതോ ഒരു പെൺദൈവം വായിക്കുന്ന വയലിൻ നാദം മാത്രമാകാം ഇത്തരം കഥകളിലെ പെൺ കുരുന്നുകൾ. കുരീപ്പുഴയുടെ പെണങ്ങുണ്ണിയിലും ഇത്തരം കുട്ടി കഥാപാത്രങ്ങളെ കണ്ടെത്താം.

ഈ ബാലലോകം മയിലമ്മ കുളിക്കുന്ന

ഒരു കൊക്കകോള പാനീയ ഉറവയുടെ കുട്ടി കുളം മാത്രം..

(മായ)

നിത്യതയുടെ
പുള്ളികളുള്ള
ഓസോൺ പട്ടുമായി
ഭൂമിയെ
സംരക്ഷിക്കാനുള്ള പ്രകാശ വാഹിനികളായി
ദൈവം ഈ ഭൂമിയിലേക്ക് അയച്ച മനുഷ്യർ
ഇപ്പോൾ മുടിനീട്ടി
പെൺ കഥാപാത്രങ്ങളായി
മാറി അടയിരിക്കുന്ന
ആഗോള താപന കാലമാണിത്.
വിരിയുന്ന തൊക്കെയും
വിചിത്ര ജീവികൾ

പെൺമനുഷ്യൻ എന്ന സംജ്ഞ ആദ്യമായി ഉപയോഗിയ്ക്കപ്പെട്ടത് പാരീസിലാണ്..

ഗ്രെറ്റ തുൻബർഗ് എന്ന പെൺകുട്ടിയാണ് ഭൂമിക്കു വേണ്ടി സമരം ചെയ്തത്. മലാലയാണ് അക്ഷര സമരത്തിന് ചൂടു പകർന്നത്. ഭൂമിയിൽ ജ്ഞാന മാലാഖമാരുടെ കേളീ രംഗം സുതാര്യമായി സാധ്യമാക്കാനാണ് പെൺപിറവികൾ. പക്ഷെ മറിച്ചാണ് സംഭവിക്കുന്നത്. അതുകൊണ്ടാണ് രണ്ടാം ഖണ്ഡത്തിൽ അംബ ശിഖണ്ഡിയായി ലോകത്തിന്റെ വിസ്മയങ്ങളെ പുനർസൃഷ്ടിക്കുന്നതും നേർക്കുനേർ നിന്ന് .ചിത്രീകരിക്കുന്നതും.ദൈവത്തെആഖ്യാനിക്കുന്ന അതേ തീവ്രതയിലാണ് അരിസ്റ്റോട്ടിൽ മനുഷ്യനെയും പ്രകൃതിയെയും പെൺമയേയും അതിന്റെ കൃത്യതയിൽ

**കഥയെഴുത്തിൽ ഒരു ആത്മ ജ്ഞാനിയുടെ ലില്ലിപ്പൂ പോലു ള്ള വചനധാര എപ്പോഴും പ്രകൃ തിയിലേക്കും മനുഷ്യരിലേക്കും ഒ ഴുകി കൊണ്ടിരിക്കും യേശു ത ന്റെ ഹൃദയത്തെ ഇറക്കി കളി ക്കും. അപ്പോഴും ജീവിതം എന്ന കയറ്റിറക്കത്തെയാണ് " മഗ്ദല ന മറിയം തന്റെ തൂവാലയിലൂടെ വരച്ചുകാട്ടുന്നത്.. മനുഷ്യൻ എ ന്ന നന്ദി യില്ലാ ജീവിയുടെ കൂ ടെപ്പിറപ്പായ ആർത്തിക്കാരന്റെ പ്രതിനിധാനമാണ് യൂദാസ്.**

ആവിഷ്കരിക്കുന്നത്.

മല പറഞ്ഞു
നിന്റെ മുഴച്ച ഭാഗങ്ങളും ചുഴികളും
എനിക്കു വേണ്ടിയല്ല;
അവൾക്കു വേണ്ടിയാണ്.
ക ( മല )
-യൂദാസ് മരിച്ചു
ക്രിസ്തു ഉയർത്തു
കൂടെ
വെള്ളക്കാരും
കുരിശും
പച്ചപിടിച്ചു..
(വെളുത്ത യേശുവും
കറുത്ത ജനങ്ങളും
അമ്പരന്നു.
കന്യാമറിയം പറന്നത് അങ്ങനെയാണ്.)

ബാലസാഹിത്യത്തിന്റെ മുതിർച്ചകളിൽ ഉണ്ണിയേശു , കന്യാമറിയം, ഉണ്ണികൃഷ്ണൻ, യശോദ, കുറൂരമ്മ ഇവർക്കെല്ലാം ശക്തിയുള്ള ഇടങ്ങളുണ്ട്.കഥയെഴുത്തിൽ ഒരു ആത്മജ്ഞാനിയുടെ ലില്ലിപ്പൂ പോലുള്ള വചനധാര എപ്പോഴും പ്രകൃതിയിലേക്കും മനുഷ്യരിലേക്കും ഒഴുകി കൊണ്ടിരിക്കും യേശു തന്റെ ഹൃദയത്തെ ഇറക്കി കളിക്കും. അപ്പോഴും ജീവിതം എന്ന കയറ്റിറക്കത്തെയാണ് " മഗ്ദലന മറിയം തന്റെ തൂവാലയിലൂടെ വരച്ചുകാട്ടുന്നത്.. മനുഷ്യൻ എന്ന നന്ദിയില്ലാ ജീവിയുടെ കൂടെപ്പിറപ്പായ ആർത്തിക്കാരന്റെ പ്രതിനിധാനമാണ് യൂദാസ്. ശമരിയക്കാരന്റെ കഥയിലൂടെയാണ് ഈ ബിംബത്തെ പഴയ തലമുറ പ്രതിരോധിച്ചത്. പെൺ ശരീരത്തിനകത്ത് നടക്കുന്ന രാസ / ജൈവക്രിയകളായി ഝാൻസി റാണിയും ഉണ്ണിയാർച്ചയും വേറിട്ട കഥയുടെ ആഖ്യാനങ്ങളായി.

***അനുബന്ധം***

A man's leaving letters with a small story storeroom always blooming like fog and vague charecters returning home with a cold box is the real murder of all freshness. all are ghosts.

ബാലകഥകളുടെ ദൂരെ നിന്നുള്ള ചില പെൺ ഒളിനോട്ടങ്ങളും കാഴ്ചപ്പാടുകളാണ് മുകളിൽ കുറിച്ചിട്ടത്. ഈ നിരക്ഷണങ്ങൾ / ആഖ്യാനങ്ങൾ നമ്മിൽ നിന്നും ആവശ്യപ്പെടുന്നത് ലിഗ്വിസ്റ്റിക് ഇലാസ്റ്റിസത്തിലൂന്നിയ അയവുള്ള ബാലവായനയാണ്. ദ്വിലിംഗ രൂപത്തിൽ പുറത്തിറങ്ങിയിട്ടുള്ള പല ഫിക്ഷൻ കഥകളും ബാലസാഹിത്യത്തെ മലർത്തിയടിച്ച് മുന്നേറുകയാണ്. റൗളിംഗിന്റെ കൃതിയുടെ വിശാല മാനം തന്നെ പുതിയ കാഴ്ചയിൽ വ്യത്യസ്ത പ്രതീതിയാണ് സമ്മാനിക്കുന്നത്. ടോം ആന്റ് ജെറികഥകളുടെ പിടി വിട്ട് പറക്കുന്ന പുതിയ പുസ്തകമാണ് ഇതു വരെയുള്ള ഓരോ വായനയിലും താളുകൾ മറിച്ച് കൂടെ വന്നത്. ബാലിനിസമാണത്.. പൊളിച്ചെഴുത്തുകളാണ് പുതുകാല സിൻഡ്രേലമാർ ആവശ്യപ്പെടുന്നതും...



ചർച്ചാവിഷയം



ഫെബിനറാഫി പി.കെ.
ഗവേഷക
മഹാത്മാഗാന്ധി കോളേജ്
തിരുവനന്തപുരം


# ബാലകഥകളിലെ സ്ത്രീ വൈരൂപ്യസങ്കല്പനങ്ങൾ

ഒന്ന് നുണഞ്ഞു തുപ്പികളായുന്നതാകരുത് നല്ല സാഹിത്യം..വായനക്കാരന്റെ ഗ്രഹണതക്കപ്പുറം ചിന്തിക്കാനും കണ്ടെത്താനും പിന്നെയും കഥകളിൽ പലതും ഉണ്ടാകണം.പ്രത്യേകിച്ച് ബാലസാഹിത്യത്തിൽ.'ബാല ഭാവനയെ തട്ടിയുണർത്തുന്നതും അവരുടെ വൈകാരികവും ധിഷണാ പരവുമായ വികാസത്തിന് ഉതകുന്നതുമായ സാഹിത്യ കൃതികളെല്ലാം ബാല സാഹിത്യമാണ്' (അഖില വിജ്ഞാന കോശം.ഡിസി ബുക്ക്സ് പുറം 69).

കുട്ടിക്കഥകളിലെ കഥാപാത്രങ്ങൾ വൈവിധ്യം നിറഞ്ഞവയാണ്.ആകർഷണീയമായ വേഷവിധാനങ്ങളും ചിത്രീകരണങ്ങളും അതിൽ ഉണ്ടായിരിക്കും.ഭിന്ന രൂപങ്ങളിലുള്ള മനുഷ്യർ, പക്ഷികൾ, മൃഗങ്ങൾ, ദേവന്മാർ,യക്ഷികൾ, പിശാചുക്കൾ,അസുരന്മാർ, രാക്ഷസന്മാർ, രാജാക്കന്മാർ, അതി സുന്ദരികളായ സ്ത്രീകൾ, ഭീകരസത്വങ്ങൾ, വൈരൂപ്യങ്ങൾ, തുടങ്ങി മുൻവിധികൾ ഇല്ലാതെ ഏതു കഥാപാത്രങ്ങളും നിറഞ്ഞു നിൽക്കും ബാല സാഹിത്യത്തിൽ.ഫാന്റസിയുടെയും ഭ്രമാത്മതയുടെയും കഥകളാണ് പല കുട്ടികഥകളും .യാഥാർത്ഥ്യത്തിൽ നിന്നും അത്ഭുതത്തിലേക്കും, അവയിൽ നിന്നും സഹസികതയിലേക്കും സ്വപ്ന ദൃശ്യങ്ങളെക്കും അവ നമ്മെ നയിക്കുന്നു.

വൈരൂപ്യവും ഭീകരതയും നിറഞ്ഞ സ്ത്രീ കഥാപാത്രങ്ങൾ കുട്ടിക്കഥകളിൽ ധാരാളം കാണാൻ സാധിക്കും. ശൂർപണഖ, താടക, പൂതന, മന്ഥര തുടങ്ങിയവരെല്ലാം ഈ ഗണത്തിൽ പെടുന്ന കഥാപാത്രങ്ങളാണ്.നമ്മക്കു നേരെ പുറം തിരിഞ്ഞു നിൽക്കുന്നവരാണ് പലപ്പോഴും വൈരൂപ്യത്തിലൂടെ ചിത്രീകരിക്കപ്പെടുന്നത്. ഇങ്ങനെയുള്ള മിക്കവാറും കഥാപാത്രങ്ങൾ അസുര രാക്ഷസ ഗണത്തിൽ പെടുന്നവരുമാകും.

നമ്മുടെ സൗന്ദര്യ പൊതു ബോധത്തിന് ദഹിക്കാത്ത രൂപവും പ്രവർത്തിയുമാണ് ഇവർക്ക്.നമ്മുടെ സൗന്ദര്യ സംസ്കാര സങ്കല്പം സ്ത്രീയെ അടിസ്ഥാന പെടുതിയിരിക്കുന്നത് ഉഭയ വ്യക്തിത്വത്തിലാണ്.ഇത് മൂലം ബാല സാഹിത്യത്തിൽ മാത്രമല്ല മൊത്തം സാഹിത്യത്തിൽ തന്നെ സ്ത്രൈണാനുഭവത്തിന്റെ പരസ്പര വിരുദ്ധമായ വ്യവഹാരങ്ങൾ നിലനിൽക്കുന്നു.തന്റെ കാർത്തൃത്വം ഉറപ്പുവരുത്തുന്നതും തന്റെ അസ്തിത്വം നിഷേധിക്കുന്നതുമായ പരസ്പര വിരുദ്ധമായ സൗന്ദര്യ വ്യവഹാരവുമാണത്.പുരുഷാധികാരത്തിൽ നിന്നും മാറി നടക്കാനും സ്വന്തം ഭാഗധേയം





നിർണയിക്കാനും സ്വാതന്ത്രം നേടിയവരാണ് യഥാർത്ഥത്തിൽ താടകയേയും ഹിഡുംബിയെയും പോലുള്ളവർ.

മൂക്ക് ചെത്തി ചെവി അറുക്കപ്പെട്ട ശൂർപ്പണഖ കാലാ കാലമായി പുരുഷാധികാരം അടക്കിവെച്ച സ്വാതന്ത്ര്യം തിരിച്ചറിഞ്ഞവളാണ്. ഇഷ്ട ജീവിതം തിരഞ്ഞെടുക്കാനും ലൈഗീകമായ സ്വാതന്ത്ര്യവുമാണ് ബോധപൂർവ്വം ശൂർപണഖ വെളിപ്പെടുത്താൻ ശ്രമിക്കുന്നത്.ശരീര സൗന്ദര്യത്തെക്കാൾ വ്യക്തിത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സ്വത്വബോധത്തിന്റെയും സൗന്ദര്യമാണ് ശൂർപണഖയ്ക്കുള്ളത്.

അവഹേളനവും നിന്ദയും ഏറ്റുവാങ്ങുന്ന സ്ത്രീ ഉടലുകൾ എല്ലാ സാഹിത്യത്തിലും കാണാൻ സാധിക്കും.സുന്ദര രൂപമെടുക്കാൻ കഴിയുമായിയുന്ന സ്വൈര്യ ജീവിതം നടത്തിയ ശൂർപ ണഖക്കു തോന്നിയ പ്രണയം വിവാഹാഭ്യർത്ഥനയിലൂടെ പ്രകടിപ്പിക്കുമ്പോൾ രാമലക്ഷ്മണന്മാർ പരിഹസിക്കുന്നതായി സുമംഗലയുടെ ആർഷ ഭാരത സ്ത്രീകൾ എന്ന പുസ്തകത്തിലെ ശൂർപണഖ എന്ന കഥയിൽ പറയുന്നുണ്ട്.ശൂർപണഖ എന്ന സ്ത്രീയോട് നീചമായാണ് രാമലക്ഷ്മണന്മാർ പെരുമാറുന്നത്.അംഗ ഭംഗം വരുത്തി അപമാനിച്ചയാക്കുന്ന ശൂർപണഖ കീഴാള സൗന്ദര്യ പ്രതിനിധി ആണ്.വരേണ്യ ബോധത്തിന്റെ അധികാര സൃഷ്ടി ആണിത്.പുരുഷന് സ്വന്തം ഇഷ്ട പ്രകാരം ആരോടും കാമവും ലൈഗീകകതയും തോന്നുന്നത് തെറ്റല്ലാതാവുകയും അതിൽ ദൈവികത കടത്തി വിടുകയും ചെയ്യുന്നു.എന്നാൽ ശൂർപ്പണഖക്ക് ആ ജന്മത്തിൽ മാത്രല്ല വൈരൂപ്യം. അടുത്ത ജന്മത്തിലും വിരൂപിയായ കൂനി ആയി ജീവിക്കേണ്ടി വരുന്നു.

പൊതുവെ കഥകളിൽ രണ്ടു തരത്തിലുള്ള സ്ത്രീകൾ ആണ് ഉള്ളത്. ഒരാൾ ദേവി ആണേൽ മറ്റേ ആൾ ദാസി ആയിരിക്കും.സ്വതന്ത്രരും ഇഛക്കനുസരിച്ചു പ്രവർത്തിക്കുന്നവരുമായ സ്ത്രീകൾ ഭീകരസ്വത്വങ്ങളാകും.സമൂഹത്തിന്റെ പൊതു ബോധത്തിന് പുറത്തു നില്കുന്നവരാണിവർ.ബാലകഥകളിൽ തുടങ്ങുന്നു ഇത്തരം പ്രവണതകൾ.പഞ്ചതന്ത്രം കഥകളിലും പുരാണങ്ങളിലും എല്ലാം ഇത്തരത്തിൽ പൊതുമണ്ഡലങ്ങളിലെ കാഴ്ചപാടിനനുസരിച്ച തിന്മയുള്ളവരായി ചിത്രീകരിക്കപ്പെടുന്ന കഥാപാത്ര സൃഷ്ടികൾ കാണാൻ കഴിയും.

പുരുഷ താല്പര്യമാണ് ഈ വൈരൂപ്യത്തിനു പിന്നിൽ.യതു വംശത്തിൽ പിറന്ന പൂതനയും ഭീകര രൂപിയാണ്.പൂർവ്വജന്മ പാപമാണ് പൂതനയെ ഭീകരി ആക്കിയതെന്നു സുമംഗല ആർഷ ഭാരത സ്ത്രീകൾ എന്ന കൃതിയിൽ പറയുന്നത്.അതി സുന്ദരി ആയി മാറി പുരുഷനെ വശീകരിച്ചു കൊല്ലുന്ന രാക്ഷസ സ്വഭാവവും ആകൃതിയും ഉള്ള ഭീകരിയായാണ് പൂതന ചിത്രീകർക്കപ്പെടുന്നത്.താടക ആണെങ്കിലോ തന്റെ ഭർത്താവിന്റെ കൊലക്ക് കാരണക്കാരനായ മുനിയോട് ചോദ്യം ചെയ്യാനായി പോയ സമയത്തു നഗ്നയായി സന്ദർശിച്ചു എന്നതിന്റെ പേരിൽ മുനി ശാപം മൂലമാണ് രാക്ഷസ രൂപിയായി മാറുന്നത്. സുന്ദരിയായ താടക സ്ഥൂല ഗാത്രയും ഭയങ്കര മുഖവും കൂർത്ത പല്ലും ദംഷ്ട്രകളും ഉള്ള രാക്ഷസിയായി താടകമാറുന്നു. വരേണ്യ സങ്കൽപ്പങ്ങളെ ബാല കഥയിലൂടെ ഊട്ടി ഉറപ്പിക്കപ്പെടുകയാണ് ഇവിടെ ചെയ്യുന്നത്. ഭർത്താവിന്റെ ഘാതകർക്കു നേരെ ചോദ്യങ്ങൾ ഉയർത്തുന്ന ശക്തയായ സ്ത്രീ കഥാപാത്രം ആണ് യഥാർത്ഥത്തിൽ താടക.

ഏഷണി കഥാ പാത്രമായ മന്ഥരയുടെ ശരീര പ്രകൃതിയും കൂനിയായിട്ടാണ്.

പുരുഷ വരേണ്യ താത്പര്യങ്ങൾ ക്കനുസരിച്ചു പ്രവർത്തിക്കുന്നവർ നല്ല സ്വഭാവ ഗുണമുള്ളവരും അതി സുന്ദരികളുമായും ചിത്രീകരിക്കപ്പെടുമ്പോൾ ഇതിനെതിരെ സഞ്ചരിക്കുന്നവർ ഭീകര സ്വത്വങ്ങളായി ചിത്രീകരിക്കപ്പെടുന്നു. മുടിയഴിച്ചിട്ടു, സ്വന്തം ഇഷ്ട പ്രകാരം യഥേഷ്ടം സഞ്ചരിക്കുന്ന സ്വാതന്ത്ര്യ ബോധത്തോടെ നടക്കുന്ന വൈരൂപ്യ കഥാപാത്രങ്ങൾ സ്വത്വം, ആത്മാഭിമാന ബോധം, ശക്തി എന്നിവയുടെ പ്രതീകങ്ങളാണെന്നതിൽ സംശയമില്ല.

കവിത

# ശേഷം

എന്റെ തലയ്ക്കു നേരേ
മൈലാഞ്ചി കുത്തുമ്പോൾ
ശ്രദ്ധിക്കണം.
അതിനടുത്ത് തുമ്പികൾ
പാറിക്കളിക്കുന്നുണ്ടാവും.
ദേഹത്ത് പറ്റിപ്പിടിച്ച
മണ്ണ് തുരന്ന് പുറത്തേയ്ക്കു വരുന്ന
കർപ്പൂരവാസനയ്ക്ക്
കയ്പാണോ മധുരമാണോ എന്നറിയാതെ
ഉറുമ്പുകൾ പരക്കംപായുന്നുണ്ടാവും.
കുഴിക്കുമ്പോൾ പിഴുതുകളഞ്ഞ
പുല്ലുകളത്രയും
പിന്നെയും മുളച്ചുപൊന്താൻ
മെനക്കെടുന്നുണ്ടാവും.

ഞാൻ നക്ഷത്രമോ
അമ്പിളിമാമനോ ആവില്ലെന്ന്
പറഞ്ഞുകൊടുക്കണം.
എനിക്ക് മേഘമായി,
കാറ്റിന്റെ ചുംബനങ്ങളേറ്റ്,
മഴയായ് ചില ഹൃദയങ്ങളിലേയ്ക്ക്
പെയ്തിറങ്ങാനാണിഷ്ടം.

പൂട്ടിയിട്ട ചിറകുകൾ
കുത്തിത്തുറന്ന്
ആകാശത്തേക്ക് സ്വതന്ത്രമായി



സ്വർഗ്ഗം പരതുന്ന
എന്റെ ആത്മാവ്
ഒരു വൈകുന്നേരം
താഴേയ്ക്കുതന്നെ വീഴും....
എന്നിട്ട്,
ആ സ്കൂളിന്റെ
വേരില്ലാ മരച്ചോട്ടിലെ
ആറിക്കിടക്കുന്ന പടികളിൽ
ആരെയോ ചാരിയിരുന്ന്
മഴ കാണും.


യൂണിഫോം നനഞ്ഞതിന്
ചീത്ത കേൾക്കോന്ന് പേടിയല്ലാതെ
പിണങ്ങിനടന്നപ്പോൾ
നനയാതെപോയ മഴക്കാലങ്ങളത്രയും
ഒന്നിച്ചു നനഞ്ഞുതീർക്കും.
ഒരിക്കൽ
ആർത്തിയോടെ നടന്നുതീർത്ത്
പിന്നെ കണ്ണു നനഞ്ഞ്
നോക്കിനിന്ന വഴികളിലേയ്ക്ക്
ഒന്നുകൂടി നടക്കാനിറങ്ങും.
ഒരു വൈകുന്നേരമൊന്നാകെ
വൈകിച്ചെന്നാൽ
ഇന്നും ചോദ്യം ചെയ്യപ്പെടുമെന്നറിഞ്ഞിട്ടും
എന്നെ അറിയിക്കാതെ
ഒരു മഴക്കാലം മുഴുവൻ തന്നതിന്
മന്ദാരനിറമുള്ള ആ കുട്ടിയെ
പതിനൊന്നായിരം വട്ടം വാരിപ്പുണർന്നിട്ട്
അവസാനത്തെ ബസ്സിന്
വീട്ടിലേക്കു കയറും.

കരഞ്ഞുറങ്ങിപ്പോയവരോട്
മാപ്പു പറയാനാകാതെ
മുകളിലെ മുറിയിലേക്കോടി
അടഞ്ഞ ജനാലകൾ തുറക്കും.
കണ്ണീരു വറ്റാത്ത
കണക്ക് നോട്ടെടുത്ത്
പണ്ട് ഇവിടെവെച്ചെഴുതാൻ മറന്നതൊക്കെ
വീണ്ടുമെഴുതും.
ഞങ്ങൾ നനഞ്ഞ മഴയിൽ
എന്റെ മണ്ണ്
നനഞ്ഞുകുതിർന്നിരിക്കുന്നത് കണ്ടില്ലേ?
അതെ;
സ്വർഗ്ഗം കണ്ട നിർവൃതിയിൽ
പറയട്ടെ.
പറിച്ചുനട്ടപ്പോൾ വാടിത്തൂങ്ങിയ
മൈലാഞ്ചിയിലയ്ക്ക്
ഇത്തിരി വെള്ളം നനച്ച്
ഇനി നിനക്ക് പോകാം.

ശേഷം,
ഞാൻ ജീവിക്കാൻ തുടങ്ങുകയാണ്!



**ലിയ മുഹമ്മദ് ഇ.കെ.**
പ്ലസ് - ടു,
ജി.വി.എച്ച്.എസ്.എസ്.
കാരാകുർശ്ശി






**ഇ.എൻ. ഷീജ**
ഇരുമ്പുഴി ഗവ.ഹൈസ്കൂളിൽ
മലയാളം അധ്യാപിക. യുറീക്ക
ദ്വൈവാരികയുടെ എഡിറ്ററായിരുന്നു.
ഇപ്പോൾ പത്രാധിപസമിതി അംഗം.

# അമ്മ പറഞ്ഞതിന്റെ എഴുത്തു വഴികൾ

'ഇതെന്തിനാ.. ചേച്ചി മൂത്രൊഴിക്കാതിരിക്കാനാ...?'

ഏഴാം ക്ലാസ്സുകാരിയായ ചേച്ചിക്ക് അച്ഛൻ സാനിറ്ററി നാപ്കിൻ വാങ്ങിക്കൊടുക്കുന്നത് കണ്ടപ്പോൾ അഞ്ചുവയസ്സുകാരൻ ആദി പ്രതികരിച്ചത് ഇങ്ങനെയായിരുന്നു.

'അതേയ്, പെൺകുട്ടികൾക്ക് പത്തു പന്ത്രണ്ടു വയസ്സാകുന്നതോടെ അവരുടെ ശരീരത്തിൽ പല മാറ്റങ്ങളും ഉണ്ടാകാൻ തുടങ്ങും.. അതിന്റെ ഭാഗമായി ഓരോ മാസവും ശരീരത്തിനകത്തുനിന്ന് രക്തം പുറത്തുവരും.. ജെട്ടിയിലും ഉടുപ്പിലുമൊക്കെ രക്തമായാൽ ആകെ ബുദ്ധിമുട്ടല്ലേ.. അങ്ങനെ രക്തമാവാതിരിക്കാനാ ഈ പാഡ് വെയ്ക്കുന്നത് " എന്ന് പറഞ്ഞ് അവനെ സമാധാനിപ്പിച്ചു. ഇത്തിരി കൂടി വലുതായിട്ട് കൂടുതൽ കാര്യങ്ങൾ പറഞ്ഞു കൊടുക്കണമെന്ന് അന്നേ തീരുമാനിച്ചിരുന്നു. അങ്ങനെ ,ആദി ആറാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ആർത്തവത്തെക്കുറിച്ച് വിശദമായി പറഞ്ഞു കൊടുത്തത്.

പിന്നെയൊരുദിവസം സ്കൂളുവിട്ടു വന്നപ്പോൾ ആദിക്ക് പറയാനുണ്ടായിരുന്നത് അവന്റെ കൂട്ടുകാരിയുടെ വിശേഷങ്ങളായിരുന്നു. 'കഴിഞ്ഞ മൂന്നു ദിവസം അവൾ സ്കൂളിൽ വന്നിരുന്നില്ല, ആദ്യമായി പീരിയഡ്സ് ആയപ്പോൾ ലീവെടുത്തതാണ്, ഇതിനോടനുബന്ധിച്ച് വീട്ടിൽ പല ചടങ്ങുകളും ഉണ്ടായിരുന്നു.മറ്റു കൂട്ടുകാരികളുടെ വീട്ടിലും ഇങ്ങനെയൊക്കെ ഉണ്ടായിരുന്നു' എന്നൊക്കെ ആദിയങ്ങനെ വിവരിച്ചു. ഞാൻ മൂളിക്കേട്ടു .

'ഓരോരോ മണ്ടത്തരം' എന്ന് പറയാൻ ഞാൻ വാ തുറന്നപ്പോഴേക്കും അവന്റെ അടുത്ത വാചകം :

അമ്മേ.. ഇങ്ങനെ മണ്ടത്തരം കാട്ടിയതിന് ഞാന വരെ കൊറേ കളിയാക്കി.. പിന്നെ, അമ്മ പറഞ്ഞു തന്ന കാര്യങ്ങളൊക്കെ ഞാനവർക്ക് പറഞ്ഞു കൊടുക്കേം ചെയ്തു.. അവരുടെയൊന്നും അമ്മമാർ ഇതൊന്നും പറഞ്ഞു കൊടുത്തിട്ടില്ലാത്രേ..

ഞാനവനെ ചേർത്തു പിടിച്ച് ഉമ്മ കൊടുത്തു. ആറാം ക്ലാസ്സുകാരനായ ഒരാൺകുട്ടി അവന്റെ കൂട്ടുകാരികളോട് അവരുടെ ശരീരത്തിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പറഞ്ഞു കൊടുക്കുന്നു. ആർത്തവത്തെക്കുറിച്ച് പറഞ്ഞു കൊടുക്കുന്നു. ആർത്തവം സ്വാഭാവികമായ ഒരു ശാരീരിക പ്രക്രിയ മാത്രമാണെന്നു പറഞ്ഞു കൊടുക്കുന്നു. ആദ്യആർത്തവത്തിന്റെ പേരിൽ നടത്തുന്ന ചടങ്ങുകളെ വിമർശിക്കുന്നു.. എത്ര മനോഹരമായ ഒരു കാര്യമാണിത്.. ഓരോ സ്കൂളും കൊബായാഷി മാസ്റ്ററുടെ റ്റോമോസ്കൂൾ പോലെയാവുന്ന ഒരു കാലം സ്വപ്നം കാണാറുണ്ടായിരുന്ന എനിക്ക് ഇത്രയെങ്കിലും സാധിച്ചല്ലോ..

എന്റെ കണ്ണു നിറഞ്ഞു. സന്തോഷം കൊണ്ടോ അതോ അഭിമാനം കൊണ്ടോ എന്നറിഞ്ഞുകൂടാ..

ആദിക്ക് നീ പറഞ്ഞു കൊടുത്ത കാര്യങ്ങൾ എല്ലാ കുട്ടികളും അറിയേണ്ടതാണ്. കുട്ടികൾക്കു വേണ്ടി ഇതൊന്ന് എഴുതി നോക്കൂ എന്ന് നിർദ്ദേശിച്ചത് യുറീക്കയുടെ മുൻ എഡിറ്ററായിരുന്ന ജമ്പേട്ടനാണ് .അങ്ങനെയാണ് ഞാനിതെഴുതുന്നത്. ഈ ലേഖനത്തിലെ ഹസിൽ ഞങ്ങളുടെ മകൻ ആദി തന്നെയാണ്.. 2017 ൽ യുറീക്കയുടെ മൂന്നു ലക്കങ്ങളിലായി ഇത് പ്രസിദ്ധീകരിച്ചു വരുകയും ചെയ്തു.

**അമ്മ പറഞ്ഞത്**

"അല്ല മിത്രേ... മൂന്നു ദിവസം ലീവെടുക്കാൻ മാത്രം എന്തായിരുന്നു നിനക്ക്? രാവിലെ ചോദിച്ചപ്പോഴും പറഞ്ഞു പിന്നെ പറയാംന്ന്."

ചോറുപാത്രം തുറക്കുന്നതിനിടെ ഹസിൽ അ

ന്വേഷിച്ചു. മിത്രയുടെയും ലയയുടെയും ശ്രദ്ധ ഹസിലിന്റെ പാത്രത്തിലേക്കാണ്.

”ഹായ് ഇന്ന് 'കൂൺ ഫ്രൈ' ആണ്.” രണ്ടുപേരുടെയും കൈകകൾ ഹസിലിന്റെ പാത്രത്തിലേക്കു നീണ്ടു.

”ഓ... വല്ലാത്ത കൊതിച്ചികൾ തന്നെ. കൊതി മൂത്ത് മൂത്ത് ചെവി കേൾക്കാതായോ? എന്തേ നിനക്ക് പറ്റീത്ന്?”

ഹസിൽ കൂൺകറിയുടെ പാത്രം മുന്നോട്ട് നീക്കിവെച്ചുകൊടുത്തു. മിത്രയുടെയും ലയയുടെയും പാത്രത്തിൽ നിന്ന് ഉപ്പേരിയും അച്ചാറും എടുത്തു.

“നിക്കെടാ... ആദ്യം ഇതൊന്ന് തിന്നട്ടെ... എന്താ സ്വാദ്... ആ ഇനി നീ ചോദിച്ച കാര്യം... മിത്രയ്ക്കൊന്നൂല്യ. അവള് വലിയ പെണ്ണായി... അത്ര തന്നെ.” ലയ ചിരിച്ചു.

“ആര്... ഇവളോ... വല്യ പെണ്ണോ? ഇവളിപ്പഴും ആറാം ക്ലാസ്സിൽ തന്നെയല്ലേ...” ഹസിലിന് ചിരിയടക്കാനായില്ല.

“ടാ... നിന്നെ ഞാൻ.” മിത്ര ഹസിലിനു നേരെ കയ്യോങ്ങി.

“എടാ കൊരങ്ങാ... അവൾക്ക് ‘പ്രായപൂർത്തി’യായീന്നാ ഞാനുദ്ദേശിച്ചത്...” ലയ വിശദീകരിച്ചു.

“ഓ... അങ്ങനെ.. പക്ഷേ, അതിന് നീയെന്തിനാ അവധിയാക്കിയത്. കള്ളത്തരം തന്നെ ല്ലേ?” ഹസിൽ മിത്രയുടെ ചെവി പിടിച്ച് തിരിച്ചു.

“ഈ പൊട്ടന് ഒന്നും അറിയില്ല. എടാ പെൺകുട്ട്യോൾ പ്രായപൂർത്തിയാവുമ്പോ വീട്ടില് ചെല ചടങ്ങുകളൊക്കെ നടത്തും. ഞങ്ങൾടെ വീട്ടിലുംണ്ടായിരുന്നു അതൊക്കെ. കൊറേ വിരുന്നുകാരൊക്കെ വന്നിരുന്നു. എനിക്കെത്ര സമ്മാനങ്ങളാ കിട്ടീത്... സ്വർണമോതിരം, കമ്മൽ, ഉടുപ്പുകൾ... എല്ലാരും പലഹാരങ്ങളും കൊണ്ടുവന്നിരുന്നു...” മിത്ര ചോറുണ്ണൽ നിർത്തി വർണിക്കാൻ തുടങ്ങി.

“അയ്യയ്യേ.. ഇതെന്തൊക്ക്യാ ചെയ്യ്ണത്... നാണല്ല്യാല്ലോ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും ഇത്തരം മണ്ടൻ ഏർപ്പാടുകളും കൊണ്ട് നടക്കാൻ. നിന്റെച്ഛനും അമ്മയും നല്ല വിദ്യാഭ്യാസംള്ളോരല്ലേ... മാഷും ടീച്ചറും അല്ലേ... എന്നിട്ടും... വെറുതെ മൂന്ന് ദിവസത്തെ ക്ലാസ്സും കളഞ്ഞ്... ഛെ...” ഹസിലിന് നന്നായി ദേഷ്യം വരുന്നുണ്ട്.

“ഓ... നീ വല്യ വർത്താനൊന്നും പറയണ്ട... നിന്റെ ചേച്ചിക്കും ഇങ്ങനെയൊക്കെ നടത്തീട്ട്ണ്ടാവും. അവൻ വല്ല്യോരാള്.” ലയ തർക്കിച്ചു.

മിത്രയും തലകുലുക്കി ലയയെ ശരിവെച്ചു.

“അയ്യടാ... ന്റെ വീട്ടില് ഇത്തരത്തിലുള്ള ഒരു പൊട്ടത്തരവും നടത്തീട്ട്ല്യ... ഇനി നടത്തുകയും ല്ല്യ”

ഹസിൽ ഉറപ്പിച്ചു പറഞ്ഞു. മിത്രയുടെയും ലയയുടെയും മുഖത്ത് അത്ഭുതവും അവിശ്വാസവും മിന്നിമറഞ്ഞു.

‘ന്റെ മണ്ടൂസുകളേ... ആൺകുട്ടികളാണെങ്കിലും പെൺകുട്ടികളാണെങ്കിലും 8 മുതൽ 18 വയസ്സുവരെയുള്ള കാലത്ത് ശരീരത്തിലും മനസ്സിലുമൊക്കെ ഒരുപാട് മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. അതിന്റെ ഭാഗം തന്നെയാണ് പെൺകുട്ടികളിലെ ‘പ്രായപൂർത്തിയാവൽ.’ അല്ലെങ്കിൽ ആർത്തവം. 'പീരിയഡ്സ്' എന്നൊക്കെ പറയാറില്ലേ... ആ സംഭവം തന്നെ...” ഹസിൽ കൂട്ടുകാരികളുടെ മുഖത്തേക്കു നോക്കി.

“എന്താ രണ്ടും അന്തംവിട്ട് കണ്ണുംമിഴിച്ച് ഇരിക്ക്ണത്? ഞാൻ പറഞ്ഞത് ശരിയാ...” ഹസിലിന് ചിരി വന്നു.

““അല്ലാ... നിനക്കിതൊക്കെ എങ്ങന്യാ അറിയ്വാ?” മിത്ര ചോദിച്ചു.

“അമ്മ പറഞ്ഞുതന്നു. എനിക്കെന്റമ്മ ഇത്തരം കാര്യങ്ങളൊക്കെ പറഞ്ഞു തന്നിട്ടുണ്ട്” ഹസിൽ അഭിമാനത്തോടെ പറഞ്ഞു.

“ടാ... ടാ... നിന്റമ്മ പറഞ്ഞുതന്ന കാര്യൊക്കെ ഞങ്ങൾക്കും പറഞ്ഞുതാ...” ലയ കെഞ്ചി.

“ശരിയാടാ... ഒക്കേം പറഞ്ഞുതാ... ഞങ്ങൾക്കിതൊന്നും അറിയില്ല.” മിത്രയും കൂടെക്കൂടി.

“ശരി... കേട്ടോളൂ... നമ്മുടെയീ ശരീരമില്ലേ.... സത്യത്തിൽ അതൊരു ഫാക്ടറിയാണ്. ഏറെ പ്രവർത്തനങ്ങൾ നടക്കുന്ന ഫാക്ടറി. അതിൽ തന്നെ സ്ത്രീശരീരം എന്ന ഫാക്ടറിയിലാണ് ഏറെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. ഏറെ സങ്കീർണമായ പ്രവർത്തനങ്ങൾ നടക്കുന്നത്.”

“ആഹാ കൊള്ളാലോ...” മിത്ര ചിരിച്ചു. ഒരു അഭിമാനച്ചിരി... ലയയുടെ മുഖത്തേക്കും ആ ചിരി പടർന്നു.

“അല്ലാ കൈ കഴുകണ്ടേ.... എത്ര നേരായി ചോറുണ്ണൽ കഴിഞ്ഞിട്ട്...” ഹസിൽ എണീക്കാനൊരുങ്ങി.

“ടാ... നിക്കെടാ... കയ്യൊക്കെ പിന്നെ കഴുകാം... നീ പറയ്... എങ്ങന്യാ ഈ ആർത്തവം ഉണ്ടാവ്ണത്?” മിത്ര ഹസിലിനെ പിടിച്ചിരുത്തി.

തെരക്കു കൂട്ടല്ലേ... പറയാം... അതിനു മുമ്പ്, നിങ്ങളുടെ ശരീരത്തിനകത്തുള്ള ചില അവയവങ്ങളെ പരിചയപ്പെടുത്തിത്തരാം. ഗർഭാശയവും അണ്ഡാശയങ്ങളും. ഗർഭാശയത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. നമ്മളൊക്കേം അമ്മേടെ വയറ്റിനകത്ത് പത്തു മാസം ചുരുണ്ടുകൂടിക്കിടന്ന സ്ഥലം. ഏതാനും കോശങ്ങൾ മാത്രമുള്ള ഒരു ഭ്രൂണം കോടിക്കോടിക്കണക്കിനു കോശങ്ങളുള്ള മനുഷ്യശിശുവായി മാറുന്നത് ഇവിടെ വച്ചാണ്. പിന്നെ അണ്ഡാശയം. സ്ത്രീ ശരീരത്തിൽ രണ്ട് അണ്ഡാശയങ്ങളുണ്ട്. ഇവ വളരെ ചെറുതായിരിക്കും കേട്ടോ. ഒരു ചക്കക്കുരുന്റെ വലിപ്പമേ ഉണ്ടാവൂ... നിങ്ങൾ പെൺകുട്ടികളുടെ ജീവിതത്തിന്റെ ആദ്യകാലത്തൊന്നും അണ്ഡാശയത്തിനും ഗർഭാശയത്തിനും പ്രത്യേകിച്ചൊരു ജോലിയുമില്ല. ഉറങ്ങിക്കിടക്കുന്നതു പോലങ്ങനെ കിടക്കും. എന്നാൽ,

പെൺകുട്ടിക്ക് ഏകദേശം എട്ടൊമ്പത് വയസ്സാവുമ്പോഴേക്കും സ്ഥിതി മാറും. തലച്ചോറ് നൽകുന്ന ചില നിർദ്ദേശങ്ങൾക്കനുസരിച്ച് പിറ്റ്യൂറ്ററി ഗ്രന്ഥി അണ്ഡാശയങ്ങളെ ഉത്തേജിപ്പിക്കാൻ തുടങ്ങും. ഇതോടെ അണ്ഡാശയം 'ഈസ്ട്ര ജൻ' എന്ന ഹോർമോൺ ഉൽപ്പാദിപ്പിക്കാൻ തുടങ്ങും. ചില്ലറക്കാരിയല്ല കേട്ടോ ഇത്. വളരെ പ്രധാനപ്പെട്ട ഒരു സ്ത്രീ ഹോർമോൺ ആണ് ഈസ്ട്രജൻ. ഇതിന്റെ ഇന്ദ്രജാലം മൂലമാണ് പെൺകുട്ടിയുടെ ശരീരപ്രകൃതിയിൽ പല മാറ്റങ്ങളും വരുന്നത്. അതായത്, വളരെക്കുറഞ്ഞ കാലം കൊണ്ട് ഒരു പെൺകുട്ടിയെ സ്ത്രീയായി മാറ്റുന്നത് ഈസ്ട്രജനാണ്."

"എന്താക്ക അത്ഭുതങ്ങളാണല്ലേ നമ്മുടെ ശരീരത്തിനകത്തു നടക്കുന്നത് ?" മിത്രയും ലയയും അത്ഭുതത്തോടെ തമ്മിൽ തമ്മിൽ നോക്കി.

"ഒക്കെ പ്രകൃതിയുടെ കളികളാണ് മക്കളേ ഓരോ ജീവിയുടെയും വംശവർദ്ധനയ്ക്കാവശ്യമായ കാര്യങ്ങൾ പ്രകൃതി കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.. മനുഷ്യശരീരത്തിനകത്തെ ഈ അത്ഭുതങ്ങളും അതിനുവേണ്ടിത്തന്നെയാണ്. മനുഷ്യരുടെ വംശവർദ്ധനയ്ക്കു വേണ്ടി. പിന്നെ, ഒരു കുഞ്ഞിന്റെ പിറവിയിലും വളർച്ചയിലും ഏറിയ പങ്കും വഹിക്കുന്നത് ആരാ? സ്ത്രീയല്ലേ... ഗർഭധാരണം, പ്രസവം, മുലയൂട്ടൽ ... അങ്ങനെയങ്ങനെ എന്തെല്ലാം കാര്യങ്ങൾ... അതുകൊണ്ടുതന്നെ, സ്ത്രീശരീരത്തിനകത്താണ് പ്രകൃതി ഏറെ അത്ഭുതങ്ങൾ കരുതിവെച്ചിരിക്കുന്നത്." ഹസിലിന്റെയുള്ളിൽ അമ്മയുടെ മുഖം തെളിഞ്ഞുതെളിഞ്ഞുവന്നു.

**2**

'ഉം... ബാക്കി അത്ഭുതങ്ങളെക്കുറിച്ച് പറയെടാ..." ലയ തിരക്കുകൂട്ടി.

''പിറ്റിയൂട്ടറി ഗ്രന്ഥി അണ്ഡാശയങ്ങളെ ഉത്തേജിപ്പിക്കും എന്നു പറഞ്ഞില്ലേ. അപ്പോ അണ്ഡാശയത്തിലെ കുഞ്ഞ് കുഞ്ഞ് കുഞ്ഞ് അണ്ഡങ്ങൾ വികസിക്കാൻ തുടങ്ങും. പെട്ടെന്നെവിടുന്നാ ഈ അണ്ഡങ്ങൾ പ്രത്യക്ഷപ്പെട്ടത് എന്നൊന്നും സംശയിക്കണ്ട ട്ടോ. പെൺകുട്ടി ജനിക്കുമ്പോൾ തന്നെ അവളുടെ അണ്ഡാശയത്തിൽ ലക്ഷക്കണക്കിന് അ

ണ്ടണ്ഡങ്ങളുണ്ടാവുംത്രേ."

''ലക്ഷക്കണക്കിന് അണ്ഡങ്ങളോ! അണ്ടപ്പോ ഈ അണ്ഡങ്ങളൊക്കേം വികസിക്ക്യോ?" മിത്ര അമ്പരപ്പോടെ ചോദിച്ചു.

''ഹേയ്... ഇല്ലില്ല. വളരെക്കുറച്ച്... ഇരുപതോളം എണ്ണം മാത്രമാണ് ഒരു സമയം വികസിക്കുന്നത്. ഇവ വികസിച്ച് വികസിച്ച് ഒരു കുമിള പോലെയാവും. ഈ കുമിളകളെ 'ഫോളിക്കിൾ' എന്നാണ് പറയുക. പിന്നെ, അവരു തമ്മിലൊരു മത്സരമാണ്. ഒരു വലുതാവൽ മത്സരം... അഞ്ചെട്ട് ദിവസം നീണ്ടുനിൽക്കും ഇത്. അങ്ങനെ വികസിച്ച് വികസിച്ച് എല്ലാവരും ഏകദേശം ഒരുപോലെയായിട്ടുണ്ടാവും... പിന്നെയാണ് അത്ഭുതം..." ഹസിൽ നാടകീയമായി നിർത്തി. ചങ്ങാതിമാരെ നോക്കി. അവരുടെ കണ്ണുകൾ വിടർന്നു വിടർന്നു വരുന്നുണ്ട്.

''ടാ.... വേഗം പറയ്... പറയ്..." ലയയും മിത്രയും ചിണുങ്ങി.

''അതെ വലിയൊരത്ഭുതം... കൂട്ടത്തിൽ ഒരാൾ മാത്രം 'ശടേ'ന്നങ്ങ് വലുതാകും. മറ്റുള്ളോരെയൊക്കെ ഏറെ പിന്നിലാക്കിക്കൊണ്ട്. അദ്ദേഹത്തിന്റെ വലുപ്പത്തിനു മുന്നിൽ മറ്റുള്ളോർ അന്ധാളിച്ചുപോകും. ഇനി എത്ര മെനക്കെട്ടാലും അദ്ദേഹത്തോടൊപ്പമെത്താൻ പറ്റില്ല്യാന്ന് തിരിച്ചറിഞ്ഞ് പരാജയം സമ്മതിക്കും. വികസിച്ചു വലുതാകൽ നിർത്തും എന്നു മാത്രമല്ല; മുരടിക്കാനും തുടങ്ങും. അങ്ങനെ ചുരുങ്ങിച്ചുരുങ്ങി ഇല്ലാതാകും. മുമ്പിൽ പോയ കക്ഷിയോ? ഒരു ഘട്ടമെത്തുമ്പോൾ പൊട്ടിപ്പിളരും. അതിൽ നിന്ന് അണ്ഡം പുറത്തുവരും. ഇതാണ് 'അണ്ഡോത്സർജ്ജനം' അഥവാ 'ഓവുലേഷൻ'. പിന്നെ അണ്ഡത്തിന്റെ യാത്രയാണ് ഗർഭാശയത്തിലേക്ക്." ഹസിൽ കൈവിരലുകൾ കൂട്ടിയുരച്ചു. ആകെ ഉണങ്ങിപ്പിടിച്ചിരിക്കുന്നു.

''ഒരു ദൃക്സാക്ഷിവിവരണം കേൾക്ക്ണ പോലെണ്ട്. ബാക്കീം കൂടി പറയെടാ കേൾക്കട്ടെ." ലയ ആവേശത്തോടെ ഇളകിയിരുന്നു.

''അതേയ്... ഞാനാകെ ക്ഷീണിച്ചു. ഇനി ഇത്തിരി കഴിഞ്ഞിട്ടാവാം. അണ്ഡം ഗർഭാശയത്തിലേക്കു യാത്രചെയ്തോട്ടെ. അതുവരെ ഒരു ചെറിയ ഇടവേള..." ഹസിൽ പാത്രവുമെടുത്ത് എഴുന്നേറ്റു. മിത്രയും ലയയും മനസ്സില്ലാമനസ്സോടെയാണ് എണീറ്റത്.

''അല്ലെങ്കിൽ ഇടവേള വേണ്ട. നിങ്ങള് വല്ല്യ ആവേശത്തിലാണല്ലോ. ബാക്കീം കൂടി പറയാം."

''ഈസ്ട്രജന്റെ വരവോടെ ഗർഭാശയവും ഉറക്കത്തിൽ നിന്നുണരും. ഗർഭാശയത്തിന്റെ ഉള്ളിലെ പാളിയായ എൻഡോമെട്രിയത്തിൽ ഒരുപാട് മാറ്റങ്ങളുണ്ടാകും. അത് കൂടുതൽ മൃദുലമായിത്തീരും. അതോടൊപ്പം അതിലേക്കുള്ള രക്തപ്രവാഹം വർദ്ധിക്കുകയും ചെയ്യും. പുതിയ ഗ്രന്ഥികൾ ഉണ്ടാവുകയും അവ വലുതാകുകയും ചെയ്യും. അതുവഴി എൻഡോമെട്രിയത്തിന്റെ കട്ടി കൂടും. ഇതൊക്കെയും ഒരാളെ സ്വീകരിക്കാനുള്ള ഒരുക്കങ്ങളാണ്."

''ആരെ സ്വീകരിക്കാൻ?" മിത്ര ചോദിച്ചു.

''പുരുഷബീജവുമായി ചേർന്നുവരുന്ന സാക്ഷാൽ അണ്ഡത്തെ സ്വീകരിക്കാൻ."

''ഹസിൽ, ഈ അണ്ഡത്തിന് ഭയങ്കര വലിപ്പം ണ്ടാവ്വോ?"

''ഇല്ല മിത്രാ. പൂർണവളർച്ചയെത്തിയ അണ്ഡമാണ് ശരീരത്തിലെ ഏറ്റവും വലിയ കോശം എന്നാണ് അമ്മ പറഞ്ഞത്. പക്ഷേ, വെറും കണ്ണുകൊണ്ട് കാണാൻ പറ്റില്ലത്രേ... അത്രേം ചെറുത്." ഹസിൽ ചിരിച്ചു.

''അപ്പോ ആ പാവം ഫോളിക്കിളില്ലേ... പൊട്ടിപ്പൊളിഞ്ഞ ഫോളിക്കിൾ... അതിന്റെ അവസ്ഥയെന്താടാ? അതും ചുരുങ്ങിച്ചുരുങ്ങിപ്പോവ്വോ?" ലയയാണ്.

''അണ്ഡം പുറത്തുപോയിക്കഴിഞ്ഞാലും ഈ ഫോളിക്കിൾ കുറച്ചുദിവസം കൂടി നിലനിൽക്കും. ചെറിയ ചെറിയ ചില മാറ്റങ്ങളൊക്കെയുണ്ടാവും. അതിന്റെ നിറം നേരിയ മഞ്ഞയായി മാറും. പുതിയ കോശങ്ങളുണ്ടാവും. 'മഞ്ഞക്കരു' എന്നാണ് അദ്ദേഹത്തിന്റെ പുതിയ പേര്. അദ്ദേഹം വെറുതെ നിൽക്കുകയല്ലട്ടോ... പുതിയ ഒരു ഹോർമോൺ ഉൽപ്പാദിപ്പിക്കലാണ് പ്രധാന ജോലി.

''അയ്യോ... ആ ഹോർമോണിന്റെ പേര് ഞാൻ മറന്നു... ഉം...'' ഹസിൽ കണ്ണിറുക്കിയടച്ച് ഓർത്തെടുക്കാൻ നോക്കി.

''സാരല്യ... ഹോർമോണിന്റെ പേരല്ലേ ഓർമ്മയില്ല്യാതുള്ളൂ. അത് അമ്മയോട് ചോദിച്ച് നാളെ പറഞ്ഞുതന്നാൽ മതി. നീ ബാക്കി പറയ്.'' ലയയ്ക്ക് കാത്തിരിക്കാൻ വയ്യ.

''കൊഴപ്പല്ല്യ. ഞാനത് എന്റെ ഡയറിയിൽ എഴുതിവെച്ചിട്ടുണ്ട്. ഇപ്പോ എടുത്തിട്ടു വരാം.'' ഹസിൽ കൈകഴുകാനോടി.

**3**

'പ്രൊജസ്റ്ററോൺ' എന്ന ഹോർമോണിന്റെ കാര്യം അമ്മ പറഞ്ഞുതന്നപ്പോൾ ശരിക്കും അത്ഭുതപ്പെട്ടുപോയി. ഓവുലേഷൻ കഴിയുന്നതോടെ ആ ഫോളിക്കിളിന്റെ കാര്യം കഴിഞ്ഞു എന്നല്ലേ വിചാരിച്ചത്. എന്നാൽ കാര്യങ്ങളങ്ങനെയൊന്നുമല്ല. ആ ഫോളിക്കിൾ പിന്നെ 'മഞ്ഞക്കരു'വാണ്. അതിന് പിന്നേയും ജോലികളുണ്ട്. പ്രധാനമായും 'പ്രൊജസ്റ്ററോൺ' എന്ന ഹോർമോണിന്റെ ഉൽപ്പാദനം തന്നെ. കൂടെ ഈസ്ട്രജനും ഉൽപ്പാദിപ്പിക്കുന്നുണ്ടത്രേ. ഈസ്ട്രജനെപ്പോലെത്തന്നെ പ്രൊജസ്റ്ററോണും പ്രധാനപ്പെട്ട ഒരു സ്ത്രീ ഹോർമോണാണ്. 'പ്രൊജസ്റ്ററോൺ' എന്താ ഒരു ഗാംഭീര്യം. 'ഗർഭസഹായി' എന്നാണത്രേ ഈ വാക്കിനർത്ഥം. ഗർഭാശയത്തെയാണ് ഈ ഹോർമോൺ ലക്ഷ്യം വെക്കുന്നത്. ഇതിന്റെ പ്രവർത്തന ഫലമായി എൻഡോമെട്രിയത്തിലെ ഗ്രന്ഥികൾ കൂടുതൽ വലുതാകും. വീർക്കും. ഗർഭാശയഭിത്തിയുടെ കനം കൂടും. പുതിയ രക്തധമനികളുടെ ഒരു കൂട്ടം തന്നെ രൂപപ്പെടും. മുമ്പ് ഗർഭാശയത്തിൽ ഈസ്ട്രജൻ ചെയ്തുവച്ച ഒരുക്കങ്ങളെ 'പ്രൊജസ്റ്ററോൺ' ഒന്നുകൂടി പൊലിപ്പിക്കുകയാണ്. ഹോ! എന്തെല്ലാം സജ്ജീകരണങ്ങളാണ്! ഒരു പുതിയ ജീവനെ സ്വീകരിക്കാൻ. അതിനെ വളർത്തിക്കൊണ്ടുവരാൻ ഗർഭപാത്രം ഒരുങ്ങുന്നു. ഒരു ഗർഭത്തെ വളർത്താനുള്ള മുന്നൊരുക്കങ്ങൾ അതിശയം തന്നെ.

ലയയും മിത്രയും കൈ കഴുകി ക്ലാസ്സിലെത്തിയപ്പോഴേക്കും ഹസിൽ ഡയറിയെടുത്ത് തയ്യാറായി ഇരിക്കുകയായിരുന്നു.

"ഡാ... കിട്ട്യോ?" രണ്ടുപേരുടെയും ചോദ്യം ഒരുമിച്ചായിരുന്നു.

"ഓ... ദാ, ഇതു വായിച്ചുനോക്ക്." ഹസിൽ ഡയറിയിലെ ഒരു പേജ് കാണിച്ചു.

മിത്രയും ലയയും ഒറ്റവീർപ്പിന് ഡയറി വായിച്ചുതീർത്തു. അവരുടെ കണ്ണുകൾ അത്ഭുതംകൊണ്ട് തിളങ്ങി.

"ഇനീം എഴുതി വച്ചിട്ടുണ്ടോ? കാണിക്ക്..." മിത്ര തിടുക്കത്തിൽ പേജുകൾ മറിച്ചു.

"ഇല്ലെടാ. എല്ലാമൊന്നും എഴുതീട്ടില്ല. ബാക്കി ഞാൻ പറഞ്ഞുതരാം. ആട്ടെ, ബീജസങ്കലനം നടക്കും എന്ന പ്രതീക്ഷയിലാണല്ലോ ശരീരം ഈ ഒരുക്കങ്ങളൊക്കെ നടത്തുന്നത്. അപ്പോ അത് നടന്നില്ലെങ്കിലോ?" ഹസിൽ പുസ്തകം മടക്കിവെച്ചു.

"അതിപ്പോ... നടന്നില്ലെങ്കിൽ എന്താണ്ടാവ്? എന്തായാലും ഇച്ചെയ്ത പണിയൊക്കെ വെറുതെയാവും." ലയ ചാടിക്കയറി പറഞ്ഞു. മിത്രയും 'അതെ' എന്ന് തലകുലുക്കി.

"അതെ... ഒക്കെം വെറുതെയാവും. പിറ്റിയൂട്ടറി ഗ്രന്ഥിയും അണ്ഡാശയവും ഗർഭാശയവും ഒക്കെ ദിവസങ്ങളായിട്ട് ചെയ്ത പണികൾ വെറുതെയാവും." ഹസിൽ പറഞ്ഞുതുടങ്ങി.

"ഒരു പാടുപേരോട് മത്സരിച്ച് ഫോളിക്കിൾ വികസിച്ചതും വലുതായതും ഒക്കെ വെറുതെയാവും." ലയ താളത്തിൽ പറഞ്ഞു.

"ഓവുലേഷൻ നടന്നതും വെറുതെ." മിത്ര കൂട്ടിച്ചേർത്തു... "പാവം അണ്ഡം. അതും മരിച്ചുപോവുംല്ലേ..." ലയ ഊഹിച്ചു.

"അതെ. അപ്പോ രണ്ടും നല്ല മിടുക്കികൾ തന്നെ. പറഞ്ഞുതന്ന കാര്യോക്കെ ഓർമയിലുണ്ട്." ഹസിൽ കൂട്ടുകാരെ തോളത്തുതട്ടി അഭിനന്ദിച്ചു.

"ഡാ... അപ്പോ മഞ്ഞക്കരുവോ?" മിത്ര ചോദിച്ചു.

"പ്രതീക്ഷിച്ച ഗർഭം ഉണ്ടായില്ലാന്നു കാണുമ്പോ മഞ്ഞക്കരു പിണങ്ങും. ഇനിയിപ്പോ ഹോർമോണുകളുടെ ആവശ്യമില്ലല്ലോന്നും പറഞ്ഞ് അവയുടെ ഉൽപ്പാദനം നിർത്തും."

"പാവം പ്രൊജസ്റ്ററോൺ.. പാവം പാവം ഈസ്ട്രജൻ..." ലയ ആത്മഗതം ചെയ്തു.

"ശര്യാ... ഈസ്ട്രജന്റെയും പ്രൊജസ്റ്ററോണിന്റെയും അളവ് കുത്തനെ താഴുന്നു. ഇതിന്റെയെല്ലാം ഫലമായി എൻഡോമെട്രിയത്തിലുണ്ടായ പുതിയ വളർച്ചകളെല്ലാം അടർന്നുപോവുന്നു. പുതുതായി രൂപം കൊണ്ട രക്തധമനികളും പൊഴിഞ്ഞുപോരും. അതോടെ രക്തസ്രാവമുണ്ടാകും. അങ്ങനെ ഇവയെല്ലാം കൂടി ആർത്തവരക്തമായി യോനിയിലൂടെ ഒഴുകി പുറത്തേക്ക് പോവുന്നു." 'എങ്ങനെയുണ്ട്' എന്ന ഭാവത്തിൽ ഹസിൽ ചങ്ങാതിമാരെ നോക്കി. രണ്ടുപേരുടെയും മുഖത്ത് പുതിയൊരു തെളിച്ചം.

"അപ്പോ ഇതിങ്ങനെ മാസംമാസം ഉണ്ടാവുംന്ന് പറയ്ണതോ ഹസിൽ. അതെങ്ങന്യാ?" മിത്രയുടെ സംശയം തീരുന്നില്ല.

"പറയാം, വംശവർദ്ധന എന്നതാണ് പ്രകൃതിയുടെ ലക്ഷ്യം എന്നുപറഞ്ഞില്ലേ... അതുകൊണ്ടുതന്നെ ഒരു പ്രാവശ്യം ഗർഭമുണ്ടായില്ലെന്നു വച്ച് ശരീരം പിൻവാങ്ങുന്നില്ല. രക്തസ്രാവം തുടങ്ങുന്ന അന്നുതന്നെ പിറ്റിയൂട്ടറി ഗ്രന്ഥി അണ്ഡാശയത്തെ ഉത്തേജിപ്പിക്കു

മത്രേ. പിന്നെ, ഈസ്ട്രജന്റെ ഉൽപ്പാദനം – ഫോളിക്കിളുകളുടെ വികസനം – ഓവുലേഷൻ. അങ്ങനെയങ്ങനെ ഓരോ പ്രവർത്തനവും വീണ്ടും നടക്കും."

'ബീജസങ്കലനം നടന്നില്ലെങ്കിൽ പഴയതുപോലെ തന്നെ അല്ലേ... ആർത്തവം ആരംഭിക്കും" മിത്രയ്ക്ക് കാര്യങ്ങൾ വ്യക്തമായിത്തുടങ്ങി.

"അതെ... ആ ദിവസം തന്നെ പിറ്റിയൂട്ടറി ജോലി തുടങ്ങും." ഹസിൽ പറഞ്ഞു.

"വഴിയേ മറ്റുള്ളോരും." ലയ പൂരിപ്പിച്ചു.

"അതെ. 28–30 ദിവസം കൂടുമ്പോ ഇതിങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കും." ഹസിൽ മിത്രയെ നോക്കി. അവളെന്തൊക്കെയോ കണക്കുകൂട്ടുകയാണ്.

"ആഹാ... ഇതിങ്ങനെ കറങ്ങിക്കൊണ്ടിരിക്ക്യാണല്ലോ... ചക്രം പോലെ." ലയ വിരലുകൊണ്ട് വായുവിൽ വട്ടംകറക്കി.

"ഹായ്. ഞാനും ഇതേ ചോദ്യം അമ്മയോട് ചോദിച്ചതാ. നമ്മുടെ സംശയം ശരിയാ. ഇതൊരു ചക്രം തന്നെയാണ്. ആർത്തവചക്രം. ഗർഭമുണ്ടാവുകയാണെങ്കിൽ ഗർഭപാത്രത്തിലെ വളർച്ചകളൊക്കെ ആ ഭ്രൂണത്തെ പരിപോഷിപ്പിക്കാൻ വേണ്ടി ഉപയോഗിക്കും. അപ്പോ ആർത്തവം ഉണ്ടാകുന്നില്ല. അപ്പോ ചക്രത്തിന്റെ കറങ്ങൽ നിൽക്കും. പിന്നെ, പ്രസവം കഴിഞ്ഞ് ഏതാനും മാസം കഴിയുമ്പോ വീണ്ടും തുടങ്ങുംത്രേ."

"ഹസിൽ... ഞങ്ങൾടെ അമ്മമാര് ഇതൊന്നും ഞങ്ങൾക്ക് പറഞ്ഞുതന്നിട്ടില്ലല്ലോ. ഞങ്ങൾടെ ശരീരത്തിനകത്ത് നടക്കുന്ന കാര്യങ്ങളെന്തൊക്കെയാണെന്ന് ഞങ്ങളറിയേണ്ടേ..." ലയ ഹസിലിന്റെ തോളിൽ പിടിച്ച് കുലുക്കി. അവൾക്ക് ദേഷ്യവും സങ്കടവും വരുന്നുണ്ട്.

"ശര്യാ... കുളിക്കാൻ കേറിയപ്പോ എന്റെ അടിവസ്ത്രത്തിൽ നെറയെ രക്തം... ഞാനൊറക്കെ കരഞ്ഞു. ഇതൊക്കെ മുമ്പേ അറിഞ്ഞിരുന്നെങ്കിൽ ഞാൻ കരയില്ല്യാരുന്നു." മിത്രയുടെ ശബ്ദത്തിൽ ആരോടൊക്കെയോ ഉള്ള പ്രതിഷേധം കലർന്നിരുന്നു.

"സാരല്ല്യ... സാരല്ല്യ..." ഹസിൽ മിത്രയുടെ കൈപിടിച്ചമർത്തി ആശ്വസിപ്പിക്കാൻ ശ്രമിച്ചു." ഇനിയിപ്പോ പേടിക്കേണ്ടല്ലോ... കാര്യങ്ങളൊക്കെ മനസ്സിലായില്ലേ... ങ്ഹാ... ഒരു കാര്യം കൂടിണ്ട്ട്ടോ... ഈ രക്തസ്രാവത്തിന്റെ കാര്യം. 4–5 ദിവസം വരെ ഇതു നീണ്ടുനിൽക്കുമത്രേ. ചിലർക്ക് 6–7 ദിവസം വരെയും ആവും. ഇതൊക്കെ വ്യക്തികൾക്കനുസരിച്ച് വ്യത്യാസപ്പെടുന്നതാണെന്നാ അമ്മ പറഞ്ഞത്. ആർത്തവചക്രത്തിന്റെ കാര്യത്തിലും അങ്ങനെയാണത്രേ. 28–30 ദിവസം എന്നത് 40–45 ദിവസം വരെ ആവാറുണ്ട്ന്ന്."

"എടാ... എനിക്ക് നല്ല വയറുവേദനണ്ടായിരുന്നു... അതിനെപ്പറ്റി അമ്മ എന്തേലും പറഞ്ഞുതന്നിട്ടുണ്ടോ?" മിത്രയുടെ ചോദ്യം കേട്ട് ഹസിലിന് പാവം തോന്നി.

"പേടിക്കേണ്ടെടാ... അതൊക്കേം ഓരോരുത്തർക്കനുസരിച്ച് വ്യത്യാസംണ്ടാവുംത്രേ. ചേച്ചിക്ക് ഭയങ്കര വയറുവേദനണ്ടാവാറുണ്ട്. പാവം... വയറും പൊത്തിപ്പിടിച്ച് കെടക്കും. അമ്മയ്ക്കാണെങ്കിൽ നടുവേദനയാണ്. കാലുകഴപ്പും ഒക്കെണ്ടാവും. ചെലർക്ക് ഒന്നുംണ്ടായില്ല്യാന്നും വരും. ഇതൊക്കെ കേട്ട് പേടിച്ച് 'ഈ ആർത്തവമൊന്നും വേണ്ടായിരുന്നേ' എന്നൊന്നും കരുതല്ലേ... കൃത്യമായ ആർത്തവം എന്നത് ഒരു തെളിവാണ് – സ്ത്രീയുടെ പ്രത്യുൽപ്പാദന വ്യവസ്ഥയുടെ സ്വാഭാവികവും ആരോഗ്യകരവുമായ പ്രവർത്തനത്തിന്റെ തെളിവ്." അമ്മ ഏറെ അഭിമാനത്തോടെ പറഞ്ഞ കാര്യങ്ങൾ ഹസിൽ ആവർത്തിച്ചു.

മിത്രയും ലയയും അഭിമാനത്തോടെ പരസ്പരം നോക്കി.

"സന്തോഷായീലേ രണ്ടാൾക്കും." ഹസിൽ മിത്രയുടെയും ലയയുടെയും മുടിപിടിച്ച് കുലുക്കി.

"ഓ സന്തോഷായി മോനേ... ഞങ്ങളുടെ ശരീരത്തിൽ നടക്ക്ണ വളരെ പ്രധാനപ്പെട്ട ഒരു പ്രവർത്തനത്തെപ്പറ്റി മനസ്സിലാക്കാൻ പറ്റീലോ. ഒരുപാട് സന്തോഷം. പിന്നെ, മറ്റൊരു കാര്യം ആലോചിക്കുമ്പോ അതിലേറെ സന്തോഷം ണ്ട്ട്ടോ... നിന്നെപ്പോലെ ഒരു ചങ്ങാതിയുണ്ടായതോണ്ടാണല്ലോ ഇതൊക്കേം മനസ്സിലായത്." മിത്ര ഹസിലിന് കൈകൊടുത്തു.

"ശരിയാടാ... സത്യം...." ലയ ഹസിലിന്റെ പുറത്ത് സ്നേഹപൂർവം തട്ടി.

"ശരി... ശരി... ബെല്ലടിക്കാറായി. ഞാനൊന്ന് പുറത്തുപോയി വരാം." ഹസിൽ പുറത്തേക്കു നടന്നു.

"ഡാ... പിന്നേയ്... നിന്റമ്മയ്ക്ക് എന്റെ വക ഒരുമ്മ കൊടുക്കണേ..." മിത്ര വിളിച്ചുപറഞ്ഞു.

"എന്റെ വകേം ഒന്ന്..." ലയ വിളിച്ചുകൂവി.

*2017 ഒക്ടോബർ 16, നവംബർ 1, നവംബർ 16 ലക്കങ്ങളിൽ യുറീക്കയിൽ വന്ന കഥയുടെ റീപോസ്റ്റ്*

.............

**കുഞ്ഞിക്കിളി*, *നീലിടെ വീട്* , *തീവണ്ടിക്കൊതികൾ* (കഥ ), *കിനാവിൽ വിരിഞ്ഞത്* (കവിതാ സമാഹാരം) , *അമ്മൂന്റെ സ്വന്തം ഡാർവിൻ* (ജീവചരിത്ര നോവൽ), (കേരള ശാസ്ത്രസാഹിത്യ പരിഷത് ), *ആനയുടേയും അണ്ണാരക്കണ്ണന്റേയും കഥ,* *വാലു പോയ കുരങ്ങന്റെ കഥ* (കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ) , *വെയിലിനുമുണ്ടേ നിറമുള്ള ചിറകുകൾ* (കഥാസമാഹാരം) , *അങ്ങനെയാണ് മുതിരയുണ്ടായത്* (നാടോടിക്കഥകൾ), *ചെറിയ ഋതുവും വലിയ ലോകവും* (ശാസ്ത്രലേഖനങ്ങൾ) ( പൂർണ പബ്ലിക്കേഷൻസ്), *പ്രീ പ്രൈമറി കുട്ടികൾക്കു വേണ്ടി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച 'കുരുന്നില'പുസ്തക സഞ്ചികയിലെ മൂന്നു പുസ്തകങ്ങളായ ഒന്നിനു പകരം മൂന്ന്, സ്നേഹം, ഇഷ്ടം എന്നിവയാണ് പ്രസിദ്ധീകരിച്ച കൃതികൾ.* യുറീക്കയിൽ പ്രസിദ്ധീകരിച്ച *അമ്മമണമുള്ള കനിവുകൾ എന്ന നോവൽ* പുസ്തകമാക്കാനുള്ള തയ്യാറെടുപ്പിലാണ്. *കുഞ്ഞിക്കിളിക്ക് കേരള വിദ്യാഭ്യാസ വകുപ്പിന്റെ പ്രൊഫ:ജോസഫ് മുണ്ടശ്ശേരി അവാർഡ് (2009) ലഭിച്ചു.**

**അമ്മൂന്റെ സ്വന്തം ഡാർവിൻ എന്ന കൃതിക്ക് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ബാലശാസ്ത്ര സാഹിത്യ പുരസ്കാരവും (2011)* *അധ്യാപക ലോകം സാഹിത്യ അവാർഡും ( 2019)* *അങ്ങനെയാണ് മുതിരയുണ്ടാകുന്നത് എന്ന കൃതിക്ക് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡും ( 2020 ) ലഭിച്ചു .* *ബാലസാഹിത്യത്തിലെ സമഗ്രസംഭാവനയ്ക്ക് 2016ലെ വി.സി.ബാലകൃഷ്ണപ്പണിക്കർ സ്മാരക പുരസ്കാരത്തിന് അർഹയായി.**



കവിത

# എന്റെ രണ്ടു വയസ്സുകാരിയോട്...



**നന്ദ എൻ.ആർ.**
എൻ .എസ്.എസ് കോളേജ്,
ഒറ്റപ്പാലം

വലേരിയാ ....
എന്റെ ശരീരത്തിൽ നിന്നും
വിട്ടുപോകാത്തവണ്ണം
നീയെന്നോട് ഒട്ടിയിരിക്കുക.
നിന്റെ പിതാവിന്റെ
മുഷിഞ്ഞ ഓട്ടത്തുണിയിലൂടെ
ഊർന്നുപോകാമെങ്കിലും
കുഞ്ഞേ,
എന്റെ നെഞ്ചിനോട്
ചേർന്നിരിക്കുക.
റയോ ഗ്രാന്റയിലൂടെ നിന്നെ
ഞാൻ
ആന കളിപ്പിക്കുകയാണ്.

നിന്റെ ഇളംശരീരത്തെയും
വെറുതെ വിടാത്ത
നശിച്ച ജന്തുക്കളെ പിന്നിലാക്കി
ഈ നദി നിന്നെ
മുന്നിലേക്കു കുതിപ്പിക്കുന്നത്
നീ കാണുന്നുണ്ടോ?
അവറ്റകൾക്കു നേരെ
നീ കൊഞ്ഞനം കുത്തുന്നത്
എന്നെ ഇക്കിളിപ്പെടുത്തുന്നുണ്ട്!
എനിക്കും സന്തോഷമുണ്ട്
കുഞ്ഞേ.

എങ്കിലും,
തളർന്നു പോകുന്ന
അച്ഛന്റെ കൈകളെ നോക്കി
നീ ദൈവത്തോടു പ്രാർഥിക്കുക.
വേഗത്തിൽ തുഴഞ്ഞെത്താനുള്ള
കാലുകൾക്കായി
വേണമെങ്കിൽ
ഒന്നു കരഞ്ഞേക്കൂ.
അനുഗ്രഹമായി, ഒഴുകുന്ന
ഈ മഴക്കും
കൊഴുത്ത കാറ്റിനും
നന്ദി പറയൂ.

ഇരുട്ട്
നിന്റെ അമ്മയുടെ
മുലപ്പാലായി
കുഞ്ഞിവയറിലേക്ക്
അരിച്ചിറങ്ങിയോ!
കൊടുങ്കാറ്റിന്റെ ഉമ്മകൾ
നിനക്കു കിട്ടിയെന്നാണോ!
പെരുമഴ നിനക്ക്
താരാട്ടുപാടുന്നുവെന്നോ!

എങ്കിലും വലേരിയാ,
അച്ഛന്റെ കഴുത്തിനു മുകളിൽ
നിന്റെ കുഞ്ഞിക്കൈകൾ
വരിഞ്ഞുമുറുക്കുക.
അച്ഛന്റെ ബനിയന്റെ
'അതിർത്തി ' ക്കുള്ളിൽ
നീ ഒതുങ്ങി നിൽക്കില്ലേ!
കണ്ണടച്ചിരിക്കൂ.
തുഴഞ്ഞെത്താൻ പോകുന്ന
നമുക്ക് വിലാസമുള്ള
ലോകത്തെ മാത്രം
സ്വപ്നം കാണുക.
ഞാൻ നിനക്ക് പണി തീരാത്ത
ഒരു മതിലിന്റെ
കഥ പറഞ്ഞു തരാം.
ഉണരുമ്പോൾ മകളേ
ആ മതിലിനു
മുകളിൽ നിനക്ക്
പൂക്കൾ വിരിയിക്കാമോ?



**മഞ്ജു എം. ജോയ്**
സബ് എഡിറ്റർ, കേരള കൗമുദി

# കുട്ടികഥകളുടെ മാന്ത്രികച്ചെപ്പുമായി കെ.എ.ബീന




മണിച്ചിത്രത്താഴിട്ട് പൂട്ടിയ മാന്ത്രികചെപ്പ് തുറക്കുന്നത് പോലെയാണ് കുട്ടിക്കഥകളെപ്പറ്റി കെ.എ. ബീന സംസാരിച്ച് തുടങ്ങിയാൽ. ഒരായിരം അത്ഭുതകഥകൾ വർണ്ണശലഭ രൂപം പൂണ്ട് വാനിൽ തുള്ളിക്കളിക്കും. കുഞ്ഞു മൂക്കിന്റെ തുമ്പത്ത് വന്നിരുന്ന് കാണാക്കഥകൾ പറയും. ആലീസിന്റെ അത്ഭുതലോകം തീർക്കും...

മലയാള ചെറുകഥാ സാഹിത്യത്തിലും സഞ്ചാര സാഹിത്യത്തിലും കെ.എ. ബീന മുങ്ങാംകുഴിയിടുമ്പോഴും, പച്ചപ്പായൽ പിടിച്ച കുളത്തിനരികിലെ അരിമുല്ലയും മഞ്ചാടിമണിയും തേടിയെടുക്കുന്ന കുട്ടി നൊടിയിടയിൽ നമുക്കു മുന്നിലെത്തും. നെല്ലിമരം പൂത്തുലയുന്ന വിദ്യാലയത്തിരുമുറ്റവും, മണിക്കുട്ടി മേയുന്ന തൊടിയും അമ്പലപ്പറമ്പും ബാലവേദിയുമൊക്കെ മികവാർന്ന ദൃശ്യവിരുന്നൊരുക്കും. പുഴയൊഴുകുന്നതുപോലെ ബീന കുട്ടിക്കാലത്തെ വാക്കുകളിലൂടെ വരച്ചിടുമ്പോൾ, ശ്രോതാക്കൾക്ക് മുന്നിൽ തെളിയുന്നത് കലപില കൊഞ്ചുന്ന ചുരുളൻ മുടിക്കാരിയായ കുസൃതിപെൺകുട്ടിയാണ്. ഒരേസമയം അഞ്ചുവയസുകാരിയായും അമ്പതുവയസുകാരിയായും പകർന്നാടാൻ കഴിയുന്ന മനസാണ് കെ.എ. ബീനയെ മലയാളത്തിലെ മികച്ച ബാലസാഹിത്യകാരികളൊലാരാളാക്കുന്നത്.

**അമ്മക്കുട്ടിയുടെ ജനനം**


കെ.എ. ബീന

ഒരു സ്ത്രീ പ്രസവിച്ചാൽ അവൾ അമ്മയായി. നവജാത ശിശുവിനെ മൂലപ്പാലൂട്ടുന്നത്, കുഞ്ഞാവ കമിഴ്ന്നു വീഴുന്നത്, പിച്ച വയ്ക്കുന്നത്, ചോറൂട്ടുന്നത്, അമ്മേ എന്നു വിളിക്കുന്നത്, ആദ്യാക്ഷരമെഴുതുന്നത് തുടങ്ങി ആസ്വദിക്കാനെത്രയെത്ര കാര്യങ്ങൾ. പക്ഷേ, കുഞ്ഞാവ ജനിക്കുന്നതിനൊപ്പം മറ്റൊരാളും പിറക്കുന്നുണ്ട്. ഒരു അമ്മക്കുട്ടി. കുഞ്ഞാവ വളരുന്നതിനൊപ്പം അമ്മക്കുട്ടിയും വളരുകയാണ്. കുഞ്ഞിളം ചുണ്ടിൽ മുലക്കണ്ണ് തിരുകി വയ്ക്കുന്നത്, വയറുനിറഞ്ഞ കുഞ്ഞിനെ ശ്രദ്ധയോടെ തോളത്തിട്ട് തട്ടി അക




ത്തെത്തിയ വായു പുറത്തേക്ക് കളയുന്നത്, ദേഹം മുഴുവൻ എണ്ണയിട്ടുഴിഞ്ഞ് കുഞ്ഞാവയുടെ ശരീരം പരിപാലിക്കുന്നത്, മാമൂട്ടുന്നത്, കുഞ്ഞിക്കൊഞ്ചലുകളും പല്ലില്ലാത്ത മോണകാട്ടിയുള്ള ചിരിയും വാവിട്ട കരച്ചിലും ആശയവിനിമയ ഉപാധികളാക്കൽ തുടങ്ങി അമ്മക്കുട്ടിയും ഓരോന്നും പഠിക്കുകയാണ്. കുഞ്ഞാവയ്ക്കൊപ്പം പിച്ചവച്ച് വളരുകയാണ്. ഇതേ ആശയം ജീവിതത്തിൽ പകർത്തിയതിനാലാവണം എട്ടുവയസുകാരൻ അപ്പുവിന്റെ ഏകാന്തത മാറ്റാൻ തിരക്കേറിയ മാദ്ധ്യമപ്രവർത്തകയായ കെ.എ. ബീന എട്ടുവയസുകാരിയായ അമ്മക്കുട്ടിയായി പകർന്നാട്ടം നടത്തിയത്.

**അമ്മ മകനെഴുതിയ ഡയറിക്കുറിപ്പുകൾ**

തിരഞ്ഞെടുപ്പ് കാലത്ത് അച്ഛനും അമ്മയും ആഴ്ചകളോളം ജോലിത്തിരക്കിൽ മുഴുകിയപ്പോൾ വീട്ടിൽ അപ്പൂപ്പനും അമ്മൂമ്മയ്ക്കും കുഞ്ഞമ്മമാർക്കുമൊപ്പം കഴിഞ്ഞിരുന്ന അപ്പുവിന് സങ്കടമായി. ബന്ധുക്കളേറെയുണ്ടെങ്കിലും അവന് അമ്മയെ മിസ് ചെയ്തു. കളിപ്പാട്ടങ്ങളേറെയുണ്ടെങ്കിലും അവന് ബോറടിച്ചു. ഏകാന്തത തോന്നി. അപ്പു പിണങ്ങി. പിണക്കം മാറ്റാൻ അമ്മ നീണ്ട അവധിയെടുത്ത് കൂട്ടിരുന്നു. അപ്പു ഇണങ്ങിയില്ല. വായനാഭ്രാന്തനായ അപ്പുവിനെ മെരുക്കാൻ കെ.എ. ബീനയ്ക്ക് ഒരു ഉപായം തോന്നി. എട്ടുവയസുകാരി അമ്മക്കുട്ടിയായി മാറി. അമ്മക്കുട്ടിയുടെ കുട്ടിക്കാലത്തേക്ക് അപ്പുവിനെ കൈപിടിച്ച് നടത്തി. അപ്പുവിന്റെ ലോകത്തേക്ക് അമ്മക്കുട്ടിയുടെ ബാല്യകാലത്തെ ചേർത്തു നിറുത്തി.

പുള്ളിപ്പാവാടയും ബ്ളൗസുമിട്ട അമ്മക്കുട്ടിക്കൊപ്പം പഴയകാലത്തേക്ക് അപ്പു നടന്നു ചെന്നു. അമ്മക്കുട്ടി മണിക്കുട്ടിപ്പശുവിന്റെ പാലുകുടിക്കുന്നതും തൊടിയിൽ കളിക്കുന്നതും കൂട്ടുകാർക്കൊപ്പം മണ്ണപ്പം ചുട്ടുകളിക്കുന്നതുമൊക്കെ അവൻ കണ്ടു. ഹാ! എന്തുരസം. അമ്മക്കുട്ടിയുടെ ലോകത്ത് ബോറടിയേയില്ല. പച്ചക്കടലുപോലുള്ള വയലിനരികിലൂടെ ഓടിയിട്ട് ക്ഷീണമറിയുന്നേയില്ല. സ്കൂൾ ബസില്ലാഞ്ഞിട്ടും സ്കൂളിൽ പോകാൻ മടിയേതും തോന്നുന്നുമില്ല. അത്ഭുതലോകത്തെത്തിയ ആലീസിനെപ്പോലെ അമ്മക്കുട്ടിയുടെ ലോകം കണ്ട് അപ്പു വിസ്മയഭരിതനായി. ആരുമിതുവരെ വായിക്കാത്ത അമ്മക്കുട്ടിയുടെ കഥകൾ വായിച്ച് അപ്പു തുള്ളിച്ചാടി. അപ്പുവിനായി അമ്മയെഴുതിയ ഡയറിക്കുറിപ്പുകൾ പിന്നീട് പുസ്തകങ്ങളായി. ആയിരക്കണക്കിന് കുട്ടികൾ അമ്മക്കുട്ടിയുടെ ലോകം, അമ്മക്കുട്ടിയുടെ സ്കൂൾ, അമ്മക്കുട്ടിയുടെ അത്ഭുതങ്ങൾ എന്നിവ വായിച്ച് അപ്പുവിനെപ്പോലെ അമ്പരന്നു. സന്തോഷംകൊണ്ട് തുള്ളിച്ചാടി. ഈ പുസ്തകങ്ങൾ നെഞ്ചോട് ചേർത്തുറങ്ങി. കുട്ടികളുടെ മനസുള്ള മുതിർന്നവരും ഈ പുസ്തകം ഏറ്റെടുത്തു. മലയാള ബാലസാഹിത്യകൃതികളിൽ അമ്മക്കുട്ടി സ്വന്തം ഇടം തീർത്തു.


**ഇനിയും വളരാത്ത കുട്ടി**

കുട്ടികൾക്ക് വേണ്ടി മുതിർന്നവരെഴുതുന്ന പുസ്തകങ്ങൾ പലപ്പോഴും ഒരേ പാറ്റേണിലായിരിക്കും. കഥയ്ക്കൊടുവിൽ ഒരു സാരോപദേശം അല്ലെങ്കിൽ ന

ന്മയുടെ സന്ദേശം. കുട്ടികളെ കേന്ദ്രകഥാപാത്രമാക്കിയുള്ള കൃതികളിലാവട്ടെ, പലപ്പോഴും ആൺകുട്ടിയായിക്കും നായകൻ. കെ.എ. ബീനയുടെ കുട്ടിക്കാലത്താവട്ടെ, പഞ്ചതന്ത്ര കഥകളും, മാലി സാഹിത്യവും ഐതിഹ്യമാലയുമൊക്കെയായിരുന്നു വായിക്കാൻ ലഭിച്ചിരുന്നത്. കുട്ടികൾക്കായുള്ള പുസ്തകങ്ങൾ അക്കാലത്ത് തീരെ വിരളമായിരുന്നു.

' അന്നത്തെക്കാലത്ത് കിട്ടുന്നതൊക്കെ വായിക്കുന്നതാണ് രീതി. കുട്ടികൾക്കായുള്ള പുസ്തകങ്ങളോ, പ്രസിദ്ധീകരണങ്ങളോ കാര്യമായി ലഭിച്ചിരുന്നില്ല. വൈക്കം മുഹമ്മദ് ബഷീറിന്റെ ബാലകാല്യസഖിയാണ് ഞാനാദ്യം വായിച്ച പുസ്തകം. വിശ്വവിഖ്യാതമായ മൂക്കാണ് വായിച്ചു കേട്ട പുസ്തകങ്ങളിൽ ആദ്യത്തേത്. ഖസാക്കിന്റെ ഇതിഹാസം വായിച്ചത് ഏഴാം ക്ലാസിൽ പഠിക്കുമ്പോഴാണ്. ബാലരമയോ, പൂമ്പാറ്റയോ പോലുള്ള പ്രസിദ്ധീകരണങ്ങളൊന്നും അക്കാലത്ത് ലഭിച്ചിരുന്നില്ല.'– കെ.എ. ബീന ഓർത്തെടുക്കുന്നു.

മകൻ ജനിച്ചപ്പോഴാകട്ടെ, കെ.എ. ബീന ഉള്ളിൽ ഒളിപ്പിച്ചുവച്ചിരുന്ന കുട്ടിയും പുനർജ്ജനിച്ചു. അപ്പുവിനൊപ്പം അമ്മക്കുട്ടിയും വളർന്നു. അമ്മ–മകൻ എന്ന തരത്തിലുള്ള ആശയവിനിമയമായിരുന്നില്ല അവർ തമ്മിൽ. ഉറ്റകൂട്ടുകാരായിരുന്നു ഇരുവരും. സംസാരവും പ്രവൃത്തിയുമെല്ലാം സമപ്രായക്കാരെപ്പോലെ. ജനറേഷൻ ഗ്യാപ്പില്ലാതെ അപ്പുവിന്റെ മനസിലേക്കും അതുവഴി ആയിരക്കണക്കിന് കുട്ടികളുടെയുള്ളിലേക്കും അമ്മക്കുട്ടിയായി കെ.എ. ബീനയ്ക്ക് ഇറങ്ങിച്ചെല്ലാൻ കഴിഞ്ഞത് അതുകൊണ്ട് കൂടിയാണ്.




'അക്കാലത്ത് എന്റെ ഏറ്റവുമടുത്ത ഫ്രണ്ട് അപ്പുവായിരുന്നു. അവന് ഞാനും. അതുകൊണ്ടാണ് എട്ടുവയസുകാരനെപ്പോലെ ചിന്തിക്കാനും ആ ഭാഷയിൽ എഴുതാനും കഴിഞ്ഞത്. അപ്പു വന്നപ്പോഴാണ് എന്റെയുള്ളിൽ ഇനിയും വളരാത്ത ഒരു കുട്ടിയുണ്ടെന്ന് മനസിലാകുന്നത്.

കടലുകാണാഗ്രഹിക്കുന്ന, കഥ കേൾക്കാനിഷ്ടപ്പെടുന്ന, കുസൃതിക്കുടുക്കയായ പെൺകുട്ടി. ഇത്രയും വർഷം കഴിഞ്ഞിട്ടും ആ കുട്ടി അതുപോലെതന്നെയുള്ളിലുണ്ട്. പുതിയകാലത്തെ കുട്ടികളുടെ വളർച്ചയെ, അവരുടെ രീതികളെ, അവരുടെ ഇടങ്ങളെ കൗതുകപൂർവം വീക്ഷിക്കുകയാണ് ആ കുട്ടി. എനിക്കു തോന്നുന്നത് എല്ലാവരുടെ ഉള്ളിലും ഇതുപോലൊരു കുട്ടിയുണ്ടെന്നാണ്. വളരുമ്പോൾ, മുതിർന്നവരെ

അനുകരിക്കാൻ ശ്രമിക്കുമ്പോൾ, നമുക്ക് നാം തന്നെ ചില വച്ചുകെട്ടലുകളും നിബന്ധനകളും ഏല്പിക്കുമ്പോൾ ഈ കുട്ടിത്തം മറഞ്ഞുപോകുന്നു. ആ കുട്ടി നമ്മുടെയുള്ളിൽ നിന്ന് അകന്നു പോകുന്നു. അതുകൊണ്ടാവണം കുട്ടികളെപ്പോലെ ഉപാധികളില്ലാതെ സ്നേഹിക്കാനോ, നിഷ്കളങ്കമായി കാര്യങ്ങളെ സമീപിക്കാനോ മുതിർന്നവർക്ക് കഴിയാത്തത്. ഇതാണ് ബാലസാഹിത്യ രചയിതാക്കളും കുട്ടികളും തമ്മിലുള്ള വിടവ്. കുട്ടിക്കൊപ്പം നിന്ന് അവരുടെ വീക്ഷണത്തിലൂടെ, അവരുടെ ഭാഷയിലെഴുതുമ്പോഴേ അത് മികച്ച ബാലസാഹിത്യ കൃതിയാകുന്നുള്ളൂ. '- ബീന പറയുന്നു.

**കുട്ടിയെഴുത്ത് അത്ര എളുപ്പമല്ല**

കുട്ടികൾക്ക് വേണ്ടി എഴുതുന്നത് ഒട്ടും എളുപ്പമല്ല. മുതിർന്നവർക്കുള്ള എഴുത്ത് താരതമ്യേന അല്പം എളുപ്പമാണ് താനും. നോവലോ കഥയോ കവിതയോ എന്തുമാകട്ടെ, വിഷയം ലഭിച്ചാലുടൻ എഴുതിത്തുടങ്ങാം. സ്വന്തം അഭിപ്രായമോ, സ്വാംശീകരിച്ചെടുത്ത അഭിപ്രായമോ അതിൽ പ്രകടിപ്പിക്കാം. വായനക്കാരന് അത് സ്വീകരിക്കുകയോ, നിരാകരിക്കുകയോ ചെയ്യാം. സമൂഹത്തിന് അനുകൂലിക്കുന്നതിനൊപ്പം തന്നെ വിമർശിക്കാം. പ്രതിഷേധിക്കാം. പക്ഷേ, കുട്ടികളങ്ങനെയല്ല. വായിക്കുന്ന ഓരോ പുസ്തകവും അവരുടെ ബോധമണ്ഡലങ്ങളെ അറിയാതെ സ്വാധീനിക്കും. അവരുടെ ചിന്തകളിൽ, കാഴ്ചപ്പാടുകളിലൊക്ക അത് പ്രതിഫലിക്കും. അതിനാൽ കുട്ടികൾക്കായുള്ള എഴുത്തിൽ വളരെയധികം ശ്രദ്ധയും ആലോചനയുമൊക്കെ വേണമെന്നാണ് കെ.എ. ബീന പറയുന്നത്. കാരണം മുതിർന്നവരുടെ വികലമായ കാഴ്ചപ്പാടുകളോ, നിലപാടുകളോ പുതുനാമ്പുകളെ സ്വാധീനിച്ച് വളർച്ച മുരടിപ്പിക്കാൻ ഇടയാക്കരുത്.

'കുട്ടികൾക്ക് വേണ്ടിയെഴുതുന്നത് ഒരുതരം തപസാണ്. അതിൽ മുതിർന്നവരുടെ ഇന്റലക്ചൽ ഭാരങ്ങൾ ഒഴിച്ചുവയ്ക്കണം. നാം ജീവിതത്തിൽ ആർജ്ജിച്ചെടുത്ത ധാരണകൾ, നല്ലതും ചീത്തയുമായ നമ്മുടെ ജീവിതാനുഭവങ്ങൾ, പരാതികൾ, പരിഭവങ്ങൾ തുടങ്ങി നമ്മളെ സംബന്ധിച്ചതെല്ലാം മാറ്റിവയ്ക്കണം. കപട സദാചാര ബോധവും അഹംഭാവവും ഒഴിവാക്കണം.

കുട്ടികളെപ്പോലെ നിഷ്കളങ്കരായ മനസൊരുക്കിയെടുക്കണം. പ്രസാദാത്മകമായ രീതിയിൽ വിഷയങ്ങളെ സമീപിക്കണം. സൂക്ഷ്മമായി എഴുതണം. '- ബീന പറയുന്നു.

**ഓൺലൈൻ ലോകത്തെ കുട്ടികൾ**

ബാലസാഹിത്യകൃതികളെ കൃത്യമായി വായിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന എഴുത്തുകാരിയാണ് ബീന. നിരവധി അവാർഡ് കമ്മിറ്റികളുടെ ജൂറിയംഗമായും പ്രവർത്തിച്ചുവരുന്നു.

'ആയിരക്കണക്കിന് പുതിയ ബാലസാഹിത്യ രചനകളിൽ കുട്ടികൾക്ക് വേണ്ടി അവരുടെ ഭാഷയിലെഴുതുന്ന പുസ്തകങ്ങൾ അപൂർവ്വമാണ്. 'ഉണ്ണിക്കുട്ടന്റെ ലോകം' ഈ തലമുറയിലെ എത്ര കുട്ടികൾക്ക് ഉൾക്കൊള്ളാനാവും? പശുത്തൊഴുത്ത്, ചാണകം, ചാണകപ്പുഴു എന്നിവ ഒന്നും  കുട്ടികൾക്ക് അറിയില്ല. നാലുമണിക്ക് കൊഴുക്കട്ട ആസ്വദിച്ച് കഴിക്കാനോ, അമ്മൂമ്മക്കഥകൾ കേൾക്കാനോ അവർക്ക് താത്പര്യമില്ല. അത്തരം ഫാന്റസികൾ ഉൾക്കൊള്ളാനാവുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഫ്ളാറ്റിൽ വളരുന്ന കുട്ടികൾക്ക് മരമോ ചെടിയോ മണ്ണോ ആയി യാതൊരു തരത്തിലും ബന്ധപ്പെടാനാകുന്നില്ല. അണുകുടുംബത്തിൽ അച്ഛനും അമ്മയും ജോലിക്കാരായ കുട്ടികൾക്ക് സ്കൂളിനപ്പുറം മറ്റൊരു ലോകമില്ല. ലോകം മുഴുവൻ കൊവിഡ് വ്യാപിച്ചതോടെ ക്ളാസുകൾ വരെ ഓൺലൈനായി. കാർട്ടൂണുകളും വീഡിയോകളും മൊബൈൽ ഫോണും ഓൺലൈൻ ഗെയിമുകളും നിറഞ്ഞ മറ്റൊരു ലോകത്താണ് ഇന്നത്തെ കുട്ടികൾ ജീവിക്കുന്നത്. പ്ളാവില കോട്ടുന്നതോ മണ്ണപ്പം ചുടുന്നതോ അവർക്കറിയില്ല. അത്തരം കാര്യങ്ങൾ വായിക്കുന്നത് അവരെ ബോറടിപ്പിച്ചേക്കും.

അവർക്ക് വേണ്ടി എഴുതുമ്പോൾ ഐതിഹ്യമാലകളോ സാരോപദേശകഥകളോ പറ്റില്ല. അവരുടെ ലോകത്തേക്ക് ഇറങ്ങിച്ചെന്ന് അവരുടെ ഭാഷയിലെഴുതണം. എന്നാലേ അവർക്കത് ആസ്വദിക്കാനാവൂ. അതാണ് കാലോചിതമായ മാറ്റം ബാലസാഹിത്യത്തിലും വരണമെന്ന് പറയുന്നത്. ഇന്നത്തെ കുട്ടികളുടെ ജീവിതവുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള കൃതികൾ വരണം. ഉണ്ണിയപ്പം ചുടുന്ന കാര്യമല്ല, മറിച്ച് സ്വിഗ്ഗി വഴി ആഹാരം ഓർഡർ ചെയ്യുന്നതാണ് ഇന്നത്തെ കുട്ടികൾക്ക് കൂടുതൽ വേഗത്തിൽ മനസിലാകുന്നത്. ഈർക്കിലിയും ചിരട്ടയും കൊണ്ട് വണ്ടി ഉണ്ടാക്കുന്നതല്ല, മാതാപിതാക്കളുടെ ഫോൺ ഉപയോഗിച്ച് ഓൺലൈൻ വഴി കളിപ്പാട്ടം വാങ്ങുന്നതാണ് അവർക്ക് കൂടുതൽ അറിയാവുന്നത്. ഇത്തരം അനുഭവങ്ങൾ വിലയിരുത്തി നമ്മുടെ എഴുത്ത് രീതി മാറ്റണം. അത്തരം പുസ്തകങ്ങൾ വായനയിലേക്ക് തിരിച്ചെത്തിക്കുമെന്നറുപ്പാണ്.'- ബീനയുടെ വാക്കുകളിൽ ആത്മവിശ്വാസം തുളുമ്പുന്നു.

**കുട്ടികൾ വായന മറക്കുന്നുവോ?**

പുസ്തകം കൈയിലെടുത്ത് വായിച്ചാലേ വായനയാകൂ എന്ന വാശി ഉപേക്ഷിക്കേണ്ട സമയമാണിത്. കമ്പ്യൂട്ടറിലും മൊബൈലിലും പാഠപുസ്തകങ്ങൾ വായിക്കുകയും ക്ളാസുകൾ ലഭിക്കുകയും ചെയ്യുന്ന കുട്ടികളുടെ വായനയും അത്തരത്തിൽ വഴിമാറണം. മൊബൈലിലൂടെ കുട്ടികളെ വായനയുടെ ലോകത്തേക്ക് നയിക്കണം. അതിനെക്കുറിച്ച് ബാലസാഹിത്യ ശില്പശാലകൾ സംഘടിപ്പിക്കണം. ഊർജ്ജസ്വലമായ പുതു ചിന്തകൾ വരണം. യൂ ട്യൂബിലൂടെ പുസ്തകവായനയും പുസ്തകമെഴുത്തും പഠിപ്പിക്കണം. ചിത്രപുസ്തകങ്ങൾ വീഡിയോയായി വരണം. ന്യൂ മീഡിയയിലൂടെ കുട്ടികളെ പുസ്തകങ്ങളെ ലോ

**സ്ത്രീശാക്തീകരണമെന്നതിന് അത്ര പ്രാധാന്യമില്ലാതിരുന്ന അക്കാലത്തും ബീനയുടെ പുസ്തകത്തിലെ പ്രധാന കഥാപാത്രങ്ങൾ മൂന്നു പെൺകുട്ടികളാണ്. ടെലിവിഷൻ, റേഡിയോ, പത്ര റിപ്പോർട്ടർമാരായ മൂവരും അവരവരുടെ മേഖലയെക്കുറിച്ച് സംസാരിക്കുന്നതാണ് പുസ്തകത്തിന്റെ ഇതിവൃത്തം. വളരെ ഗഹനമായ വിഷയങ്ങളെ കുട്ടികൾക്ക് മനസിലാകുന്നത തരത്തിൽ, അതേസമയം കാര്യമാത്ര പ്രസക്തമായി അവതരിപ്പിക്കാൻ ലേഖികയ്ക്കുള്ള കഴിവ് ഈ പുസ്തകത്തിലൂടെ മനസിലാക്കാനാകും.**

കത്തേക്ക് കൈപിടിച്ചെത്തിക്കണം. പതിയെ അവർ വായനയിൽ ആനന്ദം കണ്ടെത്തും. പുസ്തകങ്ങലെ തേടിപ്പിടിക്കാൻ തുടങ്ങും.

**റഷ്യ കണ്ട ബീന**

സോവിയറ്റ് സാഹിത്യത്തിന്റെ ആരാധികയാണ് ബീന. അച്ഛന്റെ ബാല്യം, തവള രാജകുമാരൻ, ചുക്കും ഗെക്കും തുടങ്ങി റഷ്യൻ ബാലസാഹിത്യം തീർത്ത വിസ്മയലോകത്ത് വളർന്ന ബീനക്കുട്ടിക്ക്, അവിചാരിതമായാണ് റഷ്യയിൽ പോകാൻ അവസരം ലഭിച്ചത്. 1977ൽ മോസ്കോയിൽ നടന്ന കുട്ടികളുടെ സാർവദേശീയോത്സവത്തിൽ പങ്കെടുത്ത ഇന്ത്യൻ പ്രതിനിധികളിൽ ഒരാളായിരുന്നു കെ.എം.ബീന. വായിച്ചറിഞ്ഞ നാട് നേരിൽ കണ്ടപ്പോൾ ബീന അത്ഭുതം കൂറി. അത് പുതുമ ചോരാതെ പുസ്തകത്തിലാക്കിയപ്പോൾ പിറന്നത് ബാലസാഹിത്യമല്ല, ബാലിക എഴുതിയ സഞ്ചാര സാഹിത്യമാണ്. 1981ലാണ് 'ബീന കണ്ട റഷ്യ' പ്രസിദ്ധീകരിക്കുന്നത്. പിന്നീടങ്ങോട്ട് തുടർച്ചയായ 40 വർഷവും നിരന്തരം എഡിഷനുകൾ പുറത്തിറങ്ങുകയും വില്ക്കപ്പെടുകയും ചെയ്തു. ആയിരക്കണക്കിനാളുകൾ ബീനയുടെ വാക്കുകളിലൂടെ റഷ്യയെ അറിഞ്ഞു.

തങ്ങളുടെ സ്വപ്നലോകത്ത് സഞ്ചരിച്ച് തിരിച്ചെത്തിയ പെൺകുട്ടിയെ അവർ അത്ഭുതത്തോടെ നോക്കി. സ്വന്തമെന്ന് കരുതി സ്നേഹിച്ചു.

'എന്റെ ടീനേജ് കാലത്താണ് ബീന കണ്ട റഷ്യ വായിക്കുന്നത്. സമൊവാറിൽ തിളപ്പിച്ച ഉപ്പിട്ട ചായയും, മഞ്ഞിലൂടുരുളുന്ന തെന്നുവണ്ടിയും, റഷ്യൻ വാക്കുകളുമൊക്കെ ആ പുസ്തകത്തിലൂടെയാണ് അനുഭവഭേദ്യമായത്. അതുമാത്രമല്ല, ലോകം ചുറ്റാൻ പ്രായമൊരു തടസമല്ലെന്നും സഞ്ചാരമാണ് മനുഷ്യനെ നവീകരിക്കുന്നതെന്നും മനസിലാക്കിത്തന്നത് ആ പുസ്തകമാണ്. എന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഊർജ്ജമേകിയത് ബീന എന്ന പെൺകുട്ടിയുടെ അക്ഷരങ്ങളാണ്.'– ഇതിനകം 55 രാജ്യങ്ങൾ സന്ദർശിച്ച ഫോട്ടോഗ്രാഫറും ടൂറിസ്റ്റ് മാസികകളുടെ എഡിറ്ററുമായ കെ.വി.രവിശങ്കർ പറയുന്നു.

**ദ റിപ്പോർട്ടർ**

പത്രപ്രവർത്തകയായി പ്രവർത്തിക്കുമ്പോഴാണ് കെ.എ. ബീന 'ദ റിപ്പോർട്ടർ' എന്ന പുസ്തകമെഴുതുന്നത്. മാദ്ധ്യമ റിപ്പോർട്ടിംഗിനെപ്പറ്റി സമഗ്രവും ലളിതവുമായി പ്രതിപാദിക്കുന്ന പുസ്തകം കുട്ടികളുടെയുള്ളിലെ മാദ്ധ്യമ പ്രവർത്തന ചിന്തയെ കരുപിടിപ്പിക്കാനുതകുന്നതാണ്. സ്ത്രീശാക്തീകരണമെന്നതിന് അത്ര പ്രാധാന്യമില്ലാതിരുന്ന അക്കാലത്തും ബീനയുടെ പുസ്തകത്തിലെ പ്രധാന കഥാപാത്രങ്ങൾ മൂന്നു പെൺകുട്ടികളാണ്. ടെലിവിഷൻ, റേഡിയോ, പത്ര റിപ്പോർട്ടർമാരായ മൂവരും അവരവരുടെ മേഖലയെക്കുറിച്ച് സംസാരിക്കുന്നതാണ് പുസ്തകത്തിന്റെ ഇതിവൃത്തം. വളരെ ഗഹനമായ വിഷയങ്ങളെ കുട്ടികൾക്ക് മനസിലാകുന്നത തരത്തിൽ, അതേസമയം കാര്യമാത്ര പ്രസക്തമായി അവതരിപ്പിക്കാൻ ലേഖികയ്ക്കുള്ള കഴിവ് ഈ പുസ്തകത്തിലൂടെ മനസിലാക്കാനാകും. സങ്കീർണമായ വിഷയങ്ങൾ പോലും അന്തസത്ത ചോരാതെ കുട്ടികളിലെത്തിക്കാനാവുമെന്നതിന് ഉദാഹരണമാണിത്.

**ഇനിയുമേറെയുണ്ട് ഈ മാന്ത്രിക ചെപ്പിൽ**

കേട്ടറിഞ്ഞതിലും വായിച്ചറിഞ്ഞതിലും അപ്പുറമുള്ള കാര്യങ്ങൾക്ക് പിന്നാലെ പായുകയാണ് കെ.എ. ബീനയിലെ കുസൃതിക്കുട്ടി. ന്യൂമീഡിയയിൽ വളരുന്ന പുതുതലമുറയെ രസിപ്പിക്കുന്ന വിധം നവീനമായ വിഷയങ്ങൾ കണ്ടെത്തി രസകരമായി എഴുതി പുസ്തകമാക്കാനുള്ള പദ്ധതിയാണിവർ. അതിനുള്ള ഗവേഷണങ്ങൾ പുരോഗമിക്കുകയാണ്. കേവലം ആർജ്ജിച്ചെടുത്ത അറിവുകൾക്ക് പുറമെ, പുതുതലമുറയിലെ നിരവധികുട്ടികളെ കൃത്യമായി നിരീക്ഷിച്ചും അവരോട് ആശയവിനിമയം നടത്തിയും അവർക്ക് എന്താണ് വേണ്ടതെന്ന് മനസിലാക്കാൻ കഥാകാരി എടുക്കുന്ന പരിശ്രമം അഭിനന്ദനാർഹം തന്നെയാണ്. ഓൺലൈൻ ലോകത്ത് കുരുങ്ങിക്കിടക്കുന്ന ഈ കുരുന്നുകളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ച് നടത്താനുതകുന്ന വിധം പുസ്തകങ്ങളെഴുതാനാണ് ബീനയുടെ നീക്കം.

കാത്തിരിക്കുകയാണ് കുട്ടിപ്പട്ടാളം...

ചർച്ചാവിഷയം/പുസ്തക നിരുപണം



തസ്മിൻ ഷിഹാബ്



**ഡോ.ദിവ്യ എം.**
അസി. പ്രൊഫ., ഗവ.ആർട്സ്& സയൻസ് കോളേജ്, ഒല്ലൂർ

# ഖൽബിലെ ഹൂറി

**ബാ**ലമനസ്സിന്റെ ഉൾത്തുടിപ്പുകൾ തൊട്ടറിഞ്ഞ ഒരു നോവലാണ് സുമയ്യ. നമുക്ക് ഊഹിക്കാവുന്നതിലും അപ്പുറമാണ് ബാലികമാരുടെ ഭാവനകൾ എന്ന് ഇത് വായിച്ചപ്പോൾ അവനവനിലേക്ക് ചോദ്യങ്ങളുടെ നേർരേഖ ഇട്ടു കൊണ്ടാണ് കുട്ടികളുടെ വളർച്ച. ഉത്തരങ്ങളില്ലാത്ത ചോദ്യങ്ങളാണ് യഥാർത്ഥത്തിൽ അവരുടെ ബൗദ്ധിക മണ്ഡലത്തെ നിർണ്ണയിക്കുന്നത്. പ്രകൃതിയിൽ സ്വയം വിസ്മരിയ്ക്കുകയും മറ്റുള്ളവരെ വിസ്മയ ചകിതരാക്കുകയും ചെയ്യുന്ന കൊച്ചു മിടുക്കികളാണ് നാളെ അറിവിന്റെ പൊൻ ദീപമായി മാറുന്നത്.


അവരെ കണ്ടെത്താനും തിരിച്ചറിയാനും അംഗീകരിക്കാനും അദ്ധ്യാപക സമൂഹം തയ്യാറാവണം എന്ന ഒരു നല്ല സന്ദേശം കൂടി ഈ പുസ്തകം നൽകുന്നുണ്ട്. മുസ്ലീം സമുദായ ചിത്രീകരണങ്ങൾ നമ്മുടെ സാഹിത്യത്തിൽ മുൻപും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. സാധാരണക്കാരെ ചിരിപ്പിക്കുകയോ ചിന്തിപ്പിക്കുകയോ ചെയ്യുന്ന ഒട്ടേറെ ജീവിത സന്ദർഭങ്ങളിൽ സമ്പന്നമായ ആ ലോകത്തു നിന്ന് ഒരു കൊച്ചു നക്ഷത്രം നമുക്ക് ലഭിച്ചിരിക്കുന്നു.

അതാണ് സുമയ്യ – എന്ന നോവൽ.

അത്ഭുതം ജനിപ്പിക്കുന്ന അറിവുകൾ തേടിയുള്ള സുമയ്യ എന്ന കുഞ്ഞു മിടുക്കിയുടെ യാത്രയിൽ നമ്മളും നമ്മുടെ ബാല്യകാലത്തെ ഓർത്തു പോകുന്നു. ഇന്നത്തെപ്പോലെ സങ്കീർണ്ണമല്ലാത്ത ,സുതാര്യമായ ബന്ധത്തിലൂടെ പ്രകൃതിയോട് ചേർന്നു നിൽക്കുന്ന അനുഭവം അന്നുണ്ടായിരുന്നല്ലോ..!

അരുതുകളുടെ ലോകത്ത് നിന്ന് സുമയ്യ ഇറങ്ങി വരുന്നത് വിശാലമായ പ്രകൃതിയിലേക്കാണ്.

‘ അച്ചിൽ അടക്കുന്നതാണ് അച്ചടക്കം ‘ എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.




വില– 90 രൂപ.
സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം., ചിത്രീകരണം
പി– എസ് ബാനർജി

സുമയ്യ അദബ് – അച്ചടക്കം വേണം എന്ന് ഉസ്താദ് പറഞ്ഞത് കേട്ട് അമ്പരക്കുകയാണ്. ‘ അപ്പൊ ആൺകുട്ടികൾക്ക് അദബ് വേണ്ടേ ? കുറ്റോം കുറവും പോലെ അവളെ ചുറ്റിപ്പറ്റി നടന്ന ആ വാക്കി

നോട് അവൾക്ക് ഇഷ്ടക്കേട് തോന്നി."

വളരെ പ്രസക്തമായ ഒരു ചോദ്യം.

ഈ ചോദ്യം സമൂഹത്തോടാണ്. മറ്റെല്ലാ ചോദ്യങ്ങളും സ്വയം ചോദിക്കുന്നുണ്ടെങ്കിലും, കുറേയൊക്കെ മറ്റുള്ളവരോട് ചോദിക്കുന്നുണ്ടെങ്കിലും സുമയ്യയുടെ ഈ ചോദ്യം സമൂഹത്തോടു മുഴുവൻ ഉള്ളതാണ്.

'സുമയ്യ ' എന്ന വാക്കിന്റെ അർത്ഥം യുണീക് എന്നാണ്. അവൾ അദ്വിതീയ തന്നെയാണ്. പേരു പോലെ തന്നെ സമാനതകളില്ലാത്തവൾ.

ഓരോ വസ്തുക്കളും കാണുമ്പോൾ സുമയ്യയ്ക്കുണ്ടാകുന്ന ചോദ്യങ്ങൾ ഇന്നും പല കുട്ടികളും അപൂർവ്വമായെങ്കിലും ചിന്തിച്ചു പോകുന്ന ചോദ്യങ്ങളായിരിക്കാം. പക്ഷേ ' ഒന്നു മിണ്ടാതിരിക്ക് ! '

'ഒന്നു വായടച്ച് വല്ലതും പഠിക്കാൻ നോക്ക് !'

എന്നീ നിയന്ത്രണങ്ങളും ഒപ്പം അവർ നേരിടേണ്ടി വന്നേക്കാം.

പഠനമെന്നാൽ പുസ്തകത്തിനകത്തുള്ളത് കാണാതെ പഠിക്കുന്നതാണെന്ന വ്യവസ്ഥാപിത സങ്കല്പത്തിനകത്തുനിന്ന് ഉയരുന്ന അരുതുകളെ ചോദ്യങ്ങൾ കൊണ്ട് മറികടക്കുകയാണ് സുമയ്യ

ഭാഗ്യത്തിന് അവളുടെ ചോദ്യങ്ങൾക്ക് ചൂരൽ കൊണ്ടോ മറു ചോദ്യം കൊണ്ടോ നിയന്ത്രിക്കാത്ത അദ്ധ്യാപകരാണ് ഈ നോവലിലുള്ളത്.കുട്ടികളിൽ സ്വാഭാവികമായി ഉണ്ടാകുന്ന നന്മ, ദയ, കാരുണ്യം തുടങ്ങിയ മൂല്യങ്ങൾക്ക് സ്കൂൾ അസംബ്ലിയിലും ആനിവേഴ്സറിയിലും അംഗീകാരം നൽകുന്ന കാഴ്ച ഏറെ സന്തോഷം നൽകി.

വായനയുടെ രസച്ചരട് പൊട്ടാതെ അവസാന പേജ് വരെ ,ഒറ്റയിരിപ്പിന് വായിക്കാൻ പ്രേരിപ്പിക്കുന്ന നർമ്മ മധുരമായ ഭാഷയാണ് നോവലിസ്റ്റിന്റേത്. സുമയ്യയുടെ മനസ്സ് ഒപ്പിയെടുക്കാൻ കാണിച്ച വൈദഗ്ദ്ധ്യം അത് അതേപടി വായനക്കാരിലേക്ക് എത്തിക്കാനുള്ള സൂക്ഷ്മമായ ആഖ്യാനശൈലിയിലും കാണാനുണ്ട്.

ചേക്കോഴി,

ഓത്തുപള്ളി,

അച്ചടക്കം

സ്ക്കൂൾ,

മഴ

എന്നിങ്ങനെ സുമയ്യയുടെ ലോകത്തെ രസകരമായി നോവലിൽ പരിചയപ്പെടുത്തുന്നു. തൊടി, വിരുന്നുകാർ, യക്ഷി, ആന, കുഞ്ഞുവാവ, ഡോക്ടർ, ക്ലാസ്സ് മുറി, മയിൽപ്പീലി.

കടൽ, സ്വപ്നം, രാജകുമാരി എന്നിങ്ങനെ ,സുമയ്യ എന്ന കൊച്ചു പെൺകുട്ടിയുടെ ബാഹ്യവും ആഭ്യന്തരവുമായ അനുഭവലോകത്തേയും നോവലിസ്റ്റ് ഭംഗിയായി വരച്ചിടുന്നു .

കുടുക്ക, അഭിമാനം ,സമ്മാനം എന്നിവയിലൂടെ അവളുടെ മാനസിക ലോകത്തിന്റെ വൈശിഷ്ട്യം സമൂഹത്തിന് നന്മ പകരട്ടെ എന്നാണ് നോവലിസ്റ്റ് ആഗ്രഹിക്കുന്നത്.

പ്രകൃതിയിലെ ഓരോ വസ്തുവും സുമയ്യ ചോദ്യരൂപത്തിലാണല്ലോ സ്വന്തം മനസ്സിനെ പരിചയപ്പെടുത്തുന്നത് ?ആ ചോദ്യങ്ങളും അനുഭവങ്ങളും ഒട്ടും നിസ്സാരവുമല്ല. ഒരു നല്ല വ്യക്തിയായി അവർ വളർന്നു വരുന്നതിന്റെ സൂചനയാണത്. അവളിലെ ചോദ്യങ്ങൾ നിർമ്മിച്ചു കൊടുത്ത ആശയലോകത്ത് പ്രകൃതി മുഴുവൻ ഒരൊറ്റ സത്തയാണ് എന്ന ദർശനം ഉൾച്ചേർന്നിട്ടുണ്ട്.

ഉമ്മയും ഉമ്മൂമ്മയും ഉപ്പയും ഉസ്താദും മാത്രമല്ല ചേക്കോഴിയും ചെമ്പൻ പൂച്ചയും മഴവില്ലും, മയിൽപ്പീലിയും, കൂണും, മിനി ടീച്ചറും, അനിത ടീച്ചറും മീനാക്ഷി ക്കുട്ടിയും സുമയും അവ ൾക്ക് ഒരു പോലെ പ്രിയപ്പെട്ടവരാണ്. ആ പ്രിയത്വം കൊണ്ടു കൂടിയാണ് മനസ്സിലെ ഉറവ വറ്റാത്ത നന്മയാൽ പ്രേരിപ്പിക്കപ്പെട്ട് അവൾ തന്റെ കുടുക്ക പൊളിച്ച കാശ്, ദരിദ്രയായ മീനാക്ഷി ക്കുട്ടിക്ക് പിറന്നാളിന് ഉടുപ്പ് വാങ്ങാൻ ഹെഡ്മാഷെ ഏല്പിക്കുന്നത്.

എസ്.കെ. പൊറ്റക്കാടിന്റെ സഖി- എന്ന കഥയിലെ ഒരു രംഗം ഈ അവസരത്തിൽ ഓർമ്മ വന്നു. ജാതി മത ചിന്തകൾ ബാധിക്കാത്ത ബാല്യത്തിൽ സഹപാഠിയോടുള്ള സ്നേഹം കൊണ്ട് തന്റെ സമ്പാദ്യങ്ങളെല്ലാം ആഭരണങ്ങളെല്ലാം താഴ്ന്ന ജാതിയിൽപ്പെട്ട തന്റെ പ്രിയ കൂട്ടുകാരിക്ക് നൽകി ,അധികം വൈകാതെ മരണത്തിലേക്ക് യാത്രയായ ഒരു പത്തു വയസ്സുകാരിയാണ് അതിലെ നായിക.ചുറ്റുപാടും നിറഞ്ഞ എതിർപ്പിന്റെ കൂമ്പാരത്തിനിടയിലും അവൾ തന്റെ കൂട്ടുകാരിയുടെ കുടിലിലേക്ക് ഓടിച്ചെല്ലും. അവിടെ നിന്ന് ഭക്ഷണം കഴിക്കും.

ഇവിടെ സുമയ്യ ഒരു മാതൃകയാണ്. സ്നേഹത്തിൽ മതിലുകളെന്തിന്? ആ വലിയ ആശയത്തെ എത്ര സരളമായിട്ടാണ് സുമയ്യ സാക്ഷാത്കരിച്ചത് ! കറതീർന്ന മനസ്സിന് കാലം നൽകുന്ന സമ്മാനം - അതാണ് ആനിവേഴ്സറിക്ക് അവൾക്ക് കിട്ടിയ അംഗീകാരം

ആ ഭാഗം വായിക്കുമ്പോൾ നമ്മളും ആ വിദ്യാലയ മുറ്റത്തെത്തി സുമയ്യയ്ക്ക് കിട്ടിയ കരഘോഷത്തിൽ ആഹ്ളാദചിത്തരാകുന്നു എന്ന് നിസ്സംശയം പറയാം.

'എന്റെ സുമയ്യാ... ഇയ്യൊര് ഹൂറി തന്ന്യാ... സുബർക്കത്തീന്ന് പടച്ചോൻ ദുനിയാവില് ക്ക് അയച്ച ഹൂറി. മനുശ്യന് ഖൽബ് മാത്രേ പാടുള്ളൂ... അതില് ജാതീം മതോം പാടില്ല. അതൊക്കെ ഈ ദുനിയാവിനെ ആകെ എടങ്ങേറാക്കും ' എന്ന് സുമയ്യയുടെ ഉസ്താദ് ആ സ്കൂൾ കെട്ടിടത്തിന്റെ മതിലിനടുത്ത് നിന്ന് കൈയ്യടിക്കുമ്പോൾ മനസ്സിൽ പറഞ്ഞു കാണണം. അങ്ങനെ നോവലിസ്റ്റ് പറഞ്ഞിട്ടില്ലെങ്കിലും അങ്ങനെ ഒരു പുതുരംഗം കൂടി ഭാവനയിൽ കണ്ടു കൊണ്ടാണ് സുമയ്യയെ തൽക്കാലം ഞാൻ എന്റെ ഖൽബിലേക്ക് എടുത്തു വെച്ചത്.

**ഓർമ്മ**



**കവിത എസ്. കെ.**
അദ്ധ്യാപിക, എഴുത്തുകാരി

# കഥയമ്മയെ കണ്ടപ്പോൾ

**വാ**യനയുടെ വർണ്ണ ചിറകിലേറി ആദ്യം പറന്നു തുടങ്ങുന്നത് കുട്ടിക്കാലത്താണ്. ചുറ്റുപാടുള്ള നിറമുള്ള കാഴ്ചകൾക്ക് പിൻബലമേകുന്ന ചെറുപുസ്തകങ്ങൾ തന്നെയായിരുന്നു വായനയിൽ ആദ്യം കുട്ടുകാരായെത്തുന്നത്.ബാലമാസികകൾക്ക് ഒപ്പം തന്നെ ബാലസാഹിത്യ കൃതികൾ വായനക്കായി കിട്ടി തുടങ്ങിയത് പി.സ്മാരക ഗ്രന്ഥാലയത്തിൽ നിന്നുമാണ്. കഥകളുടെയും കവിതകളുടെയും വർണ്ണ പ്രപഞ്ചത്തിലൂടെയുള്ള യാത്രകൾ മനസ്സിലെ ഭാവനയെ തൊട്ടുണർത്താൻ തെല്ലൊന്നുമല്ല സഹായിച്ചത്. അതുകൊണ്ട് തന്നെ കുട്ടികളോട് രസകരമായി കഥ പറഞ്ഞു പോവുന്ന എഴുത്തുകാരുടെയൊക്കെ പേരുകൾ മനപ്പാഠമായിരുന്നു. പി. നരേന്ദ്രനാഥും, കുഞ്ഞുണ്ണി മാഷും, എം.എസ് കുമാറും ,പള്ളിക്കര മുഹമ്മദും, മുഹമ്മരമണനും, സിപ്പി പള്ളിപുറവുമൊക്കെ എഴുതിയത് വായിച്ച് രസിച്ച് നടക്കുന്നതിനിടയിലാണ്. സുമംഗല എന്ന പേര് കാണുന്നത്. കുഞ്ഞിക്കൂനനും പറയിപെറ്റ പന്തീരുകുലവും മാലിരാമായണവും, വായിച്ചു നിൽക്കുന്ന ടുത്തേക്കാണ് മിഠായിപ്പൊതി എന്ന സുമംഗലയുടെ കഥകൾ വരുന്നത് 'വായനയുടെ വേറൊരനുഭവം സമ്മാനിക്കാൻ ആ പുസ്തകത്തിന് കഴിഞ്ഞു എന്നത് പിന്നെയും പിന്നെയും ആ എഴുത്തുകാരിയെ തേടി പോവാൻ എന്നിലെ കുട്ടിയെ പ്രേരിപ്പിച്ചു.ബാലസാഹിത്യ രംഗത്തെ സ്ത്രീകളായ എഴുത്തുകാരെ ശ്രദ്ധിക്കാൻ തുടങ്ങിയതങ്ങനെയാണ്.പുതിയ ബാലസാഹിത്യ കൃതികൾ ലൈബ്രറിയിലേക്ക് കൊണ്ടുവരുമ്പോൾ സുമംഗല എന്ന എഴുത്തുകാരിയുടെ പുസ്തകങ്ങൾക്കായി കാക്കാൻ തുടങ്ങി. നെയ്പ്പായസവും, മഞ്ചാടിക്കുരുവും ഒക്കെ അങ്ങനെ പ്രിയംകരമായി അക്കാലത്ത് ഇറങ്ങിയിരുന്ന ബാലമാസികകളിലെ കഥകളിൽ മൃഗങ്ങളൊക്കെയാവും കൂടുതൽ കഥകളിലും കഥാപാത്രങ്ങൾ എന്നാൽ സുമംഗലയുടെ ബാലകഥകൾ വായിക്കുമ്പോൾ അതിനൊരു വ്യത്യസ്ത ഉണ്ടെന്ന് തിരിച്ചറിയാൻ തുടങ്ങി.ഒരമ്മ കുട്ടികൾക്ക് കഥ പറഞ്ഞുകൊടുക്കുന്ന പോലെ അവരുടെ എഴുത്തിനോട് ഒരു പ്രത്യേക ഇഷ്ടം.. അവരുടെ പുസ്തകങ്ങൾക്കായി കാത്തിരിക്കാൻ തുടങ്ങി. കുട്ടികൾക്ക് പിന്നെ വേറൊരു സ്വഭാവമുണ്ട് മുതിർന്നവർ ചെയ്യുന്ന പോലെ വ്യക്തിഗത വിവരങ്ങൾ അതാരെ പറ്റിയാണെങ്കിലും കൂടുതൽ അന്വേഷിക്കില്ല. അങ്ങനെ സുമംഗല എന്ന എഴുത്തുകാരിക്ക് ഞാൻ മനസ്സിലൊരു ചിത്രം കൊടുത്തു. അവരുടെ പേരിന്റ പ്രത്യേകതയും എന്നെ ആകർഷിച്ചിരുന്നു. അതിനു ചേർന്ന ഒരു രൂപത്തിൽ ഞാനവരെ സങ്കൽപിച്ചെടുത്തു കുട്ടിത്തത്തിൽ നിന്ന് പതുക്കെ കൗമാരത്തിലേക്ക് കടന്നപ്പോഴും ഈ ഇഷ്ടം കൂടെ നിന്നു. അവരുടെ ചില പുസ്തകങ്ങൾ ആ കാലത്താണ് വായിക്കുന്നത്.




സുമംഗല

പിന്നീട് കലാമണ്ഡലത്തിൽ വച്ച് അഛൻ അവിടുത്തെ പബ്ലിസിറ്റി വിഭാഗത്തിലെ ഉദ്യോഗസ്ഥയായ ശ്രീമതി ലീല നമ്പൂതിരിപ്പാടിനെ പരിചയപ്പെടുത്തി തന്നു. (അഛൻ ഈയ്യങ്കോട് ശ്രീധരൻ അന്ന് കലാമണ്ഡലം സെക്രട്ടറിയായിരുന്നു) ഏട്ടാം ക്ലാസ്സിൽ പഠി




ക്കുന്ന കുട്ടിയ്ക്ക് ഒളപ്പമണ്ണ ഒ എം സി യുടെ മകൾ ലീല നമ്പൂതിരി പ്പാടിനോട് പ്രത്യേ കിച്ചൊരു മമത യൊന്നും തോന്നി യിരുന്നില്ല. എങ്കി ലും ഞാനവരെ തന്നെ ശ്രദ്ധിച്ചു നിന്നു. എന്തിനാ ണ് അച്ഛനെനിക്ക് ഇവരെ പരിചയ പ്പെടുത്തി തന്നത് എന്ന ചോദ്യം ഉ ള്ളിൽ ഉയർന്നു. ഈ പേരിലല്ല ഇ വർ നിങ്ങൾ കുട്ടി കൾക്കിടയിൽ അ റിയപ്പെടുന്നത് എന്ന് അച്ഛൻ എന്നോട് പറയുമ്പോൾ അവരൊന്നു പതിയെ ചിരിച്ചു. നീ എപ്പോഴും പറയാ റില്ലേ ബാലസാഹിത്യകാരി സുമംഗലയേ പറ്റി.ആ സു മംഗലയാണ് ഇത്. എന്റെ അൽഭുതം എന്റെ കണ്ണിൽ ദർശിച്ച അവരെന്നെ നോക്കി 'പിന്നെയും ഒരു ചിരി സമ്മാനിച്ചു ഞാൻ മനസ്സിൽ വരച്ച രൂപ മേയല്ല യ ഥാർത്ഥത്തിൽ ' അവർക്ക് എങ്കിലു. വീണ്ടും, കാണു മ്പോൾ കുറെ നേരം സംസാരിക്കാനും കുറെ ചോ ദ്യങ്ങൾ ചോദിക്കാനുമൊക്കെ മനസ്സ് കൊണ്ടാഗ്രഹി ച്ചു പക്ഷേ പല പല കാരണങ്ങളിൽ അതൊരാഗ്രഹ മായി മാത്രം കിടന്നു. പിന്നീട് അവരുടെതായി പല അഭിമുഖങ്ങളും വായിച്ച് ആ സാഹിത്യ യാത്രയുടെ ആഴം മനസ്സിലാക്കി തന്റെ മകൾക്ക് വേണ്ടി പറഞ്ഞ കഥകളിലൂടെയാണ് സുമംഗല ബാലസാഹിത്യ രം ഗത്തേക്ക് വരുന്നത് എന്ന് അവർ തന്നെ പറഞ്ഞിട്ടു ണ്ട്. വായനാശീലം അതിനെ പരിപോഷിപ്പിച്ചെടുത്തി രുന്നു എന്നു അവർ പറയുന്നു.. ജോലിയുടെയും കു ടുംബത്തിന്റെയും ഉത്തരവാദിത്തങ്ങൾക്കിടയിൽ അ വരുടെ സാഹിത്യ യാത്രകളും മുടക്കമില്ലാതെ പോ വുന്നത് കണ്ടു. ബാല്യവും കൗമാരവും കടന്ന് യൗ വനത്തിലെത്തിയിട്ടും ഞാനവരെ വായിച്ചു കൊണ്ട് എന്റെ കുട്ടിത്തത്തെ മനസ്സിൽ നിന്നും മാറ്റാതെ നിർ ത്തി. കുറിഞ്ഞിയും കൂട്ടുക്കാരും, മിഠായിപ്പൊതിയും, മഞ്ചാടിക്കുരുവും, തത്ത പറഞ്ഞ കഥകളും നെയ് പ്പായസവും പഞ്ചതന്ത്ര കഥകളുമൊക്കെ കുട്ടികളി ലേക്കെത്തിച്ച സുമംഗല. ബാലസാഹിത്യ ലോക ത്ത് സ്ത്രീ സാന്നിധ്യം നന്നേ കുറവായിരുന്ന കാല ത്ത് ആ മേഖലയിൽ തന്റെ സ്ഥാനം കഥപറച്ചിലി ന്റെ വേറിട്ട ശൈലിയിലൂടെ ഉറപ്പിച്ചു നിർത്തിയ കു ട്ടികളുടെ കഥയമ്മ ഇന്ന് കഥ മുത്തശ്ശിയായി എഴു ത്തിൽ സജീവമാണ്. പിന്നീട് അച്ഛൻ കലാമണ്ഡല ത്തിലുണ്ടായിരുന്ന ആ കാലയളവിലാണ് അവർ ക ലാമണ്ഡലം ചരിത്രം എഴുതുന്നത്.ബാലസാഹിത്യ മേ ഖലയിൽ മാത്രമല്ല, ഇതര സാഹിത്യ മേഖലകളിലും, പരിഭാഷയിലും ഇവർ തന്റെ കയ്യൊപ്പ് ചാർത്തിയിട്ടു ണ്ട്. വലിയവരുടെ കഥ പറയാൻ വലിയ ബുദ്ധിമുട്ടി ല്ല. കുട്ടികളുടെ കഥ പറയാനും കുട്ടികളോട് കഥ പ റയാനുമാണ് ഏറെ പ്രയാസമുള്ളതെന്ന് എനിക്ക് ഒ രു എഴുത്തുകാരി എന്ന നിലയിൽ ബോധ്യപ്പെട്ട കാ ര്യമാണ്. കുട്ടികളെ ഒരു പാടിഷ്ടമുള്ളതും കൊണ്ടും മനസ്സിലെ കുട്ടി ഇടക്കിടക്ക് വന്ന് കലപില കൂട്ടുന്ന ത് കൊണ്ടും ബാലസാഹിത്യ രംഗത്തെ എഴുത്തു




കാരോട് തീർത്താൽ തീരാത്ത ആദരവാണ് ഉള്ള ത്.ബാലസാഹിത്യ രംഗത്തെ പുരുഷ സാന്നിധ്യത്തെ മാനിച്ചുകൊണ്ട് തന്നെ സ്ത്രീ സാന്നിധ്യങ്ങളെ ഒന്നു കൂടി ഉയർത്തി പിടിക്കാൻ ആഗ്രഹിക്കുന്നത് കഥ പ റച്ചലിലെ അമ്മ മനസ്സ് കൊണ്ട് കൂടിയാണ്.

ഇതെഴുതുമ്പോഴും എന്റെ മുന്നിലുള്ള പുസ്തക ങ്ങളിൽ എന്നെ ഭ്രമിപ്പിച്ചു കൊണ്ടി സുമംഗലയുടെ കുട്ടികളുടെ രാമായണം ചിരിക്കുന്നുണ്ട്. മകൾക്കാ യി വാങ്ങിയതാണെങ്കിലും എന്നിലെ കുട്ടിയെ കൂടി ഉണർത്തുന്ന അതേ ചിരിതന്ന് പുസ്തകത്തിന്റെ ഏ ടുകൾ പതുക്കെ മറിഞ്ഞു തുടങ്ങി



**ഡോ.വന്ദന ബി.**
അസിസ്റ്റൻറ് പ്രൊഫസ്സർ
മലയാള വിഭാഗം,
എൻ.എസ്.എസ്. വനിതാ കോളേജ്,
നീറമൺകര

# 'ഇറ്റാദാകിമാസു' റ്റോമോയിലെ ടോട്ടോ

"കുട്ടികളെ നിങ്ങളെപ്പോലെ ആക്കാൻ ശ്രമിക്കാതിരിക്കുക. നിങ്ങൾക്ക് ശ്രമിക്കാം; അവരെപ്പോലെ ആയിത്തീരാൻ'' (ഖലീൽ ജിബ്രാൻ-മരുഭൂമിയിലെ പ്രവാചകൻ)



ജപ്പാനിലെ പ്രശസ്തയായ ടെലിവിഷൻ പ്രതിഭയും യൂനിസെഫിന്റെ ഗുഡ് വിൽ അംബാസഡറും ആയ തെത്സുകോ കുറയോനഗി എഴുതിയ പ്രശസ്തമായ ഗ്രന്ഥമാണ് ടോട്ടോചാൻ, ദ ലിറ്റിൽ ഗേൾ അറ്റ് ദ വിൻഡോ (1981) ഇതിൽ ടോമോ ഗാക്വെൻ എന്ന സ്ഥലത്തെ തന്റെ തന്നെ കുട്ടിക്കാലത്തെ അനുഭവങ്ങളാണ് വിവരിച്ചിരിക്കുന്നത്. ടോട്ടോചാൻ എന്ന വികൃതിയായ പെൺകുട്ടിയുടെ അനുഭവങ്ങളിലൂടെ നമുക്ക് വിദ്യാഭ്യാസത്തിന്റെ പുതിയമാനങ്ങൾ ഈ കൃതി കാട്ടിത്തരുന്നു. കൊബായാഷി മാസ്റ്ററുടെപ്രിയപ്പെട്ട വിദ്യാർത്ഥിയായി ടോട്ടോചാൻ ഈ അനുഭവകഥയിൽ നിറഞ്ഞുനിൽക്കുന്നു.

ലോകമെമ്പാടുമുള്ള വായനക്കാർ ടോട്ടോചാനെ നെഞ്ചിലേറ്റിയത് ഒരു സാധാരണ അനുഭവകഥ എന്ന നിലയ്ക്കായിരുന്നില്ല, മറിച്ച് വിദ്യാഭ്യാസത്തിന്റെ പുതിയ മാനങ്ങൾ നിറഞ്ഞ ഒരു വിദ്യാഭ്യാസ പുസ്തകം എന്ന നിലയ്ക്കാണ്. കേരളത്തിൽ നടപ്പാക്കിയിരിക്കുന്ന പുതിയ വിദ്യാഭ്യാസരീതിയുമായി പൊരുത്തപ്പെടുന്ന പല ബോധനരീതികളും കൊബായാഷി മാസ്റ്റർ ടോമോ എന്ന സ്കൂളിൽ നടപ്പാക്കിയിരുന്നു. പല രാജ്യങ്ങളിലെയും അദ്ധ്യാപനപരിശീലന കോളേജുകളിൽ ടോട്ടോചാൻ ഒരു പഠനവിഷയമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സാഹിത്യകേന്ദ്രിതമായ പുസ്തകങ്ങളുടെ പ്രസാധനവും വായനാവിഭവമെന്ന നിലയിലുള്ള അവയുടെ സ്വീകാര്യതയും വർദ്ധിക്കുന്നുണ്ട്. (രാജീവൻ; ബി 20011:445)

അൻവർഅലി, ടോട്ടോചാൻ, ജനാലക്കരികിലെ വികൃതിക്കുട്ടി എന്ന പേരിൽ മലയാളത്തിൽ തർജ്ജുമ ചെയ്തിട്ടുണ്ട്. 1992ൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ആണ് ഈ പുസ്തകത്തിന്റെ ആദ്യ മലയാള പരിഭാഷ പുറത്തിറക്കിയത്. 1997 മുതൽ നാഷണൽ

ബുക്ക് ട്രസ്റ്റ് മലയാളപരിഭാഷ പുറത്തിറക്കുന്നു. നിലവിൽ പതിനഞ്ചോളം പതിപ്പുകൾ പുറത്തിറക്കിയിട്ടുണ്ട്. ടോട്ടോ.. ഇനി നീ ഈ സ്കൂളിലെ കുട്ടിയാണ്.... മാസ്റ്ററുടെ ആ വാക്കുകൾകേട്ട നിമിഷം മുതൽ എങ്ങനെയെങ്കിലും അടുത്ത പ്രഭാതം ഇങ്ങെത്തിയാൽ മതിയെന്നായി ടോട്ടോചാൻ. ഒരു പകലിന് വേണ്ടി ഇത്രയേറെ ആഗ്രഹത്തോടെ അവൾ ഇന്നുവരെ കാത്തിരുന്നിട്ടില്ല - (അൻവർ അലി, 17: 2012) അതായിരുന്നു ടോട്ടോചാൻ എന്ന വികൃതിപ്പെൺകുട്ടിയുടെ ഹൃദയം കവർന്ന റ്റോമോ വിദ്യാലയം. ടോട്ടോചാനെ കാണുമ്പോഴെല്ലാം ദാ നോക്ക്, നേരായിട്ടും നീ ഒരു നല്ല കുട്ടിയാ എന്ന് ഓർമിപ്പിച്ച, സ്നേഹനിധിയും ഭാവനാശാലിയുമായ ഹെഡ്മാസ്റ്റർ കൊബായാഷി മാസ്റ്റർ.

ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന അതിവികൃതിയായ ടോട്ടോചാൻ എന്ന പെൺകുട്ടിയെ സ്കൂളിൽ നിന്നും പുറത്താക്കുന്നിടത്താണ് കഥ ആരംഭിക്കുന്നത്. മറ്റൊരു സ്കൂളിൽ പ്രവേശനത്തിന് സാധ്യത തേടി അവളുടെ അമ്മ എത്തുന്നത് റ്റോമോ എന്ന സ്കൂളിലായിരുന്നു. അവൾ പഠിച്ചിരുന്ന സ്കൂളുകളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു റ്റോമോ. ഗേറ്റിന് പകരം രണ്ട് മരങ്ങളും ട്രെയിനിന്റെ ബോഗികൾ പോലെയുള്ള ക്ലാസ് മുറികളുമുള്ള വേറിട്ട ഒരു ലോകം. കാടും കളിസ്ഥലങ്ങളും പോരാത്തതിന് ഒരു നീന്തൽക്കുളവും. സ്കൂളിൽ ആകെയുള്ളതോ അമ്പത് കുട്ടികൾ മാത്രവും. അവർ പാട്ടുകൾ പഠിച്ചു. കായിക മത്സരങ്ങളിൽ ഏർപ്പെട്ടു. ക്യാമ്പുകളും പഠനയാത്രകളും നടത്തി. നാടകം അവതരിപ്പിച്ചു. പാചകം ചെയ്തു. കൊബായാഷി മാസ്റ്ററുടെ പ്രിയപ്പെട്ട വിദ്യാർത്ഥിയായി ടോട്ടോ ഈ അനുഭവകഥയിൽ നിറഞ്ഞുനിൽക്കുന്നു. കൊബായാഷി മാസ്റ്റർ പ്രത്യക്ഷത്തിൽ കായികക്ഷമത ഏറ്റവും കുറഞ്ഞ കുട്ടിക്ക് പോലും ഒന്നാമതാവാൻ പറ്റുന്നതരത്തിലുള്ള മത്സരങ്ങൾ തിരഞ്ഞെടുത്തിരുന്നു. വളരെ ലളിതമായി രീതിയിൽ ആശയങ്ങൾ അവതരിപ്പിച്ചിരുന്നു. ഉദാഹരണമായി സമീകൃതാഹാരം, മലയിൽ നിന്ന് എന്തെങ്കിലും?. കടലിൽ നിന്ന് എന്തെങ്കിലും? (അൻവർ അലി, 28:2012) അദ്ദേഹം വിദ്യാലയത്തെ വിജയികളെയും പരാജിതരെയും വേർതിരിക്കാനുള്ള ഒരു അരിപ്പ ആയിട്ടല്ല, മറിച്ച് ഓരോ കുട്ടിക്കും താനാരാണെന്ന് സ്വയം മനസ്സിലാക്കാനുള്ള ഒരു കളരിയായിട്ടാണ് കണ്ടിരുന്നത്. അവൾക്കും അവളുടെ സഹപാഠികൾക്കും പ്രിയങ്കരമായിത്തീർന്ന ഒരു പരിസരമായി റ്റോമോ വിദ്യാലയം. വേഷവിധാനത്തിനോ പാഠ്യപദ്ധതികൾക്കോ നൽകുന്നതിനേക്കാൾ വലിയ പരിഗണന, കുട്ടികൾ കഴിക്കേണ്ട സ്വാദിഷ്ഠമായ ഉച്ചയൂണിന് നൽകിയിരുന്ന ഒരു ഹെഡ്മാസ്റ്റർ. അവിടെ അവർ സംഗീതം അഭ്യസിച്ചു. കായികമത്സരങ്ങളിൽ പങ്കെടുത്തു. അവർക്കായി വേനൽക്കാലത്ത് ക്യാമ്പുകൾ, ചൂടുനീരുറവകളിലേക്ക് യാത്രകൾ, നാടകാവതരണം. തുറസ്സിലെ പാചകശാല, അങ്ങനെയങ്ങനെ... നാടോടിക്കഥകളും കവിതകളും പാട്ടുകളും കടംകഥകളും പഴഞ്ചൊല്ലുകളുമൊക്കെ ഉൾപ്പെടുന്ന ഫോക് ലോർ മുതിർന്നവരുടെതാണെങ്കിലും അവയിൽ നല്ലൊരു ഭാഗം കുട്ടികൾക്ക് യോജിക്കുന്നവയായിരുന്നു. മറ്റ് സാഹിത്യമേഖലകളെക്കാൾ വാചികപാരമ്പര്യം കുട്ടികൾക്കുള്ള സാഹിത്യത്തിനാണവകാശപ്പെടാനുള്ളത്. മുത്തച്ഛന്മാരിലൂടെയും മുത്തശ്ശി മാരിലൂടെയും അമ്മമാരിലൂടെയും മറ്റും കർണാകർണികയായി കൈമാറിപ്പോന്ന ഒരുപാട് സാഹിത്യസൃഷ്ടികൾ ഓരോ ദേശത്തുമുണ്ടായിരിക്കും. (പ്രഭാകരൻ, പഴശ്ശി, ഡോ 13:2013). ചിലർ പാട്ട് പാടാൻ സമർത്ഥരായിരുന്നു, ചിലർ കായികരംഗത്ത് വിദഗ്ധർ. എന്തിന്, വളർന്നുവരുന്ന ഒരു ഭൗതിക ശാസ്ത്രജ്ഞൻ പോലുമുണ്ടായിരുന്നു കൂട്ടത്തിൽ.



എല്ലാവരും കടപ്പെട്ടിരിക്കുന്നത് സ്നേഹനിധിയും ഭാവനാശാലിയായ ഹെഡ്മാസ്റ്റർ കൊബായാഷിയോടായിരുന്നു. സമാനമായ പ്രോത്സാഹന വാക്കുകൾ തന്നെയാവും അദ്ദേഹം മറ്റ് വിദ്യാർത്ഥികളോടും പറഞ്ഞിരിക്കുക എന്നതിന് സംശയമില്ല. മാസ്റ്ററുടെ സ്നേഹം കുട്ടികൾക്ക് ആവേശഭരിതമായ ജീവിതത്തിന് വേണ്ട അസ്ഥിവാരമായിരുന്നു. അദ്ദേഹമുള്ള പള്ളിക്കൂടമോ അവർക്ക് വീട്ടിൽ നിന്ന് അ

കലെ ഒരു വീടും. പുതിയ സ്കൂൾ ടോട്ടോചാന്റെ ഹൃദയത്തെ കീഴടക്കിക്കളഞ്ഞിരുന്നു. എന്നും സ്കൂളിൽ വരണം. അവധിയേ വേണ്ട. ആ സ്കൂളിലെ ക്ലാസ്മുറികൾക്കുമുണ്ടായിരുന്നു പ്രത്യേകതകൾ. ട്രെയിനിന്റെ രൂപത്തിലായിരുന്നു അവിടെയുള്ള ക്ലാസ്മുറികൾ. അതായിരുന്നു ടോട്ടോയെ ആദ്യമായി ആകർഷിച്ചതും, അവൾക്ക് സ്കൂളിനോടുള്ള താല്പര്യം വർദ്ധിപ്പിച്ചതും. അവളതിന് തീവണ്ടിപള്ളിക്കൂടം എന്ന് പേരിട്ടു. അവിടുത്തെ ഉച്ചയൂണിന് പോലും രസം കണ്ടെത്തുന്ന വിശേഷങ്ങൾ പറയാനുണ്ടായിരുന്നു. കടലിൽ നിന്നും മലയിൽ നിന്നുമുള്ള പങ്കിനെക്കുറിച്ചായിരുന്നു കുട്ടികളോടുള്ള ഹെഡ്മാസ്റ്ററുടെ ചോദ്യം. മത്സ്യം, കൊഞ്ച്, ചിപ്പിയും ഞണ്ടും പോലുള്ള കടൽ ജീവികളുടെ മാംസം എന്നിവയൊക്കെയാണ് കടലിൽ നിന്നുള്ളവ. മലകളിൽ നിന്നുള്ള വിഭവങ്ങൾ പച്ചക്കറികൾ, ആട്, കോഴി, പന്നി എന്നിങ്ങനെ.

ജപ്പാനിൽ ഊണ് കഴിക്കും മുമ്പ് പറയും ഇറ്റാദാകിമാസു ഞാൻ വിനയപൂർവ്വം ഇതിൽ പങ്കുചേരുന്നു എന്നർത്ഥം വരുന്ന ഉപചാരവാക്ക്. എന്നാൽ റ്റോമോഗാക്വെനിലെ ഉച്ചയൂണാരംഭിക്കുന്നത് ഒരു ഗാനത്തിലൂടെയാണ്. കൊബായാഷി മാസ്റ്റർ പ്രത്യേകമായി രചിച്ച ഊണിന് മുമ്പുള്ള പാട്ട്. ഒരു സംഗീതജ്ഞൻ കൂടിയാണ് മാസ്റ്റർ. ഊണിന് മുമ്പുള്ള പാട്ട് അദ്ദേഹം ഒരു പഴഞ്ചൊല്ലിന്റെ താളത്തിലാണ് ഉണ്ടാക്കിയത്. ഊണിന് മുമ്പ് ജപ്പാൻകാർ പാടിവരാറുള്ള ഒരു പഴമ്പാട്ട് എന്നതന്നെ ആ ശീലിനെക്കുറിച്ച് റ്റോമോയിൽ പഠിച്ചകുട്ടികൾ മിക്കവരും വർഷങ്ങൾക്ക് ശേഷവും ഉറച്ച് വിശ്വസിച്ചു. അത്രയേറെ സമർത്ഥമായാണ് പഴഞ്ചൊല്ലിന്റെ ഈണത്തിൽ മാസ്റ്റർ വരികളും വാക്കുകളും ചേർത്തുവച്ചത്. പാട്ട് ഇങ്ങനെയായിരുന്നു:

"ചവച്ചരച്ചിറക്കിടാം
കഴിച്ചിടുന്നതൊക്കെയും
ചവച്ചരച്ചുമെല്ലവേ
ഇറച്ചി ചോറുമീൻകറീം" – (അൻവർ അലി, 30: 2012)

ഈ ഈരടികൾ പാടിയശേഷം മാത്രമേ കുട്ടികൾ സർവസാധാരണമായ ഉപചാരവാക്കിലേക്ക് പ്രവേശിക്കുകയുള്ളൂ. ഇങ്ങനെ റ്റോമോയിലെ വിശേഷങ്ങളോരോന്നായി തെത്സുകോ വരച്ചുകാട്ടി.

തെത്സുകോ കുറിയോനഗിയായി വളർന്ന പഴയ ടോട്ടോചാൻ, അവളുടെ സ്കൂളിനെക്കുറിച്ച് കുമ്പാരക്കണക്കിന് വിശേഷങ്ങളാണ് നമ്മോട് പറയുന്നത്. കുട്ടികളുമായി ഇടപഴകിയ ഓരോരുത്തർക്കും നൽകാൻ- അവർ അദ്ധ്യാപകരോ രക്ഷകർത്താക്കളോ മുത്തശ്ശി മുത്തച്ഛന്മാരോ എന്നല്ല കുട്ടികൾ തന്നെയോ ആയിക്കൊള്ളട്ടെ- ഒരുപാടൊരുപാടുണ്ട്, കുറോയാനഗിയുടെ പക്കൽ.

ടോട്ടോചാന് ഒരു ശീലമുണ്ടായിരുന്നു. ടോയ്ലെറ്റിൽ പോയതിന് ശേഷം അവൾ കുഴിയിലേക്ക് എത്തി വലിഞ്ഞ് നോക്കും. തീരെ ചെറിയ കുട്ടിയായിരുന്നപ്പോൾത്തന്നെ അവളിതു ചെയ്യുമായിരുന്നു. പള്ളിക്കൂടത്തിൽ പോയി തുടങ്ങുന്നതിനും മുമ്പ്, അനേകം കുഞ്ഞ് തൊപ്പികൾ ഇത്തരത്തിൽ അവൾക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. വിലപിടിപ്പുള്ള പനമ്പുകൊണ്ട് നിർമ്മിച്ച അപൂർവ്വമായ ഒന്നും വെള്ളത്തൂവാല തുന്നിച്ചേർത്ത മറ്റൊന്നും ഉൾപ്പെടെ. അക്കാലത്തെ ടോയ്ലെറ്റുകൾ ആധുനികരീതിയിൽ നിർമ്മിച്ചവയായിരുന്നില്ല. സ്ലാബിനടിയിൽ ഓവുകളോടുകൂടിയ വലിയ ഒരു കുഴിതയ്യാറാക്കുകയാണ് പതിവ്. ഈ കുഴിയിൽ തന്റെ ഹാറ്റുകൾ ഒഴുകിനടക്കുന്നത് അവൾക്ക് കാണാം. ടോയ്ലെറ്റ് ഉപയോഗിച്ചു കഴിഞ്ഞാൽ അതിലേക്ക് എത്തിവലിഞ്ഞ് നോക്കരുതെന്ന് അമ്മ എപ്പോഴും പറയുമായിരുന്നു.

അന്നേ ദിവസം ക്ലാസ് തുടങ്ങുന്നതിന് മുമ്പ് ടോട്ടോചാന് ടോയ്ലെറ്റിലേക്ക് പോകേണ്ടിവന്നു. അമ്മയുടെ വിലക്ക് ഓർക്കാൻ കഴിയുന്നതിന് മുമ്പ് തന്നെ അറിയാതെ താഴേക്ക് നോക്കിപ്പോയി. ആ നിമിഷത്തിൽ ഒരു നിമിഷം പഴ്സിലെ പിടി ഒന്ന് അയഞ്ഞിരിക്കണം. അത് കൈയിൽ നിന്നും വഴുതിവീണു. വെള്ളം തെറിപ്പിച്ച് കുത്തനെ കുഴിയിലേക്ക്. യ്യോ! താഴെ ഇരുട്ടിലേക്ക് കണ്ണുംനട്ട് ഒരപശബ്ദം പുറപ്പെടുവിക്കാനേ അവൾക്ക് കഴിഞ്ഞുള്ളൂ. പക്ഷേ കുത്തിയിരുന്ന് കരയാൻ ടോട്ടോ കൂട്ടാക്കിയില്ല. പഴ്സ് ഉപേക്ഷിക്കാനും. അവൾ നേരെ വാച്ചറുടെ ഷെഡ്ഡിലേക്കോടി. തോട്ടപ്പണിക്കുപയോഗിക്കുന്ന ഒരു മൺവെട്ടി പണിപ്പെട്ട് എടുത്തുകൊണ്ടുവന്നു. തടിയിൽ പണിത പിടിക്ക് തന്നെ അവളുടെ രണ്ടിരട്ടി നീളമുണ്ടായിരുന്നു. പക്ഷേ അതൊരു പ്രശ്നമേയല്ലെന്ന ഭാവത്തിൽ മൺവെട്ടിയും തോളിലേറ്റി അവൾ സ്കൂളിന്റെ പിൻവശത്തേക്ക് നടന്നു. ഓവുചാൽ അവസാനിക്കുന്ന സ്ഥലം എത്ര ശ്രമിച്ചിട്ടും അവൾക്ക് കണ്ടുപിടിക്കാനായില്ല. ടോയ്ലെറ്റിന്റെ പിന്മതിലിനു പുറത്തായിരിക്കും അത് ചെന്ന് നിൽക്കുന്നതെന്നായിരുന്നു അവളുടെ ധാരണ. കുറേ നേരത്തെ പരിശ്രമത്തിന് ശേഷം അവളത് കണ്ടെത്തി. അല്പം അകലെയായി കോൺക്രീറ്റിലുള്ള ഒരു ചെറിയ സ്ലാബ്. വളരെ കഷ്ടപ്പെട്ട് അവൾ സ്ലാബുയർത്തി. താൻ തിരഞ്ഞ സംഭവം തന്നെയാണിതെന്ന് അവൾക്ക് ബോധ്യമായി. പതുക്കെ തല ഉള്ളിലേക്ക് കടത്തി.

യ്യോ! ഇത് കുഹോൺബസതുകൊളത്തിൻറത്രയുണ്ടല്ലോ ടോട്ടോചാൻ അറിയാതെ പറഞ്ഞുപോയി (അൻവർ അലി, 39:2012). അവൾ പണി ആരംഭിച്ചു. ആദ്യം പേഴ്സ് കണ്ടേക്കുമെന്ന് അവൾക്ക് തോന്നിയ ഭാഗത്തു നിന്ന് അഴുക്കു കുറേശ്ശെ കോരി മാറ്റാൻ തുടങ്ങി. മൂന്ന് ടോയ്ലറ്റുകളിലേയും ഓവുകൾ ചെന്നു ചേരുന്ന കൂറ്റൻ ടാങ്ക്; ഇരുട്ട് നിറഞ്ഞതും ആഴമേറിയതും. ടോട്ടോയുടെ കുഞ്ഞുതല അപകടമാം

വിധം ദ്വാരത്തിനുള്ളിലായിരുന്നു. അവൾ ഉള്ളിൽ വീണു പോകാൻ തന്നെ ഇടയുണ്ട്. കുറേക്കൂടി സുരക്ഷിതമായ സ്ഥാനത്തിരുന്ന് കുറേശ്ശെയായി കോരുക മാത്രമേ നിർവ്വാഹമുള്ളൂ എന്ന് അവൾക്കു മനസ്സിലായി. ഉള്ളിലുള്ള പദാർത്ഥങ്ങൾ കോരിയെടുത്ത്, അവൾ ദ്വാരത്തിനു ചുറ്റുമായി നിക്ഷേപിച്ചുകൊണ്ടിരുന്നു. ഓരോ തവണയും ടോട്ടോചാൻ മൺവെട്ടിയിലെ വസ്തുക്കൾ നന്നായി പരിശോധിച്ചു. പേഴ്സ് കണ്ടുപിടിക്കാൻ ഇത്രയേറെ കഷ്ടപ്പെടേണ്ടി വരുമെന്നവൾ കരുതിയിരുന്നില്ല. നേരം ഒരുപാടായി. അവൾ കോരിക്കൊണ്ടിരുന്നു. പേഴ്സ് പോയിട്ട് അതിൻറെ പൊടി പോലും കാണാനില്ല. ഒടുവിൽ മണി മുഴങ്ങി. ക്ലാസ് ആരംഭിക്കാൻ സമയമായി. ഇനിയിപ്പൊ എന്താ ചെയ്ക? അവൾക്ക് ഒരെത്തും പിടിയും കിട്ടിയില്ല. എന്തായാലും ഇത്രയുമായ സ്ഥിതിക്ക് കുറച്ചുകൂടി നോക്കുക തന്നെ. പൂർവ്വാധികം വാശിയോടെ അവൾ തിരച്ചിൽ തുടർന്നു.
അതിനിടയിൽ മാസ്റ്റർ അതുവഴി വന്നു. അപ്പോഴേക്കും കുഴിക്കരികിൽ അഴുക്കിന്റെ ഒരു കൂമ്പാരം തന്നെ ആയിക്കഴിഞ്ഞിരുന്നു. ടോട്ടോ, നീയെന്താ ചെയ്യണേ? മാസ്റ്റർ ചോദിച്ചു. എന്റെ പേഴ്സ് ടോയ്‌ലറ്റിൽ വീണു. തിരച്ചിലിനിടയിൽ ഒരു നിമിഷം പോലും പാഴാക്കാതെ അവൾ പറഞ്ഞു.

ഉവ്വോ, നടക്കട്ടെ തന്റെ പതിവ് ശൈലിയിൽ കൈകൾ പിന്നിൽ കെട്ടി അദ്ദേഹം നടന്നകന്നു. അവൾക്കിതുവരെയും പഴ്സ് കണ്ടെത്താനായില്ല. കൂനയുടെ ഉയരം കൂടികൂടി വന്നു. ഗന്ധവും. മാസ്റ്റർ വീണ്ടും വന്നു. കിട്ടിയോ ഇല്ല്യ. കൂനകൾക്കിടയിൽ നിന്ന് ടോട്ടോ കഴുത്തുയർത്തി. മുഖം വിയർത്തൊലിക്കുന്നുണ്ടായിരുന്നു. കവിളുകൾ വല്ലാതെ ചുവന്നിരുന്നു. അവളുടെ അടുത്തേക്ക് സ്വല്പം കൂടെ നീങ്ങിനിന്ന് സൗഹൃദഭാവത്തിൽ അദ്ദേഹം പറഞ്ഞു. തെരഞ്ഞു കഴിഞ്ഞാലേ, ഒക്കെം തിരികെ കോരിയിടണം എന്താ ഇടോ? ശേഷം പഴയമട്ടിൽ അദ്ദേഹം നടന്നുമറഞ്ഞു. (അൻവർ അലി,41 : 2012)

ജപ്പാൻകാരനായ ഫുക്കുവോക്കയുടെ ഒറ്റവൈക്കോൽ വിപ്ലവം എന്ന പുസ്തകത്തെയും ആശയത്തെയും പറ്റി നമ്മൾ കേട്ടിരുന്നു. സസ്യങ്ങളെ അതിന്റെ സ്വാഭാവിക വളർച്ചയ്ക്ക് വിടുക എന്ന സുന്ദരമായ സംഗതിയാണ് ഫുക്കുവോക്ക നിർദ്ദേശിക്കുന്നത്. സ്വാഭാവികമായ അന്തരീക്ഷത്തിൽ സസ്യങ്ങൾക്ക് പ്രതിരോധശേഷി ലഭിക്കുമെന്നും വളർച്ചയ്ക്ക് പ്രതികൂലമായി വരുന്ന അവസ്ഥകളെല്ലാം തന്നെ കാലക്രമേണ ഇല്ലാതായിക്കൊള്ളുകയോ, അതിനുതക്ക പ്രതിരോധം വിത്തിലും ചെടിയിലും ഉണ്ടായിവരികയും ചെയ്യുമെന്നും ഫുക്കുവോക്ക ചെയ്തുകാണിച്ചു തരികയായിരുന്നു. എന്നാൽ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ ആശാവഹമായ രീതികൾ സ്വീകരിക്കാൻ നമുക്ക് സാധിക്കാതെ പോകുന്നുണ്ട്, പലപ്പോഴും. മനുഷ്യന്റെ സ്വാഭാവികമായ വളർച്ചയും പരിണാമവും വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസ പദ്ധതിയുടെ ആവശ്യകതയെപ്പറ്റി നാം ചിന്തിക്കേണ്ടതിന്റെ ആവശ്യകത ടോട്ടോചാൻ നമ്മെ ബോധ്യപ്പെടുത്തുന്നു. അത്തരമൊരു വിദ്യാലയത്തിൽ പഠിച്ച കുറയോനഗി എഴുതിയ ടോട്ടോചാൻ എന്ന കൃതിയിൽ അങ്ങനെ ചിന്തിക്കുകയും ഉപേക്ഷിക്കപ്പെട്ട റെയിൽ ബോഗികളിൽ അധ്യയനം നടത്തുകയും ചെയ്ത ഫുക്കുവോക്കയുടെ നാട്ടുകാരനായ കൊബായാഷി മാസ്റ്ററെ പറ്റിയുള്ള ഓർമ്മകൾ നമുക്ക് വായിക്കാം.

ഫ്രഞ്ച് തത്ത്വജ്ഞാനിയായ റൂസ്സോ, തന്റെ മിലി (Mile) എന്ന നോവലിൽ കുട്ടികളുടെ മനസ്സ് മുതിർന്നവരുടെ മനസ്സിന്റെ കൊച്ചുപതിപ്പല്ല എന്നും അവർക്ക് വ്യത്യസ്തവും സ്വതസിദ്ധവുമായ ഒരു മനസ്സാണുള്ളതെന്നും ചൂണ്ടിക്കാട്ടി. കുട്ടികൾ ജന്മനാവിവേ

**ജപ്പാൻകാരനായ ഫുക്കുവോക്കയുടെ ഒറ്റവൈക്കോൽ വിപ്ലവം എന്ന പുസ്തകത്തെയും ആശയത്തെയും പറ്റി നമ്മൾ കേട്ടിരുന്നു. സസ്യങ്ങളെ അതിന്റെ സ്വാഭാവിക വളർച്ചയ്ക്ക് വിടുക എന്ന സുന്ദരമായ സംഗതിയാണ് ഫുക്കുവോക്ക നിർദ്ദേശിക്കുന്നത്. സ്വാഭാവികമായ അന്തരീക്ഷത്തിൽ സസ്യങ്ങൾക്ക് പ്രതിരോധശേഷി ലഭിക്കുമെന്നും വളർച്ചയ്ക്ക് പ്രതികൂലമായി വരുന്ന അവസ്ഥകളെല്ലാം തന്നെ കാലക്രമേണ ഇല്ലാതായിക്കൊള്ളുകയോ, അതിനുതക്ക പ്രതിരോധം വിത്തിലും ചെടിയിലും ഉണ്ടായിവരികയും ചെയ്യുമെന്നും ഫുക്കുവോക്ക ചെയ്തുകാണിച്ചു തരികയായിരുന്നു. എന്നാൽ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ ആശാവഹമായ രീതികൾ സ്വീകരിക്കാൻ നമുക്ക് സാധിക്കാതെ പോകുന്നുണ്ട്,**

കമുള്ളവരാണെന്നും അവർക്ക് അനുഭവങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സ്വയം പഠിക്കാൻ കഴിയുമെന്നും ബുദ്ധിമാന്മാരായ മുതിർന്നവർക്ക് കുട്ടികളെ വഴികാട്ടാൻ കഴിയുമെന്നുമുള്ള റൂസ്സോയുടെ സിദ്ധാന്തത്തിൻറെ ചുവടുപിടിച്ച് ധാരാളം കഥകൾ അന്ന് പുറത്തുവരികയുണ്ടായി (പ്രഭാകരൻ, പഴശ്ശി, ഡോ. :26:2013)

തെത്സുകോ കുറയൊനഗി എന്ന ടോട്ടോചാനെ ആദ്യം പഠിച്ച സ്കൂളിൽ നിന്നും പറഞ്ഞയക്കുകയാണുണ്ടായത്. തുടരെ തുടരെ പെൻസിൽ ബോക്സ് തുറന്നുമടച്ചും ജനാലയ്ക്കരികിൽ ചെന്ന് നിന്ന് തെരുവിലെ പാട്ടുസംഘത്തിന് ചെവി കൊടുത്തും മറ്റും ശല്യപ്പെടുത്തുന്നുവെന്ന കാരണത്താൽ പുറത്താക്കപ്പെട്ട വിവരം ടോട്ടോയെ അറിയിക്കാതെ അമ്മ കൊബായാഷി മാസ്റ്ററുടെ റ്റോമോഗാകെൻ സ്കൂളിൽ കൊണ്ടുചെല്ലുന്നു. കൊബായാഷി മാസ്റ്ററുടെ കുഞ്ഞുമായുള്ള അഭിമുഖം തന്നെ വളരെ രസകരമാണ്. സംസാരിച്ച് തുടങ്ങിയ ടോട്ടോ ഇനി ഒന്നും പറയാനില്ലാതെ നിർത്തുന്നതുവരെ മാസ്റ്റർ അത് കേട്ടുകൊണ്ടേയിരുന്നു. ഏകദേശം നാലര മണിക്കൂർ. ഇൻറർവ്യൂ അത്ര തന്നെ. സ്കൂളിലെ ഭക്ഷണരീതികൾ കണിശമാണ്. കൃഷിയെക്കുറിച്ച് ക്ലാസെടുക്കാൻ വരുന്നത് ഒരു അഗ്രികൾച്ചർ ബിരുദധാരിയല്ല, മറിച്ച് ഒരു കൃഷിക്കാരനാണ്. ഇങ്ങനെ ഒട്ടനവധി വിശേഷങ്ങളുണ്ടീ വിദ്യാലയത്തിൽ.

1937ൽ ഒട്ടനവധി പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും ശേഷമാണ് സൊസാകു കൊബായാഷി റ്റോമോഗാകെൻ ആരംഭിച്ചത്. ജപ്പാനിലെ വിദ്യാഭ്യസവിചക്ഷണന്മാരെ ഈ പുസ്തകം ഏറെ സ്വാധീനിച്ചിരുന്നതായി കാണാം. പുസ്തകത്തിൻറെ അവസാനത്തിൽ ടോട്ടോയോടൊപ്പം ഈ സ്കൂളിൽ പഠിച്ചവരിൽ ചിലരുടെ വിവരങ്ങളും ചേർത്തിട്ടുണ്ട്. കുട്ടിയുടെ കാഴ്ചപ്പാടിൽ നിന്നുള്ള രസകരമായ വിവരണം തീർച്ചയായും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ടോട്ടോചാൻ മാത്രമല്ല മറ്റ് കഥാപാത്രങ്ങളും ശ്രദ്ധിക്കപ്പെടേണ്ടവരാണ്. കഥയിൽ ഉടനീളം പ്രത്യക്ഷപ്പെടുന്ന കൊച്ചു ടോട്ടോയുടെ അച്ഛൻ, മാസ്റ്ററുടെ മകളായ മിയോചാൻ, പിന്നെ ടോട്ടോയുടെ വികൃതികളായ സുഹൃത്തുക്കൾ, സാക്കോചാൻ, തകാഹാഷി, കാസു ഓ അമാദേര, ക്യൂനിൻ ഒയെ, മിഗിത പിന്നെ പോളിയോ ബാധിച്ച യാസുകിചാനും. ചട്ടക്കൂടുകളുടെയും പാഠപുസ്തകങ്ങളുടെയും ലോകത്തിനപ്പുറം കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ പരിഷ്കരിക്കപ്പെടുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആവശ്യകത ഈ പുസ്തകം അനുവാചകനെ ചിന്തിപ്പിക്കുന്നു. പ്രകൃതിയുടെ ഭാഗമായി മാറാൻ വിദ്യാർത്ഥികൾക്ക് കഴിയണം എന്ന് തുടങ്ങി നിരവധി സാരവത്തായ ആശയങ്ങൾ ഗ്രന്ഥകർത്താവ് അനുഭവത്തിലൂടെ കാണിച്ചു തരുന്നു. റ്റോമോ വിദ്യാലയത്തിലെ കുട്ടികൾക്ക് പ്രകൃതിയോടിണങ്ങി ജീവിക്കാനുള്ള അവസരം ലഭിച്ചിരുന്നു. അതുകൊണ്ട് തന്നെ പ്രകൃതിയിൽ നിന്നും ഒരുപാട് ജീവിതപാഠങ്ങൾ സ്വന്തമാക്കാൻ അവർക്കു കഴിഞ്ഞു. സ്വതന്ത്രമായ അന്തരീക്ഷം സൃഷ്ടിച്ചു കൊണ്ട് കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വിഷയങ്ങൾ പഠിപ്പിക്കാൻ ശ്രമിക്കുന്ന അധ്യാപകനായിരുന്നു കൊബായാഷി മാസ്റ്റർ. അതുകൊണ്ട് തന്നെയാണ് അദ്ദേഹത്തിന്റെ പള്ളിക്കൂടം അവർക്ക് വീട്ടിൽ നിന്നകലെ ഒരു വീടായി മാറിയതും. കുട്ടികളെ അവരുടെ നൈസർഗികതയ്ക്ക് വിട്ടു കൊടുത്ത റ്റോമോ എന്ന വിദ്യാലയത്തെയും കൊബോഷി എന്ന അദ്ധ്യാപകനെയും ലോകത്തിനു മുന്നിൽ പരിചയപ്പെടുത്തി എന്നതിലുപരി മത്സരാധിഷ്ഠിത വിദ്യാഭ്യാസത്തിലുപരി, അതിന് ബദൽ തെരഞ്ഞെടുക്കുന്നവർക്കും അഭയമായി മാറി ടോട്ടോചാൻ.

അങ്ങനെ കുഞ്ഞുടോട്ടോ വിദ്യാഭ്യസ രീതികളെ മാറ്റിമറിച്ച വികൃതി പ്പെൺകുട്ടിയായി. കുഞ്ഞുങ്ങളുടെ സഹജമായ ഇച്ഛകളെ തുരങ്കം വയ്ക്കാതിരിക്കുക. അവരുടെ സ്വപ്നങ്ങൾ മഹത്തരമാണെന്ന് തിരിച്ചറിയുക. ഇതെല്ലാം ഈ പുസ്തകം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളാണ്. ജപ്പാനിലെ ബെസ്റ്റ് സെല്ലറായ ടോട്ടോചാൻ എല്ലാവിധ ഊറ്റത്തോടെയും ഊട്ടിയുറപ്പിക്കുന്ന സന്ദേശം ഇതാകുന്നു.

“നൂറ് പൂക്കൾ വിരിയട്ടെ, ആയിരം ചിന്താപദ്ധതികൾ നമ്മിലുയരട്ടെ”

ലോകത്തിന്റെ നെഞ്ചിൽ തൊടുക്കപ്പെട്ട ആറ്റം ബോബിലാണ് ഈ സ്കൂളും അവസാനിക്കുന്നത്. വായിക്കാനും വിദ്യാഭ്യാസപദ്ധതിയുടെ അപര്യാപ്തതയെ കുറിച്ച് ചിന്തിക്കാനും ഉതകുന്ന ഒരു നല്ല പുസ്തകമാണിത്.

**ഗ്രന്ഥസൂചി**



*അൻവർ അലി 2012 ടോട്ടോചാൻ ജനാലയ്ക്കരികിലെ വികൃതിക്കുട്ടി, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ*

*പ്രഭാകരൻ പഴശ്ശി, ഡോ.2013 ബാലസാഹിത്യം മലയാളത്തിൽ ഒരാമുഖം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം*

*രാജീവൻ, ബി 2011 വാക്കുകളും വസ്തുക്കളും, ഡി.സി.ബുക്സ്, കോട്ടയം*

*ശ്രീകുമാർ.എ.ജി (എഡി), 2014, ജനപ്രിയസാഹിത്യം മലയാളത്തിൽ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.*

## ചർച്ചാവിഷയം




ഹരിത എം.
ജേർണലിസം മലയാളം ഇനീ വിഷയങ്ങളിൽ ബിരുദാനന്തരബിരുദം.സ്വദേശം കോഴിക്കോട്. അദ്ധ്യാപിക.ആനുകാലികങ്ങളിൽ കഥകളും ലേഖനങ്ങളും എഴുതാറുണ്ട്.


# യക്ഷി : ഭയം സ്വാതന്ത്ര്യം പരിച്ഛേദം



പുനർവായനകളിൽ സവിശേഷമായ ഒരപരമണ്ഡലം ചുമക്കുന്നു എന്ന ഒറ്റക്കാരണം കൊണ്ട് വേറിട്ടടയാളപ്പെടാൻ കെൽപ്പുള്ള സബ് കോണറുകളാണ് സാഹിത്യത്തിൽ യക്ഷിക്കഥകളുടേത്.

കുട്ടികളെ രസിപ്പിച്ചിരുന്ന ജർമ്മൻ യക്ഷിക്കഥകൾ ഡിസ്നി സിനിമയാക്കിയപ്പോൾ,രാജകുമാരനിൽ അവസാന അഭയം തേടുന്ന വേലക്കാരികകളോ മത്സ്യകന്യകമാരോ,കർഷക പുത്രിമാരോ ആയ നായികമാർ പാട്രിയാർക്കിയൽ സമഭാവനയുടെ ഉപോല്പന്നങ്ങളായി വകയിരുത്തപ്പെട്ടു.ആൺതാല്പര്യങ്ങളുടെ ലൈംഗിക-സദാചാര ആവശ്യങ്ങൾ നിറവേറപ്പെടുന്നതിനുള്ള കണ്ടീഷനിങ് ആണ് കുട്ടികളെ ഫെയറി ടൈലുകൾ വായിക്കാൻ വിടുന്നതിലൂടെ നിറവേറപ്പെടുന്നതെന്ന ആലിസ് സൈത്തിനെ പോലെയുള്ള മനഃശാസ്ത്രജ്ഞരുടെ വാദങ്ങളും ചെറുതല്ലാത്ത പ്രകമ്പനം അന്നേ സൃഷ്ടിച്ചിരുന്നു.അത്തരം വാദങ്ങളെ പൊളിക്കാൻ വേണ്ടി തന്നെ ഫെയറി ടൈലുകളെ ഉപജീവിച്ചെടുക്കുന്ന സിനിമകളിൽ ഡിസ്നിയെപോലെയുള്ള പ്രൊഡക്ഷൻ കമ്പനികൾ ജനിതകമാറ്റം വരുത്തിയ യക്ഷികഥാചിത്രങ്ങളായ ഫ്രോസൺ,മോനാ,മുലാന് ,ബ്രേവ് തുടങ്ങിയവ ഉൾപ്പെടുത്തുകയുണ്ടായി.വിവാഹമെന്ന സാധ്യതയിലല്ലാതെ സ്ത്രീ എന്ന ലിംഗത്തെ സമാന്തരമായി നിർവചിക്കുന്ന പോസ്റ്റ് ട്രൂത് ഫെയറി ടൈൽ സിനിമകൾ എന്ന നിലയിൽ അവ വ്യവഹരിക്കപ്പെട്ടു.

മലയാളത്തിൽ യക്ഷി എന്ന ബിംബത്തിന്റെ ചി

ത്രീകരണം അതികാല്പനികമാണ്. വേരുകളെ അന്വേഷിക്കുന്തോറും അധികാരബിംബങ്ങൾക്കെതിരെ 'പക'എന്ന വൈകാരികതയിൽ എതിരിടുന്ന റിബലുകളായാണ് യക്ഷി എന്ന നിർമ്മിതി കേരളീയ ഭാവുകത്വത്തിൽ സ്ഥാനം കണ്ടെത്തിയത് എന്നുകാണാം. അനിയന്ത്രിതമായ ക്ഷോഭത്തിൽ/വൈകാരിക വിക്ഷോഭത്തിൽ കൊലപാതകത്തിന് വിധേയയാക്കപ്പെട്ട സ്ത്രീയുടെ ആത്മാവിന്റെ പ്രേതനീതിയാണ് യക്ഷിയിലൂടെ നടപ്പാക്കാറുള്ളത്. ജാതി, ലിംഗം, അധികാരം എന്നീ സാംസ്കാരിക പരിപ്രേക്ഷ്യങ്ങളിൽ നിന്ന് വിസ്മൃതിയ്ക്കപ്പെട്ട ഈ സ്ത്രീമാതൃക സ്വാത്വബോധത്തിന്റെ, അതിരുകളില്ലാത്ത ലിബറേഷന്റെ പ്രതിനിധിയായാണ് ആധുനിക ഫെമിനിസ്റ്റ് ചിന്തകളിൽ കാലുറപ്പിച്ചത്. ഐതീഹ്യമാലയിയുടെയും പുരാവൃത്തങ്ങളുടെയും പോസ്റ്റ് കൾച്ചറൽ വായനകൾ ആ ബിംബത്തെ വിഭാവനം ചെയ്യുന്നത് സ്ത്രീവാദ സങ്കൽപ്പനങ്ങളിലെ അധികാര സംഘർഷത്തിന്റെ ടൂളായാണ്. ഐഡന്റിറ്റിയെ പരിഗണിക്കാതിരുന്ന ജൻഡറിന്റെ മൂല്യച്യുതിയോടുള്ള അവസാനിക്കാത്ത സമരമായും അവളുടെ പകവിവക്ഷിക്കപ്പെട്ടു.

കള്ളിയങ്കാട്ടു നീലിയാണ് മലയാളത്തിലെ പ്രമുഖ യക്ഷി. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യമാലയിലാണ് നീലിയെക്കുറിച്ചുള്ള പരമാർശം കാണാനാകുക.സ്വാർത്ഥനായ ഭർത്താവിനാൽ ക്രൂരമായി കൊലചെയ്യപ്പെട്ട അല്ലിയാണ് നീലിയായി മാറിയത്.യക്ഷിയിലെ സൗന്ദര്യം എന്ന ആരോപണത്തിന്റെ വക്താക്കളിൽ പ്രധാനി നീലിയാണ്.ചോരചെഞ്ചുണ്ടുകളും പൈമ്പാലിന്റെ നിറവും,കൈക്കൊതുങ്ങാത്ത കേശഭാരവുമുണ്ടായിരുന്ന മലയാളിയുടെ ഐഡിയൽ സ്ത്രീസങ്കല്പമായിരുന്നു നീലിയുടേത്. രൂപത്തിൽ കേരളീയ ഭാവഭദ്രത തുളുമ്പിനിന്നെങ്കിലും അവളുടെ പകയും,രാക്ഷസീയ ഭാവവും പൊതുമണ്ഡലത്തിൽ തീർത്തും മാതൃകാപരമോ സദാചാരപരമോ ആയിരുന്നില്ല.അതിനാൽ തന്നെ കടമറ്റത്തു കത്തനാരെന്ന പുരുഷനാൽ സമൂഹത്തിന്റെ അധികാര ദ്വന്ദ്വത്തിന് നിരക്കും വിധം അവൾ ഉച്ചാടനം ചെയ്യപ്പെട്ടു. സ്ത്രീയെ അംഗീകരിക്കാനല്ലാതെ ആരാധിക്കാൻ മടിയില്ലാതിരുന്ന സാംസ്കാരികാന്തരീക്ഷം അവളുടെ പരാജയത്തെ/വ്യക്തി എന്ന നിലയിൽ അവളനുഭവിച്ച നീതികേടിനെ ദൈവീകമെന്ന് കണക്കാക്കി അവരോധിച്ചു. എന്നിരുന്നാലും ആയുസ്സില്ലാത്ത നീലിയുടെ പകയായിരുന്നു അവളുടെ സ്വാതന്ത്ര്യം. നൈമിഷികമായിരുന്നെങ്കിൽ കൂടിയും,പാതിവ്രത്യത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും മാറാപ്പുകൾക്കിടയിൽ നിന്നും മരണമാണ് അവളെ സ്വച്ഛന്ദമായ ആ സ്വാതന്ത്ര്യത്തിലേക്ക് ഉയർത്തിയത്. നീലിയുടെ അടിച്ചമർത്തപ്പെടലിനെ പാവനമായും,അവൾ ഉന്നയിച്ച/വിഹരിച്ച 'യക്ഷിത്വം' എന്ന അപരിമേയ മണ്ഡലത്തെ പൈശാചികമായും വിലയിരുത്തപ്പെടുന്നതിനകത്തുള്ള സ്ഥൂലരൂപമായ ലിംഗപദവീ പ്രശ്നത്തെ മായ്ച്ചുകൊണ്ടാണ് നാം ആ കഥാപാത്രത്തെ മനസിലാക്കുന്നത്. അവളിൽ നിലനിൽക്കുന്ന 'ചോരക്കൊതി' ഉത്കടമായ സ്വാതന്ത്ര്യദാഹമാണ്.അവളിൽ അടിച്ചേൽപ്പിച്ച പരിപാവനത്വം അവൾ ഉണ്ടാക്കിയെടുത്ത കരുത്തിന്റെ/നിരാശ്രയത്വത്തിന്റെ/ പെണ്ണത്വത്തിന്റെ ആത്മബലിയാണ്.പുരാവൃത്തം കണ്ട ബാഹുല്യമേറിയ സ്ത്രീപക്ഷവാദിയായി നീലിയെ പ്രതിഭാവനം ചെയ്യുമ്പോൾ അവളുടെ 'പ്രീ എക്സോർസീറ്റ് കരിസ്മയെ'സ്വാതന്ത്ര്യത്തിന്റെ ബദൽ സങ്കേതമായി അടയാളപ്പെടുത്തേണ്ടിവരും.

യു.എ. ഖാദറിന്റെ തൃക്കോട്ടൂർ പെരുമയിലെ ചന്തയിൽ ചൂടി വിൽക്കുന്ന പെണ്ണ് എന്നകഥയിൽ റെഫെറൻസ് ആയി വിനിയോഗിക്കപ്പെടുന്നത്,വടക്കൻ പാട്ടിലെ പൂലുവയക്ഷി കുട്ടിമാണിയാണ്. ജാത്യാവിഷ്ടമായ സവർണ്ണ പ്രിവിലേജുകൾക്ക് ഇരയായി രക്തസാക്ഷിത്വം വരിച്ച കുട്ടിമാണി,കഥയിലെ ജാനകി എന്ന നായികാകഥാപാത്രത്തിനെ കവിഞ്ഞുനിൽക്കുന്നതായാണ് വായനക്കാരന് അനുഭവപ്പെടുക.കുട്ടിമാണിയിലാണ് ജാനകിയുടെ കരുത്തിനെ എഴുത്തുകാരൻ ആവാഹിച്ചുവെച്ചത്.

തന്റെ പകയെ മോൾഡ് ചെയ്യാൻ ആ സ്ത്രീ പ്രതി പ്രവർത്തിപ്പിക്കുന്ന അപരമുഖമാണ് കുട്ടിമാണിയുടേത്. രണ്ടുസ്ത്രീകൾ ജീവിതത്തിന്റെ രണ്ടു ഘട്ടങ്ങളിൽ അനുഭവിച്ച ജാതി-ലിംഗ ഭീകരതയുടെ വീണ്ടെടുപ്പായാണ് ഈ കഥയിൽ 'യക്ഷി'എന്ന രൂപകം ഇടപെടുന്നത്.അത് വിഭാവനം ചെയ്യുന്നത് കരുത്തിന്റെയും, ആത്മവിശ്വാസത്തിന്റെയും പ്രതീകമായിട്ടും. അതിനു ഉപോത്ബലകമായി വർത്തിക്കുന്ന പക എന്ന സ്രോതസ്സ് ഇവിടേയും ജാനകിയ്ക്ക് നൽകുന്നത് അവിശ്വസനീയമായ സ്വാതന്ത്ര്യബോധമാണ് എന്നതിനെ വേറിട്ട് കാണേണ്ടതുണ്ട്.

യക്ഷിക്കഥകളും,യക്ഷി കേന്ദ്രകഥാപാത്രമായി വരുന്ന ആഖ്യായികളും ഉത്തരാധുനികതയുടെ കാലിഡോസ്കോപ്പിലെ, ഫെമിനിസ്റ്റ് തീമുകളിലധിഷ്ഠിതമായ നവ ലിബറൽ പുരവൃത്തങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുന്നത്. വ്യക്തികേന്ദ്രീകൃതമായ കാരണങ്ങൾ കൊണ്ട് ഭീകരമായി കൊലചെയ്യപ്പെട്ട് പിന്നീട് ദൈവീകതയുടെ അന്തർ സരണികളിലേക്ക് ഉയർത്തപ്പെടുന്ന ഭാവുകത്വമായി അവരെ നിർമ്മിച്ചത് പുരുഷാധികാര സമൂഹമാണെങ്കിലും,പൊതുമധ്യത്തിൽ സ്ത്രീയ്ക്ക് കയ്യാളാൻ കഴിയാതിരുന്ന അത്യപൂർവമായ ഭീതിയുടെ രൂപീകരണം നടക്കപ്പെട്ടത് ആ ബിംബം മുന്നോട്ടുവെച്ച അബോധപൂർവമായ ശാക്തീകരണ പ്രവർത്തനത്തിന്റെ ഫലമായിരുന്നു എന്നുവേണം കരുതാൻ. അതിനാൽ യക്ഷിക്കഥകളൊന്നും കേവലം ഇമാജിനേറ്റീവ് നരേറ്റീവുകളായി തുടരുന്നില്ല.

.





**ഡോ. ദിവ്യ.എം**
അസി.പ്രൊഫസർ, ഗവ. ആർട്സ്&സയൻസ് കോളേജ്, ഒല്ലൂർ

# നാടോടിക്കഥകളിലെ സ്ത്രീസ്വത്വം

ഏതു സാഹിത്യത്തിന്റേയും പ്രാഗ്‌രൂപമാതൃകകൾ വാചിക സാഹിത്യത്തിലായിരിക്കും. ഓലയും നാരായവും കൂടാതെ നാടൻ ജനതയിൽ പ്രചരിക്കുന്ന ഇത്തരം ഗ്രാമീണ സാഹിത്യത്തിൽ ഒരു സമൂഹം പ്രതിഫലിക്കുന്നതായി കാണാൻ കഴിയും.ഓരോ കഥാപാത്രങ്ങളും അതാത് ഗ്രാമീണ പൊതുജീവിതത്തിന്റെ പ്രതീകവൽക്കൃത മാതൃകകളാണ്.

ചുണ്ടിൽ നിന്ന് ചുണ്ടിലേക്കു പകർന്നു പോകുന്ന കഥാമൃതത്തിന്റെ സത്ത തേടി ചെല്ലുമ്പോൾ അതിലെ വ്യത്യസ്തരായ സ്ത്രീ കഥാപാത്രങ്ങളുടെ സ്വത്വം എന്നെ അമ്പരപ്പിച്ചു.സ്ത്രൈണ ചേതനയുടെ പ്രതിദ്ധ്വനികളാണ് അവയിലെല്ലാം നാം കാണുന്നത്. അത്തരം ചില കണ്ടെത്തലുകളാണ് ഈ ലേഖനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എണ്ണം കൊണ്ടും ഗുണമേന്മ കൊണ്ടും സാരോപദേശം കൊണ്ടും ഭാരതീയ നാടോടിക്കഥകൾ വളരെ സമ്പന്നമാണ്. ജാതക കഥകൾ, പഞ്ചതന്ത്ര കഥകൾ, മുത്തശ്ശിക്കഥകൾ എന്നിങ്ങനെ നിരവധി കഥകൾ ഭാരതത്തിൽ പ്രചാരത്തിലുണ്ട്. ലോക നാടോടിക്കഥകളിൽ പലതിന്റേയും ഉറവിടം ഇന്ത്യയാണെന്ന് കരുതുന്നവരുണ്ട്. മനുഷ്യജീവിതത്തിന്റെ വികാസപരിണാമങ്ങൾ നാടോടിക്കഥകളിൽ തെളിഞ്ഞു കാണാം. യുക്തിയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ നിരർത്ഥകമെന്ന് തോന്നാമെങ്കിലും ആഖ്യാതാവ് കേൾവിക്കാരിൽ ഉണർത്തുന്ന ആകാംക്ഷയിലാണ് എല്ലാ നാടോടിക്കഥകളുടേയും ജീവൻ .ഏതോ അപരിചിത ലോകത്ത് സംഭവിച്ചേക്കാൻ സാദ്ധ്യതയില്ലാത്ത ഒരു കഥയല്ല, നാടോടിക്കഥകൾ പറയുന്നയാൾ കേൾവിക്കാർക്ക് പരിചയപ്പെടുത്തുന്നത്.

മറിച്ച് ഏത് ലോകത്ത് നടന്നാലും അതിനോട് തന്മയീഭവിക്കത്തക്ക വിധം ശ്രോതാക്കളുടെ മനസ്സിനെ സ്വാധീനിക്കുകയാണ് അയാൾ ചെയ്യുന്നത്.

‘നാടോടിക്കഥകളെ പല തരത്തിൽ വിഭജിച്ചു നിർത്താവുന്നതാണ്.‘

ഫോക്ടെയിൽസ് ഫ്രം കൊറിയ ' എന്ന ഗ്രന്ഥത്തിൽ നാടോടിക്കഥകളെ പുരാണം, ഐതിഹ്യം, യക്ഷിക്കഥ, കല്പിത കഥ, പ്രാക്തന കഥ എന്നിങ്ങനെയാണ് വിഭജനം നടത്തിയിട്ടുള്ളത്. ' ഫോക് ലോർ ആന്റ് ഫോക് ലൈഫ്" എന്ന ഗ്രന്ഥത്തിൽ മാന്ത്രിക കഥകൾ, മതപരമായ കഥകൾ, കാല്പനിക കഥകൾ, (പ്രേമ സാഹിത്യ കഥകൾ) - ലഘുകഥകൾ (മൃഗ കഥകൾ) വ്യക്തി സംഭവ സ്മരണകൾ, നർമ്മകഥകൾ, തത്ത്വപ്രഖ്യാപന കഥകൾ, ഐതിഹ്യകഥകൾ എന്നിങ്ങനെയാണ് വിഭജന രീതി.'

ജനകീയമായ തത്ത്വശാസ്ത്രത്തിലൂന്നിയാണ് നാടോടിക്കഥകളുടെ നിലനില്പ്. കേരള സംസ്കാരത്തിന്റെ മഹിമ വിളിച്ചറിയിക്കുന്ന പറയിപെറ്റ പന്തിരുകുലത്തിന്റെ കഥ പോലുള്ള ഐതിഹാസികവും ജനകീയമായൊരാഖ്യാനം.കേരളത്തിൽ നിലവിലിരുന്ന മിത്തുകളുടെ ആകെത്തുക കൂടിയാണ് .ശക്തമായ വൈകാരിക ബന്ധത്തിലൂന്നിയാണ് എല്ലാ നാടോടിക്കഥകളുടേയും ജീവൻ നിലനിൽക്കുന്നത്. മനുഷ്യരുടെ വ്യക്തി ബന്ധങ്ങൾക്കിടയിലെ വിശ്വാസവും വിശ്വാസരാഹിത്യവും നാടോടിക്കഥകളുടെ വിഷയവൈവിദ്ധ്യത്തിൽപ്പെടുന്നുണ്ട്.

ലോകപ്രശസ്ത നാടോടിക്കഥകളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തിക്കൊണ്ട് സജീവവും വ്യതിരിക്തവുമായ ഒരു സ്ത്രൈണതേജസ്സ് എങ്ങനെയാണവയിൽ ചിത്രീകരിച്ചിരിക്കുന്നത് എന്നാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

ചിന്തയും ജീവിതവും വിനോദവും വിസ്മയവുമാണ് നാടോടിക്കഥകളുടെ ചേരുവകൾ എന്ന് അറിയാമല്ലോ...! നാടോടിക്കഥകളിൽ നിന്ന് ചില സ്ത്രീ കഥാപാത്രങ്ങൾ നോക്കാം.


**1 - (കേരളത്തിലെ ഐതിഹ്യകഥ)**

**കാരയ്ക്കലമ്മ**

കേരളീയ ഐതിഹ്യങ്ങളിൽ പെടുന്ന ഒരു പ്രധാന കഥയാണ് കാരയ്ക്കലമ്മയുടേത്. പറയിപെറ്റ പന്തിരുകുലത്തിലെ ഒരേയൊരു സത്രീ കഥാപാത്രമാണ് അവർ. ഭാരതപ്പുഴയുടെ തീരത്ത് ,അച്ഛനമ്മമാരാൽ ഉപേക്ഷിയ്ക്കപ്പെട്ട്, ഒറ്റയ്ക്ക് കരയുന്ന ആ പെൺകുട്ടിയെ കണ്ട് ദരിദ്ര കുലത്തിലെ ഒരു സ്ത്രീ എടുത്തു വളർത്തുകയാണ്. പിന്നീട് ആ കുട്ടിയെ നോക്കാനുള്ള സാമ്പത്തികാവസ്ഥ അവർക്ക് ഇല്ലാത്തതിനാൽ പണക്കാരും പ്രതാപികളും പ്രഭുക്കന്മാരുമായ കവളപ്പാറ തറവാടിന് ആ കുട്ടിയെ നൽകുന്നു. ആ കുട്ടിയെ വളർത്തുന്നതിലൂടെ അവിടെ അനുദിനം ഐശ്വര്യം വർദ്ധിക്കുന്നു.

കുട്ടിയുടെ അസാധാരണ ബുദ്ധിശക്തിയും വിവേകവും കണ്ട് ആ കുടുംബക്കാർ അവളെ ,ആദ്യം മാധവി എന്നും പിന്നീട് മാത എന്നും വിളിക്കുന്നു. വർഗ്ഗ- വർണ്ണ വ്യത്യാസമില്ലാതെ ഏവരുടേയും സങ്കടം അകറ്റുകയായിരുന്നു മാതയുടെ ജീവിത ധർമ്മം. അതിനിടെ തന്റെ സഹോദരന്മാരായ പതിനൊന്നു പേരേയും കണ്ടെത്തുകയും അവർ ഒരുമിച്ച് മാതാപിതാക്കളുടെ ശ്രാദ്ധം ഊട്ടുകയും ചെയ്യുന്നുണ്ട്. കാരയ്ക്കൽ ഭവനത്തിലേയ്ക്ക് വിവാഹം കഴിഞ്ഞെത്തിയ മാത തന്റെ കുടുംബത്തേയും ഭർത്താവിന്റെ കുടുംബത്തേയും മാത്രമല്ല ലോകത്തെ മുഴുവൻ സ്നേഹിച്ചു. ഭർത്താവ് മോക്ഷപ്രാപ്തനായതിനെ തുടർന്ന് അധികം വൈകാതെ അവരും ധ്യാനനിരത യാ യി രുന്ന് മോക്ഷപ്രാപ്തി നേടുന്നു.

ഈ കഥയിലെ പല തരം ചിത്രങ്ങളിൽ നിന്നാണ് നാം കാരയ്ക്കൽ മാത എന്ന കഥാപാത്രത്തെ വായിച്ചു തുടങ്ങേണ്ടത്. സ്ത്രീയുടെ സാത്വികഭാവത്തിന്റെ പ്രതിരൂപമാണ് അവർ. സ്വന്തം നാടിനു തന്നെ ആശ്വാസദീപമാവുക എന്നതായിരുന്നു അവരുടെ ജന്മ ലക്ഷ്യം. തന്റെ കർമ്മങ്ങളിലൂടെ ആ ജന്മലക്ഷ്യം സാധിച്ച് സാക്ഷാത്കാരം നേടാനും അവർക്ക് സാധിച്ചു.' എങ്ങനെ ജനിച്ചാലും എങ്ങനെ വളർന്നാലും ഒരു സ്ത്രീക്ക് തന്റെ ജന്മോദ്ദേശ്യങ്ങൾ പ്രാപ്തമാകാതെയിരിക്കില്ല എന്ന് കാരയ്ക്കലമ്മയുടെ കഥ നമ്മെ പഠിപ്പിക്കുന്നു. ലോകമാതാവ്- എന്ന സ്ഥാനമാണ് മാത എന്ന പേരിലൂടെ പ്രതീകവൽക്കരിക്കുന്നത്. മകൾ ലക്ഷ്മിക്കു പോലും അമ്മയുടെ ദൈവീക പരിവേഷം ഉൾക്കൊള്ളാൻ സാധിച്ചില്ല എന്നതാണ് സത്യം .എന്നാൽ ലൗകീക മോഹങ്ങളിൽ നിന്ന് മുക്തയായിക്കഴിഞ്ഞിരുന്ന കാരയ്ക്കലമ്മയ്ക്ക് ലൗകിക ബന്ധങ്ങളെ എന്നല്ല തന്റെ ജീവിതത്തെത്തന്നെയും തന്റെ ധർമ്മമെന്ന നിലയിൽ അനുഷ്ഠിക്കാനായിരുന്നു താത്പര്യം. ഏതൊരു സ്ത്രീയ്ക്കും അത് സാദ്ധ്യമാണ് എന്ന് അവർ തന്റെ ജീവിതം കൊണ്ട് തെളിയിക്കുന്നു.




കേവലം അഞ്ചു വയസ്സിൽ തന്നെ ഇരുട്ടറയിൽ പോയി ധ്യാനിക്കുന്ന മാത കവളപ്പാറ കൊട്ടാരത്തിലുള്ളവരെ അമ്പരപ്പിക്കുന്ന ഒരു രംഗം കാരയ്ക്കലമ്മയുടെ ജീവിത കഥ വായിച്ചു തീർത്തപ്പോൾ മനസ്സിൽ മായാതെ നിൽക്കുന്നു. അവനവനെ ധ്യാനിക്കുന്ന പെണ്ണ് - സ്വയം ദൈവമെന്ന് വിശ്വസിച്ച ഒരു സ്ത്രീ ... അങ്ങനെയൊരു

സങ്കല്പമോ കഥാപാത്രമോ മറ്റു രാജ്യങ്ങളിലെ നാടോടിക്കഥകളിൽ ഉണ്ടെന്നു തോന്നുന്നില്ല. വളരെ അപൂർവ്വമായി സ്വന്തം സ്വത്വത്തെ തിരിച്ചറിഞ്ഞ് അതിനെ ഉപാസിക്കുന്ന ഈ സ്ത്രീ കഥാപാത്രം സ

ത്യത്തിൽ എന്നെ അതിശയിപ്പിക്കുന്നു.

വളരുന്തോറും അത്ഭുത പ്രവൃത്തികളും കൂടിക്കൂടി വന്ന ആ ജീവിതത്തിൽ നിന്ന് നമുക്ക് ഒട്ടേറെ പഠിക്കാനുണ്ട്. കേരളത്തിലെ നാടോടിക്കഥകളിൽ വെച്ച് അതിവിശിഷ്ടമായ ഒന്നാണിത്. യാതൊരു ചപല വികാരങ്ങൾക്കോ, ജാതി-മത ചിന്തകൾക്കോ,

ഉച്ചനീചത്വങ്ങൾക്കോ ,' പ്രലോഭനങ്ങൾക്കോ വിധേയപ്പെടാതെ തികച്ചും സ്വതന്ത്രമായി ജീവിച്ച ഒരു സ്ത്രീയുടെ കഥ കൂടിയാണ് കാരയ്ക്കലമ്മയുടേത്.

**സൈബീരിയൻ നാടോടിക്കഥ**

**ചന്ദ്രനിലെത്തിയ പെൺകുട്ടി**

നമ്മുടെ നാട്ടിൽ മാത്രമല്ല ,മറ്റു പല നാടുകളിലും ചന്ദ്രനെക്കുറിച്ച് പല തരം നാടോടിക്കഥകളുണ്ട്. ആകാശത്തെ അമ്പിളിയമ്മാവനിൽ കൗതുകമുണരുന്ന ബാല്യകാലത്ത് ചന്ദ്രന്റെ ഉൾഭാഗങ്ങളെപ്പറ്റി വിചിത്രമായ കഥകൾ പ്രചരിക്കുന്നത് സ്വാഭാവികമാണല്ലോ ! ചന്ദ്രനിൽ

മാൻ കിടാവാണെന്ന് ഇന്ത്യയിലെ പല നാട്ടിലും വിശ്വാസമുണ്ട്. കേരളത്തിലെ പല നാടോടി ഗാനങ്ങളിലും ഈ വിശ്വാസം നമുക്ക് കാണാം



വിദേശ രാജ്യങ്ങളിലേക്ക് കടന്നാൽ ചന്ദ്രനിലുള്ളത്, ഒരു പെൺകുട്ടിയാണ് എന്ന ഐതിഹ്യകഥകളാവും കേൾക്കുക. ഏതായാലും ചന്ദ്രനിൽ എത്തിയ പെൺകുട്ടിയുടെ കഥ സൈബീരിയയിലെ ഒരു നാടോടിക്കഥയാണ് എന്നു കാണാം. ആ കഥ വായിച്ചപ്പോൾ, കൗമാരകാലത്ത് സൂര്യനെ സ്നേഹിച്ച ....വരസിദ്ധി തെളിയിക്കാൻ സൂര്യനെ ക്ഷണിച്ച നമ്മുടെ പാവം രാജകുമാരിയെ ഓർത്തു പോയി . എന്നാൽ

ഈ കഥയിൽ ചന്ദ്രനെ പെൺകുട്ടി സ്നേഹിക്കുകയല്ല ചെയ്യുന്നത്. അനാഥത്വത്തിൽ ആശ്രയം കണ്ടെത്തുകയാണ് ചെയ്യുന്നത്.

നമുക്കു നോക്കാം... സൈബീരിയക്കാർ ഇന്നും മാനത്തു നോക്കി ആനന്ദിക്കുന്ന ആ പെൺകുട്ടിയുടെ കഥ എങ്ങനെയാണ് ഇത്രമേൽ ഹൃദയത്തെ തൊടുന്നത്?

കിഴക്കൻ സൈബീരിയയിലെ സമതല പ്രദേശത്തുള്ള ഒരു ഗ്രാമത്തിൽ അനാഥയായ ഒരു പെൺകുട്ടി ഉണ്ടായിരുന്നു.അച്ഛനും അമ്മയും മരിച്ചതോടെ അവളുടെ കൊച്ചു കുടിലിൽ ഒറ്റയ്ക്ക് കഴിയേണ്ടി വന്ന അവളുടെ അവസ്ഥ കണ്ട് നാട്ടുകാർ ഗ്രാമത്തലവനെ കാര്യം അറിയിച്ചു. ഗ്രാമത്തലവൻ എല്ലാവരുടേയും മുന്നിൽ വെച്ച് ഈ കുട്ടിയെ ഏറ്റെടുക്കുകയും തന്റെ വീട്ടിൽ താമസിക്കാൻ ഇടം കൊടുക്കുകയും ചെയ്തു.അവളുടെ കുടിൽ വിറ്റ പൈസയും അവളുടെ ചെലവിന് മാറ്റിവെക്കുകയാണ് എന്നയാൾ പ്രഖ്യാപിച്ചു. അങ്ങനെ അവളുടെ ജീവിതം സുരക്ഷിതമായതിൽ ആശ്വസിച്ചു കൊണ്ട് ഗ്രാമീണർ പിരിഞ്ഞു.

പക്ഷേ പെൺകുട്ടിയുടെ ദുരിതം ആരംഭിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. ഗ്രാമത്തലവനും ഭാര്യയും അവൾക്ക് കീറിപ്പറിഞ്ഞ വസ്ത്രങ്ങളും പഴകിയ ആഹാരവും നൽകി. വീട്ടിലെ എല്ലാ ജോലികളും ചെയ്ത് ക്ഷീണിച്ചാലും നിരന്തരം ശകാരവും പ്രഹരവും പതിവായി.


ഒരു ദിവസം ഗ്രാമത്തലവന്റെ ഭാര്യ അവളെ വെള്ളം കൊണ്ടുവരുവാൻ പറഞ്ഞയച്ചു. സൈബീരിയയിലെ മഞ്ഞുകാലത്ത്, ആ പെൺകുട്ടി തനിച്ച് വെള്ളം ശേഖരിക്കാൻ പുറപ്പെട്ടു. തണുത്തു വിറച്ച് അവൾ മഞ്ഞിലൂടെ നടന്നു.ഇരുമ്പുകുടങ്ങളിൽ വെള്ളം ശേഖരിച്ച് തിരിച്ചു വരുമ്പോൾ വീശിയടിക്കുന്ന കാറ്റിൽ അവൾ കാലിടറി വീണു. വെള്ളം ഇല്ലാതെ വീട്ടിലെത്തിയാൽ ശിക്ഷ ഉറപ്പാണ്. ആ കൊച്ചു പെൺകുട്ടി കരയാൻ തുടങ്ങി. ഈ ലോകത്ത് തനിക്ക് ആരുമില്ലെന്നും തന്നെ വന്ന് കൂട്ടിക്കൊണ്ടുപോകാമോ എന്നും അവൾ മാനത്ത് ചിരിതൂകി നിൽക്കുന്ന ചന്ദ്രനോട് കരഞ്ഞു പ്രാർത്ഥിച്ചു.

അതു കേട്ട് മനസ്സലിഞ്ഞ ചന്ദ്രൻ ഓടി വന്ന് അവളെ കോരിയെടുത്ത് കൊണ്ടുപോയി. അവളെ തന്റെ ഒപ്പമിരുത്തി ചന്ദ്രൻ ഭൂമിയ്ക്ക് പ്രകാശം നൽകാൻ തുടങ്ങി.

മനുഷ്യരുടെ നന്മകൾ കാണുമ്പോൾ അവളും ചന്ദ്രനും പുഞ്ചിരിക്കുകയും, മനുഷ്യരുടെ ദുഷ്ടത കാ

ണുമ്പോൾ  അവളും ചന്ദ്രനും സങ്കടപ്പെടുന്നതിനാൽ ചില ദിവസങ്ങളിൽ ചന്ദ്രൻ ഇരുണ്ടും വിളറിയും കാണപ്പെടുന്നു എന്ന് സൈബീരിയക്കാർ ഇന്നും വിശ്വസിക്കുന്നു.

ഈ കഥ വായിച്ചപ്പോൾ കുന്തിയെ മാത്രമല്ല ,സീ




തയേയും ഓർമ്മ വന്നു.

ചിന്താവിഷ്ടയായ സീതയിൽ കുമാരനാശാൻ പറയുന്നില്ലേ ഈ ലോകത്ത് സങ്കടം മാറ്റാൻ ഉള്ള വഴികളിൽ പ്രകൃതി നിയമങ്ങൾ തന്നെ പ്രവർത്തിക്കുന്നു എന്ന്?

‘ സ്ഫുടതാരകൾ കൂരിരുട്ടിലു-

ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ

ഇടർ തീർപ്പതിനേക ഹേതു വന്നിടയാമേതു മഹാവിപത്തിലും.”

(ശ്ലോകം  26)

മനുഷ്യന് ഏതാപത്തിലും ഒരു ആശ്വാസം പ്രകൃതി തന്നെ കണ്ടെത്തിയിട്ടുണ്ടാകും. അത് പലർക്കും പലതാവാം. സ്ത്രീകൾ സത്യത്തിൽ സ്വയം ശക്തിയാർജ്ജിക്കേണ്ടതുണ്ട്. ഒറ്റയ്ക്കാകുമ്പോൾ ആശ്വസിക്കാൻ , ചുറ്റുമുള്ള പ്രകൃതി തയ്യാറായി നിൽക്കുന്നു എന്നവൾ വിശ്വസിക്കണം. സൈബീരിയയിലെ പെൺകുട്ടിക്ക് ആശ്വാസം ചന്ദ്രനായിരുന്നു.

ഇത് വെറും കഥയായി തോന്നുന്നില്ല.‘ആരോരുമില്ലാത്തവർക്ക് ഈശ്വരൻ തുണ ‘ എന്ന് സ്ത്രീകൾ ആശ്വസിച്ചോട്ടെ എന്നു കരുതി ആരോ വരച്ചിട്ട ജീവിത ചിത്രമായിരിക്കാം. പേരില്ലാത്ത ആ സൈബീരിയൻ പെൺകുട്ടിയുടെ കഥയും നമുക്ക് പഠനാർഹം തന്നെയാകുന്നത് അങ്ങനെയാണ്.

**ആഫ്രിക്കൻ നാടോടിക്കഥ**

**വിന്നിയും നരഭോജിയും**

ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ ഉൾപ്രദേശത്ത് നരഭോജികൾ ഉണ്ടായിരുന്നുവത്രേ..!

ആഫ്രിക്കയിലെ ഗ്രാമത്തലവന്റെ മകൾ വിന്നി അതീവ സുന്ദരിയായിരുന്നു. വിന്നി യുടെ കഥയിൽ നിന്നാണ് ആഫ്രിക്കയിൽ ഒരു വിശ്വാസം ഇന്നും നിലനിൽക്കുന്നത്. ‘രാത്രിയിൽ പെൺകുട്ടികൾ തനിയെ പുഴക്കരയിൽ പോകരുത്.‘ ആ കഥ എന്താണെന്ന് നമുക്ക് നോക്കാം. വിന്നിയുടെ കഥ ആഫ്രിക്കൻ സൗന്ദര്യത്തിന്റെ കൂടി വെളിപ്പെടുത്തലാണ്.‘ ഗ്രാമത്തലവന്റെ മകൾ വിന്നി അതിസുന്ദരിയായിരുന്നു.അവൾ ആരുടേയും മുന്നിൽ തലകുനിക്കുന്നവളായിരുന്നില്ല. ഇളം കറുപ്പു നിറമുള്ള മിനുമിനുത്ത ശരീരം ....ഇടതൂർന്ന് വളർന്നു കിടക്കുന്ന നീണ്ട തലമുടി.മൊത്തത്തിൽ ആരേയും ആകർഷിക്കുന്ന രൂപം’

എന്ന വർണ്ണനയിൽത്തന്നെ വിന്നി എന്ന ആഫ്രിക്കൻ സുന്ദരി നമ്മുടെ മനസ്സിൽ തെളിയുന്നുണ്ട്. പാട്ടു പാടി കളിമണ്ണ് ശേഖരിച്ച് അത് ദേഹത്തു പുരട്ടി കുറേ സമയം കഴിഞ്ഞാണ് വിന്നിയും തോഴിമാരും പുഴയിൽ കുളിച്ചിരുന്നത്. ഒരു ദിവസം പാട്ടു പാടി കുളിയെല്ലാം കഴിഞ്ഞ് നേരം ഇരുട്ടാറായപ്പോഴാണ് വിന്നിയും തോഴിമാരും വീട്ടിലേയ്ക്ക് നടന്നത്.അച്ഛൻ തന്ന ആഭരണങ്ങൾ പുഴയ്ക്കരികിൽ മറന്നു വെച്ച വിന്നി അതെടുക്കാൻ തീരുമാനിച്ചു. തോഴിമാരാരും കൂടെ പോയില്ല. മാത്രമല്ല അവർ വിന്നിയെ തടയുകയും ചെയ്തു.

എന്നാൽ അച്ഛൻ തന്ന ആഭരണങ്ങൾ നഷ്ടപ്പെടുത്താൻ മനസ്സുവരാത്തതിനാൽ വിന്നി ഒറ്റയ്ക്ക് പുഴക്കരയിലേക്ക്  തിരിച്ചു പോയി. നേരം ഇരുട്ടിയിരുന്നു. ആ സമയത്ത് അവിടെ എത്തിയ വിന്നിയെ ഒരു നരഭോജി കവർന്ന് തന്റെ സഞ്ചിയ്ക്കുള്ളിലാക്കി നടന്നകന്നു

പാട്ടുകേട്ട് അവളിൽ ആകൃഷ്ടനായിരുന്ന നരഭോജി അവളോട് പാടാൻ ആവശ്യപ്പെടുന്നു. ജീവൻ തിരിച്ചു കിട്ടിയ ആശ്വാസത്തിൽ അവൾ പാടി.പല പല നാടുകളിലൂടെ അവർ വളരെക്കാലം സഞ്ചരിച്ചു. പലയിടത്തും ആ നരഭോജി തന്റെ കയ്യിലുള്ള വിശിഷ്ട വസ്തുവായി ,കിളിയുടെ പാട്ട് എന്ന നിലയിൽ വിന്നിയെക്കൊണ്ട് പാട്ടു പാടിച്ചു.

അങ്ങനെ നടന്നു നടന്ന് അവർ വിന്നി യുടെ ഗ്രാമത്തിൽ എത്തി. ഗ്രാമത്തിന്റെ  മദ്ധ്യത്തിൽ വെച്ച് നരഭോജിയുടെ ചാക്കിൽ നിന്ന് പാട്ടുകേട്ട വിന്നി യുടെ സഹോദരന്മാർക്ക് ഇത് തങ്ങളുടെ സഹോദരിയാണ് പാടുന്നതെന്ന് മനസ്സിലായി. അവർ തന്ത്രപൂർവ്വം നരഭോജിയെ വീട്ടിലേക്ക് ക്ഷണിച്ചു. ഗ്രാമത്തലവന് പാ

ട്ട് ഇഷ്ടമാണെന്നും നല്ല ആഹാരവും സമ്മാനങ്ങളും അദ്ദേഹം നൽകുമെന്നും അവർ അറിയിക്കുന്നു. ചാക്കിനകത്തുള്ള വിന്നി സഹോദരന്മാരുടെ ശബ്ദം തിരിച്ചറിഞ്ഞു. ഏതായാലും നരഭോജി ഗ്രാമത്തലവന്റെ വീട്ടിൽ ചെന്ന് ,തന്റെ കിളിയോട് പാട്ടു പാടാൻ ആവശ്യപ്പെടുന്നു.അതു വരെ പാടിയിരുന്ന പാട്ടല്ല വിന്നി പാടിയത്.താൻ എങ്ങനെയാണ് നരഭോജിയുടെ കൈയ്യിൽ അകപ്പെട്ടതെന്ന് അവൾ പാട്ടിലൂടെ അച്ഛനെ അറിയിച്ചു.ആ ചാക്കിനകത്തു നിന്ന് മകളെ എങ്ങനെയും രക്ഷപ്പെടുത്തണം എന്ന് ഗ്രാമത്തലവൻ നിശ്ചയിച്ചു.അച്ഛനും വിന്നി യുടെ സഹോദരന്മാരും കൂടി നരഭോജിക്ക് ധാരാളം വീഞ്ഞ് നൽകി മയക്കിയ ശേഷം ആ ചാക്കിൽ നിന്ന് വിന്നിയെ രക്ഷപ്പെടുത്തി പകരം പെരുമ്പാമ്പിനേയും കടന്നലുകളേയും ആ ചാക്കിൽ ഇട്ടു. ഒന്നുമറിയാതെ പാതി മയക്കത്തിൽ ചാക്കുമായി നടന്നകന്ന നരഭോജിയെ പെരുമ്പാമ്പിന്റെ രൂപത്തിൽ മരണം പിൻതുടർന്നിരുന്നു.

വിന്നിയെ രക്ഷപ്പെടുത്തിയ അച്ഛന്റെ വാക്കുകൾ ഇന്നും ആഫ്രിക്കക്കാർ വിശ്വസിക്കുന്നത്. ‘രാത്രിയിൽ പെൺകുട്ടികൾ തനിയെ പുഴക്കരയിൽ പോകരുത്.‘

സ്ത്രീയുടെ സ്വതന്ത്രമായ സഞ്ചാരത്തിനും അഭിലാഷങ്ങൾക്കും രാത്രികളിലെ അവളുടെ സംഗീതാഭിരുചികൾക്കും അല്പമൊക്കെ തടസ്സം സൃഷ്ടിക്കുന്ന കഥയാണിത്. ഒരു നാടിന്റെ മുഴുവൻ വിശ്വാസങ്ങളും സ്ത്രീയുടെ ഹിതങ്ങളെ നിയന്ത്രിക്കുന്നുണ്ട്. രാത്രിയിൽ ഒറ്റയ്ക്ക് പുഴക്കരയിൽ പോയതുകൊണ്ടാണ് വിന്നി അപകടത്തിൽ പെട്ടത്.അതിനാൽ ആഫ്രിക്കക്കാരെല്ലാം ഇന്നും ഇത്തരം വിശ്വാസങ്ങൾ പിൻതുടരുന്നു. ലോക നാടോടിക്കഥകളുടെ ഒരു പൊതു സ്വഭാവം ആവർത്തിക്കപ്പെടുന്ന ഇത്തരം വിശ്വാസ ചര്യകളാണ്. വിന്നിയുടേത് ഒറ്റപ്പെട്ട കഥയല്ല.

സൗന്ദര്യവും സംഗീതവും സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള അഭിലാഷങ്ങളും സ്ത്രീകളുടെ പ്രത്യേക സിദ്ധികളാണ്. അതിനെ നിയന്ത്രിക്കുന്ന സാമൂഹ്യ വ്യവസ്ഥകളും ഇതിനോടൊപ്പം തന്നെ രൂപപ്പെടുന്നുണ്ട്.ജന്മസിദ്ധമായ ചോദനകൾ, വന്യമായ അഭിലാഷങ്ങൾ എന്നിവ പലപ്പോഴും സമൂഹത്തിൽ പ്രശ്നവൽക്കരിക്കപ്പെടുന്നതിന്റെ സൂചനയാണ് വിന്നിയുടെ കഥ.

**ചൈനീസ് നാടോടിക്കഥ**


**രാജ്ഞിയുടെ പാദങ്ങൾ**

വിചിത്രമായ വിശ്വാസങ്ങളുടെ വിളനിലമാണ് ചൈന. രാജ്ഞിയുടെ പാദങ്ങൾ എന്ന കഥയിൽ ടിൻ ചിൽ എന്ന രാജ്ഞിയെക്കുറിച്ചാണ് പറയുന്നത് .ആ കഥ വാസ്തവത്തിൽ അത്ഭുതലോകത്തിലേക്കുള്ള മനോഹര യാത്രയാണ്.

ചൈനയിലെ സൗന്ദര്യ ലക്ഷണം. എന്നാൽ അനേകായിരം വർഷങ്ങൾ ക്കു മുമ്പ് ഇതായിരുന്നില്ല ത്രേ അവസ്ഥ. തടി കൊണ്ടുള്ള ചെറിയ ആവരണത്തിനുള്ളിൽ പാദങ്ങൾ ഇട്ടു കൊണ്ടാണ് ചൈനക്കാർ കാലുകൾ ചെറുതായിരിക്കുന്നത്. ടിൻ ചിൻ എന്നായിരുന്നു യാങ് ഷാൻ രാജാവിന്റെ പത്നിയുടെ പേര് ഉറക്കത്തിൽ നടക്കുന്ന സ്വഭാവക്കാരിയായിരുന്നു അവർ.

ടിൻ ചിൻ രാജ്ഞിയുടെ കാലുകൾക്ക് പതിനാല് ഇഞ്ച് നീളമുണ്ടായിരുന്നു. ഈ നിദ്രാടനത്തെപ്പറ്റി തോഴിമാർക്ക് അറിയാമായിരുന്നു.എന്നാൽ രാജാവിന് ഇതിനെക്കുറിച്ച് അറിയില്ലായിരുന്നു. എന്നാൽ ഒരിയ്ക്കൽ യാദൃച്ഛികമായി രാജാവ് ഈ യാത്ര അറിയാനിടയായി.

രാജ്ഞിയെ രാത്രിയിൽ പിൻതുടർന്ന രാജാവ്, ഉറക്കത്തിൽ നടക്കുന്നതിനിടയിൽ അവരെ തടഞ്ഞു നിർത്തി. പിറ്റേ ദിവസം രാജ്ഞിയോട് സ്വപ്നാടനത്തെക്കുറിച്ച് ചില കാര്യങ്ങൾ രാജാവ് ചോദിച്ചറിഞ്ഞു. ഉറക്കത്തിൽ നടക്കുന്നത് രാജ്ഞി അറിയാതെ സംഭവിക്കുന്നതാണെന്ന് രാജാവിന് മനസ്സിലായി. ഇതിനൊക്കെ കാരണം തന്റെ വലിയ പാദങ്ങളാണെന്ന് രാജ്ഞി പറഞ്ഞു.



‘പകൽ നടന്നു മതിയാകാത്തതു കൊണ്ട് അവ രാത്രിയും നടക്കുകയാണ്’ എന്ന് തന്റെ പാദങ്ങളെപ്പറ്റി രാജ്ഞി പറഞ്ഞത് കേട്ട രാജാവ് രാജ്യത്തെ ഏറ്റവും പ്രഗൽഭനായ ശസ്ത്രക്രിയാ വിദഗ്ദ്ധനെ കൊട്ടാരത്തിൽ എത്തിച്ചു. വേദന അറിയാത്ത വിധം റാണിയുടെ പാദങ്ങളിൽ നിന്ന് ഓരോ ഇഞ്ചു വീതം അയാൾ നീക്കം ചെയ്തു. പിന്നീട് ടിൻചിൻ റാണി

ഉറക്കത്തിൽ നടന്നിട്ടില്ലത്രേ.!

വളരെ വിചിത്രമായൊരു കഥയായി തോന്നാം. കാല്പാദങ്ങൾക്ക് നീളം കൂടുതലായാൽ അവർ ഉറക്കത്തിൽ നടക്കുന്നവരാകും എന്ന ചൈനീസ് വിശ്വാസം നമുക്ക് വളരെയധികം അതിശയം നൽകുന്നുണ്ട്. കുട്ടിക്കാലം മുതൽ ഉറക്കത്തിൽ നടക്കുന്നത് ,പകൽ നടന്നു മതിയാകാത്തതു കൊണ്ടാണെന്നും വലിയ പാദങ്ങൾ ഉള്ളതുകൊണ്ടാകാം എന്നുമുള്ള കണ്ടെത്തലും പുതുമയുള്ളതായി തോന്നാം




അബോധപൂർവ്വമായ ഈ സ്വപ്നാടനത്തിൽ പാദങ്ങൾക്ക് സ്വാതന്ത്ര്യം എന്നത് പകലിന്റെ തുടർച്ച തന്നെയാണ്. രാജ്ഞിയുടെ വലിയ പാദങ്ങൾ മുറിച്ചു മാറ്റുന്നതിലൂടെ അവരുടെ രാത്രിസഞ്ചാരങ്ങൾ നിർത്തുകയാണ് രാജാവ് ചെയ്യുന്നത്.

മഹാറാണിയൊന്നും ആയില്ലെങ്കിലും ഒരു പെണ്ണിന് ബോധപൂർവ്വം തന്നെ, രാത്രിയിൽ പുറത്തിറങ്ങി നടക്കണമെന്ന തോന്നൽ ഉണ്ടാവില്ലേ? അതെത്ര ഗാഢമാകുന്നുവോ അത്രയും നിയന്ത്രണവും അധികാരവും സമൂഹവും നിർമ്മിച്ചിട്ടുണ്ടാവും.ഈ ബോധപൂർവ്വമുള്ള അഭിലാഷത്തെ തൃപ്തിപ്പെടുത്താൻ അബോധപൂർവ്വമായ സ്വപ്നാടനത്തിലൂടെ രാജ്ഞിക്ക് സാധിക്കുന്നുണ്ടാകും.

സ്വപ്നാടനം ഒരു തെറ്റാണെന്ന് പറയാനാവില്ലെ


**മഹാറാണിയൊന്നും ആയില്ലെങ്കിലും ഒരു പെണ്ണിന് ബോധപൂർവ്വം തന്നെ, രാത്രിയിൽ പുറത്തിറങ്ങി നടക്കണമെന്ന തോന്നൽ ഉണ്ടാവില്ലേ? അതെത്ര ഗാഢമാകുന്നുവോ അത്രയും നിയന്ത്രണവും അധികാരവും സമൂഹവും നിർമ്മിച്ചിട്ടുണ്ടാവും. ഈ ബോധപൂർവ്വമുള്ള അഭിലാഷത്തെ തൃപ്തിപ്പെടുത്താൻ അബോധപൂർവ്വമായ സ്വപ്നാടനത്തിലൂടെ രാജ്ഞിക്ക് സാധിക്കുന്നുണ്ടാകും.**

ങ്കിലും പരിഹാരം കാണേണ്ട ഒരു പ്രശ്നമായിട്ടാണ് രാജാവ് അതിനെ കണ്ടത്. പാദങ്ങൾ മുറിച്ചപ്പോൾ സ്വപ്നാടനവും നിന്നു. ആയിരത്തൊന്നു രാവുകളിലെ ബുദ്ധിശാലിനിയായ നായിക, ഏഴു കുള്ളന്മാരോടൊപ്പം ആനന്ദത്തോടെ ജീവിച്ച സ്നോവൈറ്റ്, നീളത്തിലുള്ള മുടി മെടഞ്ഞിട്ട് രാക്ഷസൻ കോട്ടയ്ക്കുള്ളിലേക്ക് രാജകുമാരന് വഴി കാണിച്ച കഥയിലെ നായിക റപ്പുൺസെൽ, അപ്രതീക്ഷിതമായി രാജകുമാരനോടൊപ്പം നൃത്തം ചെയ്ത സിൻഡ്രല്ലാ, വിരൽ വലിപ്പത്തിൽ ജനിച്ച് ... ആഹ്ളാദത്തോടെ ജീവിച്ച് നമ്മെ വിസ്മയിപ്പിച്ച തംബലീന, ദൈവം തന്ന പെട്ടി ആകാംക്ഷ സഹിക്കാനാവാതെ, ദൈവം പറഞ്ഞിരുന്ന നിശ്ചിത സമയത്തിനു മുൻപേ തുറന്ന പണ്ടോറ, ഭാവനാ ശക്തി കൊണ്ട് അത്ഭുതലോകത്തെത്തുന്ന ആലീസ്, മന്ത്രവാദിനിയുടെ ശാപവും ശാപമോക്ഷവും മൂലം ജീവിതം വിസ്മയകരമാക്കിയ രാജകുമാരി, സൂചി കൈയിൽ തറച്ചു കയറിയതിനാൽ അവൾ ശാപത്താൽ മരിച്ചു. ശാപമോക്ഷത്തിൽ നൂറു വർഷം കഴിഞ്ഞ് ആ വഴി വന്ന രാജകുമാരൻ അവളെ ഉണർത്തുന്നതോടെ അവൾ ഉറക്കത്തിൽ നിന്ന് / മരണത്തിൽ നിന്ന് ഉണരുന്നു.

ഇങ്ങനെ നിരവധി കഥകൾ നമുക്കു ചുറ്റും ഉണ്ട്.

പല കഥകളിലും പെണ്മയുടെ വ്യത്യസ്ത പ്രതിഫലനങ്ങളാണ് കാണുന്നത്. പെൺ സത്തയുടെ ആഘോഷങ്ങളാണവ. ആകാംക്ഷയുടെ അക്ഷയഖനികളാണ് നാടോടിക്കഥകളെന്ന് നിസ്സംശയം പറയാം. കഥ തീരുമ്പോൾ ഉറക്കമല്ല... ഒരു പുതിയ സ്വപ്നം ഉണരുകയാണ് ചെയ്യുന്നത്.

വാസ്തവം



ഡോ.ജാൻസി ജോസ്

# പ്രണയം-ജീവിതം, ജീവിതം-പ്രണയം

പ്രണയം അപാരസാധ്യതകളുള്ള ഒന്നാണ്. ജീവിതത്തിലേക്കും മരണത്തിലേക്കും നയിക്കാൻ പ്രണയത്തിനു കഴിയുന്നുണ്ട്. പ്രണയിച്ചു മരിക്കുന്നവരും പ്രണയിച്ചു ജീവിക്കുന്നവരും നമ്മുടെയിടയിലുണ്ട്. പക്ഷേ നമ്മളറിഞ്ഞിരിക്കേണ്ട ഒരു കാര്യം പ്രണയവും വിവാഹവും രണ്ടാണ് എന്നുള്ളതാണ്. കാരണം വിവാഹം പ്രണയം ആവശ്യപ്പെടുന്നുണ്ട്. പക്ഷേ പ്രണയം ഒരിക്കലും വിവാഹം ആവശ്യപ്പെടുന്നില്ല.

ഞാനിതു പറയുന്നത് വിവാഹവും പ്രണയവുമൊന്നും ഇവിടെ വിഷയമായിട്ടല്ല. നമ്മുടെ കൗമാര ചാപല്യങ്ങളുടെ കൂട്ടത്തിൽ പ്രണയത്തെത്തുടർന്നുണ്ടായ എടുത്തു ചാട്ടം അനേകം പേരുടെ ജീവിതം തകർത്തതിന്റെ ചിത്രം പങ്കുവെയ്ക്കുവാനാണ്. പ്രണയം ജീവിതത്തിന്റെ അനിവാര്യതയാണ്. അതില്ലാത്തിടത്തു നിന്ന് ഉള്ള ഇടത്തിലേക്ക് തേടിപ്പോവുന്നത് മനുഷ്യസഹജവും ആണ്.കൗമാരഘട്ടം പ്രണയത്തിന്റെ കൂടി ഘട്ടമാണ് എന്നാണ് പറയുന്നത്. എന്നാൽ ഇന്ന് കുട്ടികളെ സംബന്ധിച്ചിടത്തോളം കൗമാരം പ്രണയത്തിന്റെ മാത്രം കാലഘട്ടമാണ്.



'പ്രണയം ഇത്ര പൂത്തുലഞ്ഞു നിൽക്കുന്നതിൽ നമുക്കഭിമാനം മാത്രമാണുള്ളത്. പ്രണയിക്കാൻ ആരും പഠിപ്പിച്ചു വിടേണ്ട എന്നതും അതിന്റെ ഒരു പ്രത്യേകതയാണ്. വേറൊരു പ്രത്യേകത നമുക്കനിഷ്ടമുള്ള സ്ഥലത്ത് നന്നായിരിക്കും കുട്ടികളിലേക്ക് പ്രണയം വന്നു നിറയുക എന്നതാണ്. അതു കൊണ്ട് നമുക്ക് ചെയ്യാൻ പറ്റുന്നത് പ്രണയമുള്ള ഇടം നാം ഇഷ്ടപ്പെടുക എന്നതു തന്നെയാണ്.

ഇതൊന്നുമല്ല കേട്ടോ എന്റെ വിഷയം. അതായത് കുട്ടികൾ ആരെ, എപ്പോൾ, എവിടുന്ന് പ്രണയിക്കണം എന്നതല്ല എന്നർത്ഥം. പ്രണയത്തിൽ പെട്ട കുട്ടികളെ എങ്ങനെ നേരിടണം, അവരെ എങ്ങനെ ബോധവൽക്കരിക്കണം, പ്രണയത്തെ എങ്ങനെ കാണണം, സ്വീകരിക്കണം നിരാകരിക്കണം, നമുക്കു തന്നെ പ്രണയം തോന്നിയാൽ എങ്ങനെയായിരിക്കണം എന്നിവയെക്കുറിച്ചൊക്കെ ചില നേർക്കാഴ്ചകളിൽ നിന്നുള്ള ചിന്തകൾ പങ്കുവെയ്ക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതൊരു പക്ഷേ എന്തെങ്കിലുമൊരു തീരുമാനത്തിലേക്കെത്തിക്കാനോ, അഭിപ്രായം രൂപപ്പെടുന്നത്തു നോ ആർക്കെങ്കിലും സഹായകരമാവും എന്നതാണ് ഞാൻ കാണുന്ന മെച്ചം. അതു കൊണ്ട് പ്രണയത്തിന്റെ ബാക്കിപത്രത്തെക്കുറിച്ച് അടുത്ത ചില ലക്കങ്ങളിൽ ഞാൻ പ്രത്യക്ഷപ്പെടുന്നതായിരിക്കും.



ജ്യോതി അമ്പാട്ട്
അദ്ധ്യാപിക, ചിത്രകാരി

# ബാലികാകാലം

പുറം കാഴ്ചയിൽ, വളപ്പൊട്ടുകളും വർണ്ണക്കുപ്പായങ്ങളും കളിചിരികളും നിറഞ്ഞ ഒരു പളുങ്കുപാത്രമെങ്കിലും, ഒരു പെണ്ണയ്ക്കുള്ളിലിരിക്കുന്ന കൊച്ചു പെൺകുട്ടി മനസ്സിലൂടെ പിറകോട്ട് ഒരു സമയായനം നടത്തിയാൽ , നിഷേധിക്കപ്പെട്ട ആകാശങ്ങളും കടലാഴങ്ങളും വിദഗ്ദ്ധമായി മറച്ചുവയ്ക്കപ്പെട്ട മഴവില്ലഴകുകളും കുയിൽപ്പാട്ടുകളും മയിലാട്ടങ്ങളും,



ചിറകരിഞ്ഞുകളഞ്ഞ മധുരം പുരണ്ട കഠാരകളും സ്വപ്നങ്ങളെരിഞ്ഞ ചിതയുമെല്ലാം കാണാം ആ പെൺകുട്ടിക്കാലത്ത്....

വർഷങ്ങൾക്കപ്പുറം ഏതോ ഒരു വീടിന്റെ ആവശ്യങ്ങൾ പരിഭവമോ പരാതിയോ കൂടാതെ നടത്താൻ വേണ്ടി മാത്രം പരിശീലനം നൽകപ്പെടുന്നതിനിടയിൽ സ്വത്വത്തിനോ ബുദ്ധിവൈഭവങ്ങൾക്കോ വ്യക്തിഗത താല്പര്യങ്ങൾക്കോ തരിമ്പും പ്രാധാന്യം കൊടുക്കാതെ. ഒരു പരാതിക്കിട കൊടുത്ത് തിരിച്ചു വന്ന് സ്വന്തം വീട്ടുകാർക്ക് തലവേദനയാവാതിരിക്കാൻ വളർത്തപ്പെടുന്ന കാലം...

സമൂഹത്തിലെ ജാതീയതരം തിരിവുകൾ, അങ്ങിങ്ങായെരിയുന്ന കനലുകൾ ചേർന്നുണ്ടായ അഗ്നിനാളങ്ങളാൽ പതിയെ എരിഞ്ഞു തുടങ്ങുമ്പോഴും നേരിയൊരു വ്യത്യാസത്തിൽ പ്രകൃതിയുടെ മാത്രം തെരഞ്ഞെടുപ്പായ പെൺകുട്ടിത്തം, സ്വന്തം ആൺകൂടപ്പിറപ്പിനു കിട്ടുന്ന പ്രിവിലേജുകളിൽ, വീടകങ്ങളിൽ മറഞ്ഞു നിന്ന് അമ്പരന്നു സങ്കടപ്പെടാറുണ്ട്.

കുസൃതിയ്ക്കും വാത്സല്യത്തിനും, മായക്കാഴ്ചയെന്ന് പിന്നീടു മാത്രം തിരിച്ചറിവുണ്ടായ സ്നേഹച്ചായ്വുകൾക്കും മീതേ സ്നേഹത്തിൽപ്പൊതിഞ്ഞോ ശാസനാ രൂപത്തിലോ ചില അരു






തായ്മകളും തരംതാഴ്ത്തലുകളും പൊരുളറിയിക്കാതെ മുന്നിൽ വന്നു പല്ലിളിയ്ക്കാറുണ്ട്.

ഇതേ വീടകങ്ങളിൽ നിന്നു തന്നെയാണിതിനു മാറ്റമുണ്ടാവേണ്ടത്.

സ്വാനുഭവങ്ങൾ വരും തലമുറകളിലേക്കും പകരുന്ന സാഡിസം അവസാനിപ്പിക്കാൻ കെട്ടുറപ്പുള്ള കുടുംബബന്ധങ്ങൾ കുട്ടികൾക്ക് മാതൃകയാവട്ടെ.



പെൺപക്ഷം

അജിത കെ.

# കർഷക സമരത്തോടൊപ്പം ചേരുക! നമ്മുടെ നാടിനെ രക്ഷിക്കുക!

രണ്ടു മാസങ്ങളിൽ അധികമായി ഡൽഹിയിലും ചുറ്റുവട്ടത്തും നടന്നുകൊണ്ടിരിക്കുന്ന കർഷക സമരത്തെ കുറിച്ചാണ് എനിക്ക് പറയാനുള്ളത് . നമ്മുടെ രാജ്യത്തിന്റെ അന്നദാതാക്കളായ പഞ്ചാബ്, ഹരിയാന, യുപി തുടങ്ങിയ സംസ്ഥാനങ്ങളിലെ ലക്ഷോപലക്ഷം കർഷകർ ഡൽഹിയിലെ കൊടും തണുപ്പിലും (ചിലപ്പോൾ മൈനസ് ഡിഗ്രി ആണ്) ഇടയ്ക്കിടെ പെയ്യുന്ന മഴയിലും യാതൊരു തരത്തിലും കുലുങ്ങാതെ ആബാലവൃദ്ധം സമരം ചെയ്യുന്നതിനെ, അതും ഈ കോവിഡ് കാലത്ത്, നീചമായി കൈകാര്യം ചെയ്തുകൊണ്ടിരിക്കയാണ് നരേന്ദ്ര മോഡി -അമിത്ഷാ ഭരണകൂടം. പതിനൊന്ന് തവണ ചർച്ചയ്ക്ക് വിളിച്ചിട്ട് കർഷകരുടെ ആവശ്യങ്ങൾ ഒട്ടും തന്നെ അംഗീകരിക്കാതെ ആ ചർച്ചകൾ പൊളിയുന്ന പൊള്ളിക്കുന്ന അനുഭവം നമ്മെ സംബന്ധിച്ചിടത്തോളം അത്യപൂർവ്വമാണെന്ന് പറയാതെ വയ്യ. അദാനി - അംബാനി എന്നീ കോർപ്പറേറ്റ് ഭീമൻമാർക്ക് കാർഷിക സമ്പദ്ഘടനയാകെ തീറെഴുതിക്കൊടുക്കാൻ വഴിയൊരുക്കുന്ന 3 കാർഷിക നിയമങ്ങൾ പിൻവലിച്ചേ തീരൂ എന്നും കാർഷികവിളകൾക്ക് മിനിമം താങ്ങുവില പ്രഖ്യാപിക്കുക തന്നെ വേണമെന്നുമാണ് കർഷകരുടെ ആവശ്യം. ഇന്ത്യയിലെ ഭക്ഷ്യധാന്യങ്ങളുടെ പൊതുവിതരണ സമ്പ്രദായത്തെ, എഫ്.സി.ഐയെ പൂർണമായും തകർക്കാൻ ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ നിയമങ്ങൾ കേരളത്തിലെ ജനങ്ങളുടെ പട്ടിണിയകറ്റാനും ജീവൻ നിലനിർത്താനും നിർണായക പങ്കുവഹിക്കുന്ന റേഷൻ സമ്പ്രദായത്തിന്റെ അന്ത്യം കൂടിയായിരിക്കും.

പെട്രോൾ, ഡീസൽ തുടങ്ങിയവയുടെ വില നിർണയത്തിൽ നിന്ന് കേന്ദ്രസർക്കാർ പിൻവാങ്ങിയത് മുതൽ കോർപ്പറേറ്റുകളാണ് അവയുടെ വില നിർണയിക്കുന്നത്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിൽ വില ഇടിഞ്ഞു കൊണ്ടിരിക്കുമ്പോൾ പോലും നമ്മുടെ പെട്രോളിനും ഡീസലിനും നിത്യേനയെന്നോണം വിലകൂടുന്നു. ജനാധിപത്യം ഇവിടെ ഒരു നോക്കുകുത്തി ആയിത്തീരുന്നത് നമുക്ക് പുത്തരിയല്ല . അതുപോലെ തന്നിഷ്ടംപോലെ പൂഴ്ത്തിവെപ്പും കരിഞ്ചന്തയും നടത്തി നാട്ടിൽ കൃത്രിമക്ഷാമം ഉണ്ടാക്കി കൊള്ളലാഭത്തിന് ഭക്ഷ്യധാന്യങ്ങൾ വിൽക്കാനുള്ള ലൈസൻസ് ഈ നിയമങ്ങളിലൂടെ കോർപ്പറേറ്റുകൾക്ക് കൈവരുന്നു. മാത്രമല്ല നീതിന്യായ സംവിധാനത്തെ ചോദ്യം ചെയ്യാൻ പോലും ജനങ്ങൾക്ക് അവകാശമില്ലെന്ന് വ്യക്തമായി പറയുന്നതാണ് മൂന്നാമത്തെ നിയമം. എന്തിനാണ് കർഷകർ സമരം ചെയ്യുന്നത് എന്ന് മനസ്സിലാക്കാൻ ഷിംലയിൽ സംഭവിക്കുന്നത് അറിയുക:

ഷിംലയിൽ ആപ്പിൾ തോട്ടങ്ങളിൽ നിന്നും കർഷകരിൽ നിന്നും ചെറുകിട കച്ചവടക്കാർ ആപ്പിൾ വാങ്ങിയാണ് രാജ്യത്തുടനീളം വിറ്റിരുന്നത്. കച്ചവടക്കാർക്ക് ചെറിയ വെയർ ഹൗസ് മാത്രമേ ഉള്ളൂ. അദാനിയുടെ കണ്ണ് ഈ കച്ചവടത്തിലായിരുന്നു. ഹിമാചൽ പ്രദേശിൽ ഒരു ബിജെപി സർക്കാർ ആയതുകൊണ്ട് അവിടെ ഭൂമി എടുക്കുന്നതിനും ബാക്കി പേപ്പർ നടപടിക്കും അദാനിക്ക് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. വ്യാപാരികളുടെ വെയർ ഹൗസിനേക്കാൾ ആയിരക്കണക്കിന് മടങ്ങ് വലുപ്പമുള്ള വലിയ വെയർ ഹൗസ് അദാനി നിർമ്മിച്ചു.

ഇപ്പോൾ അദാനി ആപ്പിൾ വാങ്ങാൻ തുടങ്ങി. കർഷകരുടെ കയ്യിൽ നിന്നും ആപ്പിൾ വാങ്ങിയിരുന്ന ചെറുകിട വ്യാപാരികൾ കിലോക്ക് 20 രൂപ ആണ് നൽകിയത്. അദാനി ആപ്പിൾ വാങ്ങിയത് കിലോ 22 രൂപക്ക്. അടുത്ത വർഷം അദാനി കിലോ 23 രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ ചെറുകിട വ്യാപാരികൾ അവിടെ അദാനിയുമായി പിടിച്ചു നിൽക്കാൻ കഴിയാതെ മറ്റു തൊഴിലുകൾ തേടിപ്പോയി. അദാനി അവിടെ കുത്തകയായപ്പോൾ ആപ്പിളിന് 6 രൂപയാണ് കിലോയ്ക്ക് വില കൊടുക്കുന്നത്. ഇപ്പോൾ ചെറുകിട വ്യാപാരികൾ ഇല്ല. അവിടെ കിലോ 6 രൂപയ്ക്ക് അദാനിക്ക് ആപ്പിൾ വിൽക്കാൻ കർഷകൻ നിർബന്ധിതരായിരിക്കുന്നു. ഇപ്പോൾ അദാനി ഒരു കിലോ ആപ്പിളിന് 6 രൂപ കർഷകനിൽ നിന്ന് വാങ്ങി കിലോയ്ക്ക് 100 രൂപ സ്റ്റിക്കർ ഒട്ടിച്ചു വിൽക്കുന്നു.

അതെ, കർഷകരോടൊപ്പം നമുക്കും ചേരാം ഈ സമരം വിജയിപ്പിച്ചെടുക്കാൻ. അല്ലെങ്കിൽ കർഷകർ മാത്രമല്ല ജനാധിപത്യവും മതേതരത്വവും മറ്റു ഭരണഘടനാ മൂല്യങ്ങളുമെല്ലാം കടലിലേക്കെറിയപ്പെടുന്ന കാലം വിദൂരമല്ല.

**ഫോട്ടോഫീച്ചർ**

# ബാലചിത്രങ്ങൾ

**ഭുവന സുഭാഷ്**
**ക്ലാസ്: 5**
**ചെങ്ങമനാട് ജി.എച്ച്.എസ്.എസ്**



ആലുവ ചെങ്ങമനാട് സ്വദേശി എൻ.കെ.സുഭാഷിന്റെയും രേഖ.കെ.ബാലന്റെയും മകൾ. കുഞ്ഞുനാളിലെ കവിതയും പാട്ടും മന:പാഠമാക്കിയും പാട്ടിന്റെ ഈണത്തിനൊത്ത് താളം ചവിട്ടുകയും ചിത്രം വരയ്ക്കുകയും ചെയ്തിരുന്നു.പിന്നീട് തന്റെ കൊച്ചു ഭാവനകളിൽ വിരിഞ്ഞ വരികൾ കൂക്കളായും കവിതകളായും എഴുതുവാനും അതിനു യോജിച്ച ചിത്രങ്ങൾ വരയ്ക്കുവാനും തുടങ്ങി. മൂന്ന് വയസു മുതൽ കളിക്കുടുക്കയിലെ കളറിംങ് മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനം നേടിയിട്ടുണ്ട്. ബാലരമ നടത്തിയ അഖില കേരള ചിത്രരചനാ മത്സരത്തിൽ രണ്ടു തവണ ഒന്നാം സ്ഥാനം നേടി.വർണ്ണച്ചിറകുകൾ എന്ന കവിതാ സമാഹാരം സ്വന്തമായി വരച്ച ചിത്രങ്ങളുൾപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട് ഈ മിടുക്കി.









**നിയ മുനീർ**

ഈ വർഷം ധനമന്ത്രി ഡോ.തോമസ് ഐസക് അവതരിപ്പിച്ച സംസ്ഥാന ബജറ്റിലെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിന്റെ കവർ ചിത്രം 'സൂര്യകാന്തിത്തോട്ടത്തിൽ നിൽക്കുന്ന പെൺകുട്ടി' യാണ്.ഈ മനോഹരമായ ചിത്രം വരച്ചത് അജ്മാൻ ഹാബിറ്റാറ്റ് സ്കൂളിലെ രണ്ടാം ക്ലാസുകാരി നിയമുനീർ എന്ന കൊച്ചു മിടുക്കിയും. ആദ്യം കാർട്ടൂണുകൾ വരച്ചു തുടങ്ങിയ ഈ കൊച്ചു ചിത്രകാരി യൂ ടൂബ് ക്ലാസുകൾ കണ്ട് പഠിച്ചതാണ് അക്രിലിക് വരകൾ. ഇതു വരെ 55 അക്രിലിക് ചിത്രങ്ങളും നിരവധി കാർട്ടൂണുകളും നിയ വരച്ചു.

വെറുതെ എന്തെങ്കിലും വരയ്ക്കുകയല്ല നിയ. സാമൂഹ്യ പ്രതിബദ്ധതയുള്ള ആശയവിഷ്ക്കാരങ്ങളാണ് ഈ കൊച്ചു  ചിത്രകാരിയുടെ വിരൽ തുമ്പിലൂടെ കാഴ്ചയുടെ വൈവിധ്യമൊരുക്കുന്നത്. നിറത്തിന്റെ പേരിലുള്ള മനുഷ്യന്റെ ദുഷ്ചെയ്തികൾക്ക് മുന്നിൽ കൊറോണയൊക്കെ എന്ത് എന്ന അ



ത്ഥം വരുന്ന ചിത്രം ഗൾഫ് മാധ്യമങ്ങളിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. പാവപ്പെട്ട ഒരു മനുഷ്യൻ. അയാളെ കണ്ട് കണ്ണ് നിറഞ്ഞു നിൽക്കുന്ന കൊറോണ വൈറസ്, അതു പോലെ കൊറോണക്കാലത്ത് പലായനം ചെയ്യുന്ന ഒരു കുടുംബം, കർഷക സമരത്തിന് ഐക്യദാർഢ്യം അറിയിച്ചു കൊണ്ടു വരച്ച കാർട്ടൂൺ ,കൊറോണയേക്കാളും ഭീകരമാണ് കറുപ്പിനോടുള്ള സമൂഹത്തിന്റെ മനോഭാവം എന്ന് വിളിച്ചു പറയുന്ന ചിത്രങ്ങൾ ഇവ ഇച്ചപ്പനും റെക്സും എന്ന് പേരിട്ടിരിക്കുന്ന നിയയുടെ കാർട്ടൂൺ പരമ്പരയിലെ ചിത്രങ്ങളാണ്.

ഷാർജയിൽ അഡ്വർടൈസിംങ് കമ്പനി നടത്തുന്ന മലപ്പുറം തിരൂർ സ്വദേശി മുനീറിന്റെയും ദുബായിയിൽ ഐ ടി ഉദ്യോഗസ്ഥയായ അൻഷയുടെയും മകളാണ് നിയ മുനീർ





















They are walking. Their home is far away
Faaa...r away

**ശ്രീദേവി മധു**

**ആനുകാലികങ്ങളിൽ എഴുതുകയും, കവർചിത്രം, ഇല്ലസ്ട്രേഷൻ എന്നിവ വരക്കുകയും ചെയ്യുന്നു, ചിത്രകല അധ്യാപികയാണ് . കോതമംഗലത്ത് സുരേഷിന്റെയും ലൈലയുടെയും മകൾ**











വഴിത്താരകൾ



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

# ചീരുവും രജനിചാണ്ടിയും

ഓർമ്മയില്ലേ ചീരുവിനെ?അനേകം തലമുറകളിലൂടെ നമ്മോട് സംസാരിച്ച ആ പെൺകുട്ടിക്കാലത്തെ? പെൺകൗമാരത്തെ? അവളുടെ ഇന്നലെകളിലൂടെ, ഇന്നുകളിലൂടെ നമ്മൾ പല തവണ കടന്നു പോയതാണ്. ഇതാ ഒരു വലിയ ഇടവേളക്കു ശേഷം അവൾ നിങ്ങളുടെ അടുത്തേക്ക് വീണ്ടും എത്തുകയാണ്. ഒരുപാട് ആശയക്കുഴപ്പങ്ങളും, സന്ദേഹങ്ങളും, കുസൃതികളും അവൾക്കു ഇപ്പോഴും കൂട്ടിനുണ്ട്. ജിജ്ഞാസയും പ്രസരിപ്പും തുളുമ്പുന്ന അവളുടെ മുഖം സംഗീതാ ദാമോദരൻ വീണ്ടും മിഴിവോടെ വരച്ചു വെച്ചിരിക്കുന്നു.

ആ ചിത്രം ഒന്ന് ശ്രദ്ധിച്ചു നോക്കൂ. അവളുടെ മൊബൈൽ സ്ക്രീനിൽ തിളങ്ങി നിൽക്കുന്ന ഒരു സ്ത്രീരൂപത്തിൽ ചീരു എന്ന പതിനാലുകാരി പൂർണമായും മുഴുകിയിരിക്കുകയാണ്.ആരാണത്? തലമുടി നരച്ച പ്രായം ചെന്ന ഈ സുന്ദരി?ജീൻസും ടോപ്പുമിട്ടു ആത്മവിശ്വാസം സ്ഫുരിക്കുന്ന ആ പ്രൗഢമായ പ്രസന്നമായ സാന്നിധ്യം ഒരുപാട് ആളുകളെ അലോസരപ്പെടുത്തുണ്ട് എന്ന് വ്യക്തം. ധാരാളം ശകാരവാക്കുകൾ അവർക്കു മേലെ നിർലോഭം ചൊരിയുകയാണ് സ്ത്രീകളും പുരുഷന്മാരും. എന്താണവർ ചെയ്ത മഹാപരാധം എന്ന് ചീരു മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ്. വീട്ടിൽ അമ്മയോട് പോയി ഇതൊന്നും സംസാരിക്കാൻ പറ്റില്ല.പഠിക്കാനുള്ളപ്പോള് തോന്ന്യാസം കാണിച്ചു നടക്കുകയാണെന്നേ പറയൂ. കൂട്ടുകാരോട് ചോദിച്ചപ്പോളൊക്കെ മിക്കവരും ഈ 'മുത്തശ്ശി'ക്കു എതിരാണ്.കാരണം അവർക്കൊന്നും പരിചയമുള്ള മുത്തശ്ശിമാരുടെ രൂപഭാവങ്ങളല്ല രജനി ചാണ്ടി എന്ന ഈ സ്ത്രീയുടേത്. ജപമാലയുമായി വീട്ടിൽ ഒരു കോണിൽ പ്രാർത്ഥനയുമായി കഴിയുന്ന അമ്മൂമ്മമാരെ അവർക്കു ശീലമാണ്; അത്യാവശ്യം പരദൂഷണം പറയുന്ന അമ്മൂമ്മമാർ സുപരിചിതരാ



വര : സംഗീത ദാമോദരൻ

ണ് ; എപ്പോഴും ഉപദേശിക്കുന്ന ,സങ്കടപ്പെടുന്ന, പരാതിപറയുന്ന മുത്തശ്ശിമാരെയും അവർ കണ്ടിട്ടുണ്ട്.പക്ഷെ ഇങ്ങിനെയൊരു മുത്തശ്ശി ആദ്യമായാണ്...ചില കൂട്ടുകാരികൾ ഈചിത്രത്തിന്റ പുതുമയിൽ വലിയ ഉത്സാഹം കാണിക്കുന്നുണ്ട്.പക്ഷെ അവർ പോലും സംശയിക്കുന്നുമുണ്ട് "എങ്കിലും നമ്മുടെ നാട്ടിൽ ഇതൊക്കെ വേണോ?"

പെൺകുട്ടികളുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ഘോരഘോരം വീട്ടിൽ വഴക്കുണ്ടാക്കുന്ന മിടുക്കികൾക്കു പോലും അമ്മൂമ്മമാരുടെ സ്വാതന്ത്ര്യത്തെകുറിച്ച് ഒരു വല്ലാത്ത ആശങ്ക ഉള്ളത് പോലെ!ചെറുപ്പക്കാരെ ആശ്രയിച്ചു കഴിയേണ്ട പ്രായത്തിൽ ഇവരെന്തിനാണ് കീഴ് വഴക്കങ്ങളെ ചോദ്യം ചെയ്യുന്നത് ? അപകടങ്ങൾ വരുത്തി വെക്കുന്നത് ? ഇതൊന്നും പോരാതെ ചെറുപ്പത്തിൽ നീന്തൽവസ്ത്രത്തിലുള്ള അവരുടെ ഉഗ്രൻ ചിത്രവും ഇന്ന് വൈറലായി കൊണ്ടിരിക്കുന്നു. ഇതൊക്കെ പലരെയും വല്ലാതെ പ്രകോപിപ്പിക്കുന്നുണ്ട്. അവർക്കു നേരെ ചൊരിയുന്ന സഭ്യമല്ലാത്ത വെറുപ്പും വിദ്വേഷവും നിറഞ്ഞ ശകാരവാക്കുകൾ ചീരുവിനെ നടുക്കുന്നുണ്ട്. തലമുതിർന്നവരെ ബഹുമാനിക്കുന്ന പാരമ്പര്യമല്ലേ ഭാരതത്തിന്റേത് ?

സത്യത്തിൽ രജനി ചാണ്ടി ചീരുവിനെ അത്ഭുതപ്പെടുത്തുന്നില്ല.മനസ്സിൽ യൗവ്വനത്തിന്റെ പൊട്ടിച്ചിരിയും തമാശകളും വാരിവിതറുന്ന 'മുത്തശ്ശി'മാരെ അവൾ കണ്ടിട്ടുണ്ട്. അവരുടെ സാമീപ്യത്തിലെ സ്നേഹവും, വാത്സല്യവും, ഊർജ്ജവും സ്വസ്ഥതയും അവൾ ആവുവോളം നുകർന്നിട്ടുണ്ട്. അവർ ജീൻസും ടോപ്പും അല്ലായിരിക്കാം ധരിച്ചിട്ടുള്ളത്. പക്ഷെ മുണ്ടും നേര്യതിനുമകത്തും തുറന്ന മനസ്സും, തന്റേടവും, ധൈര്യവും, വീറും വാശിയുമൊക്കെയുള്ള സ്ത്രീകളെ മാത്രമേ അവൾ കണ്ടിട്ടുള്ളു.ബാംഗ്ലൂർ ഡേയ്സിലെ കല്പനയെ പോലെ ,മറ്റൊരു രീതിയിൽ ജീവിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകളാണവർ. അവർ ആരും വീട്ടിനകത്തു ഒരു കോണിൽ ചടഞ്ഞു കൂടി ഇരിക്കുന്നവരായിരുന്നില്ല.എണ്പത്തിമൂന്നാമത്തെ വയസ്സിൽ മരിക്കുന്ന ആ ദിവസം പോലും സ്വന്തം വസ്ത്രങ്ങൾ കുളിക്കുന്നതിനു മുൻപ് അലക്കിയിട്ടു, സ്ഥലം വിടാൻ കാണിച്ച ഒരു മുത്തശ്ശിയുടെ സ്വയംപര്യാപ്തത അവളുടെ വീട്ടിൽ ഒരു പഴങ്കഥ മാത്രമായിരുന്നില്ല. അതൊരു മാതൃകയായിരുന്നു.അങ്ങിനെ എത്രയെത്ര ഓർമ്മകൾ. മറക്കാനാവാത്ത ഒരനുഭവം അവളെ വീണ്ടും ചിരിപ്പിച്ചു കൊണ്ട് മനസ്സിലേക്ക് കയറി വരുന്നു.

അമൂല്യമായ ഒരു ബാല്യകാല ഓർമ്മയിലേക്കാണ് രജനി ചാണ്ടി അവളെ കൂട്ടികൊണ്ടു പോകുന്നത്. ചീരു അന്ന് മൂന്നിലോ നാലിലോ പഠിക്കുന്ന കാലം.സ്കൂൾ ബെല്ലടിച്ചപ്പോൾ പൂർവ്വാധികം ഉത്സാഹത്തോടെയാണ് പുസ്തകങ്ങൾ ബാഗിനുള്ളിലേക്കു തിരുകിക്കയറ്റി ചീരു ക്ളാസുമുറിയിൽ നിന്നിറങ്ങി ഓടിയത്.എന്നും ഒപ്പം ഉണ്ടാകാറുള്ള രമണി അവൾക്കൊപ്പം ഓടിയെത്തി ചെറിയൊരു പിണക്കഭാവത്തിൽ ചോദിച്ചു "ഇതെന്തൊരു പോക്കാണ് ചീരു ?എന്താ ഇത്ര ധൃതി?" ഓടി കൊണ്ടു തന്നെയായിരുന്നു ചീരുവിന്റെ മറുപടിയും "അച്ചമ്മ വരുന്നുണ്ട്, നാട്ടിൽ നിന്ന് ." രമണിയുടെ പിണക്കം പൊടുന്നനെ മാഞ്ഞു. കാരണം ആ അയല്പക്കത്തു ഏതൊരു കുട്ടിയുടെ അമ്മൂമ്മ വന്നാലും പരക്കെ ഉത്സവമാണ്.അവർ എല്ലാ കുട്ടികളുടെയും അമ്മൂമ്മ ആയി മാറും.അവർ എല്ലാവർക്കും കഥകൾ പറഞ്ഞു കൊടുക്കുകയും അവർ കൊണ്ട് വരുന്ന പലഹാരങ്ങൾ എല്ലാ കുട്ടികളും പങ്കു വെച്ച് കഴിക്കുകയും ചെയ്യും.ഇതാദ്യമായാണ് ചീരുവിന്റെ അച്ചമ്മ വരുന്നത്."അച്ചമ്മ കഥകളൊക്കെ പറഞ്ഞു തരുമോ ചീരു? ' ഓട്ടത്തിനിടയിൽ വിലയേറിയ വിവരങ്ങൾ രണ്ടാളും കൈമാറുകയായിരുന്നു! ' പിന്നെ! അച്ഛമ്മക്ക് ധാരാളം പാട്ടും കഥകളും ഒക്കെ അറിയാം." "ഞാൻ കാപ്പി കുടിച്ചിട്ട് വരാട്ടോ"രമണി ഉറപ്പു കൊടുത്തു.

കാലുകൾ നിലത്തുറക്കാത്ത മട്ടിൽ വീട്ടിലേക്കു പറക്കുകയായിരുന്നു ചീരു.വാതിൽക്കൽ നിന്നിരുന്ന അമ്മയെപോലും തള്ളിയിട്ടു കൊണ്ടാണ് ഉമ്മറത്തെ മുറിയിൽ ചാരുകസേരയിൽ കിടന്നു, യാത്ര കഴിഞ്ഞു വിശ്രമിക്കുന്ന അച്ചമ്മയെ അവൾ കെട്ടിപ്പിടിച്ചതു. 'മെല്ലെ മെല്ലെ" അച്ഛൻ പറഞ്ഞു."ഗ്ലാസ് തട്ടി പോവണ്ട" അപ്പോഴാണ് ചീരു ശ്രദ്ധിച്ചത് അച്ച മ്മയുടെ ഒരു കയ്യിൽ ഗ്ലാസും മറു കൈയ്യിൽ ഒരു കുഞ്ഞു സിഗരറ്റും. അവൾ ഒന്ന് അമ്പരന്നു.പിന്നെ അമ്പരപ്പ് അദ്ഭുതമായി മാറി. അച്ഛൻ ചിരിക്കുന്നുണ്ട്. ' അച്ചമ്മ ഒന്ന് റിലാക്സ് ചെയ്തോട്ടെ." ഇന്ത്യക്കു പുറത്തൊക്കെ യാത്ര ചെയ്യുകയും ജീവിക്കുകയും ചെയ്ത അച്ചമ്മക്ക് വൈനും സിഗററ്റുമൊന്നും അത്ര പുത്തരിയല്ല. ' 'ചീരുവിനു വേണോ?" അച്ചമ്മ ഗ്ലാസ് അവൾക്കു നേരെ നീട്ടി. പ്രതീക്ഷിച്ച പോലെ തന്നെ അമ്മ തടുത്തു. "അയ്യോ, വേണ്ടമ്മേ! അവൾ കുഞ്ഞല്ലേ!"

ആ സമയത്തു തന്നെ അമ്മയുടെ അടുത്ത സുഹൃത്തായ അപ്പുറത്തെ വീട്ടിലെ മാലതി ആന്റി വാതിൽ തള്ളി തുറന്നു വന്നു.""അമ്മ വന്നൂന്ന് കേട്ടു." ഒരു സാധാരണ അമ്മൂമ്മയെ പ്രതീക്ഷിച്ച അവരുടെ ഭാവം, അച്ചമ്മയുടെ ഇരിപ്പും കൈയിലെ ഗ്ലാസും പുകയും ഒക്കെ കണ്ടതോടെ ഞൊടിയിടയിൽ മാഞ്ഞു പോയി.അച്ചമ്മയെക്കാൾ ജാള്യത ആന്റിക്കായിരുന്നു. എല്ലാവരും ചെറുതായി ഒന്ന് പകച്ചു. എന്തക്കെയോ ഭംഗിവാക്കുകൾ പറഞ്ഞു ആന്റി അപ്രത്യക്ഷയായി. വീട് വീണ്ടും പൂർവസ്ഥിതിയിലായി.

പക്ഷെ രമണിയോ മറ്റു കുട്ടികളോ കഥകൾ കേൾക്കാനോ പാട്ടുകൾ പാടാനോ വന്നില്ല. എന്നാൽ അവർ ഇടയ്ക്കിടയ്ക്ക് ഗേറ്റിൽ വന്നു എത്തിനോക്കും. തങ്ങൾക്കു താണ്ടാനാവാത്ത ദൂരങ്ങൾ ചീരുവിനും തനിക്കും തമ്മിൽ ഉണ്ടെന്നു രമണി തിരിച്ചറിഞ്ഞത് പോലെയായിരുന്നു അവളുടെ പിന്നീടുള്ള പെരുമാറ്റം.വിരോധമോ നീരസമോ ഇല്ല. ചെറിയൊരു അകൽ

ച്ച മാത്രം. അത് ക്രമേണ വലുതാവാൻ അവർ പരസ്പരം സമ്മതിക്കുകയായിരുന്നു.മാലതി ആന്റി അടുക്കള ചുമരിൽ ചാരി നിന്ന് അമ്മയോട് മന്ത്രിക്കുന്നത് പിന്നൊരു ദിവസം കേട്ടു "ക്രിസ്ത്യൻ കുടുംബങ്ങളിലൊക്കെ ഇതൊക്കെ സാധാരണമാണെന്നറിയാം. ന്നാലും... ഹിന്ദുക്കളുടെ ഇടയിൽ ഇങ്ങനെയൊന്നും ഞാൻ കണ്ടിട്ടില്ല."

"അങ്ങിനെയുള്ള ഹിന്ദുക്കളൊക്കെ ഇന്ന് ധാരാളമുണ്ട്. മാലതിക്ക് അറിയാഞ്ഞോണ്ടാണ്." ചീനച്ചട്ടിയിൽ പപ്പടം കാച്ചികൊണ്ടിരുന്ന അമ്മയുടെ ശാന്തമായ ചെറുചിരിയോടെയുള്ള മറുപടി കേട്ട് ചീരുവിനു അമ്മയെ കെട്ടിപ്പിടിക്കാൻ തോന്നി.

ആരെയും കൂസാത്ത അചമ്മ അവൾക്കു വീണ്ടും കുറെ കഥകളും പാട്ടുകളും ചൊല്ലി കേൾപ്പിച്ചു.അച്ചാമ്മക്കറിയാമായിരുന്ന പുരാണകഥകളുടെ വൈവിധ്യത്തിൽ അവൾ മതിമറന്നിരുന്നു.

അവർ ഒരുമിച്ചു പോയി സിനിമകൾ കണ്ടു. ചെറിയ ചെറിയ കൂടിക്കാഴ്ചകളിലൂടെ അച്ചമ്മ പകർന്നു തന്ന ധൈര്യവും ആർജ്ജവവും തന്റേടവും വലുതായിരുന്നു. ആ ഓർമ്മയുടെ പിൻബലത്തിൽ അവൾ തന്റെ മൊബൈൽ ഒന്ന് കൂടി ഓൺ ആക്കി. വീണ്ടും തെളിഞ്ഞ രജനി ചാണ്ടിയുടെ ചിത്രത്തിലേക്ക് അവൾ പരിചയ ഭാവത്തോടെ നോക്കി, ഹൃദ്യമായി ഒന്ന് ചിരിച്ചു.



**കവിത**

# സ്വാതന്ത്ര്യം



**നവിത എസ്.**
പ്ലസ് വൺ
ആലത്തൂർ, പാലക്കാട്.

**അ**മ്മയുടെ വീർപ്പുമുട്ടലറിയാൻ
ഒരു തീക്കനലാവണം.
രാത്രിയിൽ
തുറന്നു വിട്ട മനസ്സുമായി
ഇരുട്ടിന് കൂട്ടിരിയ്ക്കണം.
വിലമതിയ്ക്കാനാവാത്ത സ്വപ്നങ്ങളെ
നാളെയുടെ സ്വപ്നങ്ങളാക്കണം.
അവസാനം രാത്രിയിൽ
പാതിവെച്ച കവിതകളെ
ഒരു പെൺപട്ടമാക്കണം.

ചർച്ചാവിഷയം



**അശ്വതി സേനൻ**
ഡൽഹിയിൽ ഗവേഷക

# കാർട്ടൂണിലെ ഇരട്ടക്കുട്ടികൾ

**അ**ന്താരാഷ്ട്ര തലത്തിൽ കേരളത്തിലെ ഒരു പക്ഷെ ഏറ്റവും അധികം അറിയപ്പെടുന്ന ഇരട്ടക്കുട്ടികൾ എസ്തയും റാഹേലും ആവും. അരുന്ധതി റോയുടെ 'ഗോഡ് ഓഫ് സ്മാൾ തിങ്സി'ലെ ഈ സുറിയാനി ക്രിസ്ത്യാനി കുട്ടികളിലൂടെയാണ് കേരളത്തിലെ ബാല്യത്തെ ഒട്ടനവധി പേർ അറിഞ്ഞിട്ടുണ്ടാവുക. പക്ഷെ കേരളത്തിൽ വളർന്നവർക്ക് സുപരിചിതമായ ചില ഇരട്ടക്കുട്ടികളെ ഓർമപ്പെടുത്താനും, മറ്റുചിലരെ പരിച്ചയപ്പെടുത്താനുമാണ് ഈ കുറിപ്പ്. ഗവേഷണ മേഖല കാർട്ടൂണുകൾ ആയതിനാൽ അതിൽ ഒതുക്കാനാവും ശ്രമിക്കുക!

ഫിലിപ്പ് അരിസ് 1974 ഇൽ എഴുതിയ Centuries of Childhood എന്ന പുസ്തകത്തിൽ ബാല്യകാലം താരത്യമ്യേന നൂതന ആശയമാണെന്നാണ്. പതിനേഴാം നൂറ്റാണ്ടിൽ നടന്ന ചില സംഭവവികാസങ്ങളാണ് ഇതിനു കാരണമെന്ന് അദ്ദേഹം പറയുന്നു: കുട്ടിക്കളുടെ മരണസംഖ്യയിൽ വന്ന ഇടിവ്, യൂറോപ്യൻ വിദ്യാഭ്യാസത്തിലെ മാറ്റങ്ങൾ, 'കുടുംബം' എന്ന സ്ഥാപനത്തിനു മറ്റു സാമൂഹ്യ ബന്ധങ്ങളിൽ നിന്ന് വന്ന അകലം എന്നിവയൊക്കെ ഇതിന് കാരണങ്ങളാണ്. പതിനെട്ടാം നൂറ്റാണ്ടിൽ ക്രിസ്തീയ പള്ളികൾ നടത്തി വന്ന കണക്ക് വെയ്ക്കലാണ് ശൈശവം, ബാല്യം മുതലായ മനുഷ്യ ജീവിത ഘട്ടങ്ങളെ പൊതുസമൂഹത്തിൽ പ്രധാന ഘട്ടങ്ങളായി തിരിച്ചറിയാൻ സഹായിക്കുന്നത്. ഈ വാദത്തിന് പല എതിർപ്പുകളും പ്രത്യക്ഷത്തിൽ വന്നിട്ടുണ്ടെങ്കിലും ബാലസാഹിത്യവും, ബാല്യം എന്ന രണ്ടു ആശങ്ങളും സമാന്തരമായി ഉരുത്തിരിഞ്ഞതാണെന്നു തന്നെ പറയാം. കഥാകൃത്തും, മാർക്കറ്റും, ഒരുപോലെ ബാല്യം എന്ന വിഭാഗത്തെ അംഗീകരിക്കുന്നു എന്നതിന് നമ്മുടെ പുസ്തക ശാലകളും, മാർക്കറ്റിങ് രീതികളും ഒന്ന് ശ്രദ്ധിച്ചു നോക്കിയാൽ മതി. പക്ഷെ അതിൽ ഒക്കെ തന്നെ മനസിലാവുന്നത് ഡൊണാൾഡ് ഡക്ക് കോമിക്കുകളുടെ പഠനത്തിൽ പറയുന്ന പോലെ ബാലസാഹിത്യം ഒട്ടുമിക്കപോഴും ഒരു കുട്ടി എന്ത് ആണെന്നോ ആവണമെന്നോ ഒരു മുതിർന്നയാളുടെ കാഴ്ചപ്പാടിന് അനുസൃതമായിരിക്കും എന്നാണ്. നിഷ്കളങ്കതയും, നന്മയുമൊക്കെയാവും അതിന്റെ അടിസ്ഥനം! ഇന്ത്യൻ ബാലസാഹിത്യത്തെ വിശദമായി പഠിച്ച മനോരമ ജാ പറയുന്നത് മെച്ചപ്പെട്ട സാക്ഷരതയും, പുതിയ സ്കൂളുകളുടെ നിർമാണവും, ടെക്സ്റ്റ് ബുക്കുകളുടെയുംഅനുബന്ധ വായനാ ഉപാധികളുടെ ആവശ്യകതയും പ്രസിദ്ധീകരണ വ്യവസായത്തെ സ്വാധീനിച്ചു. 1930 തുടങ്ങിയാണ് ചിത്രകഥാപുസ്തകങ്ങൾ ഇന്ത്യയിൽ വന്നു തുടങ്ങിയത്. കുട്ടികൾക്കുള്ള ആദ്യ മാസിക 1948 ഇൽ പുറത്തിറങ്ങിയ ബാലൻ ആണ്. എന്നാൽ കേരളത്തിൽ ഏറ്റവും ജനപ്രിയ കോമിക്സ് കഥാത്രങ്ങൾ കേരളത്തിലെ ഒരു ബഹുഭൂരിപക്ഷം പേരും കണ്ടു, വായിച്ചു വളർന്ന ടോംസിന്റെ ബോബനും മോളിയും.




**കോപ്പിറൈറ്റ് കേസിൽ വിധി വന്നപ്പോൾ രണ്ടു പത്രങ്ങളിൽ വന്ന കാർട്ടൂൺ**


ബാലസാഹിത്യത്തിലെ ഒരു പ്രധാന ശാഖയായ കോമിക്കുകൾ പാശ്ചാത്യ രാജ്യങ്ങളിൽ കുട്ടികൾക്ക് വിലക്കായിരുന്നിരിക്കെ, ഇന്ത്യയിൽ പക്ഷെ എല്ലാ മാസികയുടെയും ഒരു ഭാഗമായിരുന്നു. പൊതുവിൽ 'നല്ല വായനയ്ക്ക്' ഉതകാത്ത മലയാള മനോരമ വീക്കിലിയിൽ പോലും അവസാന പേജിൽ വന്നിരുന്ന ബോബനും മോളിയും എല്ലാവർക്കും പ്രിയ

പ്പെട്ടത്തായിരുന്നു. ജെ. ശശികുമാർ സംവിധാനം ചെയ്തു 1971 ഇൽ പുറത്തിറങ്ങിയ 'ബോബനും മോളിയും' എന്ന സിനമയുടെ ടൈറ്റിൽ ഗാനം അവസാനിക്കുന്നത് പത്രക്കാരൻ വീശിയിടുന്ന മനോരമ വീക്കിലി ഓടിവന്നെടുത്തു അവസാന പേജ് എടുത്തു വായിക്കുന്ന സ്ത്രീയേയും കുട്ടികളെയുമാണ്. പതിന്നൊന്നു വയസ്സ് പ്രായമായ ഈ ഇരട്ട കുട്ടികൾ 1957 മുതൽ മലയാളികളുടെ പ്രിയപെട്ടവരാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇഷ്ടപ്പെടാൻ ഈ പ്രായമാണ് നല്ലതെന്നു ടോംസ് തന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്.

പ്രത്യക്ഷത്തിൽ ബോബനും മോളിയുടെയും പകർപ്പെന്നു തോന്നിക്കുന്നതായിരുന്നു ജൂലൈ 1973 തുടങ്ങി ഡിസംബർ 1981 വരെ മനോരാജ്യം വീക്കിലിയിൽ കെ എസ് രാജൻ വരച്ചിരുന്ന ലാലുവും ലീലയും; മെയ് 1982 മുതൽ ഡിസംബർ 1983 വരെ ചന്ദ്രിക വീക്കിലിയിൽ മജീദ് നന്മണ്ട വരച്ചിരുന്നു സാമുവും സീമയും. ഈ രണ്ടു കാർട്ടൂൺ പരമ്പരയിലെയും പല സീനുകളും ബോബനും മോളിയിൽ നിന്നും പകർത്തിയത് പോലെ ആയിരുന്നു. ഇത് കൂടാതെ ബാലരമയിൽ വന്നിരുന്ന 'മായാവി'യിലും ഒരു ആൺ-പെൺ കുട്ടികളുടെ കൂട്ടുകെട്ടായിരുന്നു കഥയെ മുന്നോട്ടു നയിച്ചത്. സ്വന്തമായി ടോംസ് പബ്ലിക്കേഷൻ തുടങ്ങിയ ടോംസിന്റെ മാസികയിലെ ആദ്യ പതിപ്പിൽ ' മായാവി'യെ ഓർമിപ്പിക്കുന്ന 'ലിറ്റിൽ ചാത്ത'നും 'ലാലു ലാലി' എന്നീ ചിത്രകഥകൾ ഉണ്ടായിരുന്നു എന്നത് രസകരമാണ്. ആർക്കാരുടെ എന്തിനേതിന്റെ പകർപ്പവകാശം എന്ന ചോദ്യം ബാക്കി നിൽക്കുന്നു.

രസകരമാണ് പറയട്ടെ, കേരളത്തെ പിടിച്ചു കുലുക്കിയ കോപിറൈറ്റ് കേസുകളിൽ ഒരു സുപ്രധാന കേസാണ് മനോരമായും ടോംസും തമ്മിൽ ബോബനും മോളിയുടെ പകർപ്പവകാശനിനായി നടന്ന കേസാണ്. 1987-92 വരെ നീണ്ടു നിന്ന ഈ കേസിൽ പലപ്പോഴും വന്നിരുന്ന വാദം ഇരട്ടക്കുട്ടികളുടെ അച്ഛൻ ആയി ടോംസിനു കുട്ടികളെ വിട്ടു കൊടുക്കണമെന്നാണ്. അപ്പോഴേക്കും കലാകൗമുദിയിൽ തുടങ്ങിയ കാർട്ടൂൺ പരമ്പരയ്ക്കും അതിന്റെ കർത്താവിനും ശക്തമായ പിന്തുണയുമായി കലാകാരന്മാരും,


1957-ൽ പ്രസിദ്ധീകരിച്ചത്



ടോംസിന്റെ ആത്മകഥയുടെ കവർ ചിത്രം

എഴുത്തുകാരും,സാമൂഹിക പ്രവർത്തകരും വന്നിരുന്നു. ഹൈ കോടതിയിൽ ടോംസ് ജയിച്ച കേസ് പക്ഷെ സുപ്രീം കോടതിയിൽ എത്തുമ്പോഴേക്കും മനോരമ ഒരു വല്യ ഔദാര്യമെന്നു തോന്നിക്കുമാറ് ടോംസിനു വിട്ടു കൊടുത്തു.

ഇരട്ടക്കുട്ടികളുടെ മാറാത്ത ബാല്യം, പലപ്പോഴും ഈ കോമിക്കിന്റെ ചരിത്രത്തിൽ ഒരു ചർച്ചാവിഷയമായിരുന്നു. കാലത്തിനനുസരിച്ചു രൂപത്തിലും, ഭാവത്തിലും, ഇടപെടലുകളിലുമൊക്കെ മാറ്റങ്ങൾ വരുത്തിയിരുന്നെങ്കിലും കാലാനുക്രമത്തിൽ ഈ കാർട്ടുണുകൾ ലഭ്യമല്ലാത്തതിനാൽ അത് മനസിലാക്കാനും ബുദ്ധിമുട്ടാണ്. വായനക്കാരുടെ ഓർമയിലും പലപ്പോഴും ഇവർ ഇപ്പോഴും ഒരുപോലെ തന്നെ ആയിരുന്നു. തമാശ രൂപത്തിൽ ടോംസ് തന്നെ പറയുന്ന പോലെ മോളിയെ കെട്ടിച്ചുവിടലും ഈ നിശ്ചലത്വം ഒരു കാരണമാകാം! ഇരട്ടകളിൽ ഒരാൾ പെൺകുട്ടി ആയിരിക്കെ കേരളത്തിലും സ്ത്രീധനം ഒരു പ്രശ്നം തന്നെയാണല്ലോ! അങ്ങനെ ഇരിക്കെ തന്നെ, പലപ്പോഴും ബോബന് ഒരു പടിക്കു മുന്നിൽ തന്നെയാണ് മോളി. പ്രശ്ന പരിഹാരത്തിന് പ്രത്യേകിച്ചു: വീട്ടിലും, സ്കൂളിലും, പഞ്ചായത്തിക്കും ഒക്കെയും പലപ്പോഴും തകർപ്പൻ ഐഡിയകൾ മുന്നോട്ടു വെയ്ക്കുന്നത് 'പെൺബുദ്ധി പിൻബുദ്ധി' എന്ന് വിശ്വസിച്ചിരുന്ന ടോംസിന്റെ വരകളിളുടെ പക്ഷെ മോളി തന്നെ ആയിരുന്നു. പൊന്നമ്മ സുപ്രേണ്ടും, മിസ്സിസ് നായരും ഒക്കെ വായിച്ചു പരിചരിച്ച മലയാളികൾക്കു കോമിക്കിൽ സ്ത്രീകൾ ഹാസ്യകഥാപാത്രങ്ങൾ അല്ലാതിരിക്കാൻ സാധ്യത ഇല്ലാലോ.







സിന്ധു സാജൻ
അദ്ധ്യാപിക
അട്ടപ്പാടി

# ഗോത്രകഥകളിലെ സ്ത്രീ സാന്നിധ്യം

## എലിപ്പെണ്ണ്

ഒരു വീട്ടിൽ അച്ഛനും അമ്മയും മകനും താമസിച്ചിരുന്നു. ഇവർ എപ്പോഴും പറമ്പിൽ പണിക്കു പോകും. ഒരു ദിവസം പറമ്പിൽ പണി കഴിഞ്ഞു വരുമ്പോൾ അവരുടെ വീട്ടിൽ നിന്ന് സാമ്പാറിന്റെയും മീൻ പൊരിച്ചതിന്റെയും മണം വരുന്നു. അവർ വീടുതുറന്നു നോക്കി. ആരാണ് ഇത് പാകം ചെയ്തു വെച്ചത്. അവർ ഏതായാലും വിഭവ സമൃദ്ധമായ ഭക്ഷണം കഴിച്ച് ഉറങ്ങി.

പിറ്റേന്ന് വീണ്ടും പറമ്പിൽ പണിക്ക് പോയി. ഊരിലുള്ളവർ ചോദിച്ചു. നിങ്ങളുടെ വീട്ടിൽ മരുകമൾ ചോറും കറിയും വെക്കുന്നുണ്ടല്ലേ? നല്ല മണം വരുന്നുണ്ടല്ലോ! അവർ ചെന്നു നോക്കിയപ്പോൾ അന്നും ചോറും കറികളും തയ്യാറായിട്ടുണ്ട്. അവർക്ക് അദ്ഭുതമായി. നമ്മൾ പണിക്കു പോകുമ്പോൾ ഇവിടെ കയറി ചോറും കറിയും വെക്കുന്നത് ആരാണെന്ന് കണ്ടുപിടിക്കണം. അവർ തീരുമാനിച്ചു. പിറ്റേന്ന് പണിക്കുപോകുന്നതുപോലെ തയ്യാറെടുത്ത് മകൻ വീടിന്റെ അടുത്ത് ഒളിച്ചിരുന്നു. ഒരു എലിപെണ്ണ് വന്ന് ചാമയരിയെടുത്ത് പൊടിച്ച് കഞ്ഞിവച്ചു. തുമര വറുത്ത് പൊടിച്ച് സാമ്പാറാക്കിവെച്ചു. എല്ലാ ജോലിയും കഴിഞ്ഞ് അവൾ എലിമാളത്തിലേക്ക് തിരിച്ചു പോകുമ്പോൾ മകൻ വന്ന് എലിപ്പെണ്ണിന്റെ കൈയിൽ പിടിച്ചു. നീ ഇനി മാളത്തിലേക്ക് പോകേ

ണ്ട, എന്റെ ഭാര്യായി ഇവിടെ താമസിക്കാം എന്നു പറഞ്ഞു. സന്ധ്യയായപ്പോൾ അച്ഛനുമമ്മയും വന്നു. മരുമകളെ കണ്ട് അവർക്ക് അദ്ഭുതമായി.

രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം മൂവരും വീണ്ടും പറമ്പിൽ പണിക്കുപോയി. വീട്ടിലെത്തിയപ്പോൾ അടുപ്പിലെ ചാരമെല്ലാം മാന്തി പുറത്തിട്ടത് കണ്ടു. പിന്നെ എല്ലാ ദിവസവും വീട്ടിലെ ഓരോന്നും നശിപ്പിക്കാൻ തുടങ്ങി. അമ്മയും അച്ഛനും എലിപ്പെണ്ണിനെ നശിപ്പിക്കാൻ കെണിവെക്കാൻ തീരുമാനിച്ചു. മകൻ എലിപ്പെണ്ണിനോട് നീ പറമ്പിൽ പോകുമ്പോൾ പറമ്പിന്റെ അരികിലൂടെ പോകരുത് എന്നു മാത്രം പറഞ്ഞു. എലിപ്പെണ്ണിന് കാര്യം മനസ്സിലായില്ല. എന്തു കൊണ്ടാണ് തന്നോട് അവിടെ പോകരുതെന്ന് പറയുന്നത്? അത് കണ്ടുപിടിക്കണമല്ലോ അവൾ തീരുമാനിച്ചു. അച്ഛനും അമ്മയും മകനും പറമ്പിൽ പണിക്കു പോയ ഉടനെ എലിപ്പെണ്ണ് ചേലചുറ്റി, കനകപ്പൂച്ചൂടി പറമ്പിലേക്ക് പോയി. പോകരുതെന്ന് പറഞ്ഞ യിടത്തുകൂടി തന്നെ അവൾ നടന്നു. അവിടെ എലിയെ പിടിക്കാനുള്ള കത്താരി (മുള കൊണ്ടുണ്ടാക്കിയ കെണി) വെച്ചിരുന്നു. അതിൽ കുടുങ്ങി ചത്തുപോയി. പണി കഴിഞ്ഞ് മകൻ തിരിച്ചെത്തിയപ്പോൾ എലിപ്പെണ്ണിനെ കണ്ടില്ല. അവൻ എല്ലായിടത്തും അന്വേഷിച്ചപ്പോൾ അച്ചനും അമ്മയും അവർക്കറിയില്ല എന്നു പറഞ്ഞു. പറമ്പിൽ ചെന്നു നോക്കിയപ്പോൾ കുടുക്കിൽ കുടുങ്ങി ചത്തു കിടക്കുന്ന എലിപ്പെണ്ണിനെ കണ്ടു. അവന് വലിയ സങ്കടമായി. ഉറക്കെ കരഞ്ഞു. ഒടുവിൽ ഊരിലുള്ളവർ ആചാര പ്രകാരം കൂത്തും പാട്ടുമായി എലിപ്പെണ്ണിനെ അടക്കം ചെയ്തു.

## സൂണ്ടിപ്പെണ്ട്

അവ്വെമ് അപ്പാന്മ് ഒന്റ് മകാന്മ് ഒന്റ് ബ്ടില് ഇര്ന്താരമ്പ ഇവാരമ്പ നാള്ക്ക്മ്കാട് ബേലെക്ക് പോവാര് ഒന്റ് നാള് കാട് ബേലെ സെയ്ത് ബര്ഗാട്ടി സാറ് സോറ് ബാടെ ഗമ ഗമാന്ത് ബന്റ്. ആര് ബ്ടിലൊ സാറ് സോറ് ബാടെ എന്റ് കൊണ്ട് ബന്ത് ബ്ട്ണ തുറാന്ത് നോട്കാട്ടി ബ്ട്ല് കഞ്ചിമ് സാറ്മ് ഇറ്ന്റമ്പ.

തിന്റ് മാടി ഉറങ്കിനാരമ്പ പിന്നെ മ് കാട്ക്ക് പോയി വെര്ഗാട്ടി മാമിയമ്പ സൊലിബന്റ ഏത് ബീടിലൊ ബെങ്കിയ ബര്ത്തട്ടുവ ബാടെ?

ഊര്ലാവരാമ്പ നിമ്മ് ബിടില്ത്തെ, നിന്ന് ബര്മ കത്തെ കഞ്ചികാശിബെത്ത് ഇര്ന്റ എന്റാരമ്പ. അത്തെല്ലമ നീ നാളെ ആര് ബന്ത് ഈ ബേലെന സെയ് വാത് എന്റ് കണ്ടുപിടിക്കുടൊ എന്റ അപ്പാന്മ് അവ്വെമ് മകന്മ് സട്ട കെട്ടിനാരമ്പ.

കാട്ക്ക് പോവമാതിരി പോയി മകാനമ്പ ബീട്ക്ക് ബന്ത് ഒളിന്തിര്ന്താനമ്പ.

ഈ എലിയമ്പ ബന്ത് സാമെ ബല്ലാക്ക് ബ്ന്ത് സാമെ എടുത്ത് തിവാരി ബല്ലക്ക് ബിന്ത് തിവാരി എടുത്ത് സാമെ ഇടിത്ത് അരിയാക്കി, തിവാരിന ബര്ത്ത് ഒടെത്ത് പര്പ്പാക്കി സാറ്ണ കാസികഞ്ചിന കാസി ബീട്കാട്ണ ഒടിക്കിപ്പടിക്കി എലിബായിക്ക് നൊഗെയ പോകാട്ടി മകാനച്ചനമ്പ ബന്ത് കൈന പിടിത്ത നീ ഇനി പോക ബേഡ എന്റ് സൊല്ലി ബീട്ക്ക്ബെത്ത. സന്തോട അവ്വെമ് അപ്പാന്മ് ബന്ത് ബര്മകാള്ണ കണ്ട് പിരിയപ്പെട്ട് ഇര്ന്താര്മ്പ.

റാഡ് മൂറ് നാള് കളിന്ത് മാമിമാമാന് ആളാന്കാറ എല്ലാര്മ് കാട്ക്ക് പോയി ബന്താരമ്പ ബീഡ്ല ഒലെകൂട്ടവ മദ്ല്ണ എല്ല മണ്ണ് തുരുക്കി കചമുച ആക്കിറ്റമ്പ ഇത് ആരവ്വ ഇത്തെ ഗെയ്ന്താത് എന്റ ആളകേൾകാട്ടി മാമിയമ്പ സൊന്ന ഇനിയാര് നിന്ന്പെണ്ട്ത്തെ സുണ്ടി എപ്പ്മ് സൂണ്ടി ബുദ്ധിത്തെ കാട്ട്മ് എന്റ് സൊന്നാളമ്പ.

സൂണ്ടിയമ്പ ബോറാനാളമ്പ... കാട്ക്ക് പോയി ആളാന്മ് പെണ്ട്മ്ന്പ ഒന്റ് നാള് ബെള്ളമെന്ന നോടി നടാക്കാട്ടി ആളനമ്പസൊന്റാന്. നീ കാട്ക്ക് ബര്ഗാട്ടി അര്ക്മേലെ മാത്ര പോക ബേട എന്റ് സൊലി ബീട്ക്ക് ബന്താരമ്പ.

മറ്നാള് ആളകാര കൊങ്ക്ക് പോനനമ്പ.

പെണ്ട് കാട്ക്ക് പോയി മുടിന മുടിത്ത് സീലെന ഉടിത്ത് അട്ക്ക് പൂണ സൂടി നെനേത്ത് പോകാട്ടിയമ്പ ഒന്റുമ് പിടിക്കിട്ടുവാതില്ലെ. എങ്ക് പോനാല്മ് അര്ക്മേലെ എന്ത്ക്ക് പോകബേഡ എന്റ് സൊന്നാത് എന്റ് കണ്ട്പിടിക്കുഡോ? എന്റ് അര്ക്മേലെ നടാന്തമ്പ പോര... കോടിബേറായിര്ക്കവ, നടാന്ത് നടാന്ത് പോയി കത്താരി ബായിക്ക്തനെ തലെന ബെത്ത പെണ്ട് ബേറെ പിളെബേറെയായി സത്ത് ഇര്ന്റാളമ്പ കെങ്ക്ക് പോയി ബന്ത ആള പെണ്ട്ണ പരാന്ത് പരാന്ത് അവ്വെന കേട്ട് അപ്പന കേട്ട് എത്ല് എന്റ് തെരിയാതെ കാട്ക്ക് പോയി പരാന്ത് നോട്കാട്ടി പെണ്ട് സത്തിരന്റ് കേയിന്ത് ബഗേന്ത് എടുത്ത് ബന്ത് ആടി പാടി സുടാലെക്ക്ഇക്കി നാരമ്പ.

...............

കഥ എന്നു കേൾക്കുമ്പോഴേ നമ്മുടെയൊക്കെ മനസ്സിൽ ഒരു മുത്തശ്ശി ഓടിയെത്തുമല്ലോ അല്പം കൂടി വിശാലമായി ഓർക്കുമ്പോൾ കയ്യിൽ മുറുക്കാൻ ചെല്ലവുമായി കാലും നീട്ടിയിരുന്ന് കഥപറയുന്ന മുത്തശ്ശിയുടെയും ചുറ്റും കൂടിയിരുന്ന് കഥ കേൾക്കുന്ന കുഞ്ഞുങ്ങളുടെയും ചിത്രമാവും തെളിയുക. പലപ്പോഴുമാലോചിച്ചിട്ടുണ്ട് കഥയും മുത്തശ്ശിയും തമ്മിലുള്ള ബന്ധമെ ന്തെന്ന് ! അഥവാ കഥപറച്ചിലും ഒരു ഫെമിനിസ്റ്റ് മുഖമുണ്ടോയെന്ന് ഉണ്ടായിരിക്കണം അതാണല്ലോ ഇംഗ്ലീഷിലെ ഗ്രാൻഡ്മാ സ്റ്റോറീസ് ഉം മലയാളത്തിലെ മുത്തശ്ശി കഥകളുമൊക്കെ. അതിനു സമാനമായി ഇപ്പോൾ ഗോത്ര ജീവിതാനുഭവങ്ങൾ നേരിട്ട് അറിയുമ്പോൾ ഗോത്ര സമൂഹത്തിലും കഥകൾക്കും കുട്ടികൾക്കിടയിൽ ഒരു മുത്തശ്ശി ഉണ്ടെന്നത് കൗതുകമാകുകയാണ്. ഇവിടെയും കൊച്ചുമക്കളുമായി വാത്സല്യത്തോടെ സംവദിക്കുന്നത് മുത്തശ്ശികൾ തന്നെ! ലോകത്തെ എല്ലാ മുത്തശ്ശികഥകൾക്കും ഒരു സമാന സ്വഭാവമുണ്ടെന്നതു കൂടി കാണാം. മുതിർ

ന്നവർക്കും കുട്ടികൾക്കുമിടയിൽ അറിവും അനുഭവവും വിനിമയം ചെയ്യുന്നതിനുള്ള ഒരുപാധികൂടിയാണല്ലോ കഥകൾ. ഗുണപാഠകഥകൾ എന്ന് പലപ്പോഴും നമ്മൾ പേരിട്ടു വിളിക്കുന്നതും ഇതുകൊണ്ടു കൂടിയാവാം. മുതിർന്നവർക്ക് പറയാനുള്ളത് കുട്ടികളുടെ മനസ്സിലേക്ക് എളുപ്പം സന്നിവേശിപ്പിക്കുന്നതിനുള്ള ചാലകങ്ങളായാണല്ലോ ഇത്തരം കഥകൾ പ്രവർത്തിക്കുന്നത്. പറഞ്ഞു ഫലിപ്പിക്കാൻ ദുർഗ്രാഹ്യമായ പല ഉപദേശങ്ങളും കഥാരൂപത്തിലാകുമ്പോൾ വേഗം ഉൾക്കൊള്ളാനാകുമെന്നതും കാരണങ്ങൾ തന്നെ. ഗോത്രജനതയുടെ അതിവിപുലമായ കഥാപാരമ്പര്യം വിസ്മയിപ്പിക്കുന്നതാണ് . ഇക്കഥകളുടെ പഴക്കം എത്രയാണെന്നതിന് വ്യക്തമായ തെളിവുകളൊന്നുമില്ല. പ്രകൃതിയുമായുള്ള പാരസ്പര്യം മനുഷ്യബന്ധങ്ങൾ എന്നിവയൊക്കെയാണ് കഥകളുടെ ഇതിവൃത്തമായി വരുന്നത്. ഈസോപ്പുകഥകൾ പ്രശസ്തമായ ഗുണപാഠകഥകൾ ബാലസാഹിത്യത്തിലെ പരിചിതമായ ലോകക്ലാസിക്കുകൾ എന്നിവക്കു പല കഥകളും കൂട്ടത്തിൽ നമുക്ക് കാണാം. ലോകത്തിന്റെ ഏതു കോണിലുമുള്ള മനുഷ്യരുടെ ചിന്തകൾ സമാനങ്ങളാണെന്ന് നമ്മെ ആശ്ചര്യപ്പെടുത്തുന്നവയാണ് ഇക്കഥകളേറെയും . ചെറുജീവികൾ അടക്കം മനുഷ്യ കഥാപാത്രങ്ങളായി വരുന്ന കഥകളും ഏറെയുണ്ട്. ഗൃഹോപകരണങ്ങൾ പോലും കഥാപാത്രങ്ങളാകുകയും മനുഷ്യരെ പോലെ പെരുമാറുകയും ചെയ്യുന്ന കൗതുകമുണർത്തുന്ന കഥകളും ഈ ഗണത്തിൽ പെടും. സ്ഥലനാമകഥകൾ, പാമ്പുകളെ കുറിച്ചുള്ള വിവിധ കഥകൾ എന്നിവയും നിലവിലുണ്ടായിരുന്നു. കാമുകീകാമുകന്മാരുടെ പ്രണയ കഥകളും നിരവധിയാണ്. ഒപ്പക്കഥകൾ എന്നാണിവ അറിയപ്പെട്ടിരുന്നത്. ഗോത്രകഥകൾ യഥാർത്ഥത്തിൽ വായിച്ച് ആസ്വദിക്കാനുള്ളതല്ല. അവ കേട്ടാസ്വദിക്കാനുള്ളതാണ്. പ്രത്യേകമായ ഈണത്തിലും താളത്തിലും കഥ പറയുന്ന രീതിയാണ് ഈ കഥകളെ പ്രിയങ്കരങ്ങളാക്കുന്നത്. പഴയകാലത്ത് മുത്തശ്ശിമായായിരുന്നു കുഞ്ഞുങ്ങളെ ചേർത്തിരുത്തി ഈ കഥകൾ പറഞ്ഞിരുന്നത് . പകൽ മുഴുവൻ കൃഷിസ്ഥലത്ത് പണിയെടുക്കുന്ന മുതിർന്നവർ സന്ധ്യയോടെയാണ് വീട്ടിലെത്തുക. ഭക്ഷണം തയ്യാറാക്കി കഴിയുന്നതുവരെ കൊച്ചു കുഞ്ഞുങ്ങൾ ഉറങ്ങാതെ നോക്കുക എന്നതായിരുന്നു മുത്തശ്ശിമാരുടെ ജോലി. അതിനായാണ് അവർ നീട്ടിയും കുറുക്കിയും താളാത്മകമായി കുഞ്ഞുങ്ങളെ വിസ്മയിപ്പിക്കുന്ന കഥ പറഞ്ഞിരുന്നത്. മുത്തശ്ശിമാരുടെ കഥക്ക് അനുസരിച്ച് കുട്ടികൾ ആഹോയ് ഓഹോയ് എന്നിങ്ങനെ താളമിട്ട് ചൊല്ലും. ചൊല്ല് എത്രത്തോളം രസകരം ആകുന്നുവോ അത്രത്തോളം തന്നെ ആസ്വാദ്യകരമാകും കഥകളും. ഇത്തരത്തിൽ പല കഥകളും തുടർച്ചയായി നീട്ടി പറയാവുന്നവ കൂടിയായിരുന്നു . ഒരേ കഥ തന്നെ വ്യത്യസ്ത അവസരങ്ങളിൽ പറയുമ്പോൾ ചെറിയ വ്യത്യാസങ്ങൾ കാണാം . കഥാപാത്രങ്ങളുടെ പേരുകൾ, സ്ഥലപ്പേരുകൾ എന്നിവ മാറിമാറി വരും . കഥകളുടെ ഒടുക്കവും സന്ദർഭത്തിനനുസരിച്ച് വിത്യാസപെടാറുണ്ട്. ശ്രോതാക്കൾക്ക് ഇഷ്ടമുള്ള രീതിയിൽ മാറ്റി കൊണ്ടുപോകാവുന്ന കഥകളും പ്രചാരത്തിലുണ്ട്. ഇത്തരത്തിൽ കഥകളുടെ ഒരു വിസ്മയലോകം തന്നെ ഗോത്രജനതക്ക് സ്വന്തമാണ്. ഗോത്രഭാഷയെ സംബന്ധിച്ചിടത്തോളം ലിപി ഇല്ലാത്തതിനാൽ കഥകളിലൂടെയും പാട്ടുകളിലൂടെയുമാണ് പരമ്പരാഗതമായി ചിന്തകൾ കൈമാറിയിരുന്നത്. അതുകൊണ്ടുതന്നെ ഈ കഥകൾ ഒരു സംസ്കാരത്തിന്റെ ശേഷിപ്പുകൾ കൂടിയാണ്. ഗോത്രകഥകളിലെ സ്ത്രീ സാന്നിധ്യം പരിശോധിക്കപ്പെടേണ്ടത് കഥ പറയുന്ന മുത്തശ്ശന്മാരും ഇല്ലെന്നല്ല എങ്കിലും മുത്തശ്ശിമാർക്ക് തന്നെയാണ് കഥ പറച്ചിൽ മുഖ്യപങ്കുള്ളത്. ഗോത്രജനതയുടെ കഥകൾ നമ്മെ വിസ്മയിപ്പിക്കുന്നത് മറ്റൊരുതരത്തിൽ കൂടിയാണ്. ഒരുകാലത്ത് പുറംലോകവുമായി കാര്യംമായ ബന്ധങ്ങളില്ലാതെ ജീവിച്ചു വരുന്നവർ കൂടിയായിരുന്നുവല്ലോ. ഇവർ യാത്രകളിലൂടെയോ മറ്റ് രീതിയിലോ ലഭ്യമാകുന്ന അറിവുകളും പരിമിതമായിരുന്നല്ലോ. അതിൽ തന്നെ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് പിന്നെയും സാധ്യത കുറവുള്ളവർ തന്നെയായിരുന്നല്ലോ. എന്നിട്ടും ഈ കഥകൾ പരിശോധിക്കുമ്പോൾ അതിനു സാധാരണമായ ഒരു ഭാവനാലോകം ദൃശ്യമാകുന്നത് കാണാം. മനുഷ്യമനസ്സിന് എത്ര വേഗവും ദൂരവും ആണെന്ന് നിസ്സംശയം പറയുക കൂടിയാണിത്. ചെറുജീവികൾ , ഗൃഹോപകരണങ്ങൾ എന്നിവ മനുഷ്യ കഥാപാത്രമായി വരുന്ന കഥകളും സ്ത്രീകൾ മുഖ്യ കഥാപാത്രങ്ങളാകുന്ന കഥകളും അതിൽ തന്നെ പൊതുവിൽ ഗുണാത്മകമായ സ്വഭാവവിശേഷണങ്ങളോട് കൂടിയ സ്ത്രീകളും ഗോത്ര കഥകളിൽ തിളങ്ങി നിൽക്കുന്നത് കാണാം. ഇത്തരത്തിൽ ഗോത്ര കഥകളിൽ സ്ത്രീസാന്നിധ്യം പലരീതിയിൽ പ്രത്യക്ഷത്തിൽ പ്രകടമാണെങ്കിലും യഥാർത്ഥ കാരണം എന്ന് അടിവരയിട്ടു സ്ഥാപിക്കാൻ കാരണങ്ങൾ ആലോചന വിഷയമായിട്ടില്ല . കഥകൾ അധികവും സ്ത്രീകളുടെ ലോകത്തുനിന്ന് രൂപംകൊണ്ട തായതുകൊണ്ടാകുമോ ഇത്തരത്തിൽ കഥകളിൽ സ്ത്രീ പ്രാതിനിധ്യം കൂടുതൽ തെളിഞ്ഞുകാണുന്നത് എന്ന കാര്യവും സൂക്ഷ്മ പഠനത്തിലൂടെ ഇനിയും കണ്ടെത്തേണ്ട ഒന്നാണെന്ന് മാത്രമേ ഇപ്പോൾ പറയാനാകൂ.





ഗീത

# ബാലികാ സംരക്ഷണത്തിന്റെ കേരളാ മോഡൽ

കേരള സംസ്ഥാന ബാലാവകാശ കമ്മിഷൻ ബാല സൗഹൃദ കേരളം പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം  16.01.2021 പൊന്നാനിയിൽ വെച്ചു നടന്നതായറിയുന്നു.ബാലസൗഹൃദ കേരളം യാഥാർഥ്യമാക്കുക ,ബാലാവകാശ സാക്ഷരത ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വാർഡുതല ബാല സംരക്ഷണ സമിതികളുടെ ശാക്തീകരണമാണ് പ്രധാന ലക്ഷ്യം. ആരോഗ്യമുള്ള സമൂഹത്തിന്റെ ലക്ഷണമാണ് കുട്ടികളുടെ തുല്യതയും സംരക്ഷണവും ഉറപ്പുവരുത്തൽ എന്ന മുന്നറിവിൽ നിന്നാണ് ഈ പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നതെന്നു മനസിലാകുന്നു. വളരെ നല്ലതു തന്നെ. പക്ഷേ സമീപകാലത്തു പുറത്തു വന്ന പോക്സോ കേസുകളുടെ അവസ്ഥ ഉത്കണ്ഠ ഉളവാക്കുന്നതാണ് , ഉദാ: വാളയാർ കേസിൽ ദീർഘകാല സമരത്തിനു ശേഷം അന്വേഷണത്തിനെത്തുന്ന CBI ക്ക് ഏല്പിക്കപ്പെടുന്നത് മൂത്ത പെൺകുട്ടിയുടെ കേസുമാത്രമാണ്! ചെറിയ പെൺകുട്ടിയുടെ കൊലപാതകം ഭീകരമായിരുന്നു. അതിലേക്ക് അന്വേഷണമെത്തി, യഥാർഥ കുറ്റവാളികൾ ശിക്ഷിക്കപ്പെടാതിരിക്കാൻ ആർക്കൊക്കെയേ വലിയ നിർബന്ധമുള്ളതുപോലെ.പ്രതി ഭാഗം വക്കീലിനെ രംര ചെയർമാൻ ആക്കിയ കേസുകൂടിയാണിത്. ഇനി കണ്ണൂരിലെ  പാലത്തായി സംഭവമെടുത്താലോ? കുറ്റാരോപിതൻ അറസ്റ്റു ചെയ്യപ്പെടാൻ തന്നെ സമ

യം കുറേ എടുത്തു. തീർന്നില്ല അന്വേഷണ ഉദ്യോഗസ്ഥൻ പെൺകുട്ടിക്കെതിരായി സംസാരിച്ച വോയ്സ് ക്ലിപ്പു പുറത്തു വന്നു.കാക്കനാട് സംഭവം ഇതേക്കാളൊക്കെ ഭീകരമാണ്. സർക്കാർ സംരക്ഷണയിൽ നിന്നാണ് കുഞ്ഞിനെ നോക്കി വളർത്താൻ കൊണ്ടുപോകുന്നത്. അങ്ങനെയൊരാളെപ്പറ്റി ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഒന്നും തന്നെ പ്രാഥമികാന്വേഷണം പോലും നടത്തിയിട്ടില്ല. വിസ്തരിക്കുന്നില്ല, വലിയ നിര തന്നെയുണ്ട്.

മലപ്പുറം ജില്ലയിലും  ഇത്തരം കേസുകൾ ധാരാളമുണ്ട്  അടിയന്തിര ഇടപെടൽ ആവശ്യമുള്ളവയാണ് അവയിൽപ്പലതും. ഒരുദാഹരണം വ്യക്തമാക്കാം. 2016 അഞ്ചാം മാസത്തിൽ പാണ്ടിക്കാട് പോലീസ് സ്റ്റേഷനിൽ പോക്സോ കേസിലെ ഗുരുതരവകുപ്പുകൾ ഉൾപ്പെടുത്തി (വകുപ്പ് 5, 6) ഒരു കേസ് രജിസ്റ്റർ ചെയ്യപ്പെട്ടു. പതിമൂന്നുകാരിയായ കുട്ടി സ്വന്തം വീട്ടിൽ സുരക്ഷിതയല്ലെന്നു കണ്ടെത്തിയ ചൈൽഡ് ലൈൻ പ്രവർത്തകർ അവളെ നിർഭയ ഹോമിലാക്കി. എന്നാൽ 2016 ആറാം മാസത്തിൽ ബന്ധപ്പെട്ട പ്രവർത്തകരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടിയെ ബന്ധുവിനു തന്നെ വിട്ടു നല്കി. 2017 എട്ടാം മാസത്തിൽ സമാന സാഹചര്യത്തിൽ കുട്ടി വീണ്ടും നിർഭയാ ഹോമിൽ പ്രവേശിപ്പിക്കപ്പെട്ടു. പോക്സോ വകുപ്പിൽ 7, 8 പ്രകാരം വീണ്ടും കേസ് എടുത്തു. നിർഭാഗ്യകരമെന്നു പറയട്ടെ, ബന്ധപ്പെട്ടവരുടെ റിപ്പോർട്ടിന്മേൽ രണ്ടു വർഷങ്ങൾക്കു ശേഷം മറ്റൊരു ബന്ധുവിന് കുട്ടിയെ വിട്ടു നല്കി. 2020 പതിനൊന്നാം മാസത്തിൽ മുമ്പത്തേക്കാളേറെ ദയനീയ സാഹചര്യത്തിൽ സി.ഡബ്ളിയു.സി. മുഖാന്തരം കുട്ടിയെ വീണ്ടും ഹോമിൽ പ്രവേശിപ്പിച്ചിരിക്കയാണ്.

25ലേറെ പോക്സോ കേസുകളാണ് ഇത്തവണ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്! ഇത് ഒരു ഒരു ഉദാഹരണം മാത്രമാണ്. ഇതു പോലെ ഒരു കുട്ടി മാത്രമായിരിക്കില്ല എന്നു തിരിച്ചറിയേണ്ടി വരുന്നു.ഇവിടെ ചില പ്രശ്നങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. ഏതു കുഞ്ഞും സ്വന്തംരക്ഷാകർത്താക്കളോടൊപ്പം പോകാനാണ് സാമാന്യമായി താല്പര്യപ്പെടുക. അവരുടെ വൈകാരികസുരക്ഷിതത്വത്തിനും മാനസികാരോഗ്യത്തിനും അതുതന്നെയാണ് നല്ലതും.എന്നാൽ അവരുടെ വീടും ചുറ്റുപാടും സുരക്ഷിതമല്ലാതെ വരുമ്പോഴാണല്ലോ അവർ ഇത്തരം ഹോമുകളിൽ എത്തിപ്പെടുക. പിന്നീട് ബന്ധുക്കളും കുട്ടിയും ആവശ്യപ്പെട്ടാലും കുട്ടിയെ ഏതെങ്കിലും ബന്ധുക്കൾക്കു വിട്ടുകൊടുക്കുമ്പോൾ പ്രാഥമികമായ അന്വേഷണമെങ്കിലും അധികാരികൾ നടത്തിയിരുന്നുവോ? പുനരധിവാസ സാധ്യതകളെപ്പറ്റി വിശദമായ അന്വേഷണം ആവശ്യമാണെന്നാണ് ഈ ഉദാഹരണം വ്യക്തമാക്കുന്നത്. അത്തരത്തിലുള്ള സെൻസിറ്റിവിറ്റി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് അത്യന്താപേക്ഷിതമാണ് എന്നുമാണ് ഈ ഉദാഹരണം വ്യക്തമാക്കുന്നത്.

**ബാല സൗഹൃദ സമൂഹം കെട്ടിപ്പടുക്കാൻ ആത്മാർഥമായാണു ലക്ഷ്യമിടുന്നതെങ്കിൽ ഇത്തരം കാര്യങ്ങളിലേക്ക് സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. പ്രശ്നങ്ങളുടെ ഓരോ മേഖലയും അന്വേഷിക്കാനും പഠിക്കാനും സത്യസന്ധമായി വിലയിരുത്താനും പരിഹാരം നിർദേശിക്കാനും ശേഷിയുള്ള ഒരു വിദഗ്ധ സമിതി ഇക്കാര്യങ്ങൾ അന്വേഷിക്കണം.**

കുട്ടികളുമായി ബന്ധപ്പെട്ട ഒരു സംഭവം പുറത്തു വരുമ്പോൾ അതുവരെ കഴിഞ്ഞ സംഭവങ്ങൾ .ഭേദപ്പെട്ടതായി മാറാം. എറണാകുളം പച്ചക്കളത്ത് ശിശുക്ഷേമ വകുപ്പിന്റെ ചുമതലയിൽ കഴിഞ്ഞിരുന്ന പെൺകുട്ടി ന്യൂമോണിയ ബാധിച്ച് മരിച്ച ശേഷം നടത്തിയ പോസ്റ്റ്മേൾട്ടം റിപ്പോർട്ടിൽ അവൾ ലൈംഗികമായി പീഡിപ്പിക്കപ്പെട്ടതായി കാണുന്നു! ഇതൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല. ചില ഉദാഹരണങ്ങൾ മാത്രമാണ്.

ഇവയൊക്കെയും വ്യക്തമാക്കുന്ന ചില കാര്യങ്ങളുണ്ട്.ബാലവകാശങ്ങൾ ഒന്നു തന്നെ ഇതു വരെ ഭരിച്ച ഒരു സർക്കാരിന്റെയും പ്രധാന പരിഗണന ആയിരുന്നില്ല – ഇത് ആചാരപരമായ ചില അനുഷ്ഠാനങ്ങൾ മാത്രമാണ്.

അതുപോലെത്തന്നെ അപകടകരമായ മറ്റൊരു പ്രവണതയാണ് കേസു തീരുന്നതിനു മുമ്പ് ബാലികാസദനം, യത്തീംഖാന എന്നീ ഷെൽറ്ററുകളിലേക്കു കുഞ്ഞിനെ മാറ്റുന്നത്. കുട്ടികളുടെ എണ്ണമാണു പ്രശ്നമെങ്കിൽ മറ്റൊരു നിർഭയാ ഹോമിനെപ്പറ്റി ആലോചിക്കാവുന്നതല്ലേ ഉള്ളൂ? തിരുവനന്തപുരത്ത് മൂന്നു നിർഭയാ ഹോമുകൾ ഉണ്ട് എന്നതു സത്യമാണല്ലോ.

പതിനെട്ടു വയസ്സിൽ താഴെയുള്ള പ്രായക്കാർക്ക് വോട്ടവകാശമില്ലല്ലോ. അതു കൊണ്ടായിരിക്കുമോ?'

ബാല സൗഹൃദ സമൂഹം കെട്ടിപ്പടുക്കാൻ ആത്മാർഥമായാണു ലക്ഷ്യമിടുന്നതെങ്കിൽ ഇത്തരം കാര്യങ്ങളിലേക്ക് സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. പ്രശ്നങ്ങളുടെ ഓരോ മേഖലയും അന്വേഷിക്കാനും പഠിക്കാനും സത്യസന്ധമായി വിലയിരുത്താനും പരിഹാരം നിർദേശിക്കാനും ശേഷിയുള്ള ഒരു വിദഗ്ധ സമിതി ഇക്കാര്യങ്ങൾ അന്വേഷിക്കണം. ആ റിപ്പോർട്ടിന്മേൽ സർക്കാർ നടപടികൾ ഉണ്ടാവുകയും വേണം. അല്ലെങ്കിൽ ലോകത്തിൽ ഏറ്റവും കൂടുതൽ പോക്സോ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്ന ഒരു പ്രദേശമായി കേരളം ഭാവിയിൽ അറിയപ്പെടും.



**അഹ്ലാം ബി.ഫൈസൽ**
പ്ലസ്ടു സയൻസ്
ഗവ. HSS ഏരൂർ

# എന്റെ വായനയിലെ ഉയിർപ്പുകൾ

പുരുഷ മേധാവിത്വമുള്ള ഒരു സമൂഹ ഘടനയുടെ ഭാഗമായി പെണ്ണായി പിറന്നാൽ മണ്ണായി തീരും വോളം കണ്ണീരു കുടിക്കണം എന്ന ഒരു അലിഖിത നിയമം അടുത്തകാലംവരെ നിലനിന്നുപോന്നു. ഇന്നും ഈ ദുരവസ്ഥ തീരെ അപ്രത്യക്ഷമായി എന്നു പറയാനാവില്ല. ബാല സാഹിത്യ കൃതികളിലെ കഥാപാത്രങ്ങളുടെ സ്ഥാനം പ്രവചനാതീതമാണ്. അവിടെ ഉത്തമയായ സ്ത്രീ അമ്മ ഭാര്യ എന്നിങ്ങനെ നീളുന്നു സ്ത്രീ കഥാപാത്ര നിര. അവർ അവർക്ക് തന്നെ ഏതോ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത അതിർവരമ്പുകൾ ഉണ്ടാക്കിയിരിക്കുന്നു. പാരമ്പര്യത്തിൽ നിന്ന് വ്യതിചലിക്കാത്ത അടുക്കള പാത്രങ്ങളോട് മാത്രം ദ്വന്ദയുദ്ധത്തിലേർപ്പെടുന്ന ജന്മങ്ങളുടെ നിരന്തര കാഴ്ച. മികവാർന്നൊരു വിഗ്രഹഭഞ്ജനം തന്നെ ഈ മേഖലയിലെ സ്ത്രീകഥാപാത്രങ്ങൾ ഒപ്പംതന്നെ ഉത്തമ സ്ത്രീകഥാപാത്രങ്ങൾ മാത്രം കുടികൊള്ളുന്ന അനുവാചക ഹൃദയങ്ങളും നേരിടേണ്ടിയിരിക്കുന്നു. ഉത്തമസ്ത്രീ എന്ന പ്രയോഗത്തിൽ തന്നെ സ്വന്തം ആഗ്രഹങ്ങളെ അടുക്കള കോണിൽ ഉപേക്ഷിച്ച അല്ലെങ്കിൽ തിരക്കിട്ട ജീവിതത്തിലെവിടെയോ നഷ്ടപ്പെടുത്തിക്കളഞ്ഞതിന്റെ അസ്വാഭാവികതയുണ്ട്. ആ അസ്വാഭാവികതയെ സ്വന്തം കുടുംബത്തിനു വേണ്ടിയും ഭർത്താവിന് വേണ്ടിയും തികച്ചും സ്വാഭാവികമായി തീർക്കുന്നു. ഓരോ അമ്മമാരും സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ആദ്യ വേരുകൾ മുളപൊട്ടേണ്ടത് കുരുന്നു മസ്തിഷ്കങ്ങളിലാണ്. അതിന് അവർ അനുഭവിക്കുന്ന വേദനകൾ വായനയുടെ പടവുകൾ കയറുന്ന കുരുന്നുകൾ അറിഞ്ഞിരിക്കേണ്ടതത്യാവശ്യം തന്നെ. അവിടെയാണ് കുട്ടികളുടെ സാഹിത്യത്തിൽ പുതിയ ഉദയമുണ്ടാകേണ്ടത്. സ്ത്രീ സ്വപ്നങ്ങൾ ചവിട്ടിമെതിക്കാനുള്ളതല്ലെന്നും അത് നേടിയെടുക്കാൻ അവരുടെ ചിറകുകൾക്ക് കരുത്തുണ്ടെന്നുമുള്ള ചിന്താശേഷിയാണ് ടോടോച്ചനെ പോലെയുള്ള പെൺകുട്ടികളിലൂടെ അവതരിപ്പിക്കപ്പെടുന്നത്. അവൾ ധീരതയുടെ നവാധ്യായമാണ്. അതിന്റെ ചിന്താമണ്ഡലം കുരുന്നുകൾക്ക് മുമ്പിൽ തുറന്നിടുന്നു. പോളിയോ ബാധിച്ച തന്റെ സഹപാഠിയെ മരത്തിലേക്ക് എത്തി



ക്കാൻ ശ്രമം പെടുന്ന കൊച്ചു പെൺകുട്ടിയിലൂടെ വെളിവാകുന്നത് പെണ്ണിന്റെ ആത്മവിശ്വാസം മാത്രമല്ല സഹജീവികളോടുള്ള മനോഭാവം കൂടിയാണ് . ഉണർന്ന് പ്രവർത്തിക്കാനുള്ള ഉത്തേജനം ഒറ്റ കഥാപാത്രത്തിലൂടെ അനുവാചകന് ലഭിക്കുന്നു. അതല്ലാതെ പുരുഷമേധാവിത്വം കൊടികുത്തി വാഴുന്ന ഈ ജനതയുടെ ഇടയിൽ സ്വന്തം അസ്ഥിത്വാന്വേഷണത്തിൽ ജന്മം കീഴ്മേൽ മറിയുന്ന സ്ത്രീകഥാപാത്രങ്ങളെ തിരഞ്ഞുപിടിച്ച് അവതരിപ്പിച്ചതു കൊണ്ട് ആർക്കെന്തു പ്രയോജനം. അഭിപ്രായ സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ട് തിരുവായ്ക്ക് എതിർവാ ഇല്ലാത്ത പുരുഷന്റെ ഉപഭോഗവസ്തു മാത്രമായിത്തീരുന്ന സ്ത്രീകഥാപാത്രങ്ങളുടെ ദൈന്യം എക്കാലത്തെയും ഛായാചിത്രമാണ്. അവ ആ കാലഘട്ടത്തിന്റെ രചനകളിൽ പ്രതിധ്വനിക്കുകയും ചെയ്യുന്നു. ഇത്തരത്തിലെ അനുഭവത്തിനെയാണ് മൈന ഉമൈബാൻ ഹൈറേഞ്ച് തീവണ്ടിയിൽ അവതരണ വിധേയമാക്കുന്നത്. ബാല്യത്തിന്റെ ഒരു പിടി നല്ല ഓർമ്മകൾ മുറുകെ പിടിക്കുന്ന അതിൽ സന്തോഷം കണ്ടെത്തുന്ന ഒരു അമ്മയെ




ഇവിടെ കാണാം. മകളായ അമ്മുണുവിന്റെ അമ്മ ഓരോന്ന് ഡയറിയിൽ കുറിച്ചിടുന്നു. നഗരവൽക്കരണത്തിന്റെ കെണിയിൽപെട്ട തന്റെ ഓർമകളിൽ നിന്നുപോലും ഗ്രാമം മാഞ്ഞു പോകുമോ എന്ന ഉത്കണ്ഠ അവിടെ കാണാം. അമ്മയുടെ ബാല്യം ഇന്ന് മകൾക്ക് കഥയാണ്. ഒരു പക്ഷേ ഓരോ സാധാരണക്കാരിയും ദൂരം കടന്നു വന്നതിന്റെ ആകെ തുക പോലും ഈ കഥകളിലായിരിക്കും അതിന്റെ അന്തസത്ത  അവർ അടുത്ത തലമുറയ്ക്ക് വേണ്ടി പകർന്നു നൽകുന്നു . ഒരുപക്ഷേ പുരുഷൻമാരിലുമേറെ. സ്ത്രീ ശാക്തീകരണത്തിൽ മുൻപന്തിയിൽ നിൽക്കേണ്ടത് വിദ്യാഭ്യാസം തന്നെയാണ് . അതിലുപരി വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന ചിന്താശേഷിയാണ്. അവകാശങ്ങളെക്കുറിച്ചുള്ള തിരിച്ചറിവാണ്. പ്രതികരിക്കാനുള്ള കരുത്താണ്. വിലക്കുകളുടെ യും സദാചാരത്തെയും ഇരുമ്പഴിക്കുള്ളിൽ നിന്ന് അവൾക്ക് നിന്നും പുറത്തു വരാൻ ആയിട്ടില്ല. സന്ധ്യ മയങ്ങുന്ന അതോടെ അവസാനിക്കുന്ന സ്ത്രീ സ്വാതന്ത്ര്യം ഉള്ള നാട്ടിലാണ് സ്ത്രീക്കും പുരുഷനും തുല്യത ഉറപ്പാക്കുന്ന നിയമസംഹിതകൾ ഭരണഘടനയുടെ ഏടുകളിൽ മാത്രമായി തുടരുന്നത്. അതുപോലെ തന്നെ പ്രധാനമാണ് വസ്ത്രധാരണം അത് ഒരുവന്റെ വ്യക്തിത്വത്തിന്റെ അടയാളമാണ്. അതിനിടയിൽ പരമ്പരാഗത ജാതിമത വസ്ത്രധാരണ ശൈലികൾ അടിച്ചേൽപ്പിക്കേണ്ടതുണ്ടോ? കപടസദാചാരത്തിന്റെ പേരിൽ വേട്ടക്കിറങ്ങുന്ന പകൽ മാന്യൻമാരെയും തിരിഞ്ഞെതിർക്കേണ്ടിയിരിക്കുന്നു. അതല്ലാതെ കേട്ട് കേട്ട് തഴക്കം ആയ ഫെയറി ടെയ്ൽ സിൻട്രല്ല കഥകളിലെ പോലെ തന്റെ സ്വപ്നങ്ങളുടെ വാതിൽ കൊട്ടിയടക്കപെടുമ്പോൾ അത് തള്ളിത്തുറന്ന് പ്രകാശം പരത്താൻ രാജകുമാരൻ എത്തുമെന്ന് വിശ്വസിച്ച് ഒച്ചയുയർത്താതെയിരിക്കുന്നത് എത്രയോ നിരർത്ഥകമാണ്. പ്രതിസന്ധിഘട്ടങ്ങളിൽ സ്വയം തളർന്നിരുന്നു വിധിയെ പഴിക്കുന്നതിലും അഭികാമ്യം സ്വയം ശക്തിയാ ഇനിയും സ്ത്രീത്വം അറിയേണ്ടിയിരിക്കുന്നു ഇത്തരത്തിലുള്ള മാറ്റമാണ് ബാലസാഹിത്യത്തിന് ഭാഗങ്ങൾ തിരഞ്ഞു കൊണ്ടിരുന്നത് അവിടെ ഒതുങ്ങിക്കൂടുന്നതിനപ്പുറം ചെറുത്തുനിൽക്കുന്ന സ്ത്രീകഥാപാത്രങ്ങളെയായിരിക്കണം അവതരിപ്പിക്കേണ്ടത്. സ്ത്രീ ഇലതുമ്പിലെ മത്തുള്ളിയാണ് അവയിൽ ശാക്തീകരണത്തിന്റെ പ്രകാശം പതിക്കുന്ന തെളിഞ്ഞ പ്രകാശിക്കുന്നു ഒപ്പം ആർദ്രതയോടൊപ്പം സപ്തവർണ്ണങ്ങൾ ഉണ്ടാകുന്നു. ആ സപ്തവർണ്ണങ്ങളിൽ ഭൂഗോളം പ്രതിഫലിക്കുന്നു. ഇത്തരത്തിൽ കേവലമൊരു മഞ്ഞുതുള്ളി തുമ്പാലെ ഭൂഗോളത്തെ പ്രതിഫലിപ്പിക്കുന്ന സ്ത്രീസമൂഹത്തെ ബാലസാഹിത്യത്തിലെ അവതരണമികവും പൊളിച്ചെഴുത്തും കൊണ്ട് സ്വതന്ത്രയാക്കാം.  അവൾ ധീരതയുടെ നവാദ്യായമാ ണ് അതിന്റെ ചിന്താമണ്ഡലം കുരുന്നുകൾക്ക് മുമ്പിൽ തുറന്നിടുന്നു.

ചർച്ചാവിഷയം



**ഡോ. രാധിക സി. നായർ**
വിവർത്തക, ബാലസാഹിത്യകാരി

# ഒരു നാൾ ഞാനും...പോലെ

ആയിരത്തിത്തൊള്ളായിരത്തിത്തൊണ്ണൂറുകളിലെപ്പോഴോ ആണ് ഞാൻ അമേരിക്കൻ എഴുത്തുകാരൻ ഫ്രാങ്ക് ബോമിന്റെ 'ദ വണ്ടർഫുൾ വിസഡ് ഓഫ് ഓസ്' വായിക്കുന്നത്. നാഷണൽ ബുക് ട്രസ്റ്റിന്റെ ചിത്രകഥകളും കുട്ടിപ്പുസ്തകങ്ങളും മലയാള പാഠാവലിക്കഥകളും പാട്ടുകളും റാദുഗ പബ്ലിഷേഴ്സിന്റേതടക്കമുള്ള റഷ്യൻ ബാലസാഹിത്യവും നൂറാവർത്തി വായിച്ചുതീർത്ത് പിന്നെയും കഥ വേണമെന്ന് മൂത്തമകൾ തേജുക്കുട്ടി ശാഠ്യം പറഞ്ഞപ്പോഴായിരുന്നു അത്. കുറേ ഉണ്ടാക്കിക്കഥകൾ പറഞ്ഞുകൊടുക്കലായി പിന്നെ. അതും മടുത്തപ്പോൾ സ്കൂട്ടറോടിക്കുന്ന, കൂളിങ് ഗ്ലാസുവയ്ക്കുന്ന ചക്കിപ്പൂച്ചയുടെയും അതിസാഹസികനും കുസൃതിയുമായ വീരുക്കടുവയുടെയും കഥകൾ അവളുടെ അച്ഛൻ നിരന്തരം ഉണ്ടാക്കിപ്പറഞ്ഞുപറഞ്ഞ് അവളെ രസിപ്പിച്ചു. തേജസ്വിനിക്ക് വായിച്ചുകൊടുക്കാനോ പറഞ്ഞുകൊടുക്കാനോ അതീവരസകരങ്ങളായ ബാലസാഹിത്യം തേടിച്ചെന്ന എനിക്കുമുന്നിൽ പൊട്ടിവീണതായിരുന്നു ഓസ് നഗരത്തിലെ അദ്ഭുതമാന്ത്രികൻ എന്ന ആ ബാലനോവൽ. പുസ്തകം വായിച്ചുതീർന്നതും ഞാനൊരു തീരുമാനമെടുത്തു – അത് ഞാൻ വിവർത്തനം ചെയ്യും. മലയാളത്തിന് അന്നുവരെ (ഇന്നുവരെയും) അപരിചിതമായ ഒരു ഇതിവൃത്തമായിരുന്നു ആ കൃതിയുടേത്. ഇതിവൃത്തത്തിലെ ആ അപരിചിതത്വം ക്രമേണ കഥാപാത്രസൃഷ്ടിയിലും ഞാൻ കണ്ടു. ആ സാഹസികതയും ധൈര്യവും (കഥാപാത്രത്തിന്റേതല്ല എഴുത്തുകാരന്റെ) എനിക്ക് അനൽപമായ ആഹ്ലാദവും അമ്പരപ്പുമാണ് സമ്മാനിച്ചത്.


ഡോറത്തി എന്ന കൊച്ചു പെൺകുട്ടി താമസിച്ചിരുന്ന കാൻസസിലെ വീടിനെ ചുഴലിക്കൊടുങ്കാറ്റ് അടിച്ചുപറത്തി കുള്ളന്മാരായ മൻച്കിനുകളുടെ ഒരു വിദൂരദേശത്തെത്തിക്കുന്നു. അവൾക്കൊപ്പം അവളുടെ നായ ടോട്ടോ മാത്രമാണുണ്ടായിരുന്നത്. അനാഥയായ ഡോറത്തി അമ്മായിക്കൊപ്പം താമസിക്കുമ്പോഴാണ് ഒരുനാൾ കാറ്റ് അവളുടെ ജീവിതത്തെയാകെ അട്ടിമറിക്കുന്നത്. കുഞ്ഞുഡോറത്തി പക്ഷേ, തളർന്നില്ല, പേടിച്ചില്ല. അവൾ നടന്നുനടന്ന് വീട് കണ്ടെത്താൻ ശ്രമം തുടർന്നു. യാത്രയ്ക്കിടയിൽ അവൾ കണ്ടെത്തുന്ന മൂന്നുപേരും മൂന്നുതരത്തിലുള്ള പ്രശ്നങ്ങളിലുൾപ്പെട്ടവരാണ്. നോക്കുകുത്തി കരുതുന്നത് തനിക്ക് തലച്ചോറില്ലെന്നാണ്. എന്നാലാകട്ടെ പ്രശ്നങ്ങൾക്കെല്ലാമുള്ള പരിഹാരം അയാൾ തന്നെ കണ്ടെത്തുകയും ചെയ്യും. സിംഹമാകട്ടെ താൻ പേടിത്തൊ



ണ്ടനാണെന്ന് സ്വയം കരുതുന്നു. പക്ഷേ തന്റെ സുഹൃത്തുക്കളെ ആപത്തുകളിൽനിന്നെല്ലാം രക്ഷിക്കുന്നത് സിംഹം തന്നെയാണ്. ഹൃദയമില്ലെന്ന് സ്വയം കരുതുന്ന തകരമനുഷ്യനാകട്ടെ എല്ലാവരോടും കരുണയും ദയയും ഉള്ളയാളുമാണ്. തലച്ചോറിനും (ബുദ്ധിക്കും) കരുത്തിനും ദയയ്ക്കുംവേണ്ടി അലയുന്ന ഈ മൂവർസംഘത്തെ കൂടെക്കൂട്ടിയാണ് മരതകനഗരത്തിലെ അദ്ഭുതമാന്ത്രികനായ ഓസിനെ കാണാൻ വേണ്ടി ഡോറത്തി (അവളുടെ ആവശ്യമാകട്ടെ ഏതുവിധേനയും വീടു കണ്ടെത്തണമെന്നുള്ളതാണ്. അയാൾ അവളെ അതിനു സഹായിക്കുമെന്ന് എല്ലാവരും പറഞ്ഞിട്ടുമുണ്ട്) എത്തുന്നത്. എന്നാൽ വെൻട്രിലോകിസ്റ്റ് (ഉദരഭാഷകൻ) ആയ ഓസ് ഒരു വെറും തട്ടിപ്പുകാരനാണെന്നു ബോധ്യപ്പെടുന്നതോടെ (ഇതിനിടയിൽ നൂറായിരം സംഭവങ്ങൾ ബോം കോർത്തിണക്കിയിട്ടുണ്ട് കേട്ടോ) തനിക്ക് സമ്മാനമായി കിട്ടിയ മാന്ത്രികഷൂസ് മൂന്നുതവണ നിലത്തു മുട്ടിച്ച് 'എനിക്ക് കാൻസസിലേക്ക് തിരിച്ചുപോണം' എന്നുപറഞ്ഞ് ഡോറത്തി തന്റെ പട്ടിക്കുട്ടിയുമായി നാട്ടിലെത്തുന്നു. തകരമനുഷ്യൻ വിങ്കികളെ ഭരിക്കാൻ നിയോഗിക്കപ്പെടുന്നു. നോക്കുകുത്തി മരതകനഗരം ഭരിക്കുന്നു. സിംഹം കാട്ടിൽ മൃഗരാജാവാകുന്നു.

അതീവരസകരമായ ഈ കഥയിൽ എന്നെ അമ്പരപ്പിച്ചത് കുഞ്ഞുസാഹസങ്ങളൊക്കെ നടത്താൻ ബോം നായകകഥാപാത്രമാക്കിയത് ഒരു പെൺകുട്ടിയെ ആണെന്നതാണ്. അതു മാത്രമായിരുന്നില്ല, അവൾ കടന്നുപോകുന്ന വഴിയിലെ പല പ്രദേശങ്ങളും ഭരിക്കുന്നതും സ്ത്രീകളാണ്. അവരൊന്നും കണ്ണീർ വാർക്കുന്ന, നിസ്സഹായരായ, സഹായത്തിനുവേണ്ടി കേണപേക്ഷിക്കുന്ന, ഏതെങ്കിലും രാജകുമാരനോ വഴിപോക്കനോ ആൺകുട്ടിയോ, മുതിർന്ന പുരുഷന്മാരോ വന്ന് തങ്ങളെ രക്ഷിക്കുമെന്ന്, പ്രതിസന്ധിയിൽനിന്ന് അകറ്റണമെന്ന് കരുതി നിസ്സഹായരായി നിൽക്കുന്നവരായിരുന്നില്ല. അതിനു മുമ്പുണ്ടായിരുന്ന ഫെയറി ടെയ്‌ലുകളിലൊക്കെ നമ്മൾ കണ്ടുവന്നതെന്താണ്? റെഡ് റൈഡിങ് ഹുഡിന്റെ കഥ ഓർമ്മയില്ലേ, സിൻഡറെല്ലയുടെ കഥ ഓർക്കാമല്ലോ. റെഡ് റൈഡിങ് ഹുഡിൽ വഴിപോക്കനായ മരംവെട്ടുകാരനാണ് ചെന്നായയിൽനിന്ന് കൊച്ചുറൈഡിങ് ഹുഡിനെ രക്ഷിക്കുന്നത്. അടുക്കളപ്പണി ചെയ്തും വീട്ടുജോലികൾ സർവതും ചെയ്തും രണ്ടാനമ്മയുടെയും മക്കളുടെയും കുത്തുവാക്കുകൾക്കും പീഡനത്തിനും അവഹേളനത്തിനും പാത്രമായിക്കൊണ്ടിരുന്ന സിൻഡറെല്ലയെ രാജകുമാരൻ വന്നാണ് രക്ഷിക്കുന്നത്. പറഞ്ഞതുകേട്ടില്ലെങ്കിൽ, കണ്ടില്ലേ റെഡ് റൈഡിങ് ഹുഡിന്റെ അവസ്ഥ വരും എന്ന് പേടിപ്പിച്ച് അനുസരണശീലക്കാരെ വാർത്തെടുത്തുകൊണ്ടിരുന്ന മാതാപിതാക്കൾക്ക് കിട്ടിയ പ്രഹരമായിരുന്നു ഫ്രാങ്ക്ബോമിന്റെ ഡോറത്തിയെന്ന കുസൃതിക്കുടുക്ക. നിലവറയിലേക്ക് കൊച്ചുടോട്ടോയുമായി ചുഴലിക്കാറ്റടിക്കുന്നതിനുമുൻപ് ഓടിയിറങ്ങാൻ ശ്രമിക്കുന്നതിനിടെയാണ് അവളുടെ വീടിനെ ചുഴറ്റിയെടുത്ത് കാറ്റ് മൻച്കിനുകളുടെ നാട്ടിൽ എത്തിക്കുന്നത്. എത്ര ധീരമായും സാഹസികമായുമാണ്, എത്ര ചടുലമായാണ്, എത്ര കാര്യഗ്രഹണശേഷിയോടെയാണ് ഡോറത്തി എല്ലാ പ്രതിബന്ധങ്ങളെയും മറികടക്കുന്നത്. അവളെ സഹായിക്കാൻ കഴിയും എന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന ഓസ് എന്ന മായാവിയാകട്ടെ പുരുഷനാണെന്നതുമാത്രമല്ല തികഞ്ഞ തട്ടിപ്പുകാരനുമായിരുന്നു.

ഫ്രാങ്ക് ബോം ഈ നോവൽ എഴുതുന്നത് 1900–ൽ ആണെന്നോർക്കണം. എന്നുവച്ചാൽ വോട്ടവകാശത്തിനുവേണ്ടി അമേരിക്കയിൽ നടന്ന പ്രക്ഷോഭങ്ങൾക്കും ഇരുപതുവർഷമെങ്കിലും മുമ്പ്. എന്തായിരിക്കും അതിനു കാരണം? ബോമിന്റെ കുടുംബത്തിനകത്തുതന്നെ അന്ന് വ്യക്തമായ സ്ത്രീമുന്നേറ്റത്തിന്റെ പ്രത്യക്ഷങ്ങൾ ഉണ്ടായിരുന്നു. ബോമിന്റെ ഭാര്യയും ഭാര്യാമാതാവും സ്ത്രീകളുടെ വോട്ടവകാശത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങളിൽ പങ്കെടുക്കുകയും ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തിരുന്നുവെന്നു മാത്രമല്ല, സ്ത്രീകളുടെ വോട്ടവകാശം സംബന്ധിച്ചുള്ള ലേഖനങ്ങളും ഭാര്യാമാതാവ് എഴുതിയിട്ടുള്ള നിയമലേഖനങ്ങളും താൻ എഡിറ്ററായ 'സൺഡേ പയനിയറി'ൽ ബോം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഫെമിനിസത്തിന്റെ, സ്ത്രീസ്വാതന്ത്ര്യത്തിന്റെ വിത്തുകൾ വീണു മുളപൊട്ടിയ ആ വീട്ടിൽനിന്നും ഒരു എഴുത്തുകാരൻ ഇതല്ലാതെ പിന്നെ എന്തെഴുതാൻ.



മലയാളത്തിന് ഇപ്പോഴും അന്യമാണ് ഈയൊരു ആശയം. അതിപ്പോഴും കുറ്റിയിൽ കിടന്നു കറങ്ങുന്ന കാളയാണ്. എം.ടി. വാസുദേവൻ നായർ രചിച്ച 'ദയ എന്ന പെൺകുട്ടി' പോലുള്ള അപൂർവ്വം ചില രചനകളൊഴികെ എല്ലാംതന്നെ ആൺമേൽക്കോയ്മയുടെ വിളംബരങ്ങളാണ്. വിശ്വപ്രസിദ്ധമായ ഹാരിപോട്ടർ സീരീസിലെ ഹെർമയോണിയെ ഓർമ്മയുണ്ടോ? അതിശക്തയായ ഒരു പെൺകഥാപാത്രമാണവൾ. ദുർബലകളാണ് സ്ത്രീകളെന്ന സ്റ്റീരിയോടൈപ്പിനെ ഹെർമയോണിയുടെ കഥാപാത്രംകൊണ്ട് മറികടക്കുകയാണ് ജെ.കെ. റൗളിങ്. കൗശലവും കരുത്തും മാന്ത്രികതയും ഒത്തുചേർന്ന ഹാരിക്കും റോണിനുമൊപ്പം കുശാഗ്രബുദ്ധിയുള്ള, യുക്തിക്കനുസരിച്ച് കാര്യങ്ങൾ ചെയ്യുന്ന, കർക്കശക്കാരിയായ ഹെർമയോണി കൂടി ചേർന്നപ്പോഴാണ് അക്ഷരാർത്ഥത്തിൽ ഹാരിക്ക് വിജയങ്ങൾ കൊയ്തെടുക്കാനായത്. ഒരു നായകകഥാപാത്രത്തിന് സാഹിത്യവും ചലച്ചിത്രലോകവും കല്പിച്ചുകൊടുത്ത വീരസാഹസികതകളിൽ ഒട്ടും കുറയുന്നില്ല ഹെർമയോണിയുടേത്. അവൾ കരയുന്നില്ല, പതറുന്നില്ല. വിജ്ഞാനവും അറിവുമാണ് അധികാരം, അതാണ് കരുത്ത് എന്ന് പറയാതെ പറയുകയാണ് റൗളിങ് ഹെർമയോണിയിലൂടെ. ഹെർമയോണിയെ വിശേഷിപ്പിക്കാൻ റൗളിങ് ആദ്യകൃതിയിലുപയോഗിച്ച വാക്കുകളല്ല പിന്നീടുള്ള കൃതികളിൽ. ആ വിശേഷണങ്ങളിലെ വ്യത്യാസംകൊണ്ടുതന്നെ എത്ര കരുത്താർജ്ജിക്കുന്നു വളർച്ചയുടെ ഓരോ പടവുകളിലും ഹെർമയോണിയെന്ന കഥാപാത്രം എന്നു നമുക്ക് തിരിച്ചറിയാനാവും.

ആൺകുട്ടികൾ അല്ലെങ്കിൽ മൃഗങ്ങളിൽ ആൺവർഗ്ഗത്തിൽപ്പെട്ടവയായിരുന്നു മിക്ക ബാലനോവലുകളിൽ/കഥകളിൽ കഥാപാത്രങ്ങളോ നായകരോ. വിധേയത്വവും അനുസരണശീലവും അടക്കവും ഭയവും ഉള്ളതും പെൺകുട്ടികളും പെൺവർഗത്തിൽപ്പെട്ട മൃഗങ്ങളും. 19-ാം നൂറ്റാണ്ടുമുതൽ ഇങ്ങോട്ടുള്ള കഥകളെല്ലാമെടുത്തുനോക്കിയാൽ ഈ മാറ്റം വ്യക്തമാവും. കുഞ്ഞായിരിക്കുമ്പോൾ എനിക്കെന്റെ പേര് 'റാപുൻസെൽ' എന്നാക്കണമെന്ന് വാശിപിടിച്ചിരുന്നു എന്റെ പുത്രി. സ്വർണ്ണത്തലമുടി പിന്നി ഒന്നാംനിലയിലെ ജനാലയ്ക്ക് പുറത്തേക്കിട്ട് അതിലൂടെ തടവറയിൽ നിന്ന് രക്ഷിക്കാൻ ആളെ ക്ഷണിച്ചുവരുത്തുന്ന റാപുൻസലെന്ന ആ നായികയെ 'നീണ്ടമുടി'യോടുള്ള ഇഷ്ടംകൊണ്ടാണ് മകൾ ആരാധിച്ചത്. കുറേക്കൂടി വളർന്നപ്പോൾ അവൾക്ക് ആരാധന ഉണ്ണിക്കുട്ടനോടായി. തേക്കില വെട്ടി ചോരയിറ്റിക്കുന്ന, ആട്ടിൻകാട്ടം പോക്കറ്റിലിടുന്ന ഉണ്ണിക്കുട്ടൻ അവളെ രസിപ്പിച്ചു. ഹാൻസൽ ആൻഡ് ഗ്രെറ്റലിലെ ഗ്രെറ്റൽ ദുഷ്ടയായ മന്ത്രവാദിനിയെ പറ്റിക്കുന്നതിൽ അവൾ ആകൃഷ്ടയായി. ലൂയിസ് കാരളിന്റെ ആലീസിനെപ്പോലെ അവളും ചെറുതാകാനും വലുതാകാനും വേണ്ടി ചായക്കോപ്പയിലെ ചായ മാന്ത്രികലായനിയെന്നപോലെ കുടിച്ചു രസിച്ചു. ഇക്കഥകളിലെല്ലാം നമ്മൾ വായിച്ചു പരിചയിച്ച, അവൾ കേട്ടുപരിചയിച്ച പെൺകഥാപാത്രങ്ങളെക്കാളും വിരുതുള്ളവളായിരുന്നു വിസഡ് ഓഫ് ഓസിലെ ഡോറത്തി. ആ നോവൽ വായിച്ചു കേട്ടതോടെ മകൾ ഡോറത്തിയുടെ ആരാധികയായി. അച്ഛന്റെ കഥകളിലെ വീരുക്കടുവയ്ക്കും ചക്കിപ്പൂച്ചയ്ക്കുമൊപ്പം താനും ഒരിക്കൽ കൊടുങ്കാറ്റിൽപ്പെട്ടു വഴിതെറ്റുന്നത് അവൾ സ്വപ്നം കണ്ടു. എന്നിട്ട് മുന്നിലെത്തുന്ന ഓരോ പ്രതിബന്ധത്തെയും തട്ടിത്തകർത്ത് മുന്നേറി ഒടുവിൽ സ്വന്തം വീടിന്റെ സുരക്ഷിതത്വത്തിലേക്ക് തിരിച്ചെത്തുന്നത് അവൾ സ്വപ്നം കണ്ടു. 'പക്ഷേ ഞാൻ ഇങ്ങോട്ടു വരൂല്ലച്ഛാ.... മരതകനഗരം കീഴടക്കി അവിടെ താമസിക്കും. എന്തു രസമായിരിക്കും അത്' എന്നവൾ കൊതിച്ചു.

പറഞ്ഞുവന്നതിതാണ്, ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ രാഷ്ട്രീയമായും സാമൂഹികമായുമുള്ള സ്ത്രീമുന്നേറ്റങ്ങൾ ആരംഭിക്കുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങും മുമ്പുതന്നെ ഫ്രാങ്ക് ബോം തന്റെ കൃതിയിലൂടെ തികച്ചും ഫെമിനിസ്റ്റായ ഒരു കഥാപാത്രത്തെ വാർത്തുവച്ചു. ആ മാതൃകയിൽനിന്ന് മുന്നോട്ടുപോകാൻ പിന്തുടർന്നുവന്ന എഴുത്തുകാരെ പ്രേരിപ്പിച്ചു. ഏതുതരത്തിലുള്ള പ്രതിബന്ധങ്ങളും തരണം ചെയ്യാൻ സംഘബലം കൊണ്ടുകഴിയുമെന്നും അതല്ലെങ്കിൽ യുക്തിയും ബുദ്ധിയും മതിയെന്നും തെളിയിച്ചു. വാർപ്പുമാതൃകകളെ പിന്തുടരാതെ പുതിയൊരു ആശയം തന്റെ കഥാപാത്രത്തിലൂടെ ലോകത്തിനു കാണിച്ചുകൊടുത്തു. സ്വാഭിപ്രായധീരരായ ഒരു തലമുറയെ വാർത്തെടുക്കാനുള്ള കഠിനമായ യത്നത്തിലായിരുന്നു ബോം. അതിന്റെ ഒരു സ്ഫുരണമാണ് ഓസ് നഗരത്തിലെ അദ്ഭുതമാന്ത്രികനിലുള്ളത്. അത് പുസ്തകനാമം സൂചിപ്പിക്കുന്നതുപോലെ മാന്ത്രികനായ ഓസിന്റെ കഥയല്ല. മാന്ത്രികലോകത്തേക്ക് വായനക്കാരെ ക്ഷണിച്ചുകൊണ്ട് ഒരു അട്ടിമറി നടത്തുകയായിരുന്നു രചയിതാവ്. അട്ടിമറിയിലൂടെ സ്ത്രീവിമോചനത്തിന്റെ ആദ്യാങ്കുരങ്ങൾ അദ്ദേഹം കാണിച്ചുതന്നു. ഏതു പുസ്തകമാണ് ഏറ്റവും പ്രിയപ്പെട്ടതെന്ന് ചോദിച്ചാൽ ഓസിന്റെ കഥയെന്നല്ല ഡോറത്തിയുടെ കഥയില്ലേ അത് എന്നുപറയാൻതക്ക അടുപ്പത്തിലേക്കു ബോം പുസ്തകത്തിലൂടെ വായനക്കാരെ വലിച്ചിട്ടു. ഈ കൃതി വായിക്കാതെങ്ങനെ നമ്മുടെ തലമുറയ്ക്ക് വഴിമാറിനടക്കാനാവും.

വാട്ട് ഡസ് പാപ്പാ ഡു ബ്രിങ് ഹോം മണി ആൻഡ് വാട്ട് ഡസ് മമ്മ ഡു ലേയ്സ് ഔട്ട് ദ മണി എന്ന് മകൾ ഉച്ചത്തിൽ പാടുമ്പോൾ സന്തോഷംകൊണ്ട് മതിമറന്ന് കൈയടിക്കുന്നതിനുപകരം പിന്നേ അച്ഛൻ മാത്രമല്ല എന്റമ്മേം കൊണ്ടുവരുന്നുണ്ട് ജോലിചെയ്ത് പൈസ. എന്നിട്ട് ഞങ്ങളങ്ങ് ഒന്നിച്ച് ചെലവാക്കും എന്ന് നെഞ്ചുറപ്പോടെ പറയാൻ മകളെ പ്രേരിപ്പിച്ചതിന് ഈ ഡോറോത്തിക്കും ആലീസിനും ഗ്രെറ്റലിനും ഹെർമയോണിക്കുമുണ്ടൊരു പങ്ക്.

ചർച്ചാവിഷയം



# അറബിക്കഥകളിലെ പെൺമാതൃകകൾ

**സുമയ്യ സുമം**
മലപ്പുറം, മഞ്ചേരിയിലെ
യു.പി സ്കൂൾ അധ്യാപിക

സ്ത്രീയും പുരുഷനും ഒരേ വ്യവസ്ഥിതിയുടെ ഭാഗമാണെന്നിരിക്കെ അവർക്കിടയിലുള്ള ശാരീരിക-മാനസിക ബന്ധങ്ങളേയും കാഴ്ച്ചപ്പാടുകളേയും അസന്തുലിതമായ ചരടിലാണ് പലപ്പോഴും കോർക്കാറുള്ളത്.ജീവിക്കുന്ന ചുറ്റുപാടുകളിൽ നിന്നും സ്വാംശീകരിക്കുന്ന അവ്യക്തമായ അറിവുകൾ വെച്ച് സ്ത്രീയെ രണ്ടാം തരമാക്കി ചിത്രീകരിക്കാറുണ്ട്.നമ്മുടെ ഈ സമൂഹ്യ ജീവിതത്തിൽ ആണും പെണ്ണും വ്യക്തിപരമായും സംഘടിതമായും ചെയ്യേണ്ട ഒത്തിരി കാര്യങ്ങളുണ്ട്.. മാർജിനലൈസ് ചെയ്ത് വിമർശനാത്മകമായി മാത്രം കാണേണ്ട ഒന്നല്ല ആ പ്രവർത്തനങ്ങൾ. സ്ത്രീക്ക് മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങളുണ്ട്. അതുപോലെ പുരുഷനും. ഇവർക്കിടയിലുള്ള ആശയ സന്തുലനത്തിൽ ചുറ്റുപാടിനെ നിലനിർത്തണമെന്നുണ്ടെങ്കിൽ ഒന്നൊന്നിനുമേലുള്ള വിരോധവും, ആധിപത്യവും നിർബന്ധമായും അവസാനിപ്പിക്കേണ്ടതുണ്ട്. മനുഷ്യർക്കിടയിലെ സഹവർത്തിത്വവും സമാനചിന്താഗതിയും പെട്ടെന്ന് കുത്തിവെച്ചുണ്ടാക്കാനാവുന്ന ഒന്നല്ല. ജനനം മുതൽ മരണം വരെ കുടുംബവും, വിദ്യാലയയും, പഠന സമ്പ്രദായങ്ങളും, സൗഹൃദങ്ങളും സ്വഭാവരൂപീകരണത്തിൽ വ്യക്തമായ പങ്കുവഹിക്കുന്നുണ്ട്.. ഒരു വിദ്യാർത്ഥി നേടിയെടുക്കുന്ന പെരുമാറ്റശീലങ്ങളും താൽപര്യങ്ങളും ഏറെക്കുറെ അവന്റെ/ളുടെ വായനയുടെ തെരഞ്ഞെടുപ്പിനനുസരിച്ചിരിക്കും. ചുട്ടയിലേ സമത്വബോധമുണ്ടാവാൻ ബാലകാല സാഹിത്യത്തിനുള്ള പങ്ക് ചെറുതല്ല.

വായനക്കാരെ ഏറെ സ്വാധീനിച്ച സാഹിത്യ ശാഖയാണ് പേർഷ്യൻ - അറേബ്യൻ സാഹിത്യങ്ങൾ. അറബിഭാഷയാസ്വദിക്കാനാവാത്തവർക്ക് അവയുടേയെല്ലാം ട്രാൻസലേറ്റഡ് വേർഷൻസ് ഇപ്പോൾ ധാരാളം ലഭ്യമായതിനാൽ വായനക്കാർക്ക് അവയെല്ലാം എളുപ്പത്തിൽ മനസ്സിലാക്കിയെടുക്കാനാവുന്നുണ്ട്. ഏത് നാട്ടിലെ രചനകളെടുത്താലും സ്ത്രീ പുരുഷ ബന്ധത്തെ ചിത്രീകരിക്കുന്നതിൽ വലിയ സാമ്യതയുണ്ടാവാറുണ്ട്. സ്ത്രീകളെയെല്ലായ്പ്പോഴും പുരുഷാധിപത്യത്തിനടിയറവ് പറയിപ്പിക്കുന്ന അടിമകളായിട്ടോ, ഉപഭോഗവസ്തുവായിട്ടോ മാറ്റാറാണ് പതിവ്. അഥവാ, സ്ത്രീയുടെ ജീവിതം ഭാഷാമാറ്റം കൊണ്ടോ അതിർത്തി മാറ്റം കൊണ്ടോ വ്യത്യസ്തപ്പെടുത്താനാവില്ല. അവൾ ജീവിക്കുന്ന സംസ്കാരത്തിലുള്ള വ്യതിയാനങ്ങൾ ചിലപ്പോൾ അവൾക്ക് ലഭിക്കാവുന്ന സ്വാത

ന്ത്ര്യത്തിന്റെ അളവിൽ മാറ്റം വരുത്തിയേക്കാം .. എന്നാലും ചൂഷണങ്ങളും, അവഗണനകളുമെല്ലാം എല്ലായിടത്തും ഒന്നു തന്നെ.എന്നാൽ അറബി സാഹിത്യത്തിലെ പെണ്ണുങ്ങൾക്ക് കുറച്ചു കൂടി അനുഭവ തീക്ഷ്ണത കാണും. മുസ്ലിം യാഥാസ്ഥികതയുടെ നോവും വേവും കാണും.കൃത്യമായ ചട്ടക്കൂടിനുള്ളിലാണ് അറേബ്യൻ സ്ത്രീജീവിതമുള്ളത്. എത്രയേറെ കഴിവും ആർജ്ജവവും ഉണ്ടെങ്കിലും അവർക്ക് പറക്കാനുള്ള ഇടം അവിടത്തെ പുരുഷൻമാർ വേലി കെട്ടി തിരിച്ചിട്ടുമുണ്ടാവും.. എന്നാൽ വളരെ ചുരുക്കം സ്ത്രീകൾ കെട്ടിപ്പൂട്ടലുകളെ അതിജീവിച്ച് ഉയർന്നു വന്നിട്ടുമുണ്ട്. (ആമിന വദൂദ്, അമീറ, ലൈല അഹമ്മദ്, ഫാതിമ മെർനീസി സാദിയ ശൈഖ് എന്നിവർ അവരിൽ ചിലർ മാത്രം)ഇങ്ങനെയുള്ള ഒരിടത്തെ സാഹിത്യത്തിൽ പെണ്ണിന്റെ നോവുകൾ കുറച്ചധികം തന്നെയാവും. അറേബ്യൻ സ്ത്രീ സാഹിത്യത്തിന്റെ പ്രസക്തിയെത്രത്തോളം ഉണ്ടാവാമെന്ന് തിരിച്ചറിയാനാണ് ഇത്രയും പറഞ്ഞത്.സ്ത്രീവേദനകളെയും, വിവേചനങ്ങളേയും, അസമത്വങ്ങളേയും കുറിച്ച് ഓരോ ആൺകുട്ടിയും പെൺകുട്ടിയും അവരുടെ ബാല്യകാലം തൊട്ടേ മനസ്സിലാക്കി വെക്കേണ്ടതുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ.. അതിനായി സ്വഭാഷയിലുള്ള പുസ്തകങ്ങൾക്കു പുറമേ ഇതര സാഹിത്യങ്ങൾ കൂടി വായനയിൽ ഉൾപ്പെടുത്തിയാൽ നാടു കടന്നും പെണ്ണ് അനുഭവിക്കുന്ന വേർതിരിവുകളെ കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനാവും.കൂടാതെ ഒരു സ്ത്രീയോട് എങ്ങനെ മാന്യതയോടെപെരുമാറണമെന്നു കൂടി ഓരോ വായനകളും കുട്ടിയെ പഠിപ്പിച്ചു കൊടുക്കും. നൂറ്റാണ്ടുകൾ തിരസ്കരിക്കപ്പെട്ട് കഴിഞ്ഞിരുന്ന അറേബ്യൻ സ്ത്രീ സാഹിത്യത്തിന്റെയും, അതിന്റെ ബാലസാഹിത്യത്തിന്റെയും പ്രസക്തി ഇക്കാരണങ്ങൾ കൊണ്ടാണ് വർധിക്കുന്നത്.

അറബി സാഹിത്യത്തിൽ ആയിരത്തൊന്നു രാവുകൾ എന്ന പേരിൽ രൂപംകൊണ്ട നാടോടിക്കഥാ പരമ്പര ലോക കഥാസാഹിത്യത്തിൽ തന്നെ ഏറ്റവും പ്രചുരപ്രചാരവുമുള്ള വായന മേഖലയാണ്.പല ഭാഷകളിലേക്കും തർജ്ജമ ചെയ്യപ്പെട്ടതിനാൽ ലോകത്തിലേറ്റവുമധികം വായിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങളിലൊന്ന് തീർച്ചയായും ആയിരത്തൊന്ന് രാവുകളായിരിക്കും.മലയത്ത് അപ്പുണ്ണിയടക്കം കുറേപേർ ഇതിലെ ആയിരത്തൊന്ന് കഥകളിൽ നിന്നും ബാലസാഹിത്യ രൂപേണെ മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുമുണ്ട്. പതിനെട്ടാം നൂറ്റാണ്ടിലുടലെടുത്ത നാടോടിക്കഥകളാണിതിലുള്ളത് . ഷഹരിയാർ രാജാവിന്റെ രാജ്ഞി അദ്ദേഹത്തോട് ചെയ്ത വിശ്വാസവഞ്ചന കാരണം അന്നാട്ടിലെ കന്യകമാരെയെല്ലാം വിവാഹം ചെയ്യുകയും, വധിക്കുകയും ചെയ്തു, മൂന്ന് വർഷത്തിന് ശേഷം നാട്ടിലെ കന്യകമാരെല്ലാം ഇല്ലാതെയായപ്പോൾ മന്ത്രിപുത്രിയായ ഷഹറാസാദ് രാജാവിന്റെ പത്നിയാകാമെന്ന് സ്വമേധയാ തീരുമാനിക്കുകയും, രാജാവിനൊപ്പമുള്ള രതിക്കു ശേഷം കൊല്ലപ്പെടുമെന്ന് ഉറപ്പുള്ളതിനാൽ തന്റെയും നാട്ടിലെ മറ്റു കന്യകമാരെയും രക്ഷിക്കാനെന്നോണം തുടർച്ചയായ ആയിരത്തൊന്ന് രാവുകളിൽ വ്യത്യസ്തങ്ങളായ കഥ പറഞ്ഞ് ഷെഹരിയാർ രാജാവിന്റെ ദുഷ്പ്രവർത്തിയില്ലാതെയാക്കുന്നതാണ് ആയിരത്തൊന്ന് രാവുകളെന്ന ഇതിഹാസ സാഹിത്യത്തിന്റെ ചരിത്രം. പെൺജീവിതങ്ങളെ സംരക്ഷിക്കാൻ മ



**ഗർഭിണിയായ സീതയെ കാട്ടിലെറിയുന്ന ഭാഗമോ,സീതയെ കുറിച്ച രാമന്റെ സംശയമോ ഒറിജിനൽ രാമായണത്തിൽ  സീതക്കെതിരെ പ്രയോഗിക്കുന്ന കുത്തു വാക്കോ, സീതയുടെ അഗ്നിപ്രവേശമോ കൃതിയിലില്ല. ശൂർപണകയെന്ന കഥാപാത്രമേയില്ല.  സുഗ്രീവനെയാണ് കിഷ്കിന്ദയുടെ രാജാവ്.സഹോദരൻ ബാലി സുഗ്രീവനെ സ്ഥാനഭ്യഷ്ടനാക്കാൻ ശ്രമം നടത്തുകയും ശക്തിയും, മനോധൈര്യവും നഷ്ടപ്പെട്ട് സ്വമേധയാ സിംഹാസനം ഉപേക്ഷിക്കുകയായിരുന്നു സുഗ്രീവൻ.**

റ്റൊരുപെണ്ണിന്റെ ബുദ്ധിയും കൂർമ്മതയും ഉപകാരപ്പെട്ടുവെന്നതിലപ്പുറം അതിന്റെ രചയിതാവിന് സ്ത്രീയുടെ പക്ഷം ചേർന്ന് ചിന്തിക്കാനായി എന്നതാണ് വിജയം.പെണ്ണിനെ അടിച്ചമർത്തുന്ന ഒരു നാട്ടിൽ നിന്ന് തന്നെ ഇത്തരമൊരു രചനയുണ്ടായതും, അതിന്റെ തർജ്ജമകൾ വ്യാപിച്ചതും, പല അടരുകൾ ബാലസാഹിത്യമാക്കി പ്രസിദ്ധീകരിച്ചതും ഏറെയേറെ വായിക്കപ്പെട്ടതും പേർഷ്യൻസ്ത്രീ ജീവിതത്തെ കുറിച്ച് ചർച്ച ചെയ്യാൻ ഇടവരുത്തിയിട്ടുണ്ടെന്ന് നിസ്സംശയം പറയാം. അതിന്റെ ബാലസാഹിത്യ വ്യാപനം സ്ത്രീ സൗഹൃദത്തേയും, മഹത്വത്തേയും കുട്ടികളിലേക്ക് എത്തിക്കാനും ഏറെക്കുറെ സാധിച്ചിട്ടുണ്ട്.

ബാജാ മുഈനുദ്ധീൻ ശാഹ്ശീറാസിയുടെ  പ്രണയ നോവലായ ബദറുൽ മുനീറും ഹുസ്നുൽ ജമാലും മുസ്ലിം സാഹിത്യത്തിൽ ഏറെ  വിപ്ലവം സൃഷ്ടിച്ച കൃതിയാണ്.. വാഴ്ത്തുപാട്ടുകൾക്കൊപ്പം തന്നെ ഏറെ വിമർശനങ്ങളും നേരിട്ടുണ്ട് ഇത്. ബദറുൽ മുനീർ, ഹുസ്നുൽ ജമാൽ എന്നീ രണ്ട് വ്യക്തികൾക്കിടയിലുള്ള പ്രണയമായിരുന്നിട്ടും, പ്രണയമെന്നാൽ രണ്ടാത്മാക്കൾ ഒന്നിച്ചൊന്നാകുന്നതായിട്ടും പുരുഷ കേന്ദ്രീകൃതം തന്നെയെന്ന് ഉറപ്പിക്കാവുന്ന ശൈലിയാണതിലുള്ളത്. പ്രണയസംഹിതയെപ്പോലും രണ്ടു തട്ടുകളിലേക്ക് മാറ്റപ്പെടുന്ന വാർപ്പുമാതൃകയാണ് അതിനേറെ വിമർശനപാത്രമാക്കിയതും..യഥാർത്ഥത്തിൽ കല്പിതകഥയാണെങ്കിൽ കൂടി  ഹുസ്നുൽ ജമാലിനെക്കാൾ ബദറുൽ മുനീറാണ് സംഭവപരമ്പരകളിൽ കൂടുതൽ പ്രത്യക്ഷപ്പെടുന്നത്. മാപ്പിളസാഹിത്യ കുലപതി മോയിൻകുട്ടി വൈദ്യർ മലയാളത്തിലേക്ക് കാവ്യവൽക്കരിച്ചിട്ടുണ്ടെങ്കിലും അതിലെ പുരുഷാധിപത്യം കുറഞ്ഞിട്ടില്ല എന്ന് തന്നെയാണ് തോന്നുക.എന്നാൽ ഡി.വിനയചന്ദ്രന്റെയും എം എൻ കാരശ്ശേരിയുടേയും ബാലസാഹിത്യ വേർഷനിൽ അൽപമൊക്കെ തുല്യത കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് പറയാനാവും. പ്രണയത്തിൽ, സ്നേഹത്തിൽ സ്ത്രീകൾക്കുള്ള പങ്ക് / പങ്കാളിത്തം പുരുഷനോടൊപ്പം തന്നെയാണെന്ന് വായനക്കാരായ കുട്ടികൾക്ക് കുറേയേറെ മനസിലാക്കാനാവും.പരസ്പരമുള്ള സ്നേഹത്തിന്റെ മാറ്റ് കൂടുന്നത് സമത്വവൽക്കരിക്കുമ്പോൾ തന്നെയാണ്. ഇളം തലമുറകൾക്കായി ഒരു പുസ്തകത്തെ പുനരാഖ്യാനം ചെയ്യുമ്പോൾ ഈയൊരു പോളിസി പാലിക്കേണ്ടതുമുണ്ട്..

അതുപോലെത്തന്നെ മറ്റൊരു ഇതിഹാസമായ രാമായണത്തിന്റെ അറേബ്യൻ പുനരാഖ്യാനമായ കാമിൽ കീലാനിയുടെ ഫീ ഗാബതിശ്വയാതീനിൽ (ചെകുത്താന്റെ കാട്) രാവണനെ കൊന്ന് സീതയെ വീണ്ടെടുത്ത്, ദീർഘകാലം പ്രജാതല്പരനായൊരു ഭരണാധികാരിയായി രാമൻ രാജ്യം ഭരിക്കുന്നതോടെ  കഥയവസാനിപ്പിക്കുന്നുണ്ട്.. ഗർഭിണിയായ സീതയെ കാട്ടിലെറിയുന്ന ഭാഗമോ,സീതയെ കുറിച്ച രാമന്റെ സംശയമോ ഒറിജിനൽ രാമായണത്തിൽ  സീതക്കെതിരെ പ്രയോഗിക്കുന്ന കുത്തു വാക്കോ, സീതയുടെ അഗ്നിപ്രവേശമോ കൃതിയിലില്ല. ശൂർപണകയെന്ന കഥാപാത്രമേയില്ല.  സുഗ്രീവനെയാണ് കിഷ്കിന്ധയുടെ രാജാവ്.സഹോദരൻ ബാലി സുഗ്രീവനെ സ്ഥാനഭൃഷ്ടനാക്കാൻ ശ്രമം നടത്തുകയും ശക്തിയും, മനോധൈര്യവും നഷ്ടപ്പെട്ട് സ്വമേധയാ സിംഹാസനം ഉപേക്ഷിക്കുകയായിരുന്നു  സുഗ്രീവൻ.  ബാലിയെ കൊന്ന് രാജ്യം യഥാർത്ഥ ഭരണാധികാരിക്ക് കൈമാറുന്നതാണ്   ഫീ ഗാബതിശ്വയാതീനിൽ രാമൻ  ചെയ്യുന്നത്.മാരീചനെ കൊന്നതിന് ശേഷം രാമൻ നിലവിളിക്കുന്നത് കേട്ടപ്പോൾ സീത അദ്ദേഹത്തെ രക്ഷപ്പെടുത്താനായി' നീ ഭീരുവാണോ?' എന്നു ചോദിച്ചു ലക്ഷ്മണനെ പ്രകോപിപ്പിക്കുകയും അത് സഹിക്കാനാകാതെ ലക്ഷ്മണൻ ഓടുകയും ചെയ്യുന്നുണ്ട് ഈ രാമായണത്തിൽ.. ഒരിക്കൽ പോലും ലക്ഷ്മണൻ തന്റെ ശരീരം കൊതിക്കുന്നുണ്ടോ എന്ന സംശയം സീതക്കുണ്ടാവുന്നുമില്ല.  രാമായണത്തിന്റെ അറബിയിലേക്കുള്ള മൊഴിമാറ്റത്തിൽ വരുത്തിയ ഈ മാറ്റങ്ങൾ യഥാർത്ഥത്തിൽ ഈ ഗ്രന്ഥത്തിന്റെ പുരുഷമേധാവിത്വം നന്നായി കുറച്ചിട്ടുണ്ട്. കുട്ടി വായനക്കാർക്കുള്ള രചനയായതിനാൽ സ്ത്രീകളെ ഇകഴ്ത്തിക്കാണിക്കാതിരിക്കുക തന്നെയാണ് വേണ്ടത്.സമൂഹത്തിന്റെ സാംസ്കാര നവീകരണത്തിന് യുവാക്കൾക്കും കുട്ടികൾക്കും വ്യക്തമായ പങ്കാളിത്തമുണ്ടെന്നിരിക്കെ അവരുടെ പഠന - വായന മേഖലകളിൽ തീർച്ചയായും സമത്വബോധം നിറക്കേണ്ടതുമുണ്ട്. എങ്കിലേ സ്ത്രീപുരുഷ ബന്ധത്തിലെ യഥാർത്ഥ തീവ്രതയും, പവിത്രതയും എന്താണെന്ന് പുതുതലമുറക്ക് വ്യക്തമാവുകയൊള്ളു...



ലിസ പുൽപ്പറമ്പിൽ
അദ്ധ്യാപിക

# മലയാള സിനിമയുടെ അടുക്കളയിൽ വേവാതെ പോകുന്നത്



ജിയോ ബേബി സംവിധാനം ചെയ്ത് OTT പ്ലാറ്റ്ഫോമിൽ റീലിസായ 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ അഥവാ മഹത്തായ ഭാരതീയ അടുക്കള ' ഇപ്പോൾ വളരെയധികം ചർച്ച ചെയ്യപ്പെട്ടുക്കൊണ്ടിരിക്കുന്ന ഒരു സിനിമയാണ്. സമീപകാലത്ത് റിലീസ് ചെയ്ത 'ഥപ്പഡ് ', 'ഫ്രീഡം അറ്റ് മിഡ്നൈറ്റ്' തുടങ്ങിയ സിനിമകളും വിവാഹത്തിനു ശേഷം കുടുംബത്തിനുള്ളിൽ സ്ത്രീകൾ നേരിടുന്ന പ്രതിബന്ധങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. കാലങ്ങളായി തുടരുന്ന ഇത്തരം സ്ത്രീ ജീവിത സംവാദങ്ങൾക്കിടയിലാണ് ഭൂരിഭാഗം സ്ത്രീകളും അവരവർക്കു വേണ്ടിയല്ലാത്ത ജീവിതം ഇപ്പോഴും നയിച്ചുക്കൊണ്ടിരിക്കുന്നത്.

ഒരു സമൂഹത്തിന്റെ അടിസ്ഥാനമായ കുടുംബം രൂപീകരിക്കൽ, അഥവാ, ഒരു സ്ത്രീയും പുരുഷനും അവർക്ക് ജനിക്കുന്ന മക്കൾക്ക് നിയമപരമായ അംഗീകാരം ലഭിക്കുന്നതിനായി സംയോജിക്കുക എന്നതാണ് വിവാഹം കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീ-പുരുഷ സഹകരണവും ഒരുമിച്ച് താമസിക്കലും ലൈംഗികബന്ധത്തിലേർപ്പെടലും വിവാഹബന്ധത്തിലെ മൗലികമായ ആവശ്യമാണ്. ഇക്കാലത്ത് സ്ത്രീയും പുരുഷനും മാത്രമല്ല മറ്റു ലിംഗ സമൂഹങ്ങളും വിവാഹം ചെയ്ത് ജീവിക്കുന്നുണ്ട്. എന്നാൽ പൊതുസമൂഹം അതിനെ ഒരു മാതൃക കുടുംബമായി പരിഗണിക്കുന്നില്ല. ഒരു വിവാഹ ബന്ധത്തിൽ ഒരു സ്ത്രീയ്ക്ക് അഥവാ സ്ത്രീയുടെ പദവിയിലുള്ളവർക്ക് വീടിനകത്തും പുറത്തും ശാരീരികമായും മാനസികമായും നിർവചിക്കപ്പെടാത്ത ബാധ്യതകളും വിലക്കുകളും പ്രത്യക്ഷവും പരോക്ഷവുമായ ആക്രമണങ്ങളും നേരിടേണ്ടി വരുന്നുണ്ട്. ലിംഗനീതിക്ക് വേണ്ടിയുള്ള സ്ത്രീകളുടെ പോരാട്ടം സമൂഹത്തിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. ലിംഗാധിഷ്ഠിതമായ വിവേചനം ഉന്മൂലനം ചെയ്യുക എന്നത് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനപരമായ ധർമ്മമാണ്. സ്ത്രീകളുടെ സാമൂഹികപദവി മെച്ചപ്പെടുത്തുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി നമ്മുടെ ഭരണഘടനയുടെ ശില്പിയായ ഡോ.ബി.ആർ. അംബേദ്ക്കർ ക്രിയാത്മകമായ നിയമങ്ങൾ എഴുതിച്ചേർത്തിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ പദവികളിൽ എല്ലാ പൗരന്മാർക്കും സമത്വവും സ്ത്രീകളെ ഒരു പ്രത്യേക വിഭാഗമായി കണ

ക്കാക്കി വിദ്യാഭ്യാസം, തൊഴിൽ തുടങ്ങി എല്ലാ മേഖലകളിലും അവർക്കു തുല്യപങ്കാളിത്തവും, അവരുടെ അന്തസ്സിനും അഭിമാനത്തിനും സുരക്ഷയും ഉറപ്പുനൽകുന്നുണ്ട്. എന്നാൽ ഇതിന് വിപരീതമായ അവസ്ഥകളാണ് സ്ത്രീകൾക്ക് പൊതു സമൂഹത്തിലും കുടുംബത്തിലും നേരിടേണ്ടി വരുന്നത്. സ്ത്രീകൾക്ക് അനുകൂലമായ പ്രധാനപ്പെട്ട ചില കോടതി വിധികൾ അടുത്ത കാലത്തുണ്ടായിട്ടുണ്ട്. ശബരിമലയിലെ ആരാധനാ സ്വാതന്ത്ര്യവും വീട്ടുജോലിക്കുള്ള വേതനവും വിവാഹ പ്രായം ഉയർത്തലുമെല്ലാം സ്ത്രീ സമൂഹം വളരെയധികം പ്രതീക്ഷയോടെയാണ് സ്വാഗതം ചെയ്തത്. എന്നാൽ മനുസ്മൃതിയെ ഉദ്ധരിച്ചു കൊണ്ടുള്ള കോടതി വിധികളും കേൾക്കുകയുണ്ടായി. പുരുഷാധിപത്യസമൂഹം സുപ്രീംകോടതി വിധികളെ പോലും വെല്ലുവിളിക്കുകയും സ്ത്രീകളെത്തന്നെ അവർക്കെതിരെ സംഘടിപ്പിച്ച് നിരന്തരം തടസ്സങ്ങളേർപ്പെടുത്തുകയും അത്തരം വിധികൾ മരവിപ്പിക്കുകയും ചെയ്യുന്നതാണ് നമ്മൾ കാണുന്നത്. ഇത് പരമോന്നത നീതിപീഠത്തെപ്പോലും വെല്ലുവിളിക്കാനുള്ള ആണധികാരമെന്ന അപ്രമാദിത്വമാണ്.

ഒരു സ്ത്രീയെ സംബന്ധിച്ച് അടുക്കള- കുടുംബം -ആർത്തവം - ലൈംഗികത- സമൂഹം എന്നിവ പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്ന വിഷയങ്ങളാകുന്നു. സ്ത്രീകൾക്ക് സ്വാഭാവികമായുണ്ടാകുന്ന ശാരീരിക പ്രക്രിയയായ ആർത്തവം ശബരിമല സ്ത്രീ പ്രവേശവുമായി ബന്ധപ്പെട്ട് ഒരു സാമൂഹിക വിഷയമായി മാറി കേരളം കൊടുമ്പിരി കൊണ്ട കാലത്തെ പ്രശ്നങ്ങൾ അവതരിപ്പിച്ചതിലൂടെ സ്ത്രീകൾക്ക് അനുകൂലമായൊരു നിലപാട് ഉന്നയിക്കാൻ സിനിമയിലൂടെ ശ്രമിച്ചിട്ടുണ്ട്. ഇങ്ങനെ മുഖ്യധാര സിനിമകൾ പരിഗണിക്കാത്ത, വളരെക്കാലം കേരളത്തെ കലുഷമാക്കിയിരുന്ന, ചാരം മൂടിയ കനൽക്കട്ട പോലെ ഇപ്പോഴും നീറിക്കൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിന്റെ രാഷ്ട്രീയം ഒരു അടുക്കളക്കഥയിലൂടെ പറയാൻ ശ്രമിക്കുന്നു. ഒരു പ്രത്യേക വിഷയം കൈകാര്യം ചെയ്തതുകൊണ്ടു മാത്രമല്ല ആഖ്യാനത്തിലെ പുതുമകൾ കൊണ്ടു കൂടിയാണ് ഒരു ചലച്ചിത്രം ശ്രദ്ധിക്കപ്പെടുന്നത്.ശാസ്ത്രത്തിന് നന്ദി പ്രകാശിപ്പിച്ചു കൊണ്ടാണ് സിനിമ ആരംഭിക്കുന്നത് എന്നത് ഉചിതവും സ്വാഗതം ചെയ്യപ്പെടേണ്ടതുമായ വസ്തുതയാകുന്നു. ശാസ്ത്ര പുരോഗതിയുടെ നാഴികക്കല്ലായ സിനിമ എന്ന ജനകീയകലാരൂപത്തെ അവതരിപ്പിക്കുമ്പോൾ അതിന്റെ പിറവിക്ക് കാരണമായ ശാസ്ത്രത്തിന് കൃതജ്ഞത രേഖപ്പെടുത്തുന്നത് സിനിമാചരിത്രത്തിൽ നടാടെയാണ്. മാത്രമല്ല സിനിമയുടെ ഉള്ളടക്കവുമായി ബന്ധിപ്പിക്കാനുള്ള സംവിധാകന്റെ ബോധപൂർവമായ ഒരു ശ്രമമായി അതിനെ കാണാവുന്നതാണ്. സിനിമ ചർച്ച ചെയ്യുന്ന മറ്റൊരു വിഷയം സ്ത്രീലൈംഗികതയാണ്. സെക്സ് ആണിനെ കേന്ദ്രീകരിച്ചുള്ളതും അവനു മാത്രം ആസ്വദിക്കാനുള്ളതുമായ ഒരു സംഗതിയായിട്ടാണ് സമൂഹം വിലയിരുത്തുന്നത്. എന്നാൽ പുരുഷനും സ്ത്രീക്കും അത് വ്യത്യസ്തമാണെന്നും ലൈംഗികതയെക്കുറിച്ച് അവബോധവും സ്വതന്ത്ര സങ്കല്പവുമുള്ള സ്ത്രീയെ അഭിമുഖീകരിക്കാൻ വിസമ്മതിക്കുന്ന പുരുഷന്റെ അസഹിഷ്ണുതയെയുമാണ് സിനിമയിൽ കിടപ്പറ രംഗത്തിലൂടെ നിമിഷയും സുരാജും ചെയ്ത കഥാപാത്രങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. മറ്റൊന്ന് ദലിത്ആക്റ്റിവിസ്റ്റും കവിയുമായ മൃദുലദേവി പാളുവ (പറയ) ഭാഷയിൽ എഴുതിയ ടൈറ്റിൽ ഗാനമാണ്. 'ഒരു കൊടം പാറ്' എന്ന പാട്ട് സോഷ്യൽ മീഡിയയിൽ വൈറലായതിലൂടെ മലയാള സിനിമയുടെ ചരിത്രത്തിൽ പി.കെ. റോസിക്കു ശേഷം അദൃശ്യമായി തുടരുന്ന ദലിത് സ്ത്രീ പ്രതിനിധാനമായി മൃദുല അടയാളപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ പല പുതുമകളും ഉള്ളടക്കം ചെയ്ത് നിലവിലുള്ള സ്റ്റീരിയോടൈപ്പ് മാതൃകകളെ തകർക്കുന്ന ഒരു സിനിമയായിട്ടു വേണം 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ ' സിനിമയെ വിലയിരുത്തേണ്ടത്. എന്നാൽ കുടുംബത്തിൽ നിന്നുമുള്ള സ്ത്രീസ്വാതന്ത്ര്യം പ്രധാനപ്രമേയമായി ആവിഷ്കരിക്കപ്പെട്ട മറ്റു പല സിനിമകളിൽ നിന്ന് ഈ സിനിമ അതിന്റെ പ്രമേയത്തിൽ പതിവു രീതികളെ തന്നെ പിന്തുടരുകയാണ് ചെയ്യുന്നത്. മാത്രമല്ല ദൃശ്യവത്കരിക്കേണ്ടിയിരുന്ന ഇടങ്ങളിലേക്ക് ക്യാമറ ഫോക്കസ് ചെയ്യാതിരിക്കാൻ കണിശമായി ശ്രദ്ധിക്കുന്നുമുണ്ട്.

ഓരോ സ്ത്രീയും വ്യത്യസ്തരാണ് എന്നതു പോലെ ഓരോ അടുക്കളയും ഒന്നിനൊന്ന് വ്യത്യസ്തമായിരിക്കും. അവിടെ പൊതുവായുള്ളത് ആണധികാരത്തിന്റെ കല്പനകളും വ്യവസ്ഥിതിയുടെ നിയമങ്ങളുമായിരിക്കും. പ്രധാന കഥയ്ക്ക് സമാന്തരമായി വരുന്ന മറ്റു കുടുംബങ്ങളിലെ അടുക്കളകളിലേക്ക് സിനിമ പ്രേക്ഷകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്. കുക്കറിൽ ബിരിയാണിവയ്ക്കുന്ന ഭർത്താവുള്ള അടുക്കളയും ബ്രഡ് ടോസ്റ്റ് ചെയ്യുന്ന മകളുള്ള മോഡേൺ അടുക്കളയും ചക്ക വെട്ടുന്ന അമ്മയുള്ള അടുക്കളയും ദൃശ്യവത്കരിക്കുന്നുണ്ട്. എന്നാൽ ഒരിക്കൽ പോലും വേലക്കാരിയായ ഉഷയുടെ അടുക്കള സ്ക്രീനിൽ കാണിക്കുന്നില്ല. സിനിമയിൽ ദലിത് പ്രതിനിധാനമായി വരുന്ന വേലക്കാരി ഉഷ(കബനി) പാളുവ ഭാഷയിലെഴുതിയ പാട്ട് നായർ തറവാട്ടിലെ അടുക്കളപ്പണികൾക്കിടയിൽ മൂളുന്നതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ അത് സ്വന്തം അടുക്കളയിൽ നിന്നായിരുന്നുവെങ്കിൽ ആ പാട്ടും ദൃശ്യവും ഒന്നു കൂടി ചേർന്നു നിൽക്കുമായിരുന്നു. അങ്ങനെയല്ലാതെയാകുമ്പോൾ ഒരു ദലിത് കുടുംബത്തിന്റെ അടുക്കള ദൃശ്യത്തിന്റെ സാധ്യതകൾ സിനിമയിൽ തമസ്കരിക്കപ്പെടുന്നതായി കാണാം. എന്തു കൊണ്ടാവാം അത്തരമൊരു രംഗത്തിന്റെ സാധ്യതയെ സിനിമയിൽ ഉപയോഗിക്കാതെ വിട്ടുകളയാൻ സംവിധായകനെ പ്രേരിപ്പിക്കുന്നത്? ഒരു പക്ഷേ അത് 'ഭാരതീയവും മഹത്തായ'തുമായി പരിഗണിക്കുന്ന അടുക്കളകളുടെ ഗണത്തിൽ പെടാത്തവയായതു കൊണ്ടാവാം. അല്ലെങ്കിൽ

ദാരിദ്ര്യവും ഇല്ലായ്മയും മാത്രമുള്ള, ആടും മാടും പട്ടിയും പൂച്ചയും കോഴിയും കാക്കയും കുട്ടിയും ഒരുപോലെ ഇടപഴകുന്ന, മാനുഷികവും പ്രകൃതിജന്യവുമായ ഭാവങ്ങളാൽ സമൃദ്ധമായ ഒരടുക്കള

യുടെ സാധ്യതകളെ പുറത്തു നിർത്തുന്നതിലൂടെ

കറുത്ത മനുഷ്യരെയും അവരുടെ ജീവിത സാഹചര്യങ്ങളെയും ബോധപൂർവം അകറ്റി നിർത്തുന്ന, മലയാള സിനിമയുടെ ദലിത് വിരുദ്ധതയുടെ ജീർണ മുഖമാണ് വ്യക്തമാകുന്നത്. ഒരു ദലിത് അടുക്കളയിൽ ഭക്ഷണാവശിഷ്ടവും സിങ്ക് ചോർന്ന വെള്ളവും ഭീകരമായ അശുദ്ധിയായിരിക്കില്ല. മണ്ണിൽ കുഴികുത്തി കഞ്ഞി കുടിപ്പിച്ച വൃത്തിബോധമുള്ള സവർണ ഭവനങ്ങളിൽ നിന്നും തീട്ടവും മൂത്രവുമെടുത്ത് തുരുമ്പിച്ച കൈകൾ അവിടെയുണ്ടാകാം.വളിച്ചതും പുളിച്ചതും കെട്ടതും കേടുള്ളതും ഉപയോഗിച്ച് കീറിയതും നിറം മങ്ങിയതും പൊട്ടിയതുമായതെല്ലാം പല വീടുകളിൽ നിന്നും ഏറ്റുവാങ്ങുന്നവരാണവർ. സമ്പന്നർ പുറന്തള്ളുന്ന എല്ലാതരം അവശിഷ്ടങ്ങളും ഏറ്റുവാങ്ങുന്ന 'വേസ്റ്റ് ബിന്നു'കൾ അവർ തന്നെയാണ്. ഇത്തരം കൊടുമകളിലൂടെ ശുദ്ധിയേത് അശുദ്ധിയേതെന്ന് വ്യവച്ഛേദിക്കാൻ കഴിയാത്ത രീതിയിൽ അവർ മാറ്റപ്പെട്ടു പോയിട്ടുണ്ടാകാം. 'മഹത്തായ അടുക്കള ' എന്ന സിനിമയിലെ പ്രയോഗത്തിന്റെ പരിധിക്കു പുറത്തായിപ്പോകുന്നത് കൊണ്ടു കൂടിയാണ് സിനിമയിൽ അത് മൂടിവെക്കുന്നത്. മഹത്തായ മറ്റേതു അടുക്കളയെയുമപേക്ഷിച്ച് കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടു കൊണ്ട് പെരുമാറുന്ന മനുഷ്യരായിരിക്കും ആ അടുക്കളയിലുള്ളത്. എന്നാൽ മാറ്റിപ്പണിഞ്ഞ പല അടുക്കളകളും സിനിമയിൽ കാണിക്കുന്നുണ്ട്. അപ്പോൾ അദൃശ്യമാക്കപ്പെട്ട അടുക്കളയിൽ വേവുന്നതിനോട് മലയാള സിനിമയ്ക്ക് താല്പര്യമില്ല എന്നുള്ള സൂചനയാണ് ലഭിക്കുന്നത്. മലയാള സിനിമയുടെ അകത്തളങ്ങളിൽ എവിടെയോ വച്ച് തുടർച്ച നഷ്ടപ്പെട്ടു പോയ അദൃശ്യമാക്കേണ്ട ഒരിടമായി സിനിമ അതിനെ തന്ത്രപൂർവ്വം മൂടിവയ്ക്കുന്നു.

മഹത്തായ ഭാരതീയ 'അടുക്കളക്കെട്ടി'നുള്ളിൽ നായികയും വേലക്കാരിയും ഒന്നിച്ച് ജോലി തീർക്കുന്ന ഒരു രംഗമുണ്ട്. ഒരു നായർ സ്ത്രീയും ദലിത് സ്ത്രീയും തമ്മിൽ അധികാരത്തിന്റെ ആജ്ഞാപനസ്വരമില്ലാതെ പരസ്പര ധാരണയോടെ സംസാരിക്കുകയും സ്വാനുഭവങ്ങൾ പങ്കു വയ്ക്കുകയും ചെയ്യുന്നതു കാണാം. ഇത്തമൊരു രംഗം മാറിയ കാലത്തിലുണ്ടായ ഗാർഹിക - ഗാർഹികേതര ബന്ധങ്ങൾ ആശയവിനിമയം ചെയ്യുന്നത് ചിത്രീകരിക്കാൻ ശ്രമിക്കുന്നുണ്ട്. ദലിതയായ വേലക്കാരിയോടൊപ്പംനിന്നു പണിയുന്ന, വേലക്കാരിയെ സഹായിക്കാൻ മനസ്സു കാണിക്കുന്ന, ആജ്ഞാപിക്കാതെ അഭിനന്ദിക്കുന്ന, സ്നേഹത്തോടെയും സൗഹാർദ്ദത്തോടെയും 'ചേച്ചി ' എന്നു സംബോധന ചെയ്യുന്ന, (മുതിർന്നവരെ കുഞ്ഞുകുട്ടികളെക്കൊണ്ടു പോലും പേരു വിളിപ്പിക്കുന്ന സംസ്കാരമാണ് സവർണ സമ്പന്നതയുടെത്) 'എത്ര പണം വേണമെങ്കിലും എടുത്തോളൂ' എന്നു പറയാവുന്ന വിശ്വാസ്യത പ്രകടിപ്പിക്കുന്ന ഈ കഥാപാത്രം പുതിയ കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടു കൊണ്ട് സൃഷ്ടിച്ചെടുത്തതാണ്. സ്വന്തം അടുക്കള കൂടാതെ പല അടുക്കളകൾ കൈകാര്യം ചെയ്യുകയും തന്റെ ഇച്ഛക്കനുസരിച്ച് പ്രവൃത്തിക്കുകയും കാലത്തിനനുസരിച്ച് ജീവിക്കാൻ പഠിക്കുകയും ചെയ്ത കർത്തൃത്വ ബോധമുള്ള ഉഷ എന്ന കഥാപാത്രത്തിലേക്ക് സിനിമ ക്യാമറ കൂടുതൽ ഫോക്കസ് ചെയ്യുന്നില്ലെന്നും കാണാം. 'എനിക്ക് ആർത്തവമുള്ള കാര്യം ആരു നോക്കാൻ ' എന്നു പറയുമ്പോൾ 'ചേച്ചി പൊളിയാണല്ലോ ' എന്ന നായികയുടെ സാക്ഷ്യപ്പെടുത്തലോടെ ആ കഥാപാത്രത്തെ രംഗത്തിൽ നിന്നും മുറിച്ചു കളയുകയാണ് ചെയ്യുന്നത്. അങ്ങനെ മഹത്തായ ഭാരതീയ അടുക്കള കളിൽ ചില വിഭവങ്ങൾ ഇന്നും വേവാതെ പോകുന്നുണ്ട്.

സിനിമകളിൽ സ്ത്രീ കഥാപാത്രങ്ങളുടെ അനുഭവങ്ങളെ ഏകീകൃതമായ സ്ത്രീ അനുഭവങ്ങളായി കാണാൻ ആവശ്യപ്പെടാറുണ്ട്. എന്നാൽ ഇന്ത്യയിൽ പൊതു സ്ത്രീ സംവർഗമെന്നൊന്നില്ല. ബ്രാഹ്മണ പ്രത്യയശാസ്ത്രം മുഴുവൻ സ്ത്രീകളെയും ജാതിയുടെ പേരിൽ ചിതറിപ്പിക്കുകയാണ് ചെയ്തിരുന്നത്.

ഈ പ്രത്യയശാസ്ത്രം അബോധത്തിൽ സ്വീകരിച്ച സെമിറ്റിക് മതങ്ങളും അതു തന്നെ ചെയ്തു. അതുകൊണ്ടു തന്നെ സ്ത്രീ അനുഭവങ്ങൾ ഒരിക്കലും സമാനമല്ല. ജാതി-മത-വർണ-വർഗ വ്യത്യാസങ്ങൾക്കുള്ളിലാണ് ഓരോ അവളും ജീവിക്കുന്നത്. ഓരോ വീടും അവളെ ഓരോ തരത്തിലാണ് പരുവപ്പെടുത്തുന്നത്. ഒരു കുടുംബത്തിനുള്ളിൽ സ്വന്തം പദവിയും സ്ഥാനവും നിർണയിച്ചെടുക്കാൻ എളുപ്പം കഴിയും. എന്നാൽ അവിടം പുതുക്കിപ്പണിയുകയും തനിക്കു കൂടി സാധ്യതയുള്ള ഇത്തിരി ഇടമുണ്ടാക്കുകയും ചെയ്യുക എന്നത് അല്പം ബുദ്ധിമുട്ടുള്ള കാര്യമാണ്. സ്വയം തിരിച്ചറിവുണ്ടാകുന്നതുവരെ ഒരു കുടുംബിനി എന്നതിൽ ആനന്ദമടഞ്ഞ് ജീവിക്കുന്നവർ സ്വയം ബോധമുണർന്നു കഴിഞ്ഞാൽപ്പിന്നെ കുതറാൻ തുടങ്ങുന്നു. ചിലർക്കൊന്നും മരണം വരെ കണ്ണു തെളിയാറുമില്ല എന്നതാണ് വാസ്തവം.

പുരുഷാധിപത്യ വ്യവസ്ഥിതിയിൽ സ്ത്രീകൾ പല സാഹചര്യങ്ങളിലും സമാന അനുഭവസ്ഥരാണെങ്കിൽ പോലും അവർ തമ്മിൽ സമരസപ്പെടുന്നത് അപൂർവ്വമാണെന്നു കാണാം. ഇതിന് കാരണമാകുന്നത് സ്ത്രീകളിൽ അബോധത്തിൽ പ്രവർത്തിക്കുന്ന ജാതി- മത-സമ്പന്ന- സവർണ ബോധമാണ്. എന്നാൽ പുരുഷൻമാർ തമ്മിൽ അപരിചിതരാണെങ്കിൽ പോലും ഒന്നിച്ച് വസിക്കാനോ യാത്ര പോകാനോ ഭക്ഷണം പങ്കിടാനോ മടിക്കുന്നില്ല എന്നു കാണാം. പൊതു ഇടങ്ങളിൽ ചായയും ചാരായവും പായയും പായാരവും അവർ ആരുമായും പങ്കിടുന്നുണ്ട്. മേൽപ്പറഞ്ഞ ഘടകങ്ങൾ മറ്റൊരു തരത്തിലാണ് ആണുങ്ങളിൽ പ്രവർത്തിക്കുന്നത്. താൻ നിലനിൽക്കുന്ന മത/ജാതി പൗരോഹിത്യ നിയമങ്ങൾ കുടുംബത്തിനുള്ളിലും പുറത്തും തനിക്ക് തോന്നുന്ന സമയത്ത് ലംഘിക്കാനും പുതുക്കാനും അനുവർത്തിക്കാനും പുരുഷന് കഴിയുന്നുണ്ട്. സമ്പത്ത്, ഉയർന്ന പദവി, വിദ്യാഭ്യാസം തുടങ്ങിയവ പുരുഷനെ സംബന്ധിച്ചിടത്തോളം സഹവസിക്കാനും സൗഹൃദം പങ്കിടുന്നതിനുമുള്ള അനുകൂല ഘടകങ്ങളാണെങ്കിൽ സ്ത്രീകളിൽ ഇവയൊന്നും അത്ര കണ്ട് സജീവമാകുന്നില്ല. പുരുഷന് അനുകൂലമാകുന്ന നടപ്പു വ്യവസ്ഥിതി സംരക്ഷിക്കേണ്ട ബാധ്യത സ്ത്രീയ്ക്കാണ് എന്നതാണ്

ഇവിടുത്തെ വൈരുദ്ധ്യം. ഓരോ കുടുംബവും അതത് മതവും ജാതിയും പുലർത്തുന്ന പാരമ്പര്യ ആചാര അനുഷ്ഠാനങ്ങൾ പിന്തുടരാനും പുതിയ തലമുറയിലേക്ക് അവ കൈമാറ്റം ചെയ്യാനും വൃത്തിയും ശുദ്ധിയും ഉറപ്പിക്കാനും സ്വന്തം കുലമഹിമയിൽ അഭിമാനിക്കാനും ആളെയറിഞ്ഞ് ഇടപഴകാനും സ്ത്രീയോട് നിരന്തരം ആവശ്യപ്പെടുന്നു. അങ്ങനെ സ്ത്രീ അറിഞ്ഞോ അറിയാതെയോ ഒരേ സമയം ഈ വ്യവസ്ഥയുടെ ഇരയും സംരക്ഷകയുമായി നിലനിൽക്കുന്നു. നിയമങ്ങളെ വെല്ലുവിളിച്ച് തന്റേടത്തോടെ തന്റെ ഇടം കണ്ടെത്തുന്നവരെ കുടുംബത്തിൽപ്പിറക്കാത്തവൾ,വെടി, കുലട, ഫെമിനിച്ചി തുടങ്ങിയ പദങ്ങളെറിഞ്ഞ് വീഴ്ത്താൻ ശ്രമിക്കുന്നു. അതിനെ മറികടന്ന് വ്യവസ്ഥിതിക്കു പുറത്തെത്തുന്ന സ്ത്രീകളെ ഏറ്റവും കൂടുതൽ ഭത്സിക്കുന്നത് പെണ്ണുങ്ങൾ തന്നെയാണ്. ആണധികാരം ചവിട്ടിക്കുഴച്ചു പരുവപ്പെടുത്തിയ കുലാചാരങ്ങൾ മുറ തെറ്റാതെ പാലിക്കുന്ന, ഈ വ്യവസ്ഥിതിയുടെ ക്രമം തകരാതിരിക്കാൻ ഏതു യുദ്ധമുഖത്തേക്കുമിറങ്ങാൻ തയ്യാറായ കുലസ്ത്രീകളാണ് അണുവിട മാറ്റത്തിനെ പോലും എതിർക്കുന്നത്. പാട്രിയാർക്കി സ്ത്രീകളെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നും അവരറിയാതെ അവരെക്കൊണ്ട് തന്നെ വ്യവസ്ഥിതി അടച്ചുറപ്പിക്കുന്നുവെന്നും പറയുമ്പോൾ ഇപ്പോഴും പലർക്കും അത് മനസ്സിലാകാത്തതിന്റെ യാഥാർത്ഥ്യം അതാണ്. ഹിന്ദുസ്ത്രീകൾ ഹിന്ദുമതത്തിലെ കവാടങ്ങളാണെന്നുംപാതിവ്രത്യം എന്നത് ഹിന്ദുസ്ത്രീയുടെ പർദ്ദയാണെന്നും ജാതിക്കുശുമ്പ് സവർണ പുരുഷനേക്കാൾ കൂടുതൽ സ്ത്രീകൾക്കാണെന്നുമുള്ള ഉമ ചക്രവർത്തിയുടെ നിരീക്ഷണം ഇതുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യേണ്ട വസ്തുതയാണ്.



കേവലമൊരു നായർത്തറവാടിന്റെ അടുക്കളയിൽ നടക്കുന്ന സംഭവമെന്നതിൽ കവിഞ്ഞ് ശബരിമലയിലെ യുവതി പ്രവേശത്തിന്റെ ചരിത്ര വഴികളിലേക്കൊന്നും സിനിമയുടെ ശ്രദ്ധ തിരിയുന്നില്ല. എന്നാൽ ഈ വിഷയത്തിൽ പ്രതികരിച്ച ജേർണലിസ്റ്റിനെ ഭീഷണിപ്പെടുത്തുന്ന സ്വാമിമാരെയും നാമജപക്കാരെയും മതവാദികളെയും കാണിക്കുന്നുമുണ്ട്. 2018 സെപ്തംബർ 29 നാണ് സുപ്രീം കോടതി ശബരിമലയിൽ യുവതികൾക്ക് പ്രവേശന സ്വാതന്ത്ര്യം നൽകുന്നത്. ഈ വിധിക്കുശേഷമുണ്ടായ ആദ്യത്തെ യുവതി പ്രവേശമായിരുന്നു 2019 ജനുവരി 2 ന് ബിന്ദു അമ്മിണി, കനക ദുർഗ എന്നിവരിലൂടെ യാഥാർത്ഥ്യമായത്. തുടർന്ന് നിരവധി യുവതികൾ മലചവിട്ടാനായെത്തുകയും വിശ്വാസികളെന്ന പേരിൽ തമ്പടിച്ചു കൂടിയ കുല പുരുഷ/ സ്ത്രീകളുടെ ആക്രമണങ്ങളാൽ മടങ്ങുകയും ചെയ്യുകയുണ്ടായി. എന്നാൽ ശബരിമല വിഷയത്തിൽ കോടതിവിധിയോട് അനുകൂലമായി പ്രതികരിച്ച സ്ത്രീകളെ ആക്രമിച്ചത് അവരുടെ ജാതിയെ അടിസ്ഥാനമാക്കിയായിരുന്നു . ദലിത് സ്ത്രീകൾക്ക് നേരിടേണ്ടി വന്ന അനുഭവമല്ല ശബരിമലയിൽ കയറിയിട്ടുണ്ടെന്ന് തെളിവു സഹിതം പറഞ്ഞു പൊതുചർച്ചകളിൽ പങ്കെടുത്ത പ്രബലസമുദായ ബലമുള്ള സ്ത്രീകൾക്കുണ്ടായിരുന്നത്. സ്ത്രീപക്ഷ പ്രസ്ഥാനങ്ങളും പുരോഗമനപ്രസ്ഥാനങ്ങളും കോടതി വിധിയെ സ്വാഗതം ചെയ്യുകയും യുവതീപ്രവേശനത്തിന് പിന്തുണപ്രഖ്യാപിക്കുകയും ചെയ്തെങ്കിലും; സംഘപരിവാർ, എൻ.എസ്.എസ്. തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ യാഥാസ്ഥിതികപക്ഷം വിധിയെ നിരാകരിക്കുകയും അവരുടെ നേതൃത്വത്തിൽ സ്ത്രീകളെ ശബരിമലയിൽ പ്രവേശിക്കുന്നത് തടയുന്നതിനായി നിയോഗിക്കുകയും ചെയ്യുകയായിരുന്നു.

പാട്രിയാർക്കി അടിച്ചേൽപ്പിച്ച സാമൂഹിക വ്യവസ്ഥിതിയിൽ നിന്നും വ്യക്തി സ്വാതന്ത്ര്യത്തിനു വേണ്ടി സ്ത്രീകൾ നടത്തുന്ന കുതറലുകൾ മുമ്പും സിനിമകൾക്ക് വിഷയമായിട്ടുണ്ട്.

കുടുംബത്തിൽ നിന്നിറങ്ങി പോകുന്ന സ്ത്രീകൾ സിനിമയിലും സാഹിത്യത്തിലും പലതരത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ഇറങ്ങിപ്പോയവരെല്ലാം ഇപ്പോഴെവിടെയാണുള്ളത്? അവരുടെ പരാജയ കഥകളല്ലാതെ വിജയകഥകൾ സമൂഹം അറിയാതെ പോകുന്നത് എന്തായിരിക്കാം? കറുത്തവരെ നിഷേധിക്കുന്ന, ജാതി അറിഞ്ഞാൽ പുറത്താക്കുന്ന, കൂലി കുറയ്ക്കുന്ന, മലയാള സിനിമയിൽ ഏതു കാലത്താണ് ദലിതർക്ക് പ്രവേശന പാസ് ലഭിച്ച് അന്തസ്സോടെ തൊഴിൽ ചെയ്യാനാവുന്നത്? ലോകസിനിമകളിൽ ജാതി- മത - വംശ- ലിംഗ ഭേദമന്യേ സ്ത്രീകൾ എല്ലാ മേഖലങ്ങളിലും സ്വാഭാവികമായി കടന്നു വരുമ്പോൾ ഇപ്പോഴും ആർത്തവം, അയിത്തം, ജാതി, ലിംഗം എന്നിവയെക്കുറിച്ച് പറഞ്ഞിരിക്കുന്ന നമ്മൾ ഏതു കാലത്താണ് ജീവിക്കുന്നത്? മലയാള സിനിമയുടെ അടുക്കളയിൽ എന്തെല്ലാമാണ് വേവാതെ പോകുന്നത് ?



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ



# വെറിന മൊഹോപ് - ആർട്ടിക് പര്യവേക്ഷക സംഘത്തിനു കരുത്തു പകർന്ന വനിത

ഒരിക്കൽ ഗവേഷണത്തിനിടെ ആർട്ടിക് സമുദ്രത്തിലെ ഒരു മഞ്ഞുപാളിയിൽ കുടുങ്ങിക്കിടക്കുമ്പോഴാണ് ഒരു ഭീമൻ ധ്രുവക്കരടി മണം പിടിച്ച് ആ ഗവേഷകരെ തുറിച്ചു നോക്കി നിന്നത്. എങ്ങോട്ടെങ്കിലും ഓടുന്നതോ ശബ്ദമുണ്ടാക്കുന്നതോ അപകടത്തിലേക്ക് നയിക്കുമെന്നുറപ്പ്. സമചിത്തതയോടെ ആ സന്ദർഭം കൈകാര്യം ചെയ്യുകയും സഹ ഗവേഷകരെ രക്ഷിക്കുകയും ചെയ്തത് ഒരു വനിതയായിരുന്നു! അല്പം അകലെയുള്ള തങ്ങളുടെ പര്യവേക്ഷണക്കപ്പലിലേക്ക് അവർ അപായ സന്ദേശമയച്ചു. വേണ്ടി വന്നാൽ തോക്കുപയോഗിക്കാൻ സജ്ജയായി നിന്നു. എന്തായാലും വൈകാതെ എത്തിച്ചേർന്ന ഹെലികോപ്റ്ററിൽ കയറി അവർ രക്ഷപ്പെട്ടു.ആർട്ടിക്കിലെ അതിശൈത്യം, ഹിമക്കരടികൾ, തെന്നി നീങ്ങുന്ന മഞ്ഞുപാളികൾ , ദുഷ്ക്കരമായ കാലാവസ്ഥ, അപ്രതീക്ഷിത വെല്ലുവിളികൾ ഇതൊക്കെ നേരിടാൻ ഒരു ഗവേ

ഷക സംഘത്തെ പ്രാപ്തമാക്കിയ ഈ വനിത ആരാണെന്നോ? വെറിന മൊഹോപ് ആണ് ആ ധീര വനിത. 2020-ൽ ശാസ്ത്ര രംഗത്തു ശ്രദ്ധേയരായ പത്തു പേരുടെ ലിസ്റ്റ് വിഖ്യാത ശാസ്ത്ര ജേണൽ ആയ നേച്ചർ തയ്യാറാക്കിയപ്പോൾ അതിൽ ധ്രുവപ്രദേശത്തെ വലിയൊരു ഗവേഷക സംഘത്തിന്റെ മേൽനോട്ടച്ചുമതലയുള്ള വെറിനയും ഉൾപ്പെട്ടിരുന്നു.

ആർട്ടിക്കിലെ കാലാവസ്ഥയെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചും ആഗോള താപന ഫലമായുള്ള മഞ്ഞുരുകലിനെക്കുറിച്ചുമൊക്കെ പഠിക്കാനായി 2019 ലാണ് മൊസെയ്ക് (മൾട്ടി ഡിസിപ്ലിനറി ഡ്രിഫ്റ്റിങ് ഒബ്സർവേറ്ററി ഫോർ ദ സ്റ്റഡി ഓഫ് ആർട്ടിക് ക്ലൈമറ്റ്) എന്ന അതിസാഹസികവും അപൂർവ്വവുമായ ഒരു ഗവേഷണ പ്രോജക്റ്റ് ആരംഭിക്കുന്നത്. 2019-ന്റെ അവസാനം തുടങ്ങിയ , ഒരു വർഷം നീളുന്ന ഈ ആർട്ടിക് പര്യവേക്ഷണ പ്രോജക്റ്റിന്റെ ലോജിസ്റ്റിക് കോർഡിനേറ്റർ ആയിരുന്നു വെറിന. വെല്ലുവിളികളുടെ ഒരു വലിയ നിര തന്നെയുണ്ടായിരുന്നു ഈ ഗവേഷക സംഘത്തിനു മുന്നിൽ. വെറിനയുടെ യുക്തിപൂർവ്വമുള്ള തീരുമാനങ്ങളും ആത്മവിശ്വാസവും തീവ്ര പരിശീലനവുമാണ് ഗവേഷക സംഘത്തിന് കരുത്തു പകർന്നത്. ഗവേഷണങ്ങൾക്കിടെ കൊടും ശൈത്യം വകവയ്ക്കാതെ കടലിലേക്ക് ഇറങ്ങുകയും മഞ്ഞുപാളികൾ മുറിക്കുകയും നിരീക്ഷണങ്ങൾ രേഖപ്പെടുത്തുകയും ഒക്കെ ചെയ്യേണ്ടതുണ്ടായിരുന്നു.

ജർമ്മനിയിലെ ആൽഫ്രെഡ് വെഗ്നർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പര്യവേക്ഷണക്കപ്പൽ ഒരു വലിയ മഞ്ഞുപാളിയിൽ തട്ടി ഉറച്ചു പോയതോടെയാണ് വെറിന മൊഹോപ്പിന്റെ സാഹസിക ദൗത്യം തുടങ്ങുന്നത്. മഞ്ഞുപാളിയുടെ നീക്കത്തിനനുസരിച്ച് നീങ്ങുന്ന ഈ കപ്പലിൽ മുന്നൂറോളം ഗവേഷകരാണ് പല തവണയായി എത്തിച്ചേരുകയും കാലാവസ്ഥാ പഠനങ്ങൾ നടത്തുകയും ചെയ്തത്. ആഗോളതാപനവും ആർട്ടിക്കിലെ ഹിമശോഷണവും ആഗോള കാലാവസ്ഥയിൽ ഇതുണ്ടാക്കുന്ന വ്യതിയാനങ്ങളുമൊക്കെ വിശദമായി പഠിക്കുകയായിരുന്നു പര്യവേക്ഷണ ലക്ഷ്യം. മാസങ്ങളോളം ഇരുട്ടിൽ ആയിരുന്നു പര്യവേക്ഷണം. അതിനിടയിൽ കൊടുങ്കാറ്റ്, മഞ്ഞുപാളിയിലെ വിള്ളൽ തുടങ്ങിയ പ്രശ്നങ്ങളും കപ്പലിനു വൻ ഭീഷണിയുയർത്തി. സൂര്യപ്രകാശം തിരിച്ചെത്തിയപ്പോഴാവട്ടെ മഞ്ഞുരുകാനും തുടങ്ങി. അതോടെ കപ്പലിലെ നിരീക്ഷണ ഉപകരണങ്ങൾ മുങ്ങിപ്പോവാതെ നോക്കേണ്ടതും അത്യാവശ്യമായി.

സർവ്വകലാശാലയിൽ ബയോഫിസിക്സ് പഠിച്ച വെറിന മൊഹോപ് സ്വപ്നത്തിൽപ്പോലും കരുതിയിരുന്നില്ല ഇങ്ങനെയൊരു ആർട്ടിക് പര്യവേക്ഷക സംഘത്തിന്റെ ലീജിസ്റ്റിക് കോർഡിനേറ്റർ ആയി പ്രവർത്തിക്കേണ്ടി വരുമെന്ന്. എന്നാൽ അതേ സമയം ആർട്ടിക്കിൽ ഗവേഷണം നടത്തിയാൽ കൊള്ളാം എന്ന ആഗ്രഹം മനസ്സിൽ ഉണ്ടായിരുന്നു താനും. അതിശൈത്യം, ആർട്ടിക്കിലെ ഏകാന്തത, നാട്ടിൽ നിന്നും മാറി ആർട്ടിക്കിൽ ദീർഘനാൾ തങ്ങുന്നതു കൊണ്ടുള്ള മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ, ഹിമക്കരടികളും ഹിമപാളികളും ഒക്കെ ഉയർത്തുന്ന വെല്ലുവിളികൾ, അതിസാഹസികമായ ഗവേഷണം , ഗവേഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കൽ , അവർക്ക് സുരക്ഷ ഒരുക്കൽ ഇങ്ങനെ ആരുമൊന്നു പകച്ചു പോവുന്ന സന്ദർഭത്തിൽ ഒട്ടും പതറാതെ പര്യവേക്ഷക സംഘത്തിന്റെ സുരക്ഷയ്ക്കായി വെറിന തന്നെ ഒരു പരിശീലന പദ്ധതി രൂപപ്പെടുത്തി എടുക്കുകയായിരുന്നു. സാഹസിക പര്യവേക്ഷണങ്ങളുടെ മേൽനോട്ടമൊന്നും സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ളതല്ല എന്ന ധാരണ വച്ചു പുലർത്തുന്നവർക്കുള്ള ചുട്ട മറുപടിയാണ് ആർട്ടിക്കിലെ അതി ദുഷ്ക്കരമായ കാലാവസ്ഥയിൽ ഒരു മഹാ പര്യവേക്ഷണത്തിന്റെ ലോജിസ്റ്റിക് കോർഡിനേറ്ററായി തിളങ്ങിയ വെറിനയുടെ ജീവിതം.




SREE GOKULAM
PUBLIC SCHOOL
ADMISSION OPEN
2021-22
PLAY CLASS TO XII STANDARD
VATAKARA
0496 252 6477, 0496 252 6277,
gokulites@gokulampublicschool.com
ATTINGAL
0470 2642243, 2644663
gokulites_attingal@gokulampublicschool.com
GURUVAYUR
0487 2640550, 2640966
gokulites_guruvayur@gokulampublicschool.com
KG VATAKARA
0496 2522025, 2522055
gokulites_kg@gokulampublicschool.com
PAZHUVIL
0487 2270539
gokulites_pazhuvil@gokulampublicschool.com
CALICUT
0495 27 44 0 88, 0495 27 43 0 88,
gokulites_calicut@gokulampublicschool.com
CHERTHALA
0478 - 2560706
gokulites_cherthala@gokulampublicschool.com
Space Courtesy By : SREE GOKULAM
CHIT & FINANCE Co. (P) LTD.,